SACRED HEART PROVINCIAL LIBRARY
No. 3554
J 71
P75
III A 21

HEART PROVINCIAL LIBRARY

ഇന്നത്തെ ഇന്ത്യയിലെ സഭ

കേരള റീജിയനൽ സെമിനാർ

DHARMARAM VIDYA KSHETRAM
Central Library
BANGALORE-560 029
DHARMARAM COLLEGE
LIBRARY
BANGALORE-29

സെക്രട്ടേറിയറ്റ്
റീജിയനൽ സെമിനാർ
പാസ്റ്ററൽ ഓറിയെന്റേഷൻ സെന്റർ
ആലുവാ-3

3554
ACHARYA

DHARMARAM VIDYA KSHETRAM
LIBRARY
Ac. No. .....
Call No. .....
275.4
SEM

ഉള്ളടക്കം

ലക്ഷ്യങ്ങൾ	...	3
ദേശീയസെമിനാർ	...	5
സംഘാടനം	...	5
ഏഴു പ്രബന്ധങ്ങൾ	...	6
പഠനസമിതികൾ	...	7
ഭാഗഭാഗിത്വം	...	14
പ്രാദേശികസെമിനാറുകൾ	...	15
കേരള റീജിയനൽ സെമിനാർ	...	15
സംഘാടകസമിതി	...	16
പഠനസമിതികൾ	...	17
വൈദികാദ്ധ്യക്ഷന്മാരുടെ പിന്തുണ	...	18
തീയതി, സ്ഥലം, ഭാഷ	...	19
ആരൊക്കെയാണു പങ്കെടുക്കുക	...	19
എല്ലാവരുടേയും സഹകരണം	...	19
നമ്മുടെ ഭാഗഭാഗിത്വം	...	20
സഹകരണം എങ്ങനെ	...	20

THE CHURCH IN INDIA TODAY—
KERALA REGIONAL SEMINAR—
(Malayalam)
Published by
Secretariate, Regional Seminar
Pastoral Orientation Centre, Alwaye - 3

ഇന്നത്തെ ഇന്ത്യയിലെ സഭ

കേരള റീജിയനൽ സെമിനാർ

''ഇന്നത്തെ ഇന്ത്യയിലെ സഭ''യെപ്പറ്റി ഒരു ദേശീയസെമിനാറും ഏതാനും പ്രാദേശികസെമിനാറുകളും രൂപതാസെമിനാറുകളും സംഘടിപ്പിക്കാൻ ഒരുക്കങ്ങൾ നടക്കുകയാണ്.

ഭാരതകത്തോലിക്കരുടെ പ്രാതിനിധ്യസ്വഭാവമുള്ള സമ്മേളനങ്ങളാവും വിവിധതലങ്ങളിലായി നടക്കാൻപോകുന്ന ഈ സെമിനാറുകൾ. ഇന്ത്യയുടെ മാറിവരുന്ന പരിതഃസ്ഥിതികളിൽ സഭയുടെ ദൗത്യമെന്തെന്നു തിട്ടപ്പെടുത്താനും ഭാരതജനതയെ കൂടുതൽ ഫലപ്രദമായി സേവിക്കാനുതകുന്ന കർമ്മപരിപാടികൾ ആവിഷ്കരിക്കാനും സെമിനാറുകൾ ശ്രമിക്കും.

ലക്ഷ്യങ്ങൾ

പ്രധാനമായി മൂന്നു ലക്ഷ്യങ്ങളാണ് ''ഇന്നത്തെ ഇന്ത്യയിലെ സഭ''യെസ്സംബന്ധിച്ച ഈ സെമിനാറുകൾക്കുള്ളത്.

ഒന്ന്: രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ സഭ കൈവരിച്ചുകൊണ്ടിരിക്കുന്ന പുതിയ കാഴ്ചപ്പാടും ആത്മബോധവും ഇന്ത്യയിലെ സഭയുടേതുമാക്കുക. സുവിശേഷചൈതന്യത്തിൽ മനുഷ്യന്റെ വളർച്ചയുടേയും ആത്മബോധവികാസത്തിന്റേയും വെളിച്ചത്തിൽ സഭ തന്നെത്തന്നെ പുതുതായി കണ്ടെത്തുകയാണെന്നു പറയാം: ലോകത്തിൽനിന്നൊറപ്പെട്ടകഴിയേണ്ട വിശ്വാസികളുടെ രക്ഷാസങ്കേതമല്ല സഭ. ക്രിസ്തുവിന്റെ രക്ഷാസന്ദേശം ലോകത്തിനു ലഭ്യമാക്കുന്ന ദൃശ്യാടയാളമാണവൾ. കൂടുതലായൊന്നുമല്ലാതെ സഭ ലോകത്തെ മുഴുവനും ക്രിസ്തുവിന്റെ ചൈതന്യത്തിൽ രൂപപ്പെട്ട

ത്തണം. യേശുവിന്റെ ദൃശ്യപ്രതീകമെന്ന നിലയിൽ, ആധിപത്യമല്ല സ്വയംമറന്നുള്ള സേവനമാണവളുടെ ധർമ്മം. വ്യക്തികളുടേയും മതങ്ങളുടേയും ജനതകളുടേയും വിലയും മഹത്ത്വവും മാനിച്ചുകൊണ്ടുവേണം സഭ രക്ഷയുടെ സേവനമനുഷ്ഠിക്കുവാൻ. വെട്ടിപ്പിടുത്തത്തിന്റെ അത്മപിയല്ല, സൗഹൃദഭാഷണത്തിന്റെ ചൈതന്യമാണ് സഭയെ നയിക്കേണ്ടതു്. ദൈവവചനം മനുഷ്യത്വത്തെ നശിപ്പിക്കാതെ തന്നിലേക്കു സ്വീകരിച്ചു സഫലമാക്കിയെങ്കിൽ ക്രിസ്തുവിന്റെ ദാസിയായ സഭയും മനുഷ്യന്റെ വളർച്ചയ്ക്കുവേണ്ടി നിലകൊള്ളണം. മനുഷ്യന്റെ മഹത്ത്വവും സ്വാതന്ത്ര്യവും ലൗകികമായ വളർച്ചയും അംഗീകരിക്കണം: ലോകത്തെ നിന്ദിച്ചും നിരാകരിച്ചുമല്ല, നന്ദിപൂർവ്വം വളർത്തിയും വികസിപ്പിച്ചുമാണ് സഭ ദൈവത്തിന്റെ രക്ഷയിലേക്ക്, പരമമായ ഭാവിയിലേക്ക്, വളരേണ്ടതു്. ഭാരതസഭ മുഴുവനും—അല്മായരും വൈദികരും സന്യാസികളും—ഈ പുതിയ മനോഭാവവും വീക്ഷണവും ഉൾക്കൊള്ളുകയും തദനുസരണം ജീവിക്കയുംവേണം കൗൺസിൽ ഇന്ത്യയെ സംബന്ധിച്ചിടത്തോളം യാഥാർത്ഥ്യമാകണമെങ്കിൽ.

രണ്ടു്: ഇന്ത്യയുടെ ഇന്നത്തെ പരിതഃസ്ഥിതികളിൽ സഭയുടെ ദൗത്യമെന്തെന്നു നിർവ്വചിക്കുക. സാമാന്യനിർദ്ദേശങ്ങളേ കൗൺസിൽ നൽകിയിട്ടുള്ളൂ. ഇന്നത്തെ ഇന്ത്യയുടെ പ്രശ്നാവശ്യങ്ങളും സഭയുടെ സാദ്ധ്യതകളും സൂക്ഷ്മമായപഗ്രഥിച്ചു് അതിന്റെ വെളിച്ചത്തിൽ ഭാരതസഭയുടെ ഉത്തരവാദിത്വമെന്തെന്നു് തിട്ടപ്പെടുത്തുക നമ്മുടെ കടമയാണു്.

മൂന്നു്: ഈ വെളിച്ചത്തിൽ ഇന്ത്യയിലെ സഭയുടെ പ്രവർത്തനസമീപനങ്ങളും ഘടനകളും സഭയുടെ ആധുനികഭാരതത്തിലെ ദൗത്യം നിറവേറുന്നതിനു പര്യാപ്തമാണോ എന്നു നിർണ്ണയിക്കേണ്ടതുണ്ടു്. സഭയുടെ കഴിവുകളും വിഭവങ്ങളും പ്രാധാന്യാനുസൃതമായ വിവേചനയോടെയാണോ വിനിയോഗിക്കപ്പെടുന്നതെന്നു പരിശോധിക്കണം. സഭയുടെ ദൗത്യനിർവ്വഹണം സുഗമമാക്കുന്നതിനും സേവനം ഫലപ്രദമാകുന്നതിനും നമ്മുടെ ഇന്നത്തെ നിലപാടുകളിലും പ്രവർത്തനരീതികളിലും എന്തെല്ലാ മാറ്റവും വളർച്ചയും വരണം.

ഏതേതു പുതിയ പദ്ധതികളും പ്രവർത്തനങ്ങളും സ്വീകരിക്കണം എന്നു തീരുമാനിക്കണം. അതിനനുസരിച്ച് സഭാജീവിതത്തിന്റെ എല്ലാ തുറകളിലും പ്രായോഗികമായ കർമ്മപരിപാടികൾ ആവിഷ്കരിക്കണം.

ദേശീയസെമിനാർ

രണ്ടു വർഷത്തോളമായി ഇത്തരമൊരു ദേശീയസെമിനാറിനെസ്സംബന്ധിച്ച ആലോചനകളും ഒരുക്കങ്ങളും തുടങ്ങിയിട്ട് കൗൺസിലിന്റെ വെളിച്ചത്തിൽ സഭയെ നവീകരിക്കാനും ഇന്നത്തെ ഇന്ത്യയെ ഫലപ്രദമായി സേവിക്കാനും ഇന്ത്യയുടെ പ്രശ്നാവശ്യങ്ങളേയും സഭയുടെ സാധ്യതകളെയുംപറ്റി ശാസ്ത്രീയമായ പഠനങ്ങളും ദേശീയതലത്തിലുള്ള ആസൂത്രിതസമീപനവും ആവശ്യമാണെന്ന പലർക്കും തോന്നി. ഇതിന് ഏറ്റവും പറ്റിയ മാർഗ്ഗം നാടിന്റെ നാനാഭാഗത്തുനിന്നും സഭയുടെ എല്ലാ വിഭാഗങ്ങളിൽനിന്നുമുള്ള വിദഗ്ധന്മാരേയും നേതാക്കളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള സമാസൂത്രിതമായ ഒരു സെമിനാറാണെന്നും വ്യക്തമായി.

സംഘാടനം

ബോംബെയിലും ഡൽഹിയിലുമായി 1967 ജൂലായിലും 1967 ഒക്ടോബറിലും 1968 ഫെബ്രുവരിയിലും 1968 ഓഗസ്റ്റിലുമായി നടന്ന ആലോചനായോഗങ്ങൾ സെമിനാറിന്റെ സംഘാടനവും നടത്തിപ്പും സംബന്ധിച്ച് ഒന്നിനൊന്നു വ്യക്തമായ തീരുമാനങ്ങൾ സ്വീകരിച്ചു. കാർഡിനൽ ഗ്രേഷ്യസ് പ്രസിഡണ്ടായുള്ള ഒരു കേന്ദ്രസംഘാടകസമിതിയാണ് ദേശീയസെമിനാറിനു നേതൃത്വം നൽകുന്നത്. അല്മായരും കന്യാസ്ത്രീകളും വൈദികരും വൈദികാദ്ധ്യക്ഷന്മാരുമായി 40 പേരാണ് ഇപ്പോൾ ഇതിലുള്ളത്. ഫാ. ബാലഗർ എസ്. ജെ. യാണു സമിതിയുടെ ചെയർമൻ. ഫാ. പാടിക്കു ഡിസൂസ ജനറൽ സെക്രട്ടറിയും. ഡൽഹിയിലുള്ള സെൻട്രൽ സെക്രട്ടേറിയറ്റ് എല്ലാതലത്തിലും പ്രദേശങ്ങളിലും നടക്കുന്ന ഒരുക്കങ്ങൾക്കു പ്രചോദനവും നേതൃത്വവും നൽകുന്നു.

ഏഴ പ്രബന്ധങ്ങൾ

സെമിനാറിനു മാർഗ്ദർശനമരുളുന്ന ഏഴ് ആഭിമുഖ്യസൂചകമായ പ്രബന്ധങ്ങൾ (Orientation Papers) ഉണ്ടാവും.

എ സഭയും സഭാദൗത്യവും
ബി ഇന്നത്തെ ഇന്ത്യയെ രൂപപ്പെടുത്തുന്ന സാമൂഹ്യസാമ്പത്തികശക്തികൾ
സി '' '' '' രാഷ്ട്രീയശക്തികൾ
ഡി '' '' '' സാംസ്കാരികശക്തികൾ
ഇ '' '' '' മതാത്മകശക്തികൾ
എഫ് ഭാരതസഭയുടെ ഉത്തരവാദിത്വം
ജി കഴിവുകളുടെ വികസനം

വിദഗ്ദ്ധസംഘങ്ങളാണ് ഓരോന്നും തയ്യാറാക്കിയതു്. പ്രബന്ധങ്ങളുടെ ആദ്യപതിപ്പു് സെമിനാറിനു വളരെമുമ്പേ ജനങ്ങളുടെയിടയിൽ വിതരണം ചെയ്യാനുദ്ദേശിക്കുന്നു. പലതും പുറത്തായിക്കഴിഞ്ഞു.

സെമിനാറിന്റെ സൈദ്ധാന്തികസമീപനം അഥവാ ദൈവശാസ്ത്രവീക്ഷണം നിർദ്ദേശിക്കുന്ന സവ്പ്രധാന രേഖയാണ് പ്രബന്ധം എ—സഭയും സഭാദൗത്യവും. സഭ എന്താണെന്നും ഇന്നത്തെ ലോകത്തിൽ, ഇന്നത്തെ ഇന്ത്യയിൽ എന്താകണമെന്നും വ്യക്തമാക്കുന്നതാണ് ഈ പ്രബന്ധം.

ബി, സി, ഡി, ഇ എന്നീ പ്രബന്ധങ്ങൾ ഇന്ത്യയുടെ സമകാലസാഹചര്യങ്ങളും മാറിക്കൊണ്ടിരിക്കുന്ന പ്രവണതകളും ആഭിമുഖ്യങ്ങളും വിശദീകരിക്കുന്നു. ദാരിദ്ര്യം, തൊഴിലില്ലായ്മ, കാർഷികവികസനം, വ്യവസായവൽക്കരണം, നഗരവൽക്കരണം, പ്ലാനിംഗ്, ജനപ്പെരുപ്പം, കുടുംബസംവിധാനം, പടിഞ്ഞാറൻ സംസ്കാരവും ഭാരതസംസ്കാരവുമായുള്ള ഏറ്റുമുട്ടൽ, ജാതിവ്യവസ്ഥ, മതേതരത്വം, സോഷ്യലിസം, കമ്മ്യൂണിസം, ഹിന്ദുമത പുനരുജ്ജീവനം, വർഗ്ഗീയത, ധാർമ്മികമൂല്യങ്ങൾ, മതജീവിതം, ഭാഷാപ്രശ്നം, ദേശീയൈക്യം തുടങ്ങി ആധുനികഭാരതത്തെ നേരിടുന്ന പ്രശ്നങ്ങളുടേയും ശക്തികളുടേയും സംക്ഷിപ്തമെങ്കിലും സമഗ്രമായൊരു ചിത്രം നൽകും ഈ പ്രബന്ധങ്ങൾ.

പ്രബന്ധം എഫ് — ഭാരതസഭയുടെ ഉത്തരവാദിത്വം— ആകട്ടെ ദൈവശാസ്ത്രീയവും യഥാതഥവുമായ സമീപനങ്ങളെ

സമന്വയിച്ച് ഇന്നത്തെ ഇന്ത്യയിൽ സഭയുടെ കടമകളും ചുമതലകളുമെന്തെന്ന് ചൂണ്ടിക്കാട്ടുന്നു. ഇതിന്റെയെല്ലാം വെളിച്ചത്തിൽ സഭയുടെ കഴിവുകൾ—ആളും അർത്ഥവും—എങ്ങനെ പരമാവധി പ്രയോജനപ്പെടുത്തണമെന്നു നിർദ്ദേശിക്കും പ്രബന്ധം ജി.

പഠനസമിതികൾ

ദേശീയസെമിനാറിന്റെ — പ്രാദേശികസെമിനാറുകളുടേയും — ഏറ്റവും പ്രധാനപ്പെട്ട ഭാഗമാവും വർക്ക്ഷോപ്പുകൾ. ഓരോരോ വിഷയങ്ങളെപ്പറ്റി പഠിക്കുന്നതിന് അതാതു വിഷയങ്ങളിൽ പ്രത്യേകവൈദഗ്ധ്യമുള്ളവരെമാത്രം ചേർത്തു രൂപീകരിക്കുന്ന പഠനസമിതികളാണിവ. ആദ്യം 11 വർക്ക്ഷോപ്പുകളാണ് ദേശീയസെമിനാറിനു നിർദ്ദേശിക്കപ്പെട്ടിരുന്നതു്. ഈയിടെ മൂന്നു പുതിയ വർക്ക്ഷോപ്പുകൾകൂടി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്: തൊഴിൽ, ഏകൃമെനിസം, പ്രവർത്തകരും വിഭവങ്ങളും ഇവ.

വർക്ക്ഷോപ്പുകളുടെ പേരും ഓരോന്നിലും ചർച്ചയ്ക്കെടുക്കാവുന്ന ചില വിഷയങ്ങളും താഴെ കൊടുക്കുന്നു:

1. ഭാരതത്തിലെ പ്രേഷിതത്വത്തിനനുയോജ്യമായ ആദ്ധ്യാത്മികത:

അല്മായരുടേയും വൈദികരുടേയും സന്യാസികളുടേയും ആദ്ധ്യാത്മികശിക്ഷണം

ആദ്ധ്യാത്മികജീവിതം കേരളത്തിൽ: നമ്മുടെ ആദ്ധ്യാത്മികാഭ്യാസങ്ങളും ഭക്തകൃത്യങ്ങളും: പ്രാധാന്യവിവേചനം, വ്യക്തിപരത, ജീവിതബന്ധം സഭയുടെ വിവിധപ്രവർത്തനങ്ങൾക്ക്, ഇടവകജോലി, വിദ്യാദാനം, ആതുരശുശ്രൂഷ മുതലായ ഉദാഹരണത്തിന്, എങ്ങനെ ക്രിസ്തീയമായ ആഴവും അരൂപിയും നൽകാം?

ഇന്നത്തെ ഇന്ത്യയിലെ പ്രേഷിതവൃത്തിക്ക് അത്മായക്കും വൈദികക്കും സന്യാസിനീസന്യാസികൾക്കും നൽകേണ്ട ആദ്ധ്യാത്മികശിക്ഷണം

ആധുനികമായ ഒരു ആദ്ധ്യാത്മികതയുടെ വികസനം മറ്റു മതങ്ങളിലെ, ഉദാ: ഹിന്ദുമതത്തിലെ, ആദ്ധ്യാത്മിക മൂല്യങ്ങളുടെ സ്വീകരണം

2. ആരാധനക്രമവും മതബോധനവും അജപാലനാപരമായ പ്രധാന പ്രശ്നങ്ങളും

സുവിശേഷപ്രസംഗവും മതബോധനവും ജീവിതബന്ധവും
കുട്ടികളുടെ മതബോധനം: പാഠ്യപുസ്തകങ്ങൾ, അദ്ധ്യാത്മികപരിശീലനം, ദൃശ്യശ്രാവ്യോപകരണങ്ങൾ, വിദ്യാർത്ഥികളുടെ മതബോധനത്തിലുള്ള താല്പര്യം
വിരസത, കാരണങ്ങളും പ്രായോഗികനിർദ്ദേശങ്ങളും
മതബോധനം സ്കൂളുകളിലും കോളെജുകളിലും
മുതിർന്നവരുടെ മതബോധനം—തിയോളജി അത്മായക്കു്
ആരാധനക്രമം: ഭാഗഭാഗിത്വം, അനുശ്രൂഷണം, ദേശീയാചാരങ്ങളുടെയും സാംസ്കാരികമൂല്യങ്ങളുടേയും സ്വീകരണം
ഇന്ത്യൻ ലിറർജി ഇടവകയും രൂപതയും റീത്തുകളുടെ പ്രശ്നം
അത്മായവൈദികബന്ധം: സംഭാഷണം, സഹകരണം
അത്മായഭാഗഭാഗിത്വം: പാരിഷ് കൗൺസിൽ, രൂപതാ പാസ്റ്ററൽ കൗൺസിൽ മുതലായവ

3. പ്രേഷിതപ്രവർത്തനം

അർത്ഥവും പ്രസക്തിയും—മറു മതങ്ങളുടെ രക്ഷാകരമൂല്യം അംഗീകരിക്കുമ്പോൾ
ജീവിതസാക്ഷ്യം: വ്യക്തിപരവും സാമൂഹികവും: സഭ, കുടുംബം, ഇടവക, രൂപത, കേരളത്തിലെ സഭാസമൂഹം മറുള്ളവക്കു് എങ്ങനെ പ്രത്യക്ഷപ്പെടുന്നു, എങ്ങനെ പ്രത്യക്ഷപ്പെടണം?
പ്രേഷിതസമ്പർക്കങ്ങൾ, പ്രത്യേകിച്ചു് ബുദ്ധിജീവികളുടെയും സാമൂഹ്യരാഷ്ട്രീയനേതാക്കളുടേയും കലാകാരന്മാരുടേയും മറും തലത്തിൽ
''അവശ'' ക്രൈസ്തവർ: സഭയുടെ നിലപാടിലും ജീവിതത്തിലും വരേണ്ട പരിവർത്തനം; ഇതരമതസ്ഥരിലും ചിന്താഗതിക്കാരിലും ക്രിസ്തീയമൂല്യങ്ങളുടെ സ്വാധീനം: പരോക്ഷമായ, ഭാഗികമായ ക്രൈസ്തവീകരണം? സഭ സ്വീകരിക്കേണ്ട നിലപാടു്

ACHARYA PALACKAL LIBRARY 3554

സ്സുകൾ, കോളെജ്ജുകൾ, ആശുപത്രികൾ, സാമൂഹ്യസേവനപരിപാടികൾ ഇവയുടെ പ്രേഷിതമൂല്യം, കേരളത്തിലെ നില, കേരളവും ഭാരതസഭയും: മിഷനറി ദൈവവിളികൾ, ധനസഹായം, അന്തർഭാഗഭാഗിത്വം നേരിട്ട്

4. അക്രൈസ്തവമതങ്ങളുമായുള്ള സംഭാഷണം

ദൈവശാസ്ത്രപരമായ അടിസ്ഥാനം

ഇടവകയിലെ / രൂപതയിലെ മറ്റു മതസ്ഥരുമായുള്ള സമ്പർക്കം, സംഭാഷണം, മതേതരവും മതപരവും (?) മായ കാര്യങ്ങളിലുള്ള സഹകരണം; മറ്റു മതങ്ങളിൽനിന്നു് എന്തെങ്കിലും സ്വീകരിക്കാനാവുമോ? ഏവ?

സംഭാഷണത്തിനു പരിശീലനം: വൈദികർക്കും അല്മായർക്കും സന്യാസിനിസന്യാസികൾക്കും, പരിശീലനമാർഗ്ഗങ്ങൾ

5. ഭാരതസംസ്കാരം: പ്രാചീനവും ആധുനികവും

ദേശീയസംസ്കാരവുമായുള്ള അനുരൂപണം, ദേശീയജീവിതഭാഗഭാഗിത്വം / ഭാരതീയമതങ്ങളും തത്വചിന്തയും

മലയാളസാഹിത്യം— സഭയുടെ നിലപാടും ഭാഗഭാഗിത്വവും

ദേശീയസാമൂഹ്യാചാരങ്ങളുടെ സ്വീകരണം: ഓണം, വിഷു, ദീപാവലി, തിരുവാതിര തുടങ്ങിയ വിശേഷദിവസങ്ങൾ, വിവാഹം, ശവസംസ്കാരം മുതലായവ

ഭാരതീയ — കേരളീയ കല: ചിത്രം, ശില്പം, സംഗീതം (നാടൻ ശീലുകളും കല്ലാടകരീതിയും), നാട്യം, കഥകളി, ബാലേ മുതലായവ; പാശ്ചാത്യസംസ്കാരം, ശാസ്ത്രീയമനോഭാവം, ആധുനികമനഃശാസ്ത്രം, സാങ്കേതികവിദ്യ തുടങ്ങിയവയുടെ സ്വാധീനം, പ്രാചീനസംസ്കാരവുമായുള്ള ഏറ്റുമുട്ടൽ, പ്രാചീനജീവിതമൂല്യങ്ങളുടെ പുനഃപരിശോധന, താത്കാലികമായ (?) തകർച്ച മുതലായവ, ശാസ്ത്രീയമണ്ഡലത്തിലെ ക്രിസ്തീയസാക്ഷ്യം

ജനാധിപത്യവും മതേതരത്വവും: സഭയുടെ നിലപാടും സാധ്യതകളും

ലൗകികീകരണ (Secularisation) ത്തിന്റെ ആരംഭം; നിരീശ്വരത്വം, മതനിഷ്പക്ഷത, യുക്തിവാദം മുതലായവ കേരളസഭയും അന്ധവിശ്വാസങ്ങളും യാഥാസ്ഥിതി

കത്തോലിക്കാസഭയുടെ സ്ഥാപിതതാല്പര്യങ്ങളോടുള്ള നിലപാട്
വ്യവസായവൽക്കരണവും നഗരവൽക്കരണവും—തൊഴിൽ തേടി മറുനാടുകളിലേക്കുള്ള പ്രയാണം
സാംസ്കാരികമണ്ഡലത്തിന്റെ എല്ലാ തുറകളിലും ശാസ്ത്രീയ പഠനങ്ങളുടേയും സ്പെഷ്യലൈസേഷന്റെയും ആസൂത്രിത സമീപനങ്ങളുടെയും ആവശ്യകത

6. വിദ്യാഭ്യാസപ്രവർത്തനങ്ങൾ

ക്രിസ്ത്യാനിവിദ്യാഭ്യാസപ്രവർത്തനങ്ങളുടെ ലക്ഷ്യം: കത്തോലിക്കരുടെ ശിക്ഷണം, പ്രേഷിതവൃത്തി, രാജ്യസേവനം
നിലവാരം—പ്രശ്നങ്ങൾ
ശിക്ഷണവും സ്വാതന്ത്ര്യവും
സാമൂഹ്യദൗത്യം
നേതൃത്വപരിശീലനം
അക്രൈസ്തവവിദ്യാർത്ഥികൾ—സാന്മാർഗ്ഗികവിദ്യാഭ്യാസം
അദ്ധ്യാപകനിയമനം
അദ്ധ്യാപകരും മാനേജുമെന്റും
അല്മായഭാഗഭാഗിത്വം
രക്ഷകർത്താക്കളുമായുള്ള ബന്ധം
മറ്റു സ്ഥാപനങ്ങളോടും വിദ്യാഭ്യാസസംഘടനകളോടുമുള്ള ബന്ധം
ഗവേഷണം, ഗവേഷണസ്വാതന്ത്ര്യം
തൊഴിൽ പരിശീലനം
അദ്ധ്യയനമാദ്ധ്യമം
മാതൃഭാഷാജ്ഞാനം, ഭാരതീയസംസ്കാരം

7. സാമൂഹികസാമ്പത്തികപ്രശ്നങ്ങൾ

ലക്ഷ്യം: പ്രേഷിതവൃത്തി, സേവനം, സാമൂഹ്യവികസനം
അല്മായരുടേയും കന്യാസ്ത്രീകളുടേയും വൈദികരുടേയും ഭാഗഭാഗിത്വം
സഭയുടെ സാമൂഹ്യസേവനപദ്ധതികൾ
ഏകീകരണവും പരിശോധനയും
ജീവകാരുണ്യസംഘടനകൾ, ജീവകാരുണ്യസ്ഥാപനങ്ങൾ
ജനപ്പെരുപ്പം

കൂടിയേറ്റം, കൂടിയേറ്റസാദ്ധ്യതകൾ
ചെറുകിടവ്യവസായങ്ങൾ
വ്യവസായവൽക്കരണം
നഗരവൽക്കരണം
സാമൂഹ്യനീതി, സഭയുടെ സാമൂഹ്യസ്വഭാവം
സ്ഥാപനങ്ങളുടെ വിശ്വാസകകൾ: പങ്കുചേരലും സേവനപദ്ധതികളും

8. പൗരജീവിതവും രാഷ്ട്രീയജീവിതവും

പ്രശ്നങ്ങളും ആവശ്യങ്ങളും: ഗവേഷണപഠനങ്ങളുടെ ആവശ്യം
ദേശീയബോധം: രാഷ്ട്രീയകാര്യങ്ങളിലെ സജീവമായ ഭാഗഭാഗിത്വം
അല്മായ നേതൃത്വം: പ്രോത്സാഹനവും പരിശീലനവും.
നേരിട്ടുള്ള ഭാഗഭാഗിത്വം വിവിധതലങ്ങളിൽ: പഞ്ചായത്ത്, മുനിസിപ്പാലിറ്റി, അസംബ്ളി, പാർലിമെൻറ്
തെരഞ്ഞെടുപ്പുകളും സഭയുടെ നിലപാടും
രാഷ്ട്രീയപാർട്ടികളും സഭാധികാരികളും
കമ്മ്യൂണിസത്തോടുള്ള നിലപാട്
വോട്ടിംഗിൻറെ മാനദണ്ഡം, മതേതരാദർശത്തിൻറെയും ഫ്യൂഡലിസത്തിൻറെയും വെളിച്ചത്തിൽ
കത്തോലിക്കരുടെ ഐക്യവും അനൈക്യവും രാഷ്ട്രീയരംഗത്ത്
മറ്റു ക്രൈസ്തവരുമായും മതസ്ഥരുമായും ഉള്ള സഹകരണം
മൗലികാവകാശസംരക്ഷണം

9. സാമൂഹ്യസമ്പർക്കമാധ്യമങ്ങൾ

കത്തോലിക്കാ പത്രമാസികകൾ, മറ്റു പ്രസിദ്ധീകരണങ്ങൾ: ലക്ഷ്യം, നിലവാരം, സ്വാതന്ത്ര്യം, പ്രചാരം, സംയോജനസഹകരണങ്ങൾ, പ്രോത്സാഹനം
സിനിമ: സാധകമനോഭാവം, ആസ്വാദനപരിശീലനം, നിർമ്മാണം

റേഡിയോ, ടെലവിഷൻ
കത്തോലിക്കേതര പത്രമാസികകൾ: സഹകരണവും ഭാഗ ഭാഗിത്വവും
നാടകം, കഥകളി, ബാലേ, സംഗീതം തുടങ്ങിയ കലകൾ.

10. നേതൃത്വം: പരിശീലനവും അവസരങ്ങളും

നേതൃത്വഗുണങ്ങൾ
നേതൃത്വത്തെ വളത്തിയെടുക്കുക: ഉത്തരവാദിത്വത്തിനും മുൻകൈയെടുത്തു പ്രവർത്തിക്കുന്നതിനും അവസരങ്ങൾ നൽകിക്കൊണ്ട്
കേരളത്തിൽ നേതൃത്വത്തിന്റെ കുറവ്—അത്മായരുടെ പ്രത്യേകിച്ചും സഭയിലും കുടുംബത്തിലും മറ്റുമുള്ള അധികാര കേന്ദ്രീകരണം
നേതൃപരിശീലന ക്യാമ്പുകൾ — പ്രസംഗം, സംഘാടനം മുതലായവയിൽ പരിശീലനം
അത്മായർക്ക് സഭയുടെ ജീവിതത്തിലും പ്രവർത്തനത്തിലും കൂടുതൽ ഭാഗഭാഗിത്വം

11. കുടുംബം

സഭയുടെ ചെറിയ പതിപ്പ്
സമാധാനം, ഭദ്രത, ഓരോരുത്തരുടേയും വ്യക്തിപരമായ വളച്ചയും
കേരളകുടുംബങ്ങളുടെ പ്രശ്നങ്ങൾ: കുടുംബകലഹം, മദ്യപാനം, ദാരിദ്ര്യം, അറിവില്ലായ്മ
പ്രേമവിവാഹം, ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ
സ്ത്രീധനവും ആഭരണഭ്രമവും
വിവാഹമാർഗ്ഗദർശനം ഇടവകകളിൽ
വിവാഹസഹായം
കുടുംബവിദ്യാഭ്യാസം സ്കൂളുകളിലും കോളേജുകളിലും
ശിശുപാലനം, ഗൃഹഭരണം
ജനപ്പെരുപ്പം, കുടുംബസംവിധാനം: സഭയുടെ കർത്തവ്യവും ചുമതലകളും

12. തൊഴിൽരംഗം

തൊഴിലിന്റെ തിയോളജി, അദ്ധ്വാനമനോഭാവം ഇന്ത്യയിൽ, സഭയുടെ സാധ്യതകൾ
ശാസ്ത്രീയഗവേഷണങ്ങളുടെ ആവശ്യം
വേതനം, അദ്ധ്വാനസാഹചര്യങ്ങൾ
തൊഴിലാളി സംഘടനകൾ, ട്രേഡ് യൂണിയനുകൾ
കത്തോലിക്കാ തൊഴിലാളി സംഘടനകൾ
മാനേജ്മെന്റിൽ തൊഴിലാളിഭാഗഭാഗിത്വം
സഭയുടെ ഭാഗഭാഗിത്വവും മനോഭാവവും
കത്തോലിക്കാ തൊഴിലാളി സംഘടനകൾ, Y. C. W.
തൊഴിലാളിക്ഷേമപദ്ധതികൾ ഇടവകകളിൽ: ഉദാ: ലഘുനിക്ഷേപപദ്ധതി
ഓരോ രൂപതയ്ക്കും തൊഴിലാളി ചാപ്ലയിൻ
തൊഴിലാളി വൈദികർ ?

13. ഏകൃമെനിസം

ദൈവശാസ്ത്രപരമായ അടിസ്ഥാനം, ആവശ്യം
സംഭാഷണവും സഹകരണവും
കേരളത്തിലെ പ്രത്യേകമായ സാധ്യതകളും പ്രശ്നങ്ങളും
യാക്കോബായ, മാത്തോമ്മ, സി. എസ്. ഐ. മുതലായ സഭകളുമായുള്ള ബന്ധം
സഹകരണം എത്രമാത്രമാകാം? മതകാര്യങ്ങളിൽ സഹകരണസാദ്ധ്യതകൾ
ഏകൃമെനിസവും പുനരൈക്യവും

14. പ്രവർത്തകരും വിഭവങ്ങളും (Personnel and Resources)

ആസൂത്രണത്തിന്റെ ആവശ്യം—രൂപതാതലത്തിലും പ്രാദേശിക ദേശീയതലങ്ങളിലും
''തൊഴിൽ വിഭജനം'' അജപാലനരംഗത്തു്, വിദഗ്ദ്ധന്മാരുടെ ആവശ്യകത, വൈദികരിലും സന്യാസികളിലും അല്മായരിലും

സന്യാസികളും മെത്രാന്മാരുമായുള്ള ബന്ധം, സഹകരണം ആളും അർത്ഥവും: രൂപതകൾ തമ്മിലും പ്രദേശങ്ങൾ തമ്മിലും ഉള്ള സഹകരണം, വിനിമയങ്ങൾ

എപ്പോഴും സ്ഥൂലവും പ്രായോഗികവുമായിരിക്കും വക്ക് ഷോപ്പുകളുടെ സമീപനം. ഓരോ തുറയിലും എന്തൊക്കെയാണു ചെയ്യേണ്ടതെന്നും ഏതിനാണു പ്രാഥമ്യമെന്നും തിട്ടപ്പെടുത്തുക, ഇന്നത്തെ നമ്മുടെ സ്ഥാപനങ്ങളും പ്രവർത്തകരും പ്രാധാന്യേന ഈ ആവശ്യങ്ങൾക്കു മതിയാകുമോ എന്നു പരിശോധിക്കുക, അല്ലെങ്കിൽ പുതിയ സ്ഥാപനങ്ങളും പ്രവർത്തകരുംവഴി ഇവ എങ്ങനെ സാധിക്കാമെന്നു നിർദ്ദേശിക്കുക, ഭാവിപ്രവർത്തനങ്ങളുടെ ആസൂത്രണത്തിനും ഏകീകരണത്തിനും വേണ്ട ഘടനകളും സംവിധാനങ്ങളും ചൂണ്ടിക്കാണിക്കുക, ഈ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനപദ്ധതികൾ ആവിഷ്കരിക്കുക മുതലായവ വക്ക് ഷോപ്പുകളുടെ ധർമ്മമായിരിക്കും.

മറ്റു ക്രൈസ്തവസഹോദരങ്ങളും ഇതരമതസ്ഥരുമായും ഉള്ള സഹകരണസാധ്യതയും ഓരോ വിഷയത്തെക്കുറിച്ചു ചിന്തിക്കുമ്പോഴും പ്രത്യേകം പരിഗണിക്കേണ്ടതാണു്.

ഓരോ വക്ക് ഷോപ്പിന്റെയും വിഷയങ്ങൾ കാലേക്കൂട്ടി പഠിക്കാനും വേണ്ട വിദഗ്ധസമിതികൾ ഇതിനകം രൂപീകൃതമായിട്ടുണ്ടു്.

ഭാഗഭാഗിത്വം

ഇന്ത്യയുടെ വിവിധഭാഗങ്ങളിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്ന 300 ഓളം വിദഗ്ധന്മാരും സഭാനേതാക്കളുമാവും ദേശീയ സെമിനാറിൽ സംബന്ധിക്കുക. സ്ഥാനമാനങ്ങളെന്നതിനേക്കാൾ വ്യക്തിപരമായ യോഗ്യതയും സഭയിലും ലോകത്തിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ ചലനങ്ങളോടുള്ള തുറന്ന മനോഭാവവും തെരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങൾ. വിവിധതുറകളിൽ പ്രവർത്തിക്കുന്ന പ്രഗല്ഭരായ അല്മായരും ആത്മപാലനത്തിലും മിഷൻ പ്രവർത്തനത്തിലും ദീർഘകാലപരിചയമുള്ള അജപാലകരും ദൈവശാസ്ത്രവേദികളും മതപണ്ഡിതന്മാരും സെമിനാറിലുണ്ടാവും.

നാടിന്റെ എല്ലാ ഭാഗത്തുനിന്നും സഭയുടെ എല്ലാ വിഭാഗങ്ങളിൽനിന്നും പ്രതിനിധികളുണ്ടാകണമെന്നാണു തീരുമാനം. എല്ലാ മെത്രാന്മാരെയും സെമിനാറിൽ സംബന്ധിക്കാൻ ക്ഷണിക്കുന്നതാണു്. പങ്കെടുക്കുന്നവരിൽ 50 ശതമാനം അല്മായരാവും. 25 ശതമാനം 35 വയസ്സിൽ കുറഞ്ഞ ചെറുപ്പക്കാരും. പുരുഷന്മാക്കെന്നപോലെ സ്ത്രീകൾക്കും വൈദികർക്കും സന്യാസികൾക്കുമെന്നപോലെ സന്യാസിനികൾക്കും പ്രാതിനിധ്യമുണ്ടാവും. വിദ്യാർത്ഥികളുടേയും വൈദികവിദ്യാർത്ഥികളുടെപോലും പ്രതിനിധികളെ ക്ഷണിക്കാനുദ്ദേശിക്കുന്നു.

ചുരുക്കത്തിൽ, ഇന്ത്യയിലെ സഭയുടെ മുഴുവൻ പ്രാതിനിധ്യമവകാശപ്പെടാവുന്ന് ഒരു സദസ്സാവും സെമിനാറിനേറ്റതു്. പൂർണ്ണമായി സംബന്ധിക്കാനും സഹകരിക്കാനും കഴിവും സന്മനസ്സും ഉള്ളവരാകണമെന്നേയുള്ളു.

പ്രാദേശികസെമിനാറുകൾ

ഇന്ത്യയെപ്പോലെ ഭിന്നമായ പ്രദേശങ്ങളുൾക്കൊള്ളുന്ന വിശാലമായൊരു രാജ്യത്തു് ദേശീയാടിസ്ഥാനത്തിലുള്ള ഒരു സെമിനാറിനു് എല്ലാ പ്രദേശങ്ങളുടേയും പ്രശ്നാവശ്യങ്ങൾ യഥാതഥമായും സമഗ്രമായും പഠിക്കാൻ പറ്റിയെന്നു വരികയില്ല. ദേശീയസെമിനാറിനു പ്രാരംഭമായി നടക്കുന്ന പ്രാദേശികസെമിനാർ ഇതിനുപകരിക്കും. വിവിധപ്രദേശങ്ങളിലെ ജനങ്ങളെ സെമിനാറിനെപ്പറ്റി ബോധവാന്മാരാക്കുന്നതിനും സെമിനാറുകൊണ്ടു് ഉദ്ദേശിക്കുന്ന സഭാനവീകരണത്തിലും സഹകരിപ്പിക്കുന്നതിനും ഏറ്റവും പറ്റിയ മാർഗ്ഗവും പ്രാദേശികസെമിനാറുകൾ തന്നെ. കേരളം, റാഞ്ചി, തമിഴ്നാട്, ബാംഗ്ളൂർ, പൂന-ബെൽഗാം, ബോംബെ, ഡൽഹി, ഝാൻസി, കൽക്കട്ടാ, ആന്ധ്രാ, നാഗ്പ്പൂർ, അഹമ്മദ്ബാദ്, മദ്ധ്യപ്രദേശ്, ഗോവ ഇവിടങ്ങളിൽ റീജിയനൽ സെമിനാറുകളോ ഗ്രൂപതാസെമിനാറുകളോ സംഘടിപ്പിക്കാനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുകയാണു്.

കേരള റീജിയനൽ സെമിനാർ

കേരളാടിസ്ഥാനത്തിലുള്ള സെമിനാർവഴി കേരളജനതയെ ''ഇന്നത്തെ ഇന്ത്യയിലെ സഭ''യെ സംബന്ധിച്ച സെമിനാറിൽ സഹകരിപ്പിക്കുന്നതിനു ശ്രമങ്ങൾ നടക്കുകയാണു്.

മേയ് 1, ജൂലായ് 4, ഓഗസ്റ്റ് 23 ഈ തീയതികളിൽ നടന്ന ആലോചനയോഗങ്ങൾ കേരളസെമിനാറിന്റെ രൂപഭാവങ്ങൾ ഒട്ടൊന്നു തിട്ടപ്പെടുത്തി. കേരളസഭയുടെ എല്ലാ തലത്തിലും വിഭാഗങ്ങളിലുംപെട്ടവരുടെ പ്രാതിനിധ്യമവകാശപ്പെടാവുന്നവയായിരുന്ന പ്രസ്തുത സമ്മേളനങ്ങൾ: ഓരോ രൂപതയിൽനിന്നും മൂന്നു പ്രതിനിധികൾ: ഒരല്മായനും ഒരു കന്യാസ്ത്രീയും ഒരു വൈദികനും. പ്രത്യേക ക്ഷണമനുസരിച്ചു സന്നിഹിതരായിരുന്ന. അല്മായരും വൈദികരുമായ വിദഗ്ധന്മാരും എഴുത്തുകാരും പത്രപ്രവർത്തകരും. കോട്ടയം സഹായമെത്രാൻ കുന്നശ്ശേരി തിരുമേനി നിർവ്വാഹകസമിതിയുടെ പ്രസിഡണ്ടായതോടെ വൈദികമേലദ്ധ്യക്ഷന്മാരുടെ നേരിട്ടുള്ള പ്രാതിനിധ്യവും ആലോചനകളിലുണ്ടായി.

സംഘാടകസമിതി

കേരളത്തിലെ എല്ലാ രൂപതകളിൽനിന്നും ഓരോ അല്മായനും കന്യാസ്ത്രീയും വൈദികനും വീതം ചേർന്നതാണ് കേരളസെമിനാറിന്റെ സംഘാടകസമിതി. ഓരോ രൂപതയിലും സെമിനാറിനെ സംബന്ധിച്ച പ്രചരണവും ചർച്ചകളുടെ സംഘാടനവും രൂപതാപ്രതിനിധികളുടെ നേതൃത്വത്തിലാണ നടത്തുക.

15 അംഗങ്ങളുള്ള ഒരു നിർവ്വാഹകസമിതിയും ആലുവാ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിലെ സെക്രട്ടേറിയറുമാണ് റീജിയനൽ സെമിനാറിന്റെ ഒരുക്കങ്ങൾക്കു നേതൃത്വവും മാർഗ്ദർശനവും നൽകുന്നതു്. താഴെ പറയുന്നവരാണ് നിർവ്വാഹകസമിതിയംഗങ്ങൾ:

റെ റവ. ഡോ. കൂര്യാക്കോസ് കുന്നശ്ശേരി, കോട്ടയം സഹായമെത്രാൻ,—പ്രസിഡണ്ട്

റെ റവ. മോൺ. വറുഗീസ് കവലക്കാട്ട്, പ്രോ. വികാരി ജനറൽ, എറണാകുളം അതിരൂപത,—വൈസ് പ്രസിഡണ്ട്

വെരി റവ. ഫാ. ഡോമിനിക്ക്, ഒ. സി. ഡി., റെക്ടർ പൊന്തിഫിക്കൽ സെമിനാരി, ആലുവാ,—ചെയർമൻ

റവ. ഫാ. ജോസഫ് കണ്ണത്തു്, ഡിറക്ടർ പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ, ആലുവാ,—സെക്രട്ടറി

റവ. ഫാ. ജോൺ അറയ്ക്കൽ, പൊന്തിഫിക്കൽ സെമിനാരി, ആലുവാ, — അസി. സെക്രട്ടറി

മോൺ. കുര്യൻ വഞ്ചിപ്പുരയ്ക്കൽ, മോൺ. എമ്മാനുവൽ ലോപ്പസ്, മോൺ. ക്ലെമൻറ് സി. എം. ഐ., മിസ്സ് ഫാസെൽ ഡിലീമ, മി. വർഗ്ഗീസ് വള്ളവന്താറ, മി. എം. തരകൻ, മി. ഇ. പി. ആൻറണി, മിസ്സ് പി. എൽ. ഏലിക്കുട്ടി, ഷെവ. ജോർജ്ജ് വർഗ്ഗീസ് കണ്ണന്താനം, മി. ഫെലിക്സ് മാത്യു, — കമ്മിറ്റി അംഗങ്ങൾ.

മോൺ. പീറ്റർ തെക്കേവിളയിലും ഫാ. പീറ്റർ ഊരാളിലും രൂപതകളിലെ പ്രചാരണപരവും സംഘാടനപരവുമായ പ്രവർത്തനങ്ങളിൽ സഹായിക്കാൻ സമ്മതിച്ചിട്ടുണ്ട്. രൂപതാ സംഘാടകർക്ക് ആവശ്യാനുസാരം അവരുടെ സേവനം അഭ്യർത്ഥിക്കാവുന്നതാണ്. രണ്ടുപേരുടേയും മേൽവിലാസം താഴെ കൊടുക്കുന്നു:

1. മോൺ പീറ്റർ തെക്കേവിളയിൽ
   ഇൻഫൻറ് ജീസസ് പ്രോ-കത്തീഡ്രൽ
   തങ്കശ്ശേരി, കൊല്ലം—7 Ph. 2038
2. ഫാദർ പീറ്റർ ഊരാളിൽ
   മോനപ്പള്ളി, കോട്ടയം Ph. 22 മോനപ്പള്ളി

എല്ലാ സെമിനാർ പ്രബന്ധങ്ങളും പ്രശ്നാവലികളും താമസിയാതെ മലയാളത്തിൽ ലഭ്യമാകും. Secretary, Regiona Seminar, POC, Alwaye-3 എന്ന വിലാസത്തിലെഴുതിയാൽ മതി. സെമിനാറിനാവശ്യമായ പ്രചാരണപരിപാടികളും നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

പഠനസമിതികൾ

അഖിലേന്ത്യാ സെമിനാറിനു നിർദ്ദിഷ്ടമായിരിക്കുന്ന 14 വർക്ക് ഷോപ്പുകൾ 13-ം കേരള സെമിനാറിനും ഉണ്ടാകും— 'പ്രവർത്തകരേയും വിഭവങ്ങളേയും വർക്ക്ഷോപ്പൊഴികെ എല്ലാം. ഓരോന്നിനെ സംബന്ധിച്ചു പ്രാരംഭപഠനങ്ങൾ നടത്താനും പ്രശ്നാവലികളും കുറിപ്പുകളും തയ്യാറാക്കാനും വിദഗ്ധപഠനസമിതികളും രൂപീകൃതമായിട്ടുണ്ട്. സമിതി നേതാക്കന്മാരുടെ മാത്രം പേരുകൾ താഴെ കൊടുക്കുന്നു.

ഫാ. ഫിലിപ്പ്, ഒ. സി. ഡി.	—	ആദ്ധ്യാത്മികത
ഫാ. ജോൺ വള്ളമറ്റം	—	ആരാധനക്രമം, മതബോധനം, അജപാലനപ്രശ്നങ്ങൾ
ഫാ. ഫ്രാൻസിസ് ഗ്രിഗരി, ഒ. സി. ഡി.	—	പ്രേഷിതപ്രവത്തനം
ഫാ. സാമുവൽ റായൻ, എസ്. ജെ.	—	അക്രൈസ്തവമതങ്ങളുമായുള്ള സംഭാഷണം
ഫാ. ജോസഫ് വെളിയത്തിൽ ഫാ. എസ്. മങ്കുഴിക്കരി	—	ഭാരതസംസ്കാരം: പ്രാചീനവും ആധുനികവും
പ്രൊഫ. എൽ. എം. പൈലി ശ്രീ ഇ. പി. ആൻറണി	—	വിദ്യാഭ്യാസ പ്രവത്തനങ്ങൾ
ഡോ. ജോർജ്ജ് കളപ്പുരയ്ക്കൽ	—	സാമൂഹ്യസാമ്പത്തിക പ്രവത്തനങ്ങൾ
മി. പി. എ. കുരുവിള	—	പൗരജീവിതവും രാഷ്ട്രീയജീവിതവും
ഫാ. ആൻറണി, സി. എം. ഐ.	—	സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾ
മി. കെ. റ്റി. സെബാസ്റ്റ്യൻ ഫാ. ഇസിദോർ വടക്കൻ, സി. എം. എ.	—	നേതൃത്വം: പരിശീലനവും അവസരങ്ങളും

വൈദികാദ്ധ്യക്ഷന്മാരുടെ പിന്തുണ

കേരള മെത്രാന്മാരുടെ പൂർണ്ണമായ പിന്തുണയും സഹകരണവുമുണ്ട് സെമിനാറിന്. കഴിഞ്ഞ ജൂലായ് 2-ന് എറണാകുളത്തു സമ്മേളിച്ച കേരളമെത്രാൻസംഘം, സംഘാടകസമിതിയുടെ പ്രവത്തനങ്ങളെ അംഗീകരിക്കുകയും ഓരോ രൂപതയിൽനിന്നും 2000 ക. യിൽ കുറയാത്ത ഒരു തുക സെമിനാറിൻറെ നടത്തിപ്പിലേക്കു നൽകണമെന്നു തീരുമാനിക്കുകയുംചെയ്തു. കേരളത്തിലെ സന്യാസസഭകളിൽനിന്നും ഇതുപോലൊരു സംഭാവന പ്രതീക്ഷിക്കുന്നു.

സെമിനാറിന്റെ ലക്ഷ്യവും പരിപാടിയും വിശദീകരിച്ചു കൊണ്ടും എല്ലാ ജനവിഭാഗങ്ങളുടേയും സഹകരണം അഭ്യർത്ഥിച്ചു കൊണ്ടും കേരള മെത്രാന്മാർ പുറപ്പെടുവിച്ച സംയുക്ത ഇടയലേഖനം സെമിനാറിന്റെ ഒരുക്കങ്ങൾക്ക് ഉണർവും തീവ്രതയും നൽകിയിട്ടുണ്ട്.

തീയതി, സ്ഥലം, ഭാഷ

കേരള റീജിയനൽ സെമിനാർ 1968 ഡിസംബർ 26-ന് വൈകുന്നേരം തുടങ്ങി 31-ന് വൈകുന്നേരം അവസാനിക്കും. ആലുവാ പൊന്തിഫിക്കൽ സെമിനാരിയാവും സമ്മേളനരംഗം.

ഇംഗ്ലീഷും മലയാളവും സെമിനാറിൽ ഉപയോഗിക്കാവുന്നതാണ്.

ആരൊക്കെയാണ് പങ്കെടുക്കുക?

പ്രത്യേകം തെരഞ്ഞെടുക്കപ്പെടുന്ന 200 പേരാണ് കേരള സെമിനാറിൽ സംബന്ധിക്കുക. തെരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങൾ മിക്കവാറും ദേശീയ സെമിനാറിനേതുതന്നെ. 2/3 ഭാഗത്തോളം അല്മേനികൾ. കേരളത്തിലെ 16 രൂപതകളും 6 പേരെ വീതം അയയ്ക്കും. അത്മായരും വൈദികരും കന്യാസ്ത്രീകളും ഉൾപ്പെട്ട ഒരു സംഘം. സന്യാസസഭകളുടെ സംഘത്തിൽനിന്ന് 20 പ്രതിനിധികൾ. 12 സ്ത്രീകളും 8 പുരുഷന്മാരും. ശേഷം പേരെ നിർവ്വാഹകസമിതിയാണ് തെരഞ്ഞെടുക്കേണ്ടത്.

എല്ലാവരുടേയും സഹകരണം

എല്ലാ ജനസമൂഹങ്ങളേയും സേവിക്കുകയാണ് സഭയുടെ ദൗത്യം. തന്മൂലം മറ്റു സഭകളിലും മതങ്ങളിലും പെട്ടവരുടെ സഹകരണം സഭാനവീകരണത്തിനേറെ സഹായിക്കും. ഒരു പരിധിവരെയെങ്കിലും ഇന്നത്തെ പരിതഃസ്ഥിതികളിൽ അതു് അനുപേക്ഷണീയവുമാണ്. മറ്റു ക്രൈസ്തവസഹോദരങ്ങളുടേയും മതസ്ഥരുടേയും എത്രാനും പ്രതിനിധികളെ കേരളസെമിനാറിലേക്കു ക്ഷണിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. സഭയെപ്പറ്റി മറ്റുള്ളവർ ചിന്തിക്കുന്നതെന്തെന്നും സഭയിൽനിന്ന് എന്തൊക്കെയാണ് അവർ പ്രതീക്ഷിക്കുന്നതെന്നും അറിയാൻ ഇതുപകരിക്കും. കൂടുതൽ മെച്ചമായ വിധത്തിൽ എല്ലാവരേയും സേവിക്കത്തക്കവിധം സഭയെ നവീകരിക്കുന്നതിൽ മറ്റു ജനവിഭാഗങ്ങളുടെകൂടി സഹകരണമുണ്ടാകുന്നതിനും ഇതു സഹായിക്കും.

നമ്മുടെ ഭാഗഭാഗിത്വം

സഭ നമ്മളാണു്: നിങ്ങളും ഞാനും മറ്റുള്ളവരും. സഭയെ ക്രിസ്തുവിന്റെ ചൈതന്യത്തിനും പ്രവർത്തനരീതിക്കും അനുരൂപമാക്കുക നമ്മുടെ കടമയാണു തന്മൂലം. 'ഇന്നത്തെ ഇൻഡ്യയിലെ സഭ'യെ സംബന്ധിച്ച സെമിനാർ നാമോരോരുത്തരുടേയുമാണെന്നു ചുരുക്കം. നമ്മുടെ സഹകരണത്തെ ആശ്രയിച്ചിരിക്കും സെമിനാറിന്റെ വിജയം: നാടിന്റെ പ്രശ്നാവശ്യങ്ങളും സഭയുടെ ഇന്നത്തെ ഉത്തരവാദിത്വവും സെമിനാറിൽ വേണ്ടംവിധം പ്രതിഫലിക്കുന്നുണ്ടോ എന്നതു്; സെമിനാറിന്റെ തീരുമാനങ്ങൾ നമ്മുടെ ജീവൽപ്രശ്നങ്ങൾക്കു പ്രായോഗികപരിഹാരമരുളുന്നവയാണോ എന്നതു്. സെമിനാറിന്റെ തീരുമാനങ്ങൾ പ്രാവർത്തികമാക്കേണ്ടതും നമ്മളാണു്: വൈദികരും അല്മായരും മെത്രാന്മാരും സന്യാസികളുമുൾപ്പെട്ട സഭ. ആ നിലയ്ക്കു സെമിനാറിന്റെ വിചിന്തനങ്ങളിലും തീരുമാനങ്ങളിലും ഭാഗഭാക്കാകാൻ നമുക്കും അവകാശമുണ്ടു്, കടമയുണ്ടു്.

സഹകരണം എങ്ങനെ?

പ്രാർത്ഥിക്കുക: സഭ മുഴുവനും സെമിനാറിൽ സഹകരിക്കുന്നതിനുവേണ്ടി, സെമിനാറും സെമിനാർ ലക്ഷ്യമാക്കുന്ന സഭാനവീകരണവും വിജയിക്കുന്നതിനുവേണ്ടി.

പഠിക്കുക: സെമിനാർ പ്രബന്ധങ്ങളും അവയ്ക്കാധാരമായ വേദപുസ്തകവും കൗൺസിൽ രേഖകളും.

സഭ, സഭ ആധുനികലോകത്തിൽ, മിഷൻ പ്രവർത്തനം എന്നീ സുപ്രധാനരേഖകളെങ്കിലും വായിച്ചാൽ കൗൺസിലിന്റെ മൗലികാഭിമുഖ്യങ്ങളുമായി പരിചയപ്പെടാനാവും. കൗൺസിൽ രേഖകളുടെ ഒരു മലയാളപരിഭാഷ ബാംഗ്ളൂർ ധർമ്മാരാം കോളെജിൽനിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

ചർച്ചകൾ സംഘടിപ്പിക്കുക:
ചർച്ചകളിൽ പങ്കെടുക്കുക:

ശ്രുപതാതലത്തിലും ഇടവകതലത്തിലും ചർച്ചകളുണ്ടാവുന്നതു നന്നു്. സ്കൂളുകളിലും കോളെജുകളിലും അദ്ധ്യാപക്കും മുതിർന്ന വിദ്യാർത്ഥികൾക്കും ഒരുമിച്ചോ വെവ്വേറെയോ ചർച്ചകളാവാം. സി. എസ്. യു., എം. സി. എസ്.

എൽ., വിൻസെന്റു ഡി പോൾ സഖ്യം, മാതൃസംഘം, സൊഡാലിറ്റി, തൊഴിലാളിസംഘടനകൾ, യുവജനസംഘടനകൾ മുതലായ പ്രേഷിതസംഘടനകളുടെ ആഭിമുഖ്യത്തിലും ചർച്ചകൾ സംഘടിപ്പിക്കാം. ചില ശ്രുതികളിൽ ശ്രുതാതലത്തിലും ഫൊറോനാതലത്തിലും ചെറുസെമിനാറുകൾ നടത്താനുദ്ദേശിക്കുന്നു. മറ്റു ചില ഇടവകകളിലും സ്ഥാപനങ്ങളിലും സന്ന്യാസഭവനങ്ങളിലും അതുപോലെതന്നെ.

വൈദികർ, പ്രത്യേകിച്ചു് ഇടവകവികാരിമാർ, ഹെഡ് മാസ്റ്റർമാർ, പ്രിൻസിപ്പൽമാർ, അച്ചുമായസംഘടനകളുടെ നേതാക്കന്മാർ തുടങ്ങിയവക്കു് ചർച്ചകൾ സംഘടിപ്പിക്കുന്നതിൽ ഫലപ്രദമായ നേതൃത്വം നൽകാനാവും.

ബൗദ്ധികനിലവാരം, താല്പര്യം മുതലായവയിൽ കാര്യമായ വൈവിധ്യമില്ലെങ്കിൽ, പങ്കെടുക്കാനുള്ളവരുടെ അംഗസംഖ്യ അത്ര വലുതല്ലെങ്കിൽ ഒരു സ്ഥലത്തെ വിവിധ സംഘടനകളും സ്ഥാപനങ്ങളും സഹകരിച്ചു ചർച്ചകൾ സംഘടിപ്പിക്കുകയാവും നല്ലതു്. ഓരോ സ്ഥലത്തേയും അല്മായനേതാക്കളും സ്ഥാപനാധികാരികളും വൈദികരും ഒരുമിച്ചാലോചിക്കുന്നതു നന്നായിരിക്കും, പരിപാടികൾക്കു് അന്തിമരൂപം നൽകുന്നതിനുമുമ്പു്.

ഏതു തലത്തിലും സ്ഥലത്തിലുള്ള ചർച്ചകൾക്കും ഒരു സംഘാടകസമിതിയുണ്ടാവണം. ചർച്ചകളുടെ വിഷയം, തീയതി, സമയം, സ്ഥലം, പങ്കെടുക്കേണ്ടവരുടെ എണ്ണം മുതലായവ തീരുമാനിക്കുന്നതും ചർച്ചകൾ സംഘടിപ്പിച്ചു നടത്തുന്നതും ഈ കമ്മിറ്റികളാവും.

ചർച്ചകൾ എമുതൽ ജി വരെയുള്ള സെമിനാർ പ്രബന്ധങ്ങളെ ആസ്പദമാക്കിയോ ആദ്ധ്യാത്മികത, ആരാധനയും മതബോധനവും അജപാലനപ്രശ്നങ്ങളും, പ്രേഷിതപ്രവർത്തനം, മറ്റു മതങ്ങളുമായുള്ള സംഭാഷണം, ഭാരതീയ സംസ്കാരം: പ്രാചീനവും ആധുനികവും, വിദ്യാഭ്യാസപ്രവർത്തനങ്ങൾ, സാമൂഹ്യസാമ്പത്തികപ്രശ്നങ്ങൾ, പൗരജീവിതവും രാഷ്ട്രീയജീവിതവും, സാമൂഹ്യസമ്പർക്കമാധ്യമങ്ങൾ, നേതൃത്വം: പരിശീലനവും അവസരങ്ങളും, കുടുംബം, തൊഴിൽ, എകൃമെനിസം എന്നീ വർക്ഷോപ്പുകളിൽ ഒന്നി

നേയോ പലതിനേയോ കുറിച്ചാകാം. നിങ്ങൾക്കു് ഏറ്റവും താല്പര്യം തോന്നുന്ന, കൂടുതൽ ഉപകരിക്കുമെന്നു തോന്നുന്ന വിഷയം അഥവാ വിഷയങ്ങൾ തെരഞ്ഞെടുക്കുക.

തെരഞ്ഞെടുക്കുന്നതു് ഏതു വിഷയം അഥവാ വിഷയങ്ങൾ ആയാലും സെമിനാറിന്റെ മൗലികാഭിമുഖ്യം വിശദമാക്കുന്ന പ്രബന്ധം എ—'സഭയും സഭാദൗത്യവും'—എങ്കിലും, മുൻകൂട്ടി വായിച്ചു പഠിക്കുന്നതു നന്നായിരിക്കും. എല്ലാവരും വായിച്ചിരിക്കേണ്ട വേറൊരു രേഖ പ്രബന്ധം എഫ് ആണു്—'ഭാരതസഭയുടെ ഉത്തരവാദിത്വം.'

ചർച്ചാവിഷയം നിശ്ചയിച്ചതിനുശേഷം നിങ്ങളുടെ സ്ഥലത്തു് / സംഘടനയ്ക്കു് / ഗ്രൂപ്പിനു് / സ്ഥാപനത്തിനു് ആവശ്യമുള്ള പ്രബന്ധങ്ങളുടെ / വർക്ഷോപ്പ് പ്രശ്നാവലികളുടെ എണ്ണം നിങ്ങളുടെ ശുപത്രാസംഘാടകസമിതിയെ അറിയിക്കുക. ഓരോ ശുപത്രയിലും സമീപിക്കേണ്ട വ്യക്തികളുടെ പേരുകൾ താഴെ കൊടുക്കുന്നു.

ആലപ്പുഴ	—	റവ. ഫാ. കോയിൽപ്പറമ്പിൽ, ഹോളിഫാമിലി ഹൈസ്കൂൾ, കാട്ടൂർ P. O., ആലപ്പുഴ
കോഴിക്കോട്ട്	—	റവ. ഫാ. പോൾ വടക്കേൽ, S. J. ബിഷപ്സ് ഹൗസ്, മലപ്പുറം, കോഴിക്കോട്–9
ചങ്ങനാശ്ശേരി	—	റവ. ഫാ. ജോസഫ് പവ്വത്തിൽ S. B. കോളെജ്, ചങ്ങനാശ്ശേരി
കൊച്ചി	—	റവ. ഫാ. ജോസഫ് കുരീത്തടം പെററിസെമിനാരി, കൊച്ചി–1
എറണാകുളം	—	റവ. ഫാ. തോമസ് കൊടിയൻ ഭാരതമാതാകോളെജ്, തൃക്കാക്കര, ഇടപ്പള്ളി
കോതമംഗലം	—	റവ. ഫാ. ജോൺ വള്ളമറ്റം ബിഷപ്സ് ഹൗസ്, കോതമംഗലം
കോട്ടയം	—	റവ. ഫാ. ജോസഫ് കരോട്ടുകുന്നേൽ, കാത്തലിക്ക് ബിഷപ്സ് ഹൗസ്, കോട്ടയം

പാലാ	—	റവ. മാത്യു മഠത്തിക്കുന്നേൽ ബിഷപ്സ് ഹൗസ്, പാലാ
കൊല്ലം	—	റവ. ഫാ. എ. ജെ. റൊസാരിയോ ഫാത്തിമാകോളെജ്, കൊല്ലം
തലശ്ശേരി	—	റവ. ഫാ. ജോർജ് വലിയമറ്റം ബിഷപ്സ് ഹൗസ്, തലശ്ശേരി-1
തിരുവല്ല	—	റവ. ഫാ. ഏബ്രഹാം കളക്കുടി കാത്തലിക്ക് ചാച്ച്, കുമ്പളന്താനം തെയ്യാടിക്കൽ P. O., അയിരൂർ
തൃശ്ശൂർ	—	റവ. ഫാ. ആൻറണി അന്തിക്കാട്ട് പെറിസെമിനാരി, തോപ്പ്, തൃശ്ശൂർ-5
തിരുവനന്തപുരം (അതിരൂപത)	—	റവ. ഫാ. ജോസഫ് തച്ചേട്ട്, കാത്തലിക്ക് ചാച്ച്, കിഴക്കേത്തെരുവ്, കൊട്ടാരക്കര
തിരുവനന്തപുരം (രൂപത)	—	റൈറ്റ് റവ. മോൺ. മാക്സ്നെറ്റോ ബിഷപ്സ് ഹൗസ്, വെള്ളയമ്പലം തിരുവനന്തപുരം-3
വരാപ്പുഴ	—	വെരി റവ. മോൺ. ഇ. ലോപ്പസ് സെൻറ് ജോസഫ്സ് മൈനർ സെമിനാരി, എറണാകുളം, കൊച്ചിൻ-11
വിജയപുരം	—	റവ. ഫാ. മാത്യു മുട്ടത്താഴത്തു് ഹോളി ഫാമിലി H. S., കോട്ടയം-4

വക്ക്ഷോപ്പുകളെ സംബന്ധിച്ചാണു ചർച്ചകളെങ്കിൽ ഓരോ വിഷയത്തെയും സംബന്ധിച്ച പ്രശ്നാവലികൾക്കു പുറമേ ഈ ലഘുലേഖയുടെ ആദ്യഭാഗത്തു് ഓരോ വിഷയത്തിനെറയും അവതാരവിഭാഗങ്ങൾ നൽകിയിരിക്കുന്നതുംസഹായകമാവും.

ചർച്ചകൾക്കുശേഷം പ്രശ്നാവലി / പ്രശ്നാവലികൾ പൂരിപ്പിച്ചു് Secretary, Regional Seminar, POC, Alwaye-3 എന്ന വിലാസത്തിൽ അയയ്ക്കുക. വിദഗ്നാഭിപ്രായങ്ങളുണ്ടെങ്കിൽ അതു സൂചിപ്പിക്കുന്നതു നന്നാവും. ഉത്തരങ്ങളെല്ലാം നവമ്പർ മാസാവസാനത്തെയ്ക്കെങ്കിലും സെക്രട്ടേറിയറ്റിൽ എത്തിക്കുവാനപേക്ഷ. റീജിയനൽ സെമിനാറിനുവേണ്ടി അവ പഠിക്കുന്നതിനും തരംതിരിക്കുന്നതിനും സമയമുണ്ടാകണമല്ലോ.

ഉത്തരമയയ്ക്കുന്ന ഇടവകയുടെ / സ്ഥാപനത്തിന്റെ / സംഘടനയുടെ പേരും മറ്റു വിവരങ്ങളും ഏറ്റവും രഹസ്യമായി സൂക്ഷിക്കുന്നതാണ്. പേരെഴുതാതെ അയയ്ക്കണമെന്നുള്ളവർക്ക് അങ്ങനെയും ആകാം.

ചർച്ചകളിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് വ്യക്തിപരമായ ഉത്തരങ്ങൾ അയയ്ക്കാവുന്നതാണ്. ഒരാളുടെ മാത്രമാണെന്നു കാണിക്കണമെന്നുമാത്രം. പേരു വയ്ക്കുകയോ വയ്ക്കാതിരിക്കുകയോ ആവാം.

ഇപ്രകാരം സഭയുടെ ദൗത്യത്തേയും നാടിന്റെ പ്രശ്നാവശ്യങ്ങളേയുംപറ്റിയുള്ള പഠനങ്ങളും ചർച്ചകളും തീരുമാനങ്ങളും പുതിയൊരു കാഴ്ചപ്പാടും ദൗത്യബോധവും സഭയുടെ എല്ലാ വിഭാഗങ്ങളിലും ഉളവാക്കിയാൽത്തന്നെ സെമിനാറിന്റെ ലക്ഷ്യം പകുതി സാധിതമായെന്നു പറയാം. സഭാനവീകരണത്തിനാവശ്യമായ ഔദ്യോഗികതീരുമാനങ്ങളും ചലനങ്ങളും അത്രതന്നെ പ്രാഥമികമല്ല. ജനങ്ങളുടെ കാഴ്ചപ്പാടിലും നിലപാടുകളിലും വരുന്ന മാറ്റത്തെ ഇന്നല്ലെങ്കിൽ നാളെ അവയ്ക്ക് അനുഗമിക്കാതെ തരമില്ല. ജനകീയതലത്തിലെ പരിവർത്തനം ഒട്ടൊക്കെ അഗാധവും ഏറെക്കുറെയെങ്കിലും സാവ്ത്രികവുമാകണമെന്നേയുള്ളൂ.

N. B. 1. കൂടുതൽ കോപ്പികൾക്ക്, Secretary, Regional Seminar, POC, Alwaye–3 എന്ന വിലാസത്തിൽ എഴുതുക.

2. പുനഃപ്രകാശനത്തിന് പ്രത്യേകാനുവാദം ആവശ്യമില്ല.

വില 20 പൈസ

Printed at the Mar Louis Memorial Press, Ernakulam Cochin-11

A

ഇന്നത്തെ ഇന്ത്യയിലെ സഭ

കേരള റീജിയനൽ സെമിനാർ

ഡിസംബർ 1968

പ്രബന്ധം A

സഭയും സഭാദൗത്യവും

ഫാദർ ജെ. നോയ്മെനർ, എസ്. ജെ.

മോൺ. എക്സ്ടോസ്, ഫാദേഴ്സ് ബയാർ, ഡി മർനെഫ്, സ്റ്റാഫ്നർ, കർവാലോ, വാൻ ഡെ വാൽ, ഡി ലെറർ, ഗിസ്പെർട്ട്, ബാലഗർ, പി. ഡിസൂസ, ഡോ. മൊൺടെയ്റോ തുടങ്ങി പലരുടേയും സഹകരണത്തോടെ

സെക്രട്ടേറിയറ്റ്

കേരള റീജിയനൽ സെമിനാർ

പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ

ആലുവാ—3

ഉള്ളടക്കം

1 വിചിന്തനത്തിനുള്ള വിളി

2 യേശുക്രിസ്തു, സഭയുടെ കേന്ദ്രം

3 പൊതുവായ പൗരോഹിത്യം

4 ഐക്യവും സ്നേഹവും

5 തുറന്ന സമൂഹം

6 സഭയുടെ ഭൗത്യം

7 ക്രിസ്തീയസന്ദേശം

8 ക്രിസ്ത്യൻ റിയലിസം

9 ക്രിസ്തീയ പ്രതീക്ഷ

കൂടുതൽ വായിക്കുവാൻ

പ്രശ്നാവലി

SABHAYUM SABHA DAUTHIAVUM
Malayalam
Translation of
ORIENTATION PAPER A
THE CHURCH AND HER MISSION
By Fr. J. Neuner and others
Price 0. 20
Printed at J. M. Press Alwaye—3

സഭയും സഭാദൗത്യവും

കാലത്തിനൊത്തു് ആഗോളസഭയെ നവീകരിക്കുവാൻ സമ്മേളിച്ച സൂനഹദോസിന്റെ നേരിട്ട പ്രശ്നങ്ങളാണു ഭാരതസഭയുടെ നവീകരണത്തെ ഉന്നംവച്ചു നടത്താൻപോകുന്ന സെമിനാറിനും നേരിടേണ്ടിവരിക. എന്നാൽ, സൂനഹദോസ് ബലപ്പെട്ട കണ്ടെത്തിയ പരിഹാരമാർഗ്ഗങ്ങളും പ്രായോഗികമെന്നു തെളിയിച്ച നടപടിക്രമവും നമുക്കിന്നു മാർഗ്ഗദർശകമായുണ്ടു്. സഭയേയും അതിന്റെ ദൗത്യത്തെയുംകുറിച്ചുള്ള സമുക്കായ അവബോധമാണു് അടിസ്ഥാനാവശ്യം. അതിനു സഭ, മിഷൻപ്രവർത്തനം, സഭ ആധുനികലോകത്തിൽ എന്നിവയെ പുരസ്കരിക്കുന്ന പ്രമാണരേഖകളും പരിഗണിക്കാതെ വയ്യാ. മൗലികാഭിമുഖ്യം അപ്പോൾ ഉരുത്തിരിയും. പിന്നീടു മർമ്മപ്രധാനമായ കാര്യങ്ങൾ ഏവയെന്നുകൂടി നിജപ്പെടുത്തിയാൽ മതി.

1. വിചിന്തനത്തിനുള്ള വിളി

സഭയിലുള്ള നമ്മുടെ വിശ്വാസം ചുവടുറപ്പിച്ചിരിക്കുന്നതു് അവളുടെ ദൈവികോത്ഭവത്തിലും, സാർവ്വജനപരിത്രാണത്തിൽ അവൾക്കുള്ള പങ്കിലും, അവളുടെ ദൗത്യം നിറവേറുവോളം താൻ അവളോടുകൂടെ ഉണ്ടായിരിക്കുമെന്ന ക്രിസ്തുവിന്റെ അപ്രമാദമായ വാഗ്ദാനത്തിലുമാണു്. ഈ വിശ്വാസം തന്റെ ശിഷ്യന്മാരിൽ ആഴമായി പതിയണമെന്നു ക്രിസ്തു ആഗ്രഹിച്ചു. ഈ വിശ്വാസം തന്നെയായിരിക്കണം ഭാരതസഭയെസ്സംബന്ധിച്ചു സെമിനാറിന്റെ ആണിക്കല്ലു്.

എന്നിരുന്നാലും പ്രമാദരഹിതമായ ഈശ്വരസഹായത്തിലുള്ള ഈ വിശ്വാസമൊന്നു വേറെ; സഭയിൽ—അമ്മായരിലും വൈദികരിലും—എല്ലപ്പും കുടന്നുകൂട്ടുന്ന തെറ്റായ സുരക്ഷിതത്വബോധവും ആത്മസംതൃപ്തിയുമൊന്നു വേറെ. ദൗത്യനിർവ്വഹണത്തിൽ നാം പരാജയപ്പെട്ടേക്കാം; വ്യക്തികൾക്കു വീഴ്ചപറ്റാം; പ്രത്യേകമായ ചരിത്രപരിതഃസ്ഥിതികളിൽ ദൈവം ആവശ്യപ്പെടുന്നതെന്തെന്നു ഗ്ര

ഥിക്കാതെ ദീർഘനാൾ മുന്നോട്ട പോയാൽ സഭയ്ക്കും ഒരു സമൂഹ മെന്ന നിലയിൽ കൃത്യവിലോപം സംഭവിക്കാം. ഭൂതകാലപരി ശോധനയെപ്പോലെപ്പെട്ടന്നില്ല ഇവിടെ. പക്ഷേ, ഒരു കാര്യം സമ്മതി ക്കണം. നാം സ്വയം പര്യാപ്തരെന്ന കരുതി ഉറങ്ങുകയായിരുന്നു. അതിൽനിന്നു 'നവീകരണം', 'സഭാപരിഷ്കരണം' മുതലായ മു ദ്രാവാക്യങ്ങൾവഴി നമ്മെ വിളിച്ചുണർത്തിയതു വന്ദിക്കാൻ സുന ഹദോസാണു്.

ഇന്നത്തെ മതപരമായ പ്രതിസന്ധിയെ ഒന്നുപഗ്രഥിക്കു, പ്രത്യേകിച്ചു് ഈ യുഗത്തിന്റെ ഏറ്റവും ഗൗരവാവഹമായ പ്രശ്നമെന്നു ഗണിക്കപ്പെടുന്ന നിരീശ്വരത്വത്തെ പരാമർശിക്കു, സുന ഹദോസ് തുറന്നു സമ്മതിക്കുന്നു:

> "ഈ പരിതഃസ്ഥിതിക്കു കുറെയെല്ലാം ഉത്തരവാദിത്വം വി ശ്വാസികൾക്കുണ്ടു്. കാരണം, മൊത്തത്തിൽ പറഞ്ഞാൽ നിരീശ്വരത്വം താനേ വളർന്ന ഒരു പ്രതിഭാസമല്ല. പല കാരണങ്ങളും അതിനു നിദാനമായുണ്ടു്. മതവിശ്വാസങ്ങളോ ടുള്ള, പ്രത്യേകിച്ചു ചില സംഗതികളിൽ ക്രിസ്തുമതത്തോടുള്ള വിമർശനാത്മകമായ പ്രതികരണം അവയിൽപ്പെടുന്നു. അതു കൊണ്ടു്, നിരീശ്വരത്വത്തിന്റെ ആവിർഭാവത്തിൽ വിശ്വാ സികൾക്കു് അനല്പമായ പങ്കുണ്ടെന്നു പറയാം. എത്രകണ്ടു് വിശ്വാസപരിശീലനം അവഗണിക്കുകയും അബദ്ധ സിദ്ധാ ന്തങ്ങളും പഠിപ്പിക്കുകയും മതപരവും ധാർമ്മികവും സാമൂഹി കവുമായ ജീവിതം വികലമാക്കുകയും ചെയ്യുന്നുവോ അത്രക ണ്ടു് അവർ ദൈവത്തിന്റെയും മതത്തിന്റെയും യഥാർത്ഥ മുഖഭാവം തെളിച്ചു കാണിക്കുകയല്ല, ഒളിച്ചുവയ്ക്കുകയാണു്"[1].

ഭാരതസഭയുടെ ബഹുവിധമായ നേട്ടങ്ങളും കോട്ടങ്ങളുമെന്തു്? ഭാരതത്തിന്റെ ജീവിതത്തിൽ അവർക്കുള്ള സ്വാധീനത്തിന്റെ ആഴമെന്തു്? അഥവാ, സംസ്കാരത്തിന്റെയും പുരോഗതിയുടേയും പല മണ്ഡലങ്ങളിൽ സഭയെന്തേ പ്രത്യക്ഷപ്പെടാത്തതു്? ഇമ്മാതി രി ചോദ്യങ്ങൾക്കു് ഉത്തരം കുറിക്കുകയല്ല ഈ പ്രബന്ധത്തിന്റെ ഉദ്ദേശ്യം. സെമിനാറിന്റെ "പണിപ്പുര"കൾ വേണം, സഭയുടെ

---

1. സഭ ആധുനികലോകത്തിൽ, No. 19. ഇനിയങ്ങോട്ടു് G. S.

ബഹുമുഖമായ പ്രവർത്തനങ്ങളോടും കടമകളോടും ബന്ധപ്പെട്ടതീ ഇവയ്ക്കുത്തരംകാണുക. നമ്മുടെ ലക്ഷ്യമെന്തെന്നോ? സഭയെക്കുറിച്ചു വിശ്വാസികളിൽ രൂപംകൊണ്ടിരിക്കുന്നതും മാലോകർ കാണുന്നതുമായ ചിത്രം ഏതെന്നും, ഈ ചിത്രം പൂർണ്ണമാക്കപ്പെടുകയും ഒരു പക്ഷേ, കൗൺസിലിന്റെ വെളിച്ചത്തിൽ തിരുത്തപ്പെടുകയും വേണമോ എന്നും പഠിക്കുക.

ആലോചിച്ചുനോക്കൂ, ക്രിസ്തുവിനെ മാനവവംശത്തിലേ ഏറ്റവും സമുന്നതരായ മതനേതാക്കളിലൊരാളായി ആദരിക്കുകയും ക്രിസ്തു ഭാരതത്തിൽ പ്രസക്തനാണ് എന്നു സമ്മതിക്കുകയും ചെയ്യാത്ത അഭ്യസ്തവിദ്യർ ഇന്നാട്ടിൽ ചുരുക്കമത്രേ. ഇതു് പലപ്പോഴും ക്രിസ്തുവിൽ അവർക്കു യഥാർത്ഥവിശ്വാസമുള്ളതുകൊണ്ടാവണമെന്നില്ല. എങ്കിലും അനുഭാവപൂർവ്വകമായൊരു ചായ്‌വാണിതു്. യേശു എന്ന വ്യക്തിയിൽ മൂർത്തിമദ്ഭാവം കൊള്ളുന്ന ക്രൈസ്തവസന്ദേശത്തിനുള്ള ഒരാന്തരികപ്രത്യുത്തരം അതുൾക്കൊള്ളുന്നു. എവിടെനിന്നോ കെട്ടിക്കേറിവന്നവനായിട്ടല്ല, പ്രത്യുത സുഹൃത്തായിട്ടാണു ഭാരതം ക്രിസ്തുവിനെ പരിഗണിക്കുക.

എന്നാൽ, സഭയെസ്സംബന്ധിച്ചു് ഇതപ്പാടെ ശരിയാവില്ല. ഗാന്ധിജിക്കു സഭയോടുണ്ടായിരുന്ന അമർഷവും അതേസമയം ക്രിസ്തുവിനോടുണ്ടായിരുന്ന മതിപ്പും സ്നേഹവും പ്രസിദ്ധമാണു്. ഇതേ മനോഭാവംതന്നെയാണു പലർക്കും. സങ്കീർണ്ണമായൊരു ജ്യോലിയാണു് ഇതിന്റെ കാരണങ്ങളുടെ വിശകലനം. ഒരുവശത്തു് അതിരുകടന്ന ദേശീയബോധവും ക്രമരഹിതമായ വർഗ്ഗീയതയും സ്ഥാപിതതാല്പര്യങ്ങളും, മറുവശത്തു ഭൗതികവീക്ഷണവും ശാസ്ത്രീയയുക്തിവാദവും. മതത്തിന്റെ സംഘടിതസ്വഭാവത്തോടുള്ള നീരസം ഇന്ത്യയുടെ പാരമ്പര്യത്തിൽ ശ്രുദ്ധമൂലമാണു്. ഇതിനെ വർദ്ധമാനമാക്കുന്നു, ആധുനികകാലത്തു സർവ്വസാധാരണമായ അധികാരനിഷേധമനോഭാവം. സഭയുടെ പാശ്ചാത്യൻമുൽഭവം, അവളുടെ ചരിത്രത്തിലേ അസഹിഷ്ണുതയുടെ അധ്യായങ്ങൾ, അവളുടെ നൈയാമികഘടനയുടേയും അധികാരത്തിന്റേയും അതിഭാരം—എല്ലാം സഭയെ അനാകർഷയാക്കിത്തീർക്കുന്നു. പക്ഷേ, ക്രിസ്തുവിനോടും സഭയോടുമുള്ള സമീപനവ്യത്യാസത്തെ തൃപ്തികരമായി വിശദീകരിക്കാൻ പര്യാപ്തമല്ല, ഇവയൊന്നും. നമുക്കു കുറേക്കൂടി കടന്നു ചോദിക്കാം: താൻ എന്താണെന്നു സഭ അവകാശപ്പെടുന്നുവോ അതായിരിക്കാൻ

അവർക്കു കഴിഞ്ഞിട്ടുണ്ടോ? യേശുവിന്റെ അരൂപി ഇന്ത്യയിൽ പ്രകടമാക്കാൻ, അവിടത്തെരക്ഷാകരസ്നേഹം ഇന്നാട്ടിൽ ഒരു യാഥാർത്ഥ്യമാക്കാൻ നിലകൊള്ളുന്ന ക്രിസ്തു ശിഷ്യന്മാരുടെ സമൂഹമെന്ന നിലയിൽ ഭാരതസഭ വിജയിച്ചിട്ടുണ്ടോ? ക്രിസ്തീയവ്യക്തികളിലും സമൂഹങ്ങളിലും ഗിരിപ്രഭാഷണത്തിന്റെചൈതന്യം സജീവമായിരുന്നെങ്കിൽ — ദൈവപിതാവുമായുള്ള ഐക്യവും സാഹോദര്യവും ഒരുമയും, ക്ഷമയും ശത്രുസ്നേഹവും, ആത്മാർത്ഥതയും സേവനസന്നദ്ധതയും ഇവിടെ പ്രകാശം പരത്തിയിരുന്നെങ്കിൽ — അങ്ങനെ, "ദൈവവും മനുഷ്യരും തമ്മിലും മനുഷ്യനും മനുഷ്യനും തമ്മിലുമുള്ള സുദൃഢബന്ധത്തിന്റെ അടയാളവും ക്ലാശയു"[1]മായിരുന്ന സഭയെങ്കിൽ, എങ്കിൽ, അവളോടുള്ള മനോഭാവം വ്യത്യസ്തമാകുമായിരുന്നില്ലേ? ആകുമായിരുന്നിരിക്കാം — എന്നു മാത്രമേ നമുക്കു പറയാനാവൂ. കാരണം, നമുക്കറിവില്ല മറ്റുള്ളവരുടെ ഉള്ളിലിരിക്കുന്നതെന്തെന്നു"; അന്യരുടെ ഉള്ളു പരിശോധിക്കേണ്ട കാര്യവും നമുക്കില്ല. ഒരാത്മശോധനയാണിവിടെ പ്രസക്തം. സഭയുടെ യഥാർത്ഥരൂപത്തെ (ഇമെജിനെ) നാം ഏതെങ്കിലും വിധത്തിൽ നിഷ്പ്രഭമാക്കുകയോ അവളുടെ ശരിയായ അർത്ഥവും ഭൗത്യവും അന്യർ ഗ്രഹിക്കുന്നതിനു തടസ്സമിടുകയോ ചെയ്തിട്ടുണ്ടോ? "സാഹോദര്യം സത്യസന്ധത, സമാധാനചൈതന്യം ഇവയാൽ സന്നിവിഷ്ടവും സർവ്വരാലും അഭിലഷിതവുമായ ആ നവീകൃതമനുഷ്യസമൂഹത്തിനു""[1] മകുടോദാഹരണമാണോ ഭാരതസഭ? ദൈവത്തിന്റെ സത്യവും സ്നേഹവും ഇവിടത്തെ സഭയിൽ മാംസം ധരിക്കുന്നതുവരെ, അങ്ങനെ അവളിൽ ക്രിസ്തുവിനെ ദർശിക്കുവാൻ ഏവർക്കും കഴിയുന്നതുവരെ നമുക്കു രക്ഷയുടെ സന്ദേശം ആത്മാർത്ഥതയോടെ പ്രഘോഷിക്കാനാവില്ല. അപ്പോൾ, നാം ആദ്യമായി ചോദിക്കേണ്ട ചോദ്യമിതാണു". വാസ്തവത്തിൽ ക്രിസ്തുവാണോ നമ്മുടെ സഭയുടെ കേന്ദ്രം.

2. യേശുക്രിസ്തു സഭയുടെ കേന്ദ്രം

മനുഷ്യരുടെ മധ്യത്തിൽ യേശുവിന്റെ നിരന്തരസാന്നിധ്യത്തിന്റെ അടയാളമാണു സഭ. അടയാളത്തിന്റെ മൂല്യമടങ്ങിയി

---

1 തിരുസ്സഭയെസംബന്ധിച്ച കോൺസ്റ്റിറ്റ്യൂഷൻ L. G. No. 1.

രിക്കുന്നതു്, അതു സൂചിപ്പിക്കുന്ന യാഥാർത്ഥ്യത്തെ മറ്റുള്ളവർക്കു ബോധ്യം വരത്തക്കവിധം അഭിവ്യഞ്ജിപ്പിക്കുന്നതിലാണു്. സഭ ക്രിസ്തുവിനുവേണ്ടി നിലകൊള്ളുന്നു; "അവിടുത്തെ പ്രകാശമാണു് അവളുടെ മുഖത്തു തെളിഞ്ഞു വിളങ്ങുന്നതു്". 2 സഭയുൾക്കൊള്ളുന്ന രഹസ്യത്തെ ലോകത്തിനു പ്രസ്പഷ്ടമാക്കുക—ഇതിനായിരുന്നു കൗൺസിൽ യത്നിച്ചതു്. ഇവിടെത്തന്നെയാണാരംഭിക്കേണ്ടതു് എല്ലാ നവീകരണവും.

ഈശോ ക്രിസ്തുസഭയെ ഒരു മാനുഷികസമൂഹമായി സ്ഥാപിച്ചതു്. ഒരു കണക്കിൽ സാഹസമായിരുന്നു. കാരണം, എല്ലാ മാനുഷികസംഘടനകളേയും ഭീഷണിപ്പെടുത്തുന്ന അപകടങ്ങൾക്കു് അവളും വശംവദയാവുമെന്നായി. പ്രാരംഭത്തിൽ എല്ലാം അതതിന്റെ യഥാർത്ഥലക്ഷ്യത്തെ മുൻനിറുത്തി പ്രവർത്തിക്കും. പക്ഷേ, ക്രമേണ അന്തർമുഖമായി, സ്വന്തം രൂപഘടനയ്ക്കു പ്രാധാന്യം കല്പിക്കും. ലക്ഷ്യത്തെക്കാൾ ഘടനയ്ക്കു പ്രാധാന്യം കല്പിക്കുക. വ്യക്തിപരിഗണനകൾക്കും കക്ഷിതാല്പര്യങ്ങൾക്കും പലപ്പോഴും അവയുടെ കൃത്യബോധം വഴിമാറിക്കൊടുക്കേണ്ടിവരുന്നു. ഭരണം കൂടുതലും നൈയാമികവും ഔപചാരികവുമായ അംശത്തിനു പ്രാധാന്യം ഏറുകയും ചൈതന്യം കുറയുകയും അവയുടെ ലക്ഷ്യമായ ജീവിതം അവഗണിക്കപ്പെടുകയും ചെയ്യും. ഉദ്യോഗങ്ങൾ പെരുകുന്നു; ഉദ്യോഗസ്ഥന്മാർ "വമ്പന്മാർ" ചമയുന്നു. അതേസമയം സുപ്രധാനജോലികൾ ചെയ്യപ്പെടാതെ കിടക്കുകയും ചെയ്യും. എല്ലാ സംഘടനകളിലും കാണാം ഇത്തരം പ്രവണതകൾ, മതസംഘടനകളും ഇതിനപവാദമല്ല. വ്യവസ്ഥാപിത മതത്തിനെതിരെ നെറിച്ചുളിക്കുവാൻ ആധുനികമനുഷ്യനെ പ്രേരിപ്പിക്കുന്ന ഒരുകാരണമിതാണു്. ആദ്ധ്യാത്മികമൂല്യങ്ങൾ ലൗകികവും സ്വാർത്ഥപരവുമായ താല്പര്യങ്ങളായി അധഃപതിക്കുന്നതു് ആരേയും ഞെടിപ്പിക്കും.

സഭയും ഈ പ്രലോഭനത്തിന്നതീതയല്ല. ക്രിസ്തുശിഷ്യന്മാരുടെ ചെറിയ സമൂഹമായിരുന്ന ആദിമസഭ സാർവ്വലൗകികമായി വളരാൻതുടങ്ങിയതോടെ സ്വന്തം തത്വസംഹിതകളും ക്ലാശക്രമങ്ങളും ഭരണനിയമങ്ങളും വികസിപ്പിക്കാതെ തരമില്ലെന്നു വന്നു. ഇതൊന്നുംകൂടാതൊരു സഭയെ വിഭാവനം ചെയ്യുക ഭോഷ

---

2 L. G. No. 1.

ത്തമാണ്; യഥാത്ഥ്യബോധം വേണമല്ലോ. ഓരോ പ്രവത്തനത്തിനും അതതിനു ചേർന്ന അവയവമുള്ള ഒരു ശരീരമാണു സഭ. പക്ഷേ, ഈ അവയവങ്ങളെങ്കിലല്ലോ — അവയ്ക്ക് അവയുടെ പ്രവർത്തനങ്ങളെക്കാൾ പ്രാധാന്യം ഒരിക്കലുമരുതു്. സഭയുടെ ഭരണപരവും ഘടനാപരവുമായ സംവിധാനപ്പടർപ്പുകൾ അവളുടെ ദൗത്യത്തെ മൂടി ഞെരുക്കുകയുമരുതു്. ഇടവകവികാരി പ്രഥമവും പ്രധാനവുമായി ആടുകളുടെ ഇടയനാണു; രണ്ടാമതായിട്ടുമാത്രമേ അദ്ദേഹം ഭരണകർത്താവും സംഘാടകനുമാകാവൂ. മിഷൻസ്റ്റേഷൻ പ്രധാനമായും ക്രിസ്തുവിന്റെ സന്ദേശരശ്മികൾ പ്രസരിപ്പിക്കുന്ന പ്രകാശകേന്ദ്രമായിരിക്കണം. സാമൂഹ്യവും വിദ്യാഭ്യാസപരവും പൊതുജനാരോഗ്യപരവുമായ മറ്റു പ്രവത്തനങ്ങൾ ഇതിനു സഹായിക്കുന്നവ മാത്രമേ ആകാവൂ. "ക്രിസ്തുവിന്റെ വെളിച്ചം പ്രകാശിക്കുന്ന സഭയുടെ മുഖ"1ത്തെക്കുറിച്ചു കൗൺസിൽ പറയുന്നുണ്ടു്. അതിനെ വ്യക്തിതപം നശിച്ച നിർവീര്യമായ വ്യവസ്ഥാപിതതത്ത്വിന്റെ പൊയ്മുഖമാക്കി മാറരുതു്. സഭയ്ക്കു നിശ്ചയമായും ആവശ്യമാണു്, കൂടുതൽ പ്രവത്തനശേഷിയും കെട്ടുറപ്പും; പക്ഷേ, അതു് ഒരിക്കലും ക്രിസ്തുവിന്റെ പ്രതിരൂപത്തെ മറയ്ക്കുകയോ വികൃതമാക്കുകയോ ചെയ്യുകൂടാ.

സഭയെക്കുറിച്ചു നമുക്കുള്ള തെറ്റായ ആശയം തിരുത്തേണ്ടതിനേയും അതിനെ കൂടുതൽ വ്യക്തിപരമാക്കേണ്ടതിനേയുംകുറിച്ചു് പോൾ ആറാമൻ പാപ്പാ ഊന്നിപ്പറഞ്ഞിട്ടുണ്ടു്. വത്തിക്കാൻ സൂനഹദോസിന്റെ രണ്ടാംസമ്മേളനത്തിന്റെ ആരംഭത്തിൽ അദ്ദേഹം ഉദ്ബോധിപ്പിച്ചു, സഭയ്ക്കു വ്യക്തമായൊരാത്മജ്ഞാനമുണ്ടാകേണ്ടതിന്റെ അവശ്യാവശ്യകതയെപ്പറ്റി. "സഭയെ അവളുടെ തനിരൂപത്തിൽ ദർശിക്കുവാൻ മറ്റുള്ളവർക്കു കഴിയേണ്ടതിനു സർവ്വശക്തിയും പ്രയോഗിക്കുക—ഇതാണു പരിശുദ്ധാത്മാവു് അവളോടിന്നാവശ്യപ്പെടുന്നതു്. അവൾ അവിടുത്തെ അനുസരിച്ചേ മതിയാവൂ." 2 അതേ പ്രമാണത്തിൽത്തന്നെ കൗൺസിലിന്റെ തുടക്കം, മാർഗ്ഗം, ലക്ഷ്യം ഇവയെ സ്പർശിക്കുന്ന പ്രശ്നങ്ങൾക്കുത്തരം നല്കി, പ. പിതാവു് സഭയുടെ യഥാത്ഥമായ രൂപരേഖ ഇപ്രകാരം വരച്ചുകാട്ടുകയുംചെയ്തു:

---

1 L. G. I.
2 Allocution of Paul VI. 29, Sept. 1963.

"ഈ സുപ്രധാന നിമിഷത്തിൽ നാം നമ്മോടുതന്നെ ആവ
ർത്തിച്ചാവർത്തിച്ചു പറയേണ്ട, ലോകത്തിന്റെ മുമ്പിൽ ഉറക്കെ
പ്രഖ്യാപിക്കേണ്ട ഒന്നുണ്ട്—ക്രിസ്തു. ക്രിസ്തുവാണു നമ്മുടെ
ആരംഭം. അവിടുന്നാണു നമ്മുടെ നായകനും നമ്മുടെ ജീവ
നും; നമ്മുടെ അന്ത്യവും ക്രിസ്തുതന്നെ. ക്രിസ്തുവിനേയും നമ്മേ
യും പരസ്പരം യോജിപ്പിക്കുന്ന ആ ബന്ധത്തെക്കുറിച്ചു കൗൺ
സിൽ തികഞ്ഞ അവബോധമുൾക്കൊള്ളുന്നതിനായി നമുക്കു
പ്രാർത്ഥിക്കാം. ആ ബന്ധം ഏകവും ബഹുവിധവുമാണ്, സുശ
ക്തവും പ്രചോദനാത്മകവുമാണ്, അതിശ്രദ്ധമെങ്കിലും സുപ്ര
കടവും, ഇരുണ്ടിപ്പിടിക്കുന്നതെങ്കിലും മധുരിക്കുന്നതുമത്രെ. ജീ
വിക്കുന്ന വിശ്വാസമെ അതായതു നാംതന്നെ—ക്രിസ്തുവിനോ
ടു് അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. ഈ ക്രിസ്തുവിൽനിന്നാ
ണു് നമ്മുടെ തുടക്കം. അവിടുന്നുവഴിയാണു നാം ജീവിക്കുക,
ഇതേ ക്രിസ്തുവിലേക്കുതന്നെ നാം നീങ്ങിക്കൊണ്ടിരിക്കുകയും
ചെയ്യുന്നു. ലോകത്തിലേ മറ്റു യാതൊരു ദീപവുമല്ല നമ്മുടെ
ഈ സമ്മേളനത്തിനു പ്രകാശം പകർന്നു തരേണ്ടതു്; നമ്മു
ടെ ഏക ഗുരുനാഥനായ ക്രിസ്തുവിന്റെ പക്കലേക്കല്ലാതെ
മറ്റെവിടേയ്ക്കും സത്യത്തിനായി തിരിയരുതു് നമ്മുടെ മന
സ്സു്; അവിടുത്തെ കല്പനകളുടെ വിശ്വസ്തതാപൂർവ്വകമായ അ
നുസരണത്തെയല്ലാതെ മറ്റു യാതൊന്നിനേയും നാം ലക്ഷ്യംവ
യ്ക്കുകയുമരുതു്. ഇതാ, ലോകാവസാനംവരെ ഞാൻ നിങ്ങളോ
ടുകൂടിയുണ്ടു് എന്ന അവിടുത്തെ വാക്കുകളായിരിക്കണം നമ്മു
ടെ ഏക പ്രത്യാശ. ഈ പ്രത്യാശ ബലഹീനതയിൽ നമ്മുടെ
സുനിശ്ചിതമായ തുണയും ശക്തിയുമായിരിക്കും."

അതിനാൽ സഭാനവീകരണത്തിന്റെ പ്രഥമവും നിർണ്ണായ
കവുമായ പടി സഭയുടെ കേന്ദ്രമായി ക്രിസ്തുവിനെ അംഗീകരിക്കുക
യും അവളുടെ പ്രവർത്തനങ്ങളും ഘടനയുമൊക്കെ ക്രിസ്തുവിനോടു
ബന്ധിക്കയുമാണു്. കൗൺസിൽ പറയുന്ന "ജനതകളുടെ വെളി
ച്ച"മുണ്ടല്ലോ, അതു സഭയല്ല പ്രത്യുത യേശുക്രിസ്തുവാണു്. ക്രിസ്തു
വിന്റെ പ്രഘോഷികയും അവിടുത്തെ നിത്യസാന്നിധ്യത്തിന്റെ
ചിഹ്നവും മാത്രമാണു സഭ. ക്രിസ്തുവിന്റെ വചനങ്ങളും തത്വസം
ഹിതകളെക്കാളും ശ്രേഷ്ഠവും, അവിടുത്തെ നിർദ്ദേശങ്ങളും നിയമ
വിധികളെക്കാളും പ്രാധാന്യമർഹിക്കുന്നവയുമത്രെ. തത്വങ്ങളോ നി

യമവിധികളോ അനാവശ്യമാണെന്നല്ല വിവക്ഷ. ക്രിസ്തുവിന്റെ മെത്രാന്മാരും പുരോഹിതന്മാരും അവിടുത്തെ സജീവദൗത്യവാഹകരാണ്. എല്ലാവിശ്വാസികളും അവിടുത്തെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും പങ്കു പറ്റുന്നവരുമാണ്. സഭയുടെ എല്ലാ സംഘടിതപ്രവർത്തനത്തിനുംമുമ്പേ ക്രിസ്തുവിന്റെ അരൂപി നമ്മിലുണ്ടായിരിക്കണം; ആ അരൂപി അവയിൽ സർവ്വത്ര വ്യാപിക്കണം. ഉറവിടങ്ങളിലേക്കു മടങ്ങാൻ കൗൺസിൽ ആഹ്വാനം ചെയ്യുന്നതു ക്രൈസ്തവജീവിതമപ്പാടെ അതിന്റെ ഉറവിടമായ യേശുക്രിസ്തുവിൽനിന്നു നവീകരണചൈതന്യമുൾക്കൊള്ളുവാൻതന്നെ.

3. പൊതുവായ പൗരോഹിത്യം

ഈ നവീനാഭിമുഖ്യത്തിന്റെ ചുമതല ആരു വഹിക്കണം? ഈ ചോദ്യത്തിനു നാം സാധാരണയായി ഉത്തരം നല്കുക അധികാരസ്ഥാനങ്ങളിലേക്കു വിരൽചൂണ്ടിക്കൊണ്ടാണ്. നവീനചിന്തയുടെ അഭാവം അനുഭവപ്പെടുമ്പോഴൊക്കെ അധികാരികളെ പഴിക്കാനാണു നമുക്കു തോന്നുക. സഭാനവീകരണരംഗത്തിൽ ഹയരാർക്കിക്കു നിർണ്ണായകമായൊരു ഭാഗം അഭിനയിക്കാനുണ്ടെന്നതിനു രണ്ടുപക്ഷമില്ല; മാത്രമല്ല, അധികാരികളുടെ അംഗീകാരാശീർവാദങ്ങളും കൂടാതെ വിശ്വാസികൾക്കു് ഇക്കാര്യത്തിൽ വളരെയൊന്നും മുമ്പോട്ടു പോകാനുമാവില്ല. എന്നിരുന്നാലും സഭാനവീകരണത്തിന്റെ ആരംഭം കുറിക്കേണ്ടതു ക്രൈസ്തവസമൂഹം മുഴുവനിലും, വ്യക്തിപരമായി ഓരോ ക്രൈസ്തവനിലുമാണ്; അധികാരസ്ഥാനത്തല്ല. താൻതന്നെ ഉത്തരവാദിയാണ് സഭാനവീകരണത്തിനു് എന്ന സംഭ്രമജനകമായ അവബോധമുണ്ടാവണം ഓരോ വിശ്വാസിയിലും.

ഇതു് കൗൺസിൽപ്രബോധനങ്ങളിൽ സുപ്രധാനമായ ഒന്നത്രേ. സഭാജീവിതത്തിന്റെ കർതൃത്വം ക്രൈസ്തവസമൂഹത്തിനാകെയുണ്ട്. ഈ വസ്തുതയെ അതിന്റെ ദൂരവ്യാപകമായ അനന്തരഫലങ്ങളോടെ അത്മായരും ഹയരാർക്കിയും മനസ്സിലാക്കണം. ക്രൈസ്തവസമൂഹത്തിൽ വിവിധങ്ങളായ ഉദ്യോഗങ്ങൾക്കു് അവയുടേതായ പ്രവർത്തനങ്ങളും കടമകളും അധികാരങ്ങളുമുണ്ട്; പക്ഷേ, സാക്ഷാത്തായ സഭൈവജനത്തെ ഒന്നടങ്കം ഉൾക്കൊള്ളുന്നതാ

ണം. ഇക്കാരണത്താലത്രെ സഭയെപ്പറ്റിയുള്ള പ്രമാണരേഖയിൽ ദൈവജനത്തെസ്സംബന്ധിച്ച അധ്യായം ഹയരാർക്കിയെസ്സംബന്ധിച്ചുള്ളതിനു മുമ്പു ചേർത്തിരിക്കുന്നതു്. സകല വിശ്വാസികളുമൊക്കൊള്ളുന്ന ദൈവജനത്തെ ശ്രുശ്രൂഷിക്കുന്നതിനു പ്രത്യേകം ചുമതലപ്പെട്ടത്തപ്പെട്ടൊരു വിഭാഗംമാത്രമാണു് ഹയരാർക്കി. എല്ലാവിശ്വാസികളും പങ്കുവഹിക്കുന്നുണ്ടു് ക്രിസ്തുവിന്റെ പൗരോഹിത്യം, പ്രവാചകത്വം, രാജത്വം എന്നീ ത്രിവിധ ധർമ്മങ്ങളിൽ. അവർ,

> "ക്രൈസ്തവരെന്ന നിലയിൽ തങ്ങളുടെ സകല പ്രവൃത്തികളുംവഴി ആധ്യാത്മികബലികളർപ്പിക്കുന്നതിനും, അന്ധകാരത്തിൽനിന്നു തന്റെ വിസ്മയാവഹമായ പ്രകാശത്തിലേയ്ക്കു തങ്ങളെ വിളിച്ചവന്റെ അത്ഭുതങ്ങളെ—പ്രകീർത്തിക്കുന്നതിനുമായി വേർതിരിക്കപ്പെട്ട ആത്മീയകുടുംബവും പരിശുദ്ധ പൗരോഹിത്യവുമാണു്."[1]

എല്ലാ ക്രൈസ്തവരുടേയും പൊതുവായ ദൈവവിളി ഇതുതന്നെ. സഭയിൽ എല്ലാവർക്കും നല്കപ്പെട്ടന്ന സത്യത്തിന്റെ പ്രത്യേകവരത്താൽ ഈ വിളിക്കനുസരണമായൊരു ജീവിതം നയിക്കാൻ തയ്യാറാക്കപ്പെട്ടവരുണ്ടു് അവർ. സഭയുടെ പ്രബോധനകാര്യങ്ങളിൽ ഹയരാർക്കിക്കു നിർദ്ദിഷ്ടമായൊരധികാരമുണ്ടു്—തീർച്ച. പക്ഷേ, നാം അതിനെ ഹയരാർക്കിയുടെ കുത്തകാവകാശമാക്കിക്കൊണ്ടു് വൈദികാധികാരികരം പറയുന്നതപ്പാടെ സ്വീകരിക്കുകമാത്രം ചെയ്യേണ്ട നിഷ്ക്രിയരായ കേൾവിക്കാരായി അത്മായരെ കരുതിവന്നു. എന്നാൽ, അപ്രമാദിത്വത്തിന്റേയും ദൈവവചനഗ്രഹണത്തിന്റേയും പ്രത്യേകദാനത്തെ കൗൺസിൽ തികച്ചും വ്യത്യസ്തമായൊരു രീതിയിലാണു വിശദീകരിക്കുക:

> "വിശ്വാസികളുടെ സമൂഹത്തിനൊന്നാകെ തങ്ങളുടെ വിശ്വാസകാര്യങ്ങളിൽ തെറ്റുപറ്റുകയില്ല. മെത്രാന്മാർമുതൽ അത്മായവിശ്വാസികളിൽ അവസാനത്തെ ആൾവരെ വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളിൽ അഭിപ്രായൈക്യം പ്രകടിപ്പിക്കുന്നു. അങ്ങനെ ദൈവജനമെന്ന നിലയിൽ തങ്ങൾക്കുള്ള വിശ്വാസത്തിന്റെ അതിസ്വാഭാ

---

1. L. G. No. 10.

വികബോധത്തിലൂടെ തങ്ങളുടെ പ്രത്യേകവരം അവർ പ്രകാശിപ്പിക്കണം."2

അപ്പോൾ, സഭ മുഴുവനുമാണ് സത്യത്തിന്റെ അരൂപിയെ സ്വീകരിച്ചിട്ടുള്ളതെന്ന വരുന്നു. അതും എന്തിനുവേണ്ടി? ദൈവവചനം ഗ്രഹിക്കുന്നതിനും അതിനെ സാത്മീകരിക്കുന്നതിനും അതിൽ നിർലീനരാകുന്നതിനുംവേണ്ടി. സത്യം ഗ്രഹിക്കുന്നതിനുള്ള വിശേഷവരത്തെ വളർത്തിയെടുക്കുകതന്നെവേണം. അല്ലാത്തപക്ഷം അതിനു ഫലം പുറപ്പെടുവിക്കുവാൻ കഴിയുകയില്ല. വൈജ്ഞാനികവും ആധ്യാത്മികവുമായ തലങ്ങളിൽ ഉന്നതശിക്ഷണം വൈദികരുടെയോ തിരഞ്ഞെടുക്കപ്പെട്ട ഒരു ഗണം സന്യാസികളുടെയോ മാത്രം അവകാശമായിരിക്കരുത്, ഇനിമേലിൽ; അതു പലതോതിലും രൂപത്തിലും എല്ലാ ക്രിസ്ത്യൻസമൂഹങ്ങൾക്കും എത്തുപെടണം. ഇതു സെമിനാരികളിൽ നല്കുന്ന പരിശീലനത്തിൽ നിന്നു വ്യത്യസ്തമായിരിക്കണമെന്നു് എടുത്തു പറയേണ്ടതില്ലല്ലോ. അത്മായരെ തങ്ങളുടെ സ്വാഭാവികവും ഔദ്യോഗികവുമായ ചുറ്റുപാടുകളിൽനിന്നു വിടിത്തുന്നതാവരുത്, ഈ ശിക്ഷണം; മറിച്ച് തങ്ങളുടെ ലൗകികമായ പദവിക്കും ചുമതലയ്ക്കും അനുരോധമായി ക്രിസ്ത്യാനികളെന്ന നിലയിൽ തങ്ങൾ വസിക്കുന്ന ലോകത്തെ പഠിക്കുകയും വിലയിരുത്തുകയും ചെയ്യാൻ അവരെ പ്രാപ്തരാക്കണം. അങ്ങനെ സഭാജീവിതത്തിനു തങ്ങളുടേതായ സംഭാവന നൽകുന്നതിനും തങ്ങൾ ജീവിക്കുന്ന ലോകത്തിനു ശുശ്രൂഷനമനുഷ്ഠിക്കുന്നതിനും അവർ പരിശീലിപ്പിക്കപ്പെടണം.

സത്യം ഗ്രഹിക്കുന്നതിനു് എല്ലാ വിശ്വാസികൾക്കും പൊതുവായി ലഭിക്കുന്ന ഈ വിശേഷവരത്തിൽനിന്നുയിർക്കൊള്ളുന്ന ഒരു കടപ്പാടുണ്ടു്— പ്രവർത്തനത്തിനായുള്ള, "രാജകീയ ശുശ്രൂഷ"യ്ക്കായുള്ള കടപ്പാടു്. ലൗകായതികതത്വത്തിന്റെ ഈ യുഗത്തിൽ, ഈ ലോകത്തിന്റേതായ അടിയന്തിരപ്രശ്നങ്ങൾക്കു പരിഹാരം കാണാൻ ഏവരും വ്യഗ്രതകാട്ടുന്ന ഈ മേഖലയിൽ, വികസനപ്രക്രിയയിൽ മുഖ്യശ്രദ്ധയായിരിക്കുന്ന ഒരു രാഷ്ട്രത്തിൽ പ്രത്യേകിച്ചും, സഭ പ്രമുഖമായും ഒരു വൈദികസംഘടനയാണെന്ന പരക്കെയുള്ള ധാരണ ഒട്ടും സമുചിതമല്ല. സാവ്ഫ്റിക്കൻ യുവജനസ

2. L. G. No. 12.

മേളനത്തിൽ സംബന്ധിച്ച മടങ്ങിയെത്തിയ ഡോ. വിസ്സർ ട്ഹോ ഫ്റ്റ് മനോവേദനയോടെ ചോദിച്ചു: "പത്തുവർഷത്തിനുശേഷം ഈ യുവജനങ്ങളിലെത്രപേരുണ്ടാവും ക്രൈസ്തവസഭയോട് ബന്ധപ്പെട്ടവരായിട്ട്". എ. എച്ച്. വാൻ ഡെൻ ഹേവൽ "The Humiliation of the Church" എന്ന തന്റെ ഗ്രന്ഥത്തിൽ ഇതേ ചോദ്യം ഉദ്ധരിച്ചിട്ട പ്രസ്താവിക്കുന്നു: "സഭ അപ്രസക്തമെന്നും, രാഷ്ട്രീയവും സാമൂഹികവുമായ പ്രശ്നങ്ങളെ നേരിടുവാൻ തങ്ങളെ ഒരുക്കുന്നതിനു സഭ അശക്തയെന്നും കണ്ടപ്പോൾ ആ യുവാക്കൾക്കുണ്ടായ ശൂന്യതാബോധം അത്ര വലുതായിരുന്നു."1

നന്നായി അഭ്യസനം സിദ്ധിച്ച അത്മായർവഴി മാത്രമേ സഭയ്ക്ക് ഇന്നത്തെ ലോകത്തിൽ നിലനില്ക്കുവാൻ കഴിയൂ എന്നു കൗൺസിൽ ശരിക്കും മനസ്സിലാക്കി. കൗൺസിൽ വൈദികരെ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു:

> "(അവർ) അത്മായർക്കു സഭയിലുള്ള ഉന്നതസ്ഥാനവും ഉത്തർവാദിത്വവും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. അവരുടെ വിവേകപൂർവ്വകമായ ഉപദേശം മഹാമനസ്കതയോടെ ഉപയോഗപ്പെടുത്തണം. സഭാശുശ്രൂഷയിലുള്ള ചുമതലകൾ വിശ്വാസപൂർവം അവരെ ഏല്പിക്കുകയും പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യവും സൗകര്യവും നല്കുകയും വേണം. ഇതിനും പുറമേ സ്വന്തം ഉത്തരവാദിത്വത്തിന്മേൽ ചുമതലകൾ ഏറ്റെടുക്കാൻ അത്മായർക്കു പ്രോത്സാഹനം നല്കേണ്ടതുമാണ്. അത്മായർ അവതരിപ്പിക്കുന്ന പദ്ധതികളും നിർദ്ദേശങ്ങളും ആഗ്രഹങ്ങളും പിതൃസഹജമായ സ്നേഹത്തോടെ കർത്താവിൽ പരിഗണിക്കണം. ഈ ലോകജീവിതത്തിൽ എല്ലാവർക്കും അർഹതയുള്ള ന്യായമായ സ്വാതന്ത്ര്യം വകവച്ചു കൊടുക്കുവാൻ അജപാലകന്മാർക്കു ശ്രദ്ധയുണ്ടായിരിക്കണം."1

അത്മായർ തങ്ങളുടെ അറിവും പരിചയവും ഉപയോഗപ്പെടുത്തേണ്ട മണ്ഡലങ്ങൾ നിരവധിയാണ്. ഉദാഹരണത്തിന് വിവാഹവും കുടുംബവും, ശാസ്ത്രീയ കണ്ടുപിടിത്തവും സാങ്കേതിക പുരോ

---

1. A. H. Van den Heuvel, *The Hrmiliation of the Church*, Philadelphia, 1966. p. 30.

ഗതിയും, ആധുനികവൈദ്യശാസ്ത്രത്തെ പ്രംബന്ധിച്ച പ്രശ്നങ്ങളും, സംവിധാനം മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തിലെ മാനുഷികപ്രശ്നങ്ങളും ഒക്കെ. ആവശ്യങ്ങളെല്ലായിടത്തുമുണ്ട്. എന്നാൽ, ക്രൈസ്തവർ ഒരു ന്യൂനപക്ഷം മാത്രമായിരിക്കുന്ന രാജ്യങ്ങളിൽ പ്രത്യേകിച്ചും അത്മായപ്രവർത്തനം അത്യാവശ്യമാണ്. അതുകൊണ്ടു തന്നെ പ്രേഷിതപ്രവർത്തനത്തെക്കുറിച്ചുള്ള ഡിക്രിയിൽ കൗൺസിൽ ഇങ്ങനെ എടുത്തു പറയുന്നതു്.

"ഒരു സഭയുടെ സ്ഥാപനത്തിൽത്തന്നെ പക്വതവന്ന ക്രിസ്തീയവിശ്വാസികളുടെ ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിലായിരിക്കണം ഏറ്റവുമധികം ശ്രദ്ധ പതിക്കേണ്ടതു്. കാരണം അത്മായവിശ്വാസികൾ ഒരേസമയം ദൈവജനത്തിന്റെയും അവരുടെ രാജ്യത്തിന്റെയും സ്വന്തമാണ്. സ്ത്രീപുരുഷഭേദമെന്യേ അത്മായരുടെ പ്രധാന ചുമതല സ്വന്തകുടുംബത്തിലും സാമൂഹിക പരിതഃസ്ഥിതികളിലും തൊഴിൽ സാഹചര്യങ്ങളിലുമുള്ള ജീവിതവും പ്രവർത്തനവുംവഴി ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയത്രേ. ദൈവഹിതാനുസാരം നീതിയിലും യഥാർത്ഥവിശുദ്ധിയിലും സൃഷ്ടിക്കപ്പെട്ട പുതിയമനുഷ്യൻ അവരിൽ പ്രത്യക്ഷപ്പെടണം. തങ്ങളുടെ ദേശീയപാരമ്പര്യങ്ങൾക്കനുസൃതമായി മാതൃരാജ്യത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ പരിധിക്കുള്ളിൽ അവർ ഈ നവജീവൻ പ്രകടിപ്പിക്കണം...അങ്ങനെ ക്രിസ്തുവിലുള്ള വിശ്വാസവും സഭാജീവിതവും ഒരിക്കലും അവർ ജീവിക്കുന്ന സമുദായത്തെ സംബന്ധിച്ചിടത്തോളം വൈദേശികമായിരിക്കുകയില്ലെന്നു മാത്രമല്ല, അവ ആ സമുദായത്തിലേയ്ക്കും ചുഴ്ന്നിറങ്ങുന്നതിനും അതിനെ രൂപാന്തരപ്പെടുത്തുന്നതിനും ആരംഭിക്കും."[2]

ആദ്ധ്യാത്മികവും താത്വികവും പ്രായോഗികവുമായി പരിശീലനം ലഭിച്ച അത്മായരിലൂടെ മാത്രമേ ഭാരതസഭയ്ക്കു തന്റെ ദൗത്യം നിർവ്വഹിക്കാനാവൂ.

---

1. L. G. No. 37.
2. A. G. No. 21.

4. ഐക്യവും സേവനവും

ചരിത്രത്തിന്റെ ഓരോരോ ഘട്ടങ്ങളിൽ സഭയുടെ ദൗത്യനിർവ്വഹണരീതി മാറിമാറിക്കൊണ്ടിരുന്നു; ഇന്നും മാറിക്കൊണ്ടേയിരിക്കുന്നു. കാരണം, സമൂഹത്തിൽ സഭയുടെ സ്ഥാനം എന്നും പുതുതായി നിർവ്വചിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ കൗൺസിലിന്റെ സമീപനം ഇന്നത്തെ മതേതരസമൂഹത്തിന്റെ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കുക. സാമൂഹിക—സാംസ്കാരികശാഖകളോരോന്നായി സഭയുടെ സംരക്ഷണാധികാരത്തിൽനിന്നു കുതറിമാറി സ്വാതന്ത്ര്യം പ്രാപിച്ചിരിക്കുകയാണ്. ഇപ്പോൾ സഭ അവളുടെ പഴയസ്ഥാനം തിരികെപ്പിടിക്കണമോ അതോ ലോകത്തോടുള്ള അവളുടെ സമീപനത്തെ പുനഃപരിശോധിക്കണമോ? ഇതിൽ രണ്ടാമത്തേതാണ് കൗൺസിൽ സ്വീകരിച്ചിരിക്കുന്നത്. കൗൺസിൽ അതിന്റെ അവസാനത്തേതും ഏറ്റവും ദീർഘവുമായ 'സഭ ആധുനികലോകത്തിൽ' എന്ന പ്രമാണരേഖയിൽ സഭയുടെ നൂതനാഭിമുഖ്യം വ്യക്തമാക്കിയിട്ടുണ്ട്. "മാനവസംസ്കാരത്തിന്റെ പ്രത്യേകിച്ചും ശാസ്ത്രത്തിന്റെ ന്യായമായ സ്വയംഭരണാധികാരത്തെ"1 കൗൺസിൽ തുറന്നു സമ്മതിക്കുന്നു. ഒപ്പം മനുഷ്യകുടുംബം മുഴുവന്റെയും നേർക്ക് ഐക്യത്തിന്റേതും സേവനത്തിന്റേതുമായ ഒരു കർമ്മപരിപാടി പ്രകടമായി സ്വീകരിക്കുകയും ചെയ്യുന്നു.

> "ഇന്നത്തെ മനുഷ്യരുടെ വിശിഷ്യ, ദരിദ്രരുടേയും പീഡിതരുടേയും സന്തോഷവും പ്രതീക്ഷയും സങ്കടവും ആശയുമെല്ലാം ക്രിസ്തുവിന്റെ അനുയായികളുടേയും കൂടിയാണ്."2

മനുഷ്യവർഗ്ഗത്തെ അതിന്റെ യഥാർത്ഥമഹത്വവും ഐകൃവും അന്ത്യവും കണ്ടെത്താൻ സഹായിക്കുക എന്ന ക്രിസ്തുവിന്റെ ദൗത്യത്തെ പ്രാവർത്തികമാക്കുക എന്നതൊഴിച്ച് മറ്റു യാതൊരു ലക്ഷ്യവുമില്ല, സഭയ്ക്കു തന്നെ പ്രവർത്തനങ്ങളിൽ.

> "ഈ പരിശുദ്ധസൂനഹദോസ് മനുഷ്യന്റെ ഏറ്റവും ഉന്നതമായ ജീവിതലക്ഷ്യത്തെ പ്രഖ്യാപിക്കുകയും അതിൽ വിതയ്ക്കപ്പെട്ട ദൈവാത്മകബീജത്തെ ഉയർത്തിപ്പിടിക്കുകയും ചെയ്യു

---

1. G. S. No. 59
2. G. S. No. 1

ന്നു. മനുഷ്യന്റെ ഈ ലക്ഷ്യത്തിനുതകുന്ന സാർവ്വത്രിക സാഹോദരും പരിപോഷിപ്പിക്കുന്നതിൽ സഭയുടെ ആത്മാർത്ഥമായ സഹായം അതു് മനുഷ്യവർഗ്ഗത്തിനു നീട്ടിക്കൊടുക്കുകയാണു്. യാതൊരു ഭൗതികതാല്പര്യത്താലും പ്രചോദിതയാകാതെ സ്നേഹമയനായ പരിശുദ്ധാത്മാവിയുടെ നേതൃത്വത്തിൽ ക്രിസ്തുവിന്റെ ധർമ്മം തുടർന്നുകൊണ്ടുപോവുക—അതാണു സഭയുടെ ഒരേയൊരു ലക്ഷ്യം. സത്യത്തിനു സാക്ഷ്യം വഹിക്കാനും, രക്ഷിക്കാനും, സേവിക്കാനുമായിരുന്നു ക്രിസ്തു ലോകത്തിലേക്കു പ്രവേശിച്ചതു്. വിധിക്കാനോ സേവിക്കപ്പെടാനോ ആയിരുന്നില്ല."1

ലോകത്തിൽ തന്റെ സ്ഥാനം പുനർനിർണ്ണയം ചെയ്തുകൊണ്ടു് സഭ ക്രിസ്തുനാഥന്റെ ഭാഗമാണു സ്വീകരിച്ചിരിക്കുന്നതു്. കൗൺസിൽ കൂടെക്കൂടെ ഉദ്ധരിച്ചിരിക്കുന്ന ഒരു വാക്യമുണ്ടു്: "മനുഷ്യപുത്രൻ ശുശ്രൂഷിക്കപ്പെടുവാനല്ല പ്രത്യുത, ശുശ്രൂഷിക്കുവാനും അനേകർക്കുവേണ്ടി ജീവൻ ബലിയായി കൊടുക്കാനുമത്രേ വന്നിട്ടുള്ളതു്" (മത്താ. 20. 28). ആകസ്മികമായങ്ങു വന്നുപോയതല്ല ഉദ്ദേശ്യപൂർവ്വം എടുത്തുചേർത്തിരിക്കുന്നതാണീ വാക്യം. മൗലികമായൊരു മാനസാന്തരമാണു് ഇതു സഭയോടാവശ്യപ്പെടുക. മേലുദ്ധരിച്ച പുസ്തകത്തിൽ വാൻ ഡെൻ ഹേവൽ (Van den Heuvel) നവീകരണത്തിന്റെ കാതൽ കാണുന്നതു് ക്രിസ്തുവിന്റെ സ്വയം മറന്നുകൊണ്ടുള്ള സേവനാരൂപി സഭയുടെ ജീവിതത്തിലും പ്രവർത്തനങ്ങളിലും നിവേശിപ്പിക്കുന്നതിലത്രേ:

"ലോകത്തിനുവേണ്ടിയാണു്, ലോകത്തിന്റെ അഭ്യുദയത്തിനുവേണ്ടിയാണു സഭ. സഭാസംബന്ധമായ വിചിന്തനങ്ങളിൽ മറ്റു യാതൊന്നും ഒരു പ്രാരംഭബിന്ദുവായംഗീകരിക്കാനെനിക്കു നിവൃത്തിയില്ല. അനുർക്കുവേണ്ടി ജീവിച്ചുകൊണ്ടുവേണം സഭ തന്റെ വ്യക്തിത്വം തെളിയിക്കാൻ. ഇവിടെ, ഇവിടെ മാത്രമാണു് അവർക്കു് അധികാരം സിദ്ധിക്കുന്നതു്. തന്റെ ജീവനെ രക്ഷിക്കുന്നതിനാണു് അവർ പരിശ്രമിക്കുന്നതെങ്കിൽ അതിനെ അവർ പണ്ടേ നഷ്ടപ്പെടുത്തിയിരിക്കുന്നു. നമ്മുടെ നാഥനെക്കാൾ വലിയവരല്ല നാം; അ

1. G. S. No. 3.

തിനാൽ നാം സേവനത്തിന്റേതായൊരു രൂപം സ്വീകരിക്കുകതന്നെ വേണം.''1

സഭയുടെ ഈ പുതിയ നിക്കമുണ്ടല്ലോ, അതു ഭാരതീയ പരിത:സ്ഥിതികളോടിണങ്ങിച്ചേർന്നുകൊണ്ടുള്ളതായിരിക്കണം. പഴയ പോർത്തുഗീസ് സങ്കേതങ്ങളിലൊഴികെ ഇൻഡ്യയിലൊരിടത്തും സഭ, പാശ്ചാത്യരാജ്യങ്ങളിലെന്നതുപോലെ, ഒരു "ശക്തി'' യായിരുന്നിട്ടില്ല. ശരിതന്നെ. എങ്കിലും ഇന്നു് ഇവിടെയും വ്യക്തമായൊരു പരിവർത്തനം നടന്നുകൊണ്ടിരിക്കുകയാണു്. മിക്കവാറും വൈദേശികസംരക്ഷണത്തിൻകീഴിലാണു സഭ പണ്ടിവിടെ സ്ഥാപിതമായതു്. കൊളോണിയലിസത്തിന്റെ കാലത്തു ചില ഞാനുകൂലൃങ്ങളും പ്രശസ്തിയും സ്ഥാനമാനങ്ങളും അവർക്കുണ്ടായിരുന്നു. ഇതു് ഇന്ത്യയിലേ വലിയ ജനവിഭാഗങ്ങളിൽനിന്നു് അവരെ അകറ്റിനിർത്താനേ പര്യാപ്തമായുള്ളൂ. ഇന്നത്തെ ദേശീയസംവിധാനത്തിൽ അവരുടെ സ്ഥാനം തികച്ചും വ്യത്യസ്തമാണു്. ഇപ്പോഴവരുടെ ദേഹത്തു ഭംഗം വന്നിരിക്കുന്നു. വിശേഷാലൊരു സംരക്ഷണവുമില്ല അവർക്കു്. അതുയും നന്നായി. ഇതൊരത്യാഹിതമല്ല. മൈവപരിപാലന പകപാമായ വ്യക്തിതപം പ്രാപിക്കാൻ സഭയ്ക്കൊരുക്കിയ നല്ലൊരവസരമാണു്. സഭ ഇതങ്ങനെതന്നെ പരിഗണിക്കേണ്ടതുണ്ടു്. സേവനത്തിനുള്ളൊരു സമൂഹമായിരിക്കണം സഭ. 'സഭ' യുന്ന പ്രമാണരേഖയുടെ പ്രഥമാധ്യായത്തെ സംബന്ധിച്ചുള്ള ചർച്ചയിൽ ഇടപെട്ടുകൊണ്ടു കർദ്ദിനാൾ ഗ്രേഷ്യസ് വാദിച്ചു, സേവനം സഭയുടെ സവിശേഷലക്ഷണമായി വ്യക്തവും ശക്തവുമായ ഭാഷയിൽ പ്രഖ്യാപിക്കണമെന്നു്. അദ്ദേഹത്തിന്റെതന്നെ വാക്കുകളുദ്ധരിക്കാം:

"ലോകത്തെ അടക്കിഭരിക്കാനല്ല അതിനെ ശുശ്രൂഷിക്കാനാണു്, ലോകത്തിൽനിന്നു പ്രത്യേകാവകാശങ്ങൾ സ്വീകരിക്കുനല്ല അതിനുവേണ്ടി സഹിക്കാനാണു്, സഭ നിലകൊള്ളുന്നതു്..... മിഷനറിമാർ തങ്ങൾ സേവനമനുഷ്ഠിക്കുന്ന രാജ്യങ്ങളിലേ നിവാസികളെ വ്യക്തമായി ധരിപ്പിക്കേണ്ടൊരു സംഗതിയുണ്ടു്: വളരുന്നതിനും വികസിക്കുന്നതിനും സഭ കാംക്ഷിക്കുന്നുണ്ടു്; ശരി. പക്ഷേ, സഭയുടെ ഉദ്ദേശ്യം അംഗ

---

1. Van den Heuvel, L. C. P. 54 f.

സംഖ്യ വീർപ്പിച്ചു ശക്തികൂട്ടുകയല്ല, മറിച്ചു്, കൂടുതൽ ഫല പ്രദമായ സേവനം ലോകത്തിനർപ്പിക്കുകയും, സത്യത്തിനും ക്രൂശിൽ മരിച്ചുത്ഥാനംചെയ്ത തന്റെ ദിവ്യമണാളനും സാക്ഷ്യം നല്കുകയുമാണു്. 'ഞാൻ സേവിക്കപ്പെടുവാനല്ല സേവിക്കുവാനാണു വന്നതു്."1

ഭാരതത്തിന്റെ പരിത:സ്ഥിതികളിൽ നാം എന്തു ചെയ്യണം, എങ്ങനെ പ്രവർത്തിക്കണം എന്ന തീരുമാനമെടുക്കുമ്പോൾ സേവനത്തിനായുള്ള സമർപ്പണമായിരിക്കണം നിർണ്ണായകഘടകം. ഐകൃബോധവും സേവനസന്നദ്ധതയും മാത്രമാണു് സഭാസന്ദേശത്തിന്റെപ്രാമാണികതയും ക്രിസ്തുവിൽനിന്നുള്ള അവളുടെ ഉത്ഭവവും തെളിയിക്കുന്നതിനുള്ള സാക്ഷിപത്രങ്ങൾ.

5 തുറന്ന സമൂഹം

ഇന്ത്യയിലെന്നതുപോലെ സഭ ഒരു ന്യൂനപക്ഷം മാത്രമായിരിക്കുന്ന പരിത:സ്ഥിതികളിൽ സേവനത്തിന്റേതും ഐകൃത്തിന്റേതുമായൊരു നിലപാടു സ്വീകരിക്കുന്നതിൽ പ്രത്യേകമായൊരു വിഷമമുണ്ടു്. ഭാരതത്തിലേ ക്രൈസ്തവസമൂഹങ്ങൾ അന്തർമുഖമായി, ചിലപ്പോൾ സ്വകാര്യമേഖലകളിലായി, അന്യരിൽനിന്നൊറ്റപ്പെട്ടു് ഇതരസമുദായങ്ങളിലോ ദേശീയജീവിതത്തിൽപോലുമോ താല്പര്യം പ്രകടിപ്പിക്കാതെ ജീവിച്ചുപോന്നതു് ചരിത്രപരമായ ചുറുപാടുകളുടെ പരിണതഫലമത്രേ. സ്വയംരക്ഷയിൽ വ്യാപൃതമായിരിക്കുന്നതും ആധ്യാത്മികകാര്യങ്ങളിലെന്നല്ല സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ കാര്യങ്ങളിൽപ്പോലും പരസ്പരം സഹായിക്കാൻ കടപ്പെട്ടിരിക്കുന്നതുമായ ചെറിയ ചെറിയ സമൂഹങ്ങളെസ്സംബന്ധിച്ചിടത്തോളം മേൽപ്പറഞ്ഞ മനോഭാവം ഒഴിവാക്കാൻ തീർത്തും പ്രയാസമായിരുന്നുതാനും. ഭാരത ത്തിലെ ക്രൈസ്തവരിൽ മിക്കവരും സാമ്പത്തികവും സാമുദായികവുമായ പരാധീനത അനുഭവിക്കുന്നവരാണു്; ശക്തരായ എതിരാളികൾക്കെതിരെ സ്വയം സംരക്ഷിക്കേണ്ടതുമുണ്ടവർക്കു്. ഈ പരിത:സ്ഥിതിയിൽ ഭാരതസഭയെ സംബന്ധിച്ചിടത്തോളം അ

---

1. Congar, Kueng, O'Hanlon ed, Konzilsreden (Einsiedein, 1964) p. 215.

ണികളൊതുക്കി ഇവിടത്തെ ക്രൈസ്തവസമൂഹത്തിന്റെ താല്പര്യം സംരക്ഷിക്കുക എന്നതിനപ്പുറം പ്രാധാന്യം മറ്റൊന്നിനുമില്ല എന്നു തോന്നിപ്പോകുമായിരുന്നു.

കുറുക്കുപിടിച്ചൊരു പ്രശ്നത്തെയാണു നാമിവിടെ നേരിടുക. വിഹഗവീക്ഷണം നടത്തുകമാത്രം ചെയ്യുന്ന ഈ ലേഖനത്തിനു് അതിനെപ്പറ്റി പൂർണ്ണമായി പ്രതിപാദിക്കാനാവില്ല. എങ്കിലും സഭയുടെ മൗലികാഭിമുഖ്യം അപകടത്തിലായതുകൊണ്ടു് ഒരു കാര്യം സൂചിപ്പിക്കേണ്ടതുണ്ടു്.

ക്രൈസ്തവസമൂഹത്തെ സാമൂഹ്യികവും സാമ്പത്തികവുമായൊരു കാഴ്ചപ്പാടിലൂടെയും നോക്കിക്കാണുക ആവശ്യകമാണു്. അനവധി സമൂഹങ്ങൾ കൂടിച്ചേർന്നതത്രേ നമ്മുടെ രാജ്യം. അവയ്ക്കെല്ലാം അംഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ആവശ്യങ്ങൾ ഒരു പരിധിവരെ നിറവേറ്റിക്കൊടുക്കേണ്ടതുണ്ടു്. ക്രൈസ്തവസമൂഹവും ഇതിനൊരപവാദമല്ല. വാസ്തവത്തിൽ ക്രിസ്ത്യാനികൾ തമ്മിലുള്ള കൂട്ടുത്തരവാദിത്വത്തെ ശക്തിപ്പെടുത്തുന്നതു പ്രായോഗികാവശ്യത്തെമാത്രം മുൽനിറുത്തിയല്ല. അതു് ആദിമ ക്രൈസ്തവസഭയുടെതന്നെ പാരമ്പര്യമാണു്. സുശക്തമായ സ്നേഹബന്ധങ്ങളും ഔതികപരാർത്ഥങ്ങൾ പങ്കുചേർന്നുകൊണ്ടുള്ള പരസ്പരസഹായവും ക്രിസ്തുവിലൂടെ നമുക്കു ലഭിച്ച സംയോജനസ്നേഹത്തിനു് ഉത്തമസാക്ഷ്യങ്ങളാണു് (നട. 2: 43 47; 32-35).

എന്നാൽ ഈ ഐകൃമുണ്ടല്ലോ—അതു മാറ്റം മുടക്കുന്നൊരു മതിലാവരുതു്. തൻകാര്യം നോക്കി, ആക്രമണം ഭയന്നൊന്നോണം ഈട്ടംകൂടിയ ന്യൂനപക്ഷമായി കഴിയുന്ന ക്രൈസ്തവസമൂഹം ക്രൈസ്തവസമൂഹമല്ല. ശത്രുതാമനോഭാവമുള്ളൊരു ലോകത്തുനിന്നു രക്ഷപ്പെടാൻവേണ്ടി വാതിലടച്ചുകുത്തു കഴിയുക സാധ്യമല്ല—സുവിശേഷം തെളിച്ചുപറഞ്ഞിട്ടുണ്ടിക്കാര്യം. ക്രിസ്തുവിന്റെ അരുപി ആരംഭത്തിൽത്തന്നെ സ്വയംസംരക്ഷണത്തിന്റെ കെട്ടും പൂട്ടും വേലിക്കെട്ടുകളുമൊക്കെ തല്ലിത്തകർത്തു. എന്നിട്ടു ശിഷ്യന്മാരെ സംരക്ഷണമൊന്നുംകൂടാതെ ലോകത്തിന്റെ നാനാഭാഗത്തേക്കുമായി പറഞ്ഞയച്ചു. പക്ഷേ, ശക്തിദായകമായൊരു ഔത്യവും, താൻ അവരോടുകൂടിയുണ്ടായിരിക്കുമെന്ന ക്രിസ്തുവിന്റെ ഉറപ്പും അവർക്കുണ്ടായിരുന്നു. അതിനാൽ ഭാരതസഭ വർഗ്ഗീയക്കോട്ടകളുടെ കന്മ

തിൽക്കെട്ടുകൾ തല്ലിപ്പൊളിച്ചു്, നാം ജീവിക്കുന്ന ലോകത്തിന്നഭി മുഖമായി വാതിൽ മലർക്കെത്തുറന്നിടണം. തന്റെ സാഹിത്യകി കളുതുത്തെക്കുറിച്ചു പുത്തനായൊരവബോധത്തോടെയായിരിക്ക ണം അവളിതു ചെയ്യുക. അടഞ്ഞ ഒരു സമൂഹം ക്രിസ്തുവിനെ മറ യ്ക്കുകയും അവിടുത്തെ രൂപത്തെ വികൃതമാക്കുകയും ചെയ്യുന്നു; അതു് അവിടുത്തെ ആത്മമാനത്തെയോ സാഹിത്യകികസ്നേഹത്തെയോ പ്ര തിഫലിപ്പിക്കുന്നില്ല. യഥാർത്ഥക്രൈസ്തവതപം അവകാശപ്പെടാൻ അതിനു മേലിൽ സാധ്യമല്ല. തിരഞ്ഞെടുക്കപ്പെട്ടവരുടെ ആ പഴയ പ്രലോഭനമുണ്ടല്ലോ—ദൈവത്തിന്റെ വചനത്തിലും വാഗ്ദാന ത്തിലുമെന്നതിനെക്കാൾ മനുഷ്യരുടെ ആസ്തിയിലും ഉറപ്പിലും സുര ക്ഷിതത്വം കണ്ടെത്തുക എന്ന പ്രലോഭനം—അതിന്നടിമപ്പെട്ടു കഴിഞ്ഞു ആ സമൂഹം.

ക്രിസ്തുവും സഭയും തമ്മിൽ വലിയൊരു വ്യത്യാസം ഇന്ത്യ യ്ക്കനുഭവപ്പെടുന്നെങ്കിൽ, ക്രൈസ്തവസമൂഹങ്ങളിൽ ക്രിസ്തുവിന്റെ ചൈതന്യം ദർശിക്കുവാൻ ഇന്നാട്ടിനു കഴിയുന്നില്ലെങ്കിൽ അതി ന്റെ ഒരു പ്രധാനകാരണം വഗ്ദീയമായ ഈ ഏകാന്തതയാണു്. ഭൗതുതും വേണ്ടവിധം നിർവഹിക്കണമോ?—സഭ അടിസ്ഥാനപര മായൊരു പുനർവിചാരത്തിന്നൊരുങ്ങണം. ക്രിസ്തുവിന്റെ ചുറ്റും കൂടിയ ശിഷ്യസമൂഹമാണവളുടെ മാതൃക. പ്രയാസങ്ങളുടെ മധ്യ ത്തിൽപ്പോലും തങ്ങളുടെ പൊതുവായ വിളിയിലും, സർവ്വോപരി പൊതുവായ ഭൗതുത്തിലും ക്രിസ്തുവിനോടുള്ള വിശ്വസ്തതയിലും ഒ ന്നായിരുന്ന അവർ. എങ്കിലും ഈശോ ഒരിക്കലും അവരുടെമാത്രം കാര്യങ്ങളിൽ വ്യാപൃതരായി അവരുടേതായ ഇടുങ്ങിയ ലോക ത്തിൽ ഒതുങ്ങിക്കഴിഞ്ഞുകൂടാൻ അവരെ അനുവദിച്ചില്ല. അവിടു ന്നു് അന്യരുടെ കാര്യങ്ങൾ അവരെ ഭരമേല്പിച്ചു: വിശക്കുന്ന ജന തതിക്കു് അപ്പം വിതരണം ചെയ്യിച്ചു; വിവിധഗ്രാമങ്ങളിലേക്കു് അവരെ പറഞ്ഞയച്ചു; മുട്ടപാടുള്ള ആരേയും ഉൾക്കൊള്ളുമാറു് അ യൽക്കാരെക്കുറിച്ചുള്ള അവരുടെ ആശയം വിശാലമാക്കി. കൂടാതെ, തങ്ങളുടെ വൈയക്തികനേട്ടങ്ങളെയോ കുക്ഷിവിജയങ്ങളെയോ ആശ്രയിച്ചുമല്ല, പ്രത്യുത, ക്രിസ്തുവിനെ തങ്ങളുടെ അയൽവാസിക ളിലോരോരുത്തരിലും കാണുകയും സേവിക്കുകയും ചെയ്യുന്നതിനെ ആശ്രയിച്ചാണു തങ്ങളുടെ അവസാനവിധി നിലകൊള്ളുന്നതെന്ന ബോധ്യം അവരിൽ ആഴമായി പതിക്കുകയും ചെയ്തു. ക്രിസ്തു ശിഷ്യ

രെ എത്ര കൂടുതലായി തന്നോട് അടുപ്പിച്ചുവോ അത്ര കൂടുതലായി അവരെ ലോകത്തിൻറെനേർക്ക് തിരിച്ചു, എല്ലാ ജനതയ്ക്കും സദ്വാർത്ത പകർന്നുകൊടുക്കാൻ.

രണ്ടാം വത്തിക്കാൻകൗൺസിൽ കാതലായ ഈ ക്രിസ്തീയ മനോഭാവം ആധുനികശൈലിയിലേക്ക് പകർത്തിയിട്ടുണ്ട്. ഒറ്റപ്പെട്ട സമൂഹങ്ങളായി ജീവിക്കാനും വേർതിരിഞ്ഞുനിന്നു പ്രവർത്തിക്കുവാനും ഉദ്ദേശിക്കപ്പെട്ടവരല്ല ക്രിസ്ത്യാനികൾ. സഭയ്ക്ക് തൻറെ ജീവിതത്തിനും അനുഷ്ഠിക്കും സാക്ഷ്യം വഹിക്കാൻ തൻറേതായ സ്ഥാപനങ്ങളുണ്ടായിരിക്കണമെന്നതു ശരി. എന്നിരുന്നാലും ക്രൈസ്തവർ തങ്ങളുടെ സ്വന്തം ഇടുങ്ങിയ പരിവൃത്തങ്ങളിൽ ഒതുങ്ങിക്കഴിഞ്ഞുകൂടിയാൽ പോരാ; തങ്ങൾ ജീവിക്കുന്ന ചുറ്റുപാടുകളിലേ സാമൂഹിക—സാംസ്കാരികജീവിതത്തെ അടുത്തറിയുകയും അതിലേക്കിറങ്ങിച്ചെല്ലുകയും വേണം—ഇതാണ് കൗൺസലിൻറെ ആഗ്രഹം. "വിശപ്പിനും അജ്ഞതയ്ക്കും രോഗത്തിനുമെതിരായി സമരത്തിലേർപ്പെട്ടിരിക്കുന്ന സകലരോടും സഹകരിച്ചു പ്രവർത്തിക്കുവാനും, ഈ തലത്തിൽ സ്വകാര്യമോ പൊതുവോ ആയ സ്ഥാപനങ്ങൾ, ഗവണ്മെൻറ്, അന്തർദേശീയസ്ഥാപനങ്ങൾ, മറ്റു ക്രൈസ്തവവിഭാഗങ്ങൾ, ക്രൈസ്തവേതരമതങ്ങൾ"[1] തുടങ്ങിയവ നടത്തുന്ന സംരംഭങ്ങളിൽ പങ്കുചേരുവാനുമാണ് കൗൺസിൽ ആവശ്യപ്പെടുന്നത്. പലരേയും അത്ഭുതപ്പെടുത്തിയ വാക്കുകളാണിവ. ഭാരതത്തിലേ ജനലക്ഷങ്ങളുടെ ഇടയിലേക്ക് കടന്നുചെല്ലാൻ ഇവിടത്തെ സഭ വെട്ടിത്തെളിക്കേണ്ട വഴിയുടെ ഒരു മാണിത്.

ഈ വീക്ഷണഗതി കത്തോലിക്കാസംഘടനകൾ, അത്മായപ്രേഷിതപ്രസ്ഥാനങ്ങൾ, കത്തോലിക്കാപ്രവർത്തനഗ്രൂപ്പുകൾ മുതലായവയെ പ്രത്യേകം സ്പർശിക്കുന്നു. മറ്റൊന്നിനോടും ബന്ധമില്ലാതെ കെട്ടിയടച്ച സംഘങ്ങളായി അവർ തങ്ങളെ പരിഗണിക്കരുത്; മാത്രമല്ല, അവയുടെ അംഗങ്ങളെ അക്രൈസ്തവരും മതേതരസമൂഹവുമായും ബന്ധം പുലർത്താൻ പരിശീലിപ്പിക്കുകയും വേണം.

6. സഭാദൗത്യം

സേവനമാണ് സഭയുടെ ദൗത്യം—സമൂഹത്തിൻറെ അതി

---

1. A. G. No. 11, 12.

രുകളും കടന്നു ലോകത്തിനാകെ ചെയ്യുന്ന സേവനം. ഈ ഔത്യത്തെ കുറെക്കൂടി വ്യക്തമായി നിർവ്വചിക്കേണ്ടതുണ്ട്. 'നിർവ്വചിക്കൽ' അതിർത്തിവരമ്പുകളിടുകയോ, ചില നിശ്ചിതമണ്ഡലങ്ങളിലേക്കു മാത്രമായി പരിമിതപ്പെടുത്തുകയോ ആകാൻ പാടില്ല. കാരണം, സഭാദൗത്യം സാർവ്വത്രികമാണു; അതു് എല്ലാ ജനതയ്ക്കും സമൂഹായത്തിലെ വിവിധപടികൾക്കും, ജീവിതത്തിന്റെയും തൊഴിലിന്റെതുമായ സകല തുറകൾക്കുമായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതാണു.

ഈ സാർവ്വലൗകികദൗത്യം സഭയെ ഒരു സ്ഥാപനമെന്ന നിലയിലല്ല സ്പർശിക്കുന്നതെന്നു വ്യക്തം. സഭയെക്കുറിച്ചു പറയുമ്പോഴൊക്കെ നാം ഹയരാർക്കിയെപ്പറ്റി ചിന്തിക്കുന്നതു് വലിയൊരു തെറ്റിദ്ധാരണയത്രേ. പ്രേഷിതപ്രവർത്തനത്തെ സംബന്ധിച്ച ഡിക്രിയിൽ ജീവിതത്തിന്റെയും സംസ്കാരത്തിന്റെയും എല്ലാ നിലകളിലും സഭയുടെ സാന്നിധ്യത്തെ വരച്ചുകാട്ടുമ്പോൾ കൗൺസിൽ പറയുന്നതിപ്രകാരമാണു: "സഭ ഈ സമൂഹങ്ങളിൽ സന്നിഹിതയാകേണ്ടതു് അവിടെത്തന്നെ നിവസിക്കുന്നവരോ അവിടേക്കയയ്ക്കപ്പെട്ടവരോ ആയ തന്റെ സന്താനങ്ങൾവഴിയാണു." [1] ഇന്നു് സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ നിരവധി മണ്ഡലങ്ങളുള്ളതിനാൽ സഭയുടെ കർത്തവ്യം അധികപങ്കും അത്മായരാൽ നിർവഹിക്കപ്പെടണമെന്നതു നിശ്ചയം. പല രംഗങ്ങളും ഇന്നു തീർത്തും അവഗണിക്കപ്പെട്ട കിടക്കുന്നു. അങ്ങനെ വരാൻ കാരണം സഭയുടെ പരമ്പരാഗതമായ പ്രവർത്തനക്രമമുട്ടുകളിൽ അവ വീണില്ല എന്നതുതന്നെ. തൊഴിൽരംഗം, ആശയവിനിമയോപാധികൾ, രാഷ്ട്രീയജീവിതം, ശാസ്ത്രീയഗവേഷണം മുതലായവയിൽ മാത്രമല്ല, ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളെ ഉൾക്കൊള്ളുന്ന ഗ്രാമീണജീവിതത്തിൽപോലും സഭയുടെ — യഥാർത്ഥക്രൈസ്തവ സാധീനത്തിന്റെ—അഭാവം തികച്ചും അപലപനീയമത്രേ. ഭാരതീയജീവിതത്തിന്റെ എല്ലാ തലങ്ങളിലും കർത്തവ്യം നിറവേറ്റിക്കാൻ നിർബന്ധിക്കുന്ന പുതിയ ഉത്തരവാദിത്വബോധം വളർന്നുവരണം എല്ലാ ക്രൈസ്തവരിലും.

നവമായൊരു രീതിയിലായിരിക്കണം ഇതു നടപ്പിലാക്കുക. മിക്ക

---

1. A. G. No. 11.

പ്പോഴും നമ്മുടെ സംഭാവനയുടെ പങ്കു് സ്ഥിതിവിവരക്കണക്കുകളുടേയും മനുഷ്യപ്രയത്നത്തിന്റേയും മുതൽമുടക്കിന്റേയും സ്ഥാപനങ്ങളുടേയും മറ്റും അടിസ്ഥാനത്തിലാണു നാം കണക്കാക്കിയിരുന്നതു്. ഇത്തരം സംഭാവനകൾ പലരംഗങ്ങളിലും ഗണ്യമായി ചെയ്യാൻ നമുക്കു കഴിഞ്ഞിട്ടുണ്ടു്—തർക്കമില്ല. വിദ്യാഭ്യാസം, വൈദ്യം ഈ മണ്ഡലങ്ങളെമാത്രം എടുക്കുകയേ വേണ്ടൂ ഉദാഹരണത്തിനു്. എന്നിരുന്നാലും ഇതു തീരെ അപര്യാപ്തമാണു്. തന്നേയുമല്ല ഈ രാജ്യത്തിന്റെ വിസ്തൃതിയും വർദ്ധിച്ചുവരുന്ന ചുമതലകളും പുരോഗമനത്തിന്റെ ശീഘ്രഗതിയും എല്ലാം പരിഗണിക്കുമ്പോൾ സ്ഥിതിവിവരക്കണക്കുപ്രകാരമുള്ള ക്രൈസ്തവസംഭാവനയുടെ അനുപാതം കുറഞ്ഞുവരാനേ നിവൃത്തിയുള്ളൂ. വെറും സംഖ്യകളിൽമാത്രം തിട്ടപ്പെടുത്താവുന്നതായിക്കൂടാ നമ്മുടെ സ്വാധീനം. ആധുനികലോകത്തിൽ പ്രകാശം പരത്തിക്കൊണ്ടു ക്രിസ്തു സന്നിഹിതനാകണം. ഇതാകട്ടെ സഭയിലൂടെ—നിഷ്കൃഷ്ടമായിപ്പറഞ്ഞാൽ — ആധുനികപ്രശ്നങ്ങളെപ്പറ്റി നല്ല ക്രൈസ്തവർ പ്രതിഫലിപ്പിക്കുന്ന ക്രിസ്തീയവീക്ഷണത്തിലൂടെ—കൃതുബോധവും അർപ്പണമനോഭാവവും ഐകൃവും ആത്മപരിത്യാഗവും ക്ഷമയും സഹിഷ്ണുതയുംവഴി, ചുരുക്കിപ്പറഞ്ഞാൽ ഗിരിപ്രഭാഷണചൈതന്യംവഴി, വേണം സാധിക്കുക.

ഇതാണു സഭയുടെതുമെങ്കിൽ വമ്പിച്ച സാധ്യതകൾക്കിടമുണ്ടു്. ഏതുരംഗത്തും ക്രിസ്തുവിന്റെ ചൈതന്യമാണാവശ്യം. നമ്മുടെ രാജ്യപുരോഗതിയിൽ ഏറ്റവും നിർണ്ണായകമായൊരു പ്രശ്നം വ്യക്തിയുടെ പങ്കത്രെ. നമ്മുടെ വിദ്യാഭ്യാസരംഗം അർപ്പണബോധമുള്ള അധ്യാപകരുടെ അഭാവത്താൽ ക്ലേശിക്കുകയാണു്. സാമൂഹികപ്രവർത്തനവും മറ്റൊരുതൊരു ജോലിയുംപോലെ പലരെസ്സംബന്ധിച്ചിടത്തോളം വരുമാനത്തിനപ്പുറമുള്ള മാഗ്ഗമായി തരം താഴ്ന്നിരിക്കുന്നു. ആത്മാർത്ഥതയും കർമ്മനിരതത്വവും വിരളമായേ അവിടെ കണ്ടെത്തുകയുള്ളൂ. വൈദ്യവൃത്തിയിലും രോഗീശുശ്രൂഷയിലും ഏർപ്പെട്ടിരിക്കുന്നവരുടെ വ്യക്തിപരമായ താത്പര്യവും സമർപ്പണബോധവും സർവ്വപ്രധാനമത്രെ. "എങ്ങും ക്രിസ്തുവിന്റെ പരിമളം പരത്തുക" (2 Cor. 2, 14)—ഇതാണു സഭയുടെ കർത്തവ്യം.

സഭയുടെ ഈതുത്തെസ്സംബന്ധിച്ച ഈ വീക്ഷണഗതി നമ്മുടെ സ്ഥാപനങ്ങളുടെമേൽ വലിയ സ്വാധീനം ചെലുത്തും, കാരുക്ഷമതയും ഒപ്പം ക്രിസ്തുവിന്റെ അരൂപിയുമാവണം അവയെ

മാറു സ്ഥാപനങ്ങളിൽനിന്നു വ്യാവർത്തിക്കുക. ക്രൈസ്തവഭൗതികവും ഭൗതികമായ പ്രവർത്തനങ്ങൾക്കും സംഭാവനകൾക്കും പ്രാധാന്യം കല്പിക്കുമ്പോൾ കാണാം പുതിയ പുതിയ സാധ്യതകളുടെ ചക്രവാളങ്ങൾ തെളിഞ്ഞു വരുന്നതു'. സ്ഥാപനങ്ങൾ നമുക്കാവശ്യമാണു്, ശരി; പക്ഷേ, നാം സ്ഥാപനങ്ങളെക്കുറിച്ചുമാത്രം ചിന്തിച്ചാൽ പോരാ. ചിലപ്പോൾ നമ്മുടെ പ്രധാനപരിഗണനപോലും അവയ്ക്കല്ല നല്കേണ്ടതു്....ആധുനികലോകത്തെ പടുത്തുയർത്തുവാനുള്ള സങ്കീർണ്ണമായ പ്രവർത്തനങ്ങളിൽ, തങ്ങളുടെ സേവനം വിപുലമായ തോതിൽ നല്കുവാൻ ഇങ്ങേയറ്റം വൈദികർക്കും സന്യാസികൾക്കും പോലും കൂടുതൽ സൗകര്യവും സ്വാതന്ത്ര്യവും നല്കണം. എവിടെയും ക്രിസ്തുവിന്റെ സാന്നിധ്യമുണ്ടാവണം. ഒരു കാര്യം വ്യക്തം: സ്വതന്ത്രമായ ഈ സഹകരണത്തിൽ നമ്മുടെ വ്യവസ്ഥകൾ അടിച്ചേല്പിക്കാനോ, ധാർമ്മികപ്രശ്നങ്ങളിൽ നമ്മുടെ ഏകശാസനാധികാരം സ്ഥാപിക്കാനോ സാധിച്ചെന്നു വരില്ല. എങ്കിലും മിക്കപ്പോഴും ഈ രംഗത്തിൽ നമുക്കു് ഉദ്ദേശിക്കുന്നതിലേറെ സ്വാധീനം ചെലുത്താനാവും. അതു നമ്മുടെ വ്യക്തിപരമായ സമ്പർക്കവും നിശ്ശബ്ദമായ സാക്ഷ്യവും ആത്മവിശ്വാസോത്തേജനവും വഴിയാണു്. നമ്മുടെ പ്രവർത്തനരീതി വ്യത്യാസപ്പെട്ടുമിരിക്കുമപ്പോൾ. ഗംഭീര സ്ഥാപനങ്ങളുടെ ആടോപമുണ്ടായിരിക്കില്ലെന്നതിനു്. നമ്മുടെ നിയന്ത്രണത്തിൻകീഴിലല്ലാത്ത ചാലുകളിലൂടെയാവും അതു പോവുക. ക്രിസ്തു ശിഷ്യന്മാരോടരുൾചെയ്തതുപോലെ നാം ലോകത്തിൽ ജീവിക്കും. ഇതാണു യഥാർത്ഥപ്രേഷിതരുടെ വിധി; സഭയുടേതും ഇതുതന്നെ. "ജീവിച്ചിരിക്കുന്ന ഞങ്ങളുടെ മർത്ത്യശരീരത്തിൽ ഈശോയുടെ ജീവിതം പ്രത്യക്ഷപ്പെടാൻവേണ്ടി ഈശോയെപ്രതി സദാ മരണത്തിനു ഞങ്ങൾ ഏല്പിക്കപ്പെടുന്നു. അങ്ങനെ ഞങ്ങളിൽ മരണവും നിങ്ങളിൽ ജീവനും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു" (II കോറ. 4: 11). സ്വന്തം കാര്യംനോക്കി തനിച്ചിരിക്കേണ്ടവളല്ല സഭ; ഭക്ഷണത്തിനു സ്വാദിയേറുന്ന ഉപ്പും കുഴമാവിൽ പ്രവർത്തിക്കുന്ന പുളിപ്പും കണക്കെ ലോകത്തിനു നല്കപ്പെടേണ്ടവളാണു്.

7. ക്രൈസ്തവഭൗതികം

അപ്പോൾ ഇന്നു സഭയുടെ ഭൗതികമെന്തു്? നിസ്സംശയം മറുപടി കൊടുക്കാം: യേശുക്രിസ്തു. സഭയുടെ ഭൗതികം എന്നും എവിടെ

യും ക്രിസ്തുതന്നെ. സഭയുടെ അന്തസ്സുത്തതന്നെ ഇതാണ്: "എല്ലാ മനുഷ്യർക്കും ക്രിസ്തുവിന്റെ പ്രകാശം എത്തിച്ചുകൊടുക്കുക".1

എന്നാൽ സരളമായ ഈ മറുപടിക്കു പിന്നിലുണ്ട്, ഗൗരവാവഹമായൊരു പ്രശ്നം—ഈ ദൗത്യത്തിനു നമ്മുടെ കാലത്തുള്ള പ്രസക്തിയേയും അതു തെറ്റിദ്ധരിക്കപ്പെടാതിരിക്കാൻപോരുന്ന അവതരണരീതിയേയും സംബന്ധിച്ച പ്രശ്നം. ക്രൈസ്തവസന്ദേശം പകർന്നുകൊടുക്കുന്നതിനുതകിയ ശരിയായ വീക്ഷണകോണത്തെപ്പറ്റി മിഷൻ ഡിക്രി പറയുന്നു: "മനുഷ്യപ്രകൃതിയോടും അതിന്റെ ഉന്നതാഭിലാഷങ്ങളോടും അവഗാഢം ബന്ധപ്പെട്ടുത്തിക്കൊണ്ടു വേണം അതു കൊടുക്കുക."2 വാസ്തവത്തിൽ ഭാരതീയസംസ്കാരത്തിനു നിരക്കാത്തതും ഭാരതത്തിന്റെമേൽ അടിച്ചേല്പിക്കുന്നതുമായ ഏതോ വൈദേശികസിദ്ധാന്തങ്ങളായി സഭാദൗത്യം തെറ്റിദ്ധരിക്കപ്പെടുകയും തന്മൂലം തിരസ്കൃതമാവുകയും ചെയ്യുന്നില്ലേ? കൗൺസിൽ പറയുന്നു:

> "ക്രിസ്തുവിനെ അവതരിപ്പിച്ചുകൊണ്ട് സഭ മനുഷ്യർക്ക് അവരുടെ ജീവിതാവസ്ഥയേയും സമുജ്ജ്വലദൗത്യത്തെയും സംബന്ധിച്ച യഥാർത്ഥചിത്രം വെളിപ്പെടുത്തുന്നു. കാരണം, എല്ലാമനുഷ്യരും ലക്ഷ്യീകരിക്കുന്ന സഹോദരസ്നേഹം, ആത്മാർത്ഥത, സമാധാനശീലം എന്നിവയാൽ പൂരിതമായ നവീകൃതമനുഷ്യവർഗ്ഗത്തിന്റെ ജനയിതാവും മാതൃകയും ക്രിസ്തുതന്നെയാണ്."3

സഭയുടെ കർത്തവ്യം സേവനമാണെങ്കിൽ അവർ യഥാർത്ഥത്തിൽ ക്രിസ്തുവിനെ ആവശ്യമായിരിക്കുന്നവരെ അന്വേഷിച്ചു പുറപ്പെടുകതന്നെ ചെയ്യും. അനുദിനം അർത്ഥസുനുമായിത്തീരുന്നു മുൻകൂട്ടി പാകപ്പെടുത്തിയ പരിപാടിയുംകൊണ്ടല്ല ഇതിനു പുറപ്പെടേണ്ടതു്. അവർ ചോദിക്കുന്ന ചോദ്യങ്ങളും അവർ ഉത്തരം തേടുന്ന പ്രശ്നങ്ങളേയും ശ്രദ്ധിക്കാനൊരുങ്ങിവേണം.

---

1. L. C. No. 1.
2. A. G. No. 8.
3. Ibid.

DVK Library
Bangalore - 29

മനുഷ്യനേയും അവന്റെ അസ്തിത്വത്തിന്റെ അർത്ഥത്തേയും സ്പർശിക്കുന്ന ചോദ്യങ്ങൾക്കു് അവൾ ഒന്നാമതായി ചെവികൊട്ടുക്കേതുണ്ടു്. സുനാഹദോസു പറയുന്നതും ഇതാണു്:

"വിശ്വാസികളുടേയും അവിശ്വാസികളുടേയും മിക്കവാറും ഏകകണ്ഠമായ അഭിപ്രായമനുസരിച്ചു സർവഭൗമികവസ്തുക്കളും അവയുടെ കേന്ദ്രവും മകുടവുമായ മനുഷ്യനുമായി ബന്ധപ്പെട്ടിരിക്കണം. പക്ഷേ, എന്താണീ മനുഷ്യൻ?"1

വിശ്വാസവെളിച്ചത്തിൽ മനുഷ്യന്റെ അസ്തിത്വത്തിന്റേയും ജീവിതത്തിന്റേയും പരമാന്ത്യത്തിന്റേയും അർത്ഥം മറ്റുള്ളവർക്കു കാട്ടിക്കൊടുക്കാൻ ക്രിസ്ത്യാനിക്കു കഴിഞ്ഞാൽ ഇക്കാലത്തെ കാതലായൊരാവശ്യം നിറവേറുകയായി അവൻ.

പക്ഷേ, ഇങ്ങനെ ചെയ്യുക ജീവിതത്തിന്റേയും സമൂഹത്തിന്റേയും പ്രത്യേക പരിതോവസ്ഥകൾക്കനുരൂപമായിട്ടാവണം എന്നതു നിസ്സംശയം. സഭയുടെ വാക്കുകൾ സാമൂഹ്യികവും സാമ്പത്തികവും സാംസ്കാരികവുമായ കാര്യങ്ങൾക്കു സംഗതമായിരിക്കണം; മാത്രമല്ല, സിദ്ധാന്തപരമായ തലവും കടന്നു് പ്രവർത്തനത്തിനു ശക്തമായ പ്രേരണ ചെലുത്തുകയുംവേണം അവ. മനുഷ്യമഹത്വത്തിന്റെ സന്ദേശം ഏവർക്കും സംഗതമത്രേ.

"മനുഷ്യവ്യക്തിക്കു സഹജമായ ശ്രേഷ്ഠതയെപ്പറ്റിയുള്ള ബോധം വർദ്ധിച്ചുവരുന്നുണ്ടു്. മനുഷ്യൻ ഇതരസൃഷ്ടികൾക്കെല്ലാറ്റിനുമുപരി നിലകൊള്ളുന്നതിനാൽ അവന്റെ അവകാശങ്ങളും കർത്തവ്യങ്ങളും അലംഘനീയവും സാർവ്വത്രികവുമാണു്. അതുകൊണ്ടു മനുഷ്യോചിതമായ ജീവിതത്തിനാവശ്യമാവശ്യമായ വസ്ത്രം, ഭക്ഷണം, പാർപ്പിടം തുടങ്ങിയവ എല്ലാവർക്കും ലഭിക്കുന്ന ഒരു വ്യവസ്ഥിതിയുണ്ടാകണം."2

തീർന്നില്ല, നമ്മുടെ കാലത്തു് അപകടത്തിലായിരിക്കുന്ന

---

1. G. S. No. 82.
2. G. S. No. 26.

വ്യക്തിസ്വാതന്ത്ര്യംപോലുള്ള മൂല്യങ്ങളുണ്ടല്ലോ—അവ സംരക്ഷിക്കപ്പെടണം. മനുഷ്യന്റെ അന്തസ്സത്തയുമായി അലിഞ്ഞുചേർന്നിരിക്കുന്ന ഈ വ്യക്തിസ്വാതന്ത്ര്യത്തിനുവേണ്ടി സഭ നിലകൊള്ളുന്നു. ഈ സ്വാതന്ത്ര്യമാണു് സമുദായത്തിലെ ക്രമസമാധാനത്തിനും ഐകൃത്തിനും നിദാനം: അതെപ്പോഴും അങ്ങനെതന്നെ ആയിരിക്കുകയും വേണം. വൈവിധ്യമാർന്ന ഭാരതീയസമുദായത്തിൽ വമ്പിച്ച പ്രാധാന്യമുണ്ടതിനു്. കൗൺസിൽ ഉദ്ഘോഷിക്കുകയാണു്:

"മതസ്വാതന്ത്ര്യം മനുഷ്യന്റെ അവകാശമാണെന്നു് ഈ സുനഹദോസു് പ്രഖ്യാപിക്കുന്നു. വ്യക്തികളിൽനിന്നോ സമുദായവിഭാഗങ്ങളിൽനിന്നോ ഉണ്ടായേക്കാവുന്ന സമ്മർദ്ദത്തിൽനിന്നും എല്ലാമനുഷ്യരും ഒഴിഞ്ഞിരിക്കുക എന്നതിലാണു് ഈ സ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നതു്. അതായതു് മതകാരുങ്ങളിൽ സ്വന്തം മനസ്സാക്ഷിക്കു വിരുദ്ധമായി പ്രവർത്തിക്കുവാൻ ആരും നിർബന്ധിക്കപ്പെടരുതു്."[1]

മനുഷ്യന്റെ അന്തഃം, മഹത്വം, സ്വാതന്ത്ര്യം ഇവയുടെ തലത്തിൽ നിന്നുകൊണ്ടായിരിക്കണം ക്രൈസ്തവസന്ദേശം പകരേണ്ടതു്.

ഇതിലും ഉന്നതമാണു് സഭാദൗത്യം. മാനവരാശിക്കു് പരമലക്ഷ്യത്തിലേക്കുള്ള ആദിമുഖം കാട്ടിക്കൊടുക്കുന്ന ജോലി, അവരിൽ വ്യക്തമായ പ്രവർത്തനത്തിന്നാസ്പദമായ നവജീവൻ നിവേശിപ്പിക്കുന്ന ജോലി, സഭയുടേതത്രേ. യഥാർത്ഥമാനസാന്തരം, ഹൃദയനവീകരണം—അതാണാവശ്യം. ദൈവം നവമായൊരു ലോകം സൃഷ്ടിക്കുമ്പോഠം ആദ്യമായി ചെയ്യുക, മാനവഹൃദയത്തിലേയ്ക്കു തന്റെ അരുപിയെ ചിന്തുകയത്രേ.

സഭയ്ക്കു പുറമേയുള്ളവർ മാത്രമല്ല ഉള്ളിലുള്ളവർപോലും മാ

---

1. മതസ്വാതന്ത്ര്യം, D. H. No 2.

നസാന്തരംകൊണ്ടർത്ഥമാക്കുന്നതു് ഒരു മതസമൂഹത്തിൽനിന്നു മറെറാന്നിലേക്കു മാറുക എന്നതാണു്. അങ്ങനെ അതിപ്പോൾ അവിശ്വസ്തതയുടെ ചവർപ്പുരസമുള്ളൊരു പദമായിത്തീർന്നിരിക്കുന്നു. ഇതു തികച്ചും വിലപനീയംതന്നെ. മാനസാന്തരം അതിന്റെ മൗലികാർത്ഥത്തിൻ ആന്തരികപരിവർത്തനം, മനസ്സിന്റെ തിരിയൽ ആണു്. ദൈവത്തിന്റെ കല്പനകളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചു ജീവിക്കാൻ തയ്യാറായിക്കൊണ്ടു് മനുഷ്യൻ തന്നെത്തന്നെ ഈശ്വരാഭിമുഖമായി തുറന്നുവയ്ക്കുന്ന സാന്മാർഗ്ഗികവും ആധ്യാത്മികവുമായ ആ നവീകരണമില്ലേ—അതാണു ബൈബിളിലേ മാനസാന്തരം. ഈ അർത്ഥത്തിൽ സഭയുടെ ഭൗത്യം എന്നും മാനസാന്തരത്തിനുള്ളൊരാഹ്വാനമായിരിക്കും. ഈ മാനസാന്തരമാകട്ടെ, ക്രിസ്തുവിൽനിന്നാരംഭിച്ചതും ഇന്നോളം ലോകത്തിലെമ്പാടും മാറെറാലിക്കൊള്ളുന്നതുമാകുന്നു. മനുഷ്യന്റെ നവീകരണത്തിനായുള്ളൊരാഹ്വാനമാണിതു്. അങ്ങനെ പുതുനായൊരു മതൃഗണത്തിന്റെ വാഗ്ദാനവും, മനുഷ്യനു വ്യക്തിപരമായ ഭാഗധേയം നേടിയെടുക്കാൻ സഹായകമായ ഒരു ലോകത്തിന്റെ പ്രതീക്ഷയും അതുൾക്കൊള്ളുന്നു.

ക്രിസ്തുവിലുള്ള വിശ്വാസത്തെക്കുറിച്ചു പറഞ്ഞിട്ടില്ല നാമിനിയും. നാം നമ്മുടെ യഥാർത്ഥ ഭൗത്യത്തെ മറച്ചുവയ്ക്കുകയാണോ? ഇന്നും "മറെറാരുവനിലൂടെയും രക്ഷയില്ല. കാരണം, രക്ഷപ്രാപിക്കാനായി ആകാശത്തിൻകീഴ് മനുഷ്യർക്കു വേറൊരു നാമവും നൽകപ്പെട്ടിട്ടില്ല" (നടപടി 4: 12). അപ്പോൾ നാം ആരുമായി പ്രഖ്യാപിക്കേണ്ടതു് ക്രിസ്തുവിന്റെ നാമമല്ലേ?

ഇതിനുത്തരം നല്കുന്നതിനുമുമ്പു്, 'നാമം' എന്നതിനു ബൈബിളിൽ എന്താണർത്ഥമെന്നു നോക്കാം. അനുഭവാ അറിയപ്പെട്ടിട്ടില്ലാത്ത ഒരു വസ്തുവിന്റെ വെറും ലേബലല്ല നാമം. വെളിപ്പെട്ടുത്തപ്പെട്ട രൂപം—അതാണു് നാമം എന്ന പദംകൊണ്ടു് വി. ഗ്രന്ഥം വിവക്ഷിക്കുക. യേശുവിന്റെ നാമം അവിടുത്തെ രഹസ്യത്തിനു മു

ഴവനുമായി, അവിടുത്തെ സത്യത്തിനും രക്ഷാകരസ്നേഹത്തിനുമായി നിലകൊള്ളുന്നു. സുവിശേഷപ്രഘോഷണത്തിലുള്ളതൊക്കെ അതുതന്നെ ക്രിസ്തുവാണ്. ക്രിസ്തുവാണ് മത്സ്യഗണത്തിന്റെ ഏകരക്ഷകൻ എന്നല്ലാതെ മറ്റൊന്നുമല്ല, നടപടി 4: 12-ന്റെ സാരം. രക്ഷയുടെ ഈ രഹസ്യം സഭയിലൂടെവേണം വെളിപ്പെടുകയും ലോകത്തിനു നല്കപ്പെടുകയും ചെയ്യുക. അപ്പോൾ, 'നാമം' നിരർത്ഥകമായൊരു ശബ്ദമല്ല. അഗ്രാഹ്യമായ എന്തിനെയോ സൂചിപ്പിക്കുന്ന ചിഹ്നവുമല്ല; പ്രത്യുത, മറനീക്കി നല്കപ്പെട്ട സത്യമാണ്. മാനസാന്തരത്തിന്റെയർത്ഥമായ അർത്ഥം വ്യക്തിയുടെയായുസ്പർശനത്താൽ മങ്ങിമറഞ്ഞതുപോലെ യേശു എന്ന നാമവും ക്രൈസ്തവസന്ദേശത്തിന്റെ മറ്റനേകം പ്രതീകങ്ങളും അർത്ഥപുഷ്ടി നഷ്ടപ്പെട്ടവയായി പരിണമിച്ചിട്ടുണ്ട്. വെറും റജിസ്ട്രേഷനും വിഭജനത്തിനും അങ്ങനെ അവസാനം വ്യക്തിയുടേതിരിവിനും മാത്രം ഉപയോഗിക്കപ്പെടുന്ന നിറംകെട്ട വാക്കുകളായി തരം താണിട്ടുണ്ടവ.

അതിനാൽ, നാം ക്രിസ്തുവിനെ പ്രസംഗിക്കുമ്പോഴെല്ലാം തെറ്റിദ്ധരിക്കപ്പെടാവുന്ന ലേബലുകളെക്കുറിച്ച് അതീവശ്രദ്ധാലുക്കളായിരിക്കണം. നാം സുവിശേഷം ശരിക്കും അനുഭവിക്കണം. അതിന്റെ സാംഗത്യം മറ്റുള്ളവർ ഗ്രഹിക്കുകയും അതിന്റെ വെല്ലുവിളിയെ നേരിടുകയും ചെയ്യുമാറായിരിക്കണം പ്രസ്തുത പ്രഘോഷണം.

നിശ്ചയമായും നമുക്ക് ആവുന്നിടത്തൊക്കെ ക്രിസ്തുവിന്റെ നാമം അതിന്റെ അർത്ഥസൗകുമ്യത്തോടേ പ്രഘോഷിക്കുകതന്നെ വേണം. ഏതെല്ലാം പരിതഃസ്ഥിതികളിലാവാം ഇതെന്ന് ഓരോരുത്തരും വിവേകപൂർവ്വം തീരുമാനിക്കേണ്ടതാണ്. ദൈവവചനം നേരിട്ട പ്രസംഗിക്കുക സാധ്യമല്ലാത്ത സാഹചര്യങ്ങളെക്കുറിച്ചു പ്രേഷിതപ്രവർത്തനത്തെ സംബന്ധിക്കുന്ന ഡിക്രി വ്യക്തമായി പറയുന്നുണ്ട്. ഈ സാഹചര്യങ്ങൾ ഇന്നു കൂടിക്കൂടിവരികയാണെന്നതാണും. തന്മൂലം സുവിശേഷഘോഷണംകൊണ്ടുമാത്രം നാം തൃപ്തിയടയാൻ പാടില്ല. പുതുജീവിതത്തിനായുള്ള ആഹ്വാനം, നവീകൃതമായ മനു

ഷ്യവർഗ്ഗത്തിന്റെ മൂല്യങ്ങൾ, നാം സകലജനത്തിനും എത്തിച്ചു കൊടുത്തേ പറ്റൂ. ഇതു് ആധുനികലോകത്തിനു സുഗ്രഹമായ ഭാഷയിൽ യേശുവിന്റെ നാമം പകർത്തിയെഴുതുക എന്നതിൽ കവഞ്ഞൊന്നുമല്ല. കൗൺസിലിനോടൊപ്പം നാമും സമ്മതിക്കണം വിദ്യാഭ്യാസം, സാമൂഹികപ്രവർത്തനം മുതലായ രംഗങ്ങളിലുള്ള ക്രൈസ്തവസാക്ഷ്യം വാസ്തവത്തിൽ യേശുവിനെ ആ രംഗങ്ങളിൽ അവതരിപ്പിക്കുകയാണെന്നു്:

"ഈ തുറകളിൽ പ്രവർത്തിക്കുന്നവരുടെ ലക്ഷ്യം മനുഷ്യരുടെ വെറും ഭൗതികപുരോഗതിയും ഐശ്വര്യവുമല്ല. പ്രത്യുത ക്രിസ്തു തന്റെ വെളിച്ചംകൊണ്ടു പ്രഭാപൂരിതമാക്കിയ മതപരവും സാന്മാർഗ്ഗികവുമായ സത്യങ്ങൾ പഠിപ്പിച്ചു് മനുഷ്യമഹത്വവും സഹോദരബന്ധവും വളർത്തി ക്രമേണ മനുഷ്യകുലത്തെ ദൈവത്തിലേക്കു നയിക്കുന്ന പ്രവേശനമാർഗ്ഗം മലർക്കെ തുറന്നുകൊടുക്കുകയെന്നതാണു്. അങ്ങനെ ദൈവരാജ്യം അയൽക്കാരോടുമുള്ള സ്നേഹംവഴി രക്ഷപ്രാപിക്കുന്നതിനു അവർ മനുഷ്യരെ സഹായിക്കുന്നു. ക്രിസ്തുവിന്റെ രഹസ്യം പ്രകാശിച്ചുതുടങ്ങുന്നു. ആ രഹസ്യത്തിലാണു് ദൈവഛിതാനുസരണം സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യൻ പ്രത്യക്ഷപ്പെടുന്നതു്: ദൈവസ്നേഹം വെളിപ്പെടുത്തപ്പെടുന്നതും ആ രഹസ്യത്തിൽത്തന്നെ."[1]

8. ക്രിസ്ത്യൻ റീയലിസം

ക്രൈസ്തവികമായ കടമയും ഭൗത്യവും ഇന്നിന്റെ യാഥാർത്ഥ്യങ്ങളാക്കി മാറ്റുക—ഇതിന്നായിരുന്നു കൗൺസിൽ ശ്രമിച്ചതു്. ഈ മാറ്റം ഇവിടെ സാക്ഷാത്കരിക്കുകയും ഇൻഡ്യയുടെ പ്രത്യേക പരിതോവസ്ഥകൾക്കനുരൂപമായി ക്രിസ്തീയസന്ദേശം ആവി

---

1. A. G. No. 12.

ക്ഷ്കരിക്കുകയും ചെയ്യേണ്ടതുണ്ട്, ഭാരതസഭ. യാഥാർത്ഥ്യങ്ങളെ നിർവ്വിശങ്കം നേരിടുകയും പ്രശ്നങ്ങളെ പ്രായോഗികമായി സമീപിക്കുകയും ചെയ്യുക ഇന്നിന്റെ സത്വരാവശ്യമാണ്. പക്ഷേ, മനുഷ്യപ്രകൃതിയുണ്ടല്ലോ—അതിന്റെ ശുദ്ധമൂലമായൊരു പ്രവണതയത്രേ പരിക്കൻയാഥാർത്ഥ്യങ്ങളോടിടയാതെ മിനുങ്ങിക്കഴിയുക. ആശയലോകത്തേക്കോ സ്വപ്നലോകത്തേക്കുതന്നെയോ പ്രയാണരീതിക്കളായ നാം ഓടിക്കളയും. പ്രശ്നമെന്തുമാവട്ടെ, സിദ്ധാന്തപരമായി എത്രനേരംവേണമെങ്കിലും ചിന്തിച്ചു മിനക്കെട്ടും: പക്ഷേ, നോവിക്കുന്ന ഒരു സമീപനത്തിനു നാം പരാങ്മുഖരാണെന്നുമാത്രം.

ലോകത്തിൽ നടക്കുന്ന സംഗതികളെല്ലാം, വ്യക്തിപരമായി അവയോട്ടെല്ലും ബന്ധപ്പെടാതെതന്നെ, അറിയുവാനുള്ള മാഗ്രഹം ഇന്നത്തെ മനുഷ്യൻ കണ്ടുപിടിച്ചിട്ടുണ്ട്. സ്ഥിതിവിവരക്കണക്കുകളിൽനിന്നു നമുക്കറിയാം പള്ളത്തേരി(slums)കളെക്കുറിച്ച്. എന്നാൽ, അവ നമ്മുടെ ദൃഷ്ടിയിൽ പെടാതിരിക്കാൻ നാം സൂക്ഷിക്കുന്നു. ഒരുപക്ഷേ, നാം അവ സന്ദർശിച്ചെന്നുപോലും വരാം. പക്ഷേ, നമ്മെ സുരക്ഷിതരായി വീട്ടിലെത്തിക്കുന്നതുവിധം പ്ലാൻചെയ്ത ഒരു പര്യടനത്തിൽമാത്രം! രക്തരൂക്ഷിതയുദ്ധങ്ങളെക്കുറിച്ചു നാം പത്രങ്ങളിൽ വായിക്കുന്നു. ഘോരപാതകങ്ങളുടെ കഥകൾ റേഡിയോ നമുക്കു പറഞ്ഞുതരുന്നു. ക്രൂരതയുടേയും ക്ലേശങ്ങളുടേയും ചിത്രങ്ങൾ ടെലിവിഷൻ നമുക്കു കാട്ടിത്തരുന്നു. നാമാകട്ടെ, ഇന്നോരമത്രയും സുഖപ്രദമായ ചാരുകസേരയിലായിരിക്കും. ഏതെങ്കിലുമൊരത്യാഹിതമുണ്ടാവുമ്പോൾ തുച്ഛമായൊരു സംഖ്യ ദുരിതാശ്വാസഫണ്ടിലേക്കു സംഭാവന ചെയ്യുന്നുംവരാം. എന്നിട്ടു നമ്മുടെ സകല കുടപ്പാട്ടം നീങ്ങിയതായി നാം വിചാരിക്കും. നാം ഒന്നിലും ഇടപെടേണ്ടതില്ലാത്ത വിധം മിതരെന്നു സമാശ്വസിക്കുകയും ചെയ്യും! സത്യം ഇങ്ങനെ ലോകത്തിൽനിന്നു് ഓടിയകലുന്നില്ലേ?

ഇതല്ല ക്രിസ്തു അവശ്യപ്പെട്ടതു്. ലോകത്തിലേക്കു പറഞ്ഞയയ്ക്കുകയാണു ചെയ്തതു് അവിടുന്നു ശിഷ്യന്മാരെ. യഥാർത്ഥലോകത്തോടു ബന്ധവും അതിന്റെ പ്രശ്നങ്ങളിൽ താല്പര്യവുമില്ലാത്ത

സഭ ക്രിസ്തുവിന്റെ സഭയല്ലതന്നെ. പുറത്തേക്കു പോയി എല്ലാ ജനതകളേയും പഠിപ്പിക്കുവാൻ ക്രിസ്തു പറഞ്ഞു. എന്താണീ 'പോക്കി'നർത്ഥം? നമ്മുടേതായ ഈ ഇടുങ്ങിയ ലോകത്തേയും ആശയങ്ങളേയും പ്രശ്നങ്ങളെപ്പോലും പിന്നിട്ട് അപ്പുറത്തെ യഥാർത്ഥലോകത്തിലേക്കിറങ്ങിച്ചെല്ലുകയും അതിന്റെ പ്രശ്നങ്ങളെ നേരിടുകയും അതിന്റെ പടകൾ പൊരുതുകയും ചെയ്യുകയത്രേ. വ്യക്തി എന്ന നിലയിൽ മാത്രമല്ല, സമൂഹം എന്ന നിലയിലും നാം പുറത്തെ ലോകത്തിൽനിന്നു പിൻവാങ്ങുന്നു. സഭയ്ക്ക് ജോൺ 23-ാമന്റെ കാലത്തുണ്ടായി, ഞെട്ടിക്കുന്ന ഒരവബോധം. തന്റെ ഒറ്റതിരിഞ്ഞ നിലനില്പിനെപ്പറ്റി ഇപ്പോഴാണവൾ മനസ്സിലാക്കിയതു്. ലോകത്തിന്റെ കാര്യങ്ങളിൽ സഭ ശ്രദ്ധിച്ചിരുന്നില്ലെന്നു് ഇവിടെ വിവക്ഷയില്ല. മാർപ്പാപ്പമാരും നിരവധി ക്രൈസ്തവരും ശ്രദ്ധ കാണിച്ചിട്ടുണ്ടു്. അതൊക്കെ ഏറെയും പള്ളിയുടെ കാഴ്ചപ്പാടിലൂടെയായിരുന്നു. ആനുകാലികപ്രശ്നങ്ങളെക്കുറിച്ചു ചർച്ചചെയ്തപ്പോൾപോലും മറ്റാർക്കും മനസ്സിലാകാത്തൊരു ഭാഷയിലാണു് നാം സംസാരിച്ചതു്. വ്യക്തികളും സമൂഹങ്ങളും യാഥാർത്ഥ്യബോധത്തോടും അതീവതല്പരത്തോടുംകൂടി നടത്തിയ എത്ര സംരംഭങ്ങൾക്കും വേണമെങ്കിലുമുണ്ടു് എടുത്തു കാണിക്കാൻ. എന്നിരുന്നാലും സൂനഹദോസ് കൂടിയപ്പോൾ വ്യക്തമായി, പുതിയൊരു യുഗം പിറക്കണമെന്നു്; സാവ്വലൗകികതാല്പര്യമുള്ള പ്രശ്നങ്ങളെ പുതിയൊരു രീതിയിൽ കൈകാര്യം ചെയ്യണമെന്നു്.

നമ്മുടെ ഏകാന്തതയുടെ കോട്ടമതിൽ ഇടിച്ചുതകർക്കാനുള്ള ധീരയത്നമായിരുന്നു കൗൺസിൽ. തന്റെ പ്രശ്നങ്ങളിൽ സഭ സജീവതാല്പര്യം കാണിക്കണമെന്നു് ലോകം ആശിച്ചു. പ്രസ്സും മറ്റു വാർത്താവിധിമയോധികളും കൗൺസിൽ നീക്കങ്ങളിൽ കാണിച്ച അഭൂതപൂർവ്വമായ താല്പര്യം ഇതുഭോഗത്തുമുള്ള ആഗ്രഹത്തിന്റെ മികച്ച ഒരു പ്രകാശനമായിരുന്നു. സെൻറ് പീറ്റേഴ്സിലെ രഹസ്യസമ്മേളനങ്ങളേക്കാൾ, നൂറുകണക്കിനു കുർമ്മബുദ്ധികളായ പത്രപ്രതിനിധികളുമായി നടത്തിയ പ്രസ്സ് കോൺഫ്രൻസുകൾ കൗൺ

സിലിനെ വാസ്തവസ്ഥിതികളോട് വളരെധികം അടുപ്പിച്ചു. കൗൺസിലിനുശേഷം പ്രമാണരേഖകളും കൈയിലേന്തി സുരക്ഷിതത്വത്തോടെ നമ്മുടെ പഴയസ്ഥാനങ്ങളിൽത്തന്നെ ചടഞ്ഞുകൂടുക എന്നൊരാപത്തില്ലേ ഇപ്പോൾ? പ്രമാണരേഖകൾ കൈയിലുള്ളതുകൊണ്ടു മാത്രം തൃപ്തിപ്പെടാൻ പാടില്ല, അവ പ്രവൃത്തിപഥത്തിലാക്കുകതന്നെവേണം.

ഈ സെമിനാറിന്റെ ഉദ്ദേശ്യം കൗൺസിൽഡിക്രികളെ ഭാരതത്തിന്റെ ജീവിതത്തിലേക്കു പകർത്തുകയാണു്. പ്രേഷിതപ്രവർത്തനത്തെ പുരസ്കരിക്കുന്ന ഡിക്രിയിൽ കൗൺസിൽ വ്യക്തമായി ആവശ്യപ്പെടുന്നു: "ദൈവം കൊണ്ടുവന്ന ജീവനും രക്ഷാകരരഹസ്യവും ഏവർക്കും എത്തിച്ചുകൊടുക്കുവാൻ കഴിയണമെങ്കിൽ, മനുഷ്യാവതാരംവഴി താൻ സഹവസിച്ച ജനങ്ങളുടെ സാമൂഹികവും സാംസ്കാരികവുമായ സാഹചര്യങ്ങളുമായി തന്നെത്തന്നെ ഇണക്കിച്ചേർത്ത ക്രിസ്തുവിന്റെ മനോഭാവത്തോടെ സഭയും ഈ സമൂഹങ്ങളുമായി ഇഴകിച്ചേരണം".[1]

ഒരു കാര്യം കൗൺസിൽ ആവശ്യപ്പെടുന്നുണ്ടിവിടെ: നാം യാഥാർത്ഥ്യബോധത്തോടെ ഇന്നത്തെ ലോകത്തിലേക്കിറങ്ങിച്ചെല്ലണമെന്നു്. സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവും, വിദ്യാഭ്യാസപരവുമായ വിവിധരംഗങ്ങളിൽ രാജ്യത്തെ തുറിച്ചുനോക്കുന്ന വിഷമപ്രശ്നങ്ങളെ നാം സുധീരം നേരിടണം. തങ്ങളുടെ ദൈവവിളിയിൽ അന്തർഭവിച്ചിരിക്കുന്ന വെല്ലുവിളിയെ സ്വീകരിക്കാൻ പല ക്രൈസ്തവരും ഉദാസീനരാണെന്ന വാസ്തവം സമ്മതിച്ചേ തീരൂ. കൗൺസിൽഡിക്രികളിലും 'മാനവപുരോഗതി' (Populorum Progressio)യിലും ഉടനീളം ദ്യശ്യമാകുന്ന സാമൂഹ്യനീതിക്കുവേണ്ടിയുള്ള ദാഹം നമ്മിൽ ഇനിയും വളർന്നിട്ടില്ല. അത്മായരിൽനിന്നു കൗൺസിൽ പ്രതീക്ഷിക്കുന്ന ക്രിസ്തീയമായ ഉത്തരവാദിതബോധം വികസിക്കാൻ നാം ശ്രമിച്ചിട്ടില്ല. നമുക്കുചുറ്റും മുഴങ്ങുന്ന

---

1 AG. n. 10.

വെല്ലുവിളികൾ കേൾക്കാത്തത്ര ദൂരം അകന്നു കൃത്രിമവും അയഥാർത്ഥവുമായ അന്തരീക്ഷത്തിൽ നമ്മെ കൂട്ടിക്കിയിട്ടുമാരുള്ളൊരു ക്രൈസ്തവജീവിതമല്ലേ ആരാധനക്രമത്തിൽ നവീകരണമൊക്കെയുണ്ടായിട്ടും പലരും നയിക്കുക? ആധുനികലോകത്തെപ്പറ്റി സൂക്ഷ്മാവബോധമുള്ളൊരു വ്യക്തിയാണ് ജെ. എ. റ്റി. റോബിൻസൺ. അദ്ദേഹം പറയുന്നു: ലോകത്തിന്റെ പരുഷയാഥാർത്ഥ്യങ്ങളുമായി ഉരുമ്മിച്ചേർന്ന്, സത്യത്തിൽ മനുഷ്യത്വം സ്വീകരിച്ച്, ആ ദൈവത്തെ നമുക്കു വെളിപ്പെടുത്തുന്നതിനാണു ക്രിസ്തുമസ്സ്. എന്നാൽ ഈ സത്യം വെളിപ്പെടുത്തുന്നുണ്ടോ ഇന്നത്തെ രീതിയിലുള്ള നമ്മുടെ ക്രിസ്മസ്സാഘോഷം? അദ്ദേഹം അഭിപ്രായപ്പെടുന്നു:

"ക്രിസ്തുമസ്സിന്റെ കാവ്യാത്മകതയും പ്രതീകഭംഗിയും മാസ്മരികചാരുതയുമൊക്കെ മിക്കവാറും വിപരീതഫലമാണുളവാക്കുക. ഒരേസമയം തല്ലുകയും തടവുകയും ചെയ്യുവോളം യാഥാർത്ഥ്യബോധം വർദ്ധിപ്പിക്കുന്നതിനു പകരം നമ്മുടെ ക്രിസ്മസ്സാഘോഷങ്ങൾ അനുഭവേദ്യമായ സ്വപ്നസങ്കല്പങ്ങളിലേക്ക് നമ്മെ വലിച്ചുട്ടപ്പിക്കുകയാണ്. ഇത്തരം ആഘോഷങ്ങൾ തിരുപ്പിറവിയുടെ യാഥാർത്ഥ്യത്തെ ലോകത്തിൽനിന്നു പാടേ പിഴുതുമാറ്റുന്നതായി തോന്നിപ്പോകും".[1]

നമ്മുടെ പല മതകർമ്മങ്ങളെക്കുറിച്ചും ഇതുതന്നെ പറയരുതോ? ക്രിസ്തുവിന്റെ പീഡാസഹനാനുസ്മരണമായ വിശുദ്ധ കുർബാനയുടേയും മറ്റു കൂദാശകളുടേയും സ്ഥിതിയെന്ത്? മാനവരാശിയോട് ദൈവത്തിനുള്ള രക്ഷാകരസ്നേഹത്തിലേയ്ക്ക്—ആ സ്വർഗ്ഗീയ യാഥാർത്ഥ്യത്തിലേയ്ക്ക്—നമ്മെ വലിച്ചുട്ടപ്പിക്കുക—അതിനുവേണ്ടിയാണീ കൂദാശകളെല്ലാം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ, പലപ്പോഴും ഹൃദയത്തിനു പങ്കില്ലാത്ത ഒരുതരം പ്രാർത്ഥനയുടെ അന്തരീക്ഷത്തിൽ നമ്മെ ആഭ്യാദനം ചെയ്യാനല്ലേ അവയുപകരിക്കുക?

---

(1) John A.T. Robinson, But That I can't Believe (London 1967) p. 72.

നാം ജീവിക്കുന്ന ലോകത്തിനുവേണ്ടി ആത്മാർപ്പണം ചെയ്യാൻ നമുക്കുത്തേജനമേകാത്ത പൊള്ളയായ അനുഷ്ഠാനങ്ങളായി തരംതാഴാറില്ലേ അവ ചിലപ്പോൾ? നമ്മുടെ മതാചാരത്തിന്റെ പൊള്ളത്തരംനിമിത്തം പ്രേഷിതപ്രവർത്തനങ്ങളും കുത്തഴറതായി കലാശിക്കുന്നുണ്ട്.

ഇക്കാരണത്താലാവാം പ്രാദേശികസഭകളിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യം നമുക്കനുഭവവേദ്യമാവാത്തത്. നമ്മുടെ ഭൗതികത്തെക്കുറിച്ചു പുതുതായൊരവബോധം വേണം. ഈശോ ശിഷ്യന്മാരെ ലോകത്തിലേക്കയച്ചപ്പോൾ അവർക്കുറപ്പുകൊടുത്തു താൻ അവരോടുകൂടി എന്നുമുണ്ടായിരിക്കുമെന്ന്. അവർ ലോകത്തിലേക്കു പോയി അതിന്റെ പ്രശ്നങ്ങളിൽ മുഴുകുന്നെങ്കിൽ ക്രിസ്തു അവരോടൊത്തുണ്ടാവും,

9. ക്രിസ്തീയ പ്രതീക്ഷ

യേശുക്രിസ്തുവിലൂടെ മർത്ത്യഗണത്തിനു നൽകപ്പെട്ട സമ്മാനമാണ് പ്രതീക്ഷ. മാറിക്കൊണ്ടിരിക്കുന്ന ലോകത്തിന്റെ മായിക പ്രതീക്ഷകളിലൊന്നല്ല, അസന്ദിഗ്ദ്ധവും കേവലവുമായ പ്രതീക്ഷ. ദൈവം ലോകത്തെ, നമ്മുടെ ഈ ലോകത്തെ സ്നേഹിച്ചു. അതിനാൽ അതു നശിച്ചുപോവുക അസാധ്യം. സഭ അചഞ്ചലമായ വിശ്വാസത്തോടെ ഈ പ്രതീക്ഷ ചൈതന്യവത്താക്കി ജീവിക്കുന്നു; ഇതിൽ പങ്കുകൊള്ളാൻ സകലരേയും ക്ഷണിക്കുകയും ചെയ്യുന്നു. ഒരുപക്ഷേ, ആധുനികലോകത്തിനു സഭ നൽകുന്ന ഏറ്റവും വലിയ സംഭാവനയാണിതു്. ക്രിസ്തീയവിശ്വാസം പലമുന്നിയിരിക്കുന്നതു ഭൂതകാലത്തിലാണു്, ദൈവത്തിന്റെ സൃഷ്ടിയിലും ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലും. എന്നാൽ, അതു മുഖംതിരിച്ചിരിക്കുന്നതു ഭാവിയിലേക്കും. ആത്യന്തികമായ ഭാവിയുടെ ചക്രവാളസീമകളില്ലാതെ സഭയുടെ ചിത്രം സാത്മകമാകയില്ല. കൗൺസിൽ ഉദ്ഘോഷിപ്പിക്കുന്നു:

"വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നതും നാം പ്രതീക്ഷിച്ചു

കൊണ്ടിരിക്കുന്നതുമായ പുന:സ്ഥാപനം ക്രിസ്തുവിൽ സമാരംഭിക്കുകയും പരിശുദ്ധാത്മാവിയുടെ ശക്തിയിൽ അതു മുന്നേറുകയും, പരിശുദ്ധാത്മാവിവഴി സഭയിൽ പ്രവേശിച്ച് അനസ്യൂതം തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പിതാവ് ഈ ലോകത്തിൽ നിർവ്വഹിക്കുവാൻനമ്മെ ഏല്പിച്ചിരിക്കുന്ന ജോലി ഈ സഭയിൽ ഭാവിമഹത്വത്തെ പ്രതീക്ഷിച്ചു നിർവ്വഹിക്കുകയും അങ്ങനെ നമ്മുടെ ആത്മരക്ഷയ്ക്കായി പരിശ്രമിക്കുകയും ചെയ്യുമ്പോൾ ഭൗമികജീവിതത്തിന്റെ അർത്ഥംതന്നെയും വിശ്വാസംവഴി വ്യക്തമാകുന്നു.[1]

ലോകത്തെ ഒഴിഞ്ഞുമാറുന്നതല്ല ക്രിസ്തീയപ്രതീക്ഷ. വരാനിരിക്കുന്നവയുടെ വാഗ്ദാനങ്ങൾ വിതറി തല്ക്കാലക്ലേശങ്ങൾക്ക് ആശ്വാസമണയ്ക്കുന്നുമില്ലതു്. മറിച്ചു്, ഐഹികജീവിതത്തിലേ നമ്മുടെ കർത്തവ്യങ്ങളെ ആനന്ദത്തോടും നിശ്ചയദാർഢ്യത്തോടുംകൂടെ ആശ്ലേഷിക്കുവാനാണു് അതു നമ്മോടാവശ്യപ്പെടുക. ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതും ക്രിസ്തു പരിത്രാണം ചെയ്ത മാനവകുലത്തിനു സ്വന്തപ്പെട്ടതുമായ ഒരു ലോകത്തെയാണു നാം അധിവസിക്കുന്നതു്. 1964-ൽ ബോബെയിൽ ചേർന്ന സെമിനാറിൽ റെയ്മണ്ഡ് പണിക്കർ ഇതേപ്പറ്റി സംസാരിക്കുകയുണ്ടായി:

"ക്രൈസ്തവൻ ദൈവത്തിലും അവിടത്തെ ശക്തിപാരമ്യത്തിലും പ്രതീക്ഷയർപ്പിക്കുന്നു. ആ ശക്തിക്കു് കല്ലുകളിൽ നിന്നു് അബ്രാഹത്തിനു സന്താനങ്ങളെ പുറപ്പെടുത്താൻ കഴിയും; മത്സ്യഗണത്തെ മുഴുവൻ അതിന്റെ ഉറവിടത്തിലേക്കു കൊണ്ടുപോകാനും അതിനു സാധിക്കും....ദൈവത്തിലും അവിടത്തെ രക്ഷയിലും ഞാൻ പ്രതീക്ഷവയ്ക്കുന്നെങ്കിൽ എന്റെ ആ പ്രതീക്ഷാപ്രകരണം ലോകത്തെ മുഴുവനുംകൊള്ളുന്നു എന്നു പറയാം. ദൈവം എന്നെ രക്ഷിക്കുമെന്ന പ്രതീക്ഷയും അപ്രകാരംതന്നെ അനുരേയും രക്ഷിക്കുമെന്ന പ്രതീക്ഷയും ത

---

1. LG. No. 48.

മ്മിൽ യാതൊരു വ്യത്യാസവും കല്പിക്കാൻ എനിക്കു വയ്യാ. ലോകത്തിനു് അനുലോമമായൊരു തുറന്ന മനഃസ്ഥിതി ഇതു സൂചിപ്പിക്കുന്നു. ലോകത്തെ നിഷേധിക്കുന്നവനോ അതിൽ നിന്നോടിയൊളിക്കുന്നവനോ അല്ല ക്രൈസ്തവൻ. അവന്നറിയാം ഈ വിശ്വം അപ്പാടെ ഈശ്വരങ്കലേയ്ക്കു പ്രത്യാഗമിക്കുമെന്നു്.[1]

നാളത്തെ ഇന്ത്യയെ പണിതുയർത്തുന്നതിനു നൽകുന്ന നിർണ്ണായകമായൊരു സംഭാവനയാണു് ക്രിസ്തീയമായ ആനന്ദവും പ്രത്യാശയും. ഏതു പ്രവർത്തനമണ്ഡലത്തിലും സഭയുടെ ഭൗതികസംഭാവന പരിമിതമായിരിക്കും; ചിലപ്പോൾ തീരെ നിസ്സാരവും. വെറും ഭൗതികസഹായത്തെക്കാൾ കൂടുതലായി എന്തോ ചിലതൊക്കെ ആവശ്യമുണ്ടു് പ്രശ്നങ്ങളുടെ പരിഹാരത്തിനു്. അംഗീകൃതമാനദണ്ഡളുടെ പുനഃപരിശോധന, ഒരു നവീനാഭിമുഖ്യം, യഥാർത്ഥമാനസാന്തരം—ഇവ ആവശ്യകമാണു്. സജീവമായ പ്രത്യാശയാൽ നനയിക്കപ്പെടാത്ത ഒരുവനും സാധ്യമല്ല ഇതു അടിസ്ഥാനപരമായൊരു വ്യതിയാനം വരുത്താൻ. പ്രതീക്ഷകൾ, മനുഷ്യരുടെ ജീവിതാശകൾ, ഒട്ടേറെ ഭൗതികമായി ഭവിച്ചിരിക്കുകയാണു്; പലതും തകർന്നടിയുന്നുമുണ്ടു്. അവയ്ക്കൊന്നും ശരിയായൊരു നവീകരണത്തിനു പ്രചോദനമേകാൻ കഴിവില്ല. പരാജയബോധവും നൈരാശ്യവും വൈരാഗ്യബുദ്ധിയുമാണു മിക്ക അസ്വസ്ഥതകൾക്കും അടിയിൽ കിടക്കുന്നതു്. ക്രൈസ്തവർ "വിശ്വാസംനിമിത്തം സന്തോഷത്താലും സമാധാനത്താലും നിറയണം; അങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പ്രതീക്ഷാഭരിതരാവണം" (റോമാ, 15: 12). 'വാഗ്ദാനത്തിന്റെ ഉടമ്പടിക്കു് അപരിചിതരായവർക്കും ലോകത്തിൽ ദൈവമില്ലാതെ, പ്രതീക്ഷയുമില്ലാതെ കഴിയുന്നവർക്കും ഉത്തേജനം പകർന്നുകൊടുക്കാൻ അവർ കഴിവുറ്റവരാകണം' (എഫേ. 2: 12). ഈ പ്രതീക്ഷയിൽനിന്നുറവെടുക്കണം പ്രവർത്തനത്തിനും ത്യാഗത്തിനും ആത്മാർപ്പണത്തിനുമുള്ള പ്രാഹർഷകപ്രചോദനം.

---

1. R. Panikkar, Relation of Christians to their non-Christian Surroundings, Ind. Ecc. Stud. 4 (1965) p. 317.

കൂടുതൽ വായിക്കുവാൻ

ഈ ഗ്രന്ഥത്തെ സംബന്ധിച്ച കൗൺസിൽ ഡിക്രീകളിലെ പ്രസക്തഭാഗങ്ങൾ താഴെ ചേർക്കുന്നു.

തിരുസ്സഭ—ജനതകളുടെ പ്രകാശം	"സഭ"	1
ദൈവരാജ്യം	"	5
സഭ ദൃശ്യവും അദൃശ്യവും	"	8
പുതിയ ഉടമ്പടി, പുതിയ ജനം	"	9
സഭയുടെ സാർവ്വത്രികതത്വം	"	13
സഭയുടെ പ്രേഷിതസ്വഭാവം	"	17
മെത്രാന്മാരുടെ വിവിധധർമ്മങ്ങൾ	"	24
വൈദികരുടെ ധർമ്മങ്ങൾ	"	28
അത്മായരുടെ പ്രേഷിതജീവിതം	"	33
ജനപദങ്ങളിലേയ്ക്ക് അയയ്ക്കപ്പെട്ട സഭ	"പ്രേഷിതപ്രവർത്തനം"	1
ക്രിസ്തുവിൽ പ്രേഷിതയായ സഭ	"	5
അത്മായരുടെ പ്രേഷിതപ്രവർത്തനം കൂടുതൽ തീക്ഷ്ണമാക്കേണ്ടതിന്റെ ആവശ്യകത	"അത്മായ പ്രേഷിതത്വം"	1

N. B. 1. കൂടുതൽ കോപ്പികൾക്ക് എഴുതുക;

Secretary, Regional Seminar
POC, Alwaye-3. വില 0.20

2. പുനഃപ്രകാശനത്തിനു പ്രത്യേകാനുവാദം ആവശ്യമില്ല.

പ്രശ്നാവലി

ചർച്ചകൾക്കാധാരമായി ഉപയോഗിക്കാവുന്ന ഏതാനും ചോദ്യങ്ങളാണ് താഴെ കൊടുക്കുന്നത്. ഉത്തരങ്ങൾ Secretariate, Regional Seminar, POC, Alwaye—3 എന്ന വിലാസത്തിലയയ്ക്കുക.

1. നിങ്ങളുടെ ഇടവകയുടെ / സ്ഥാപനത്തിന്റെ / ശുപതയുടെ ആവശ്യങ്ങളും വത്തിക്കാൻ രണ്ടിന്റെ പ്രമാണരേഖകളും പരിഗണിക്കുമ്പോൾ സഭ പ്രധാനമായി ഉന്നംവെക്കേണ്ട കാര്യങ്ങളേവയാണ്? പ്രാധാന്യമനുസരിച്ച് ഓരോന്നിനും, i, 2, 3.....എന്ന നമ്പരിടുക.

a) മതബോധനം കൂടുതൽ കാര്യക്ഷമമാക്കുക.

b) പാവപ്പെട്ടവരുടേയും തൊഴിലാളികളുടേയും കാര്യത്തിൽ യഥാർത്ഥമായ താല്പര്യം പ്രദർശിപ്പിക്കുക, കാര്യക്ഷമമായ സാമൂഹ്യസേവനപരിപാടികൾ പ്രാവർത്തികമാക്കുക.

c) മറ്റു മതക്കാരെ ക്രിസ്തുമതത്തിലേക്ക് ചേർക്കുക.

d) യാഥാർത്ഥമായ സ്നേഹവും നന്മയും നീതിയും സ്വജീവിതത്തിൽ പ്രാവർത്തികമാക്കി ക്രിസ്തുവിനു സാക്ഷ്യം വഹിക്കുക.

e) ഭാരതീയസംസ്കാരത്തിന്റെ സാധകമൂല്യങ്ങൾ സ്വീകരിക്കുകയും അങ്ങനെ സഭയെ ഇന്നാട്ടിൽ അവതീർണ്ണമാക്കുകയും ചെയ്യുക.

f) ദിവ്യാരാധനയിൽ എല്ലാവരെയും സജീവമായി പങ്കെടുപ്പിക്കുക.

g) കേരളസഭയിൽ ഇന്നുള്ള മത്സരവും ചേരിതിരിവും അവസാനിപ്പിച്ച് ക്രിസ്തുവിലുള്ള നമ്മുടെ ഐക്യവും സ്നേഹവും വ്യക്തമാക്കുക.

h) അല്മായർക്ക് സഭാജീവിതത്തിൽ അർഹമായ സ്ഥാനവും നേതൃത്വാവസരങ്ങളും നല്കുക.

i) മറ്റു ക്രൈസ്തവസഹോദരരോടും മതക്കാരോടും ചിന്താഗതിക്കാരോടും കൂടുതൽ ധാരണയും സമ്മേളനാഭാവവും പ്രദർശിപ്പിക്കുക; സംഭാഷണവും സഹകരണവും വളർത്തുക.

g) .....

2a) ഈ ലക്ഷ്യങ്ങൾ കേരളസഭ ഇന്ന് എത്രമാത്രം സാധിക്കുന്നുണ്ട്?—ഗണ്യമായി..... കുറെയൊക്കെ..... ഒട്ടുമില്ല.....

b) സാധിക്കുന്നെങ്കിൽ / സാധിക്കുന്നില്ലെങ്കിൽ കാരണങ്ങളേവ? പ്രാധാന്യമനുസരിച്ച് 1, 2, 3 എന്നിങ്ങനെ ഓരോന്നിനും നമ്പരിടുക. സ്വീകാര്യമല്ലാത്തതു വെട്ടിക്കളയുക.

i) ലക്ഷ്യബോധം / ലക്ഷ്യബോധത്തിന്റെ കുറവ്

{ വൈദികരുടെ
സന്യാസികളുടെ
അല്മായരുടെ

ii) പരിശീലനം / പരിശീലനരാഹിത്യം

{ വൈദികരുടെ
സന്യാസികളുടെ
അല്മായരുടെ

iii) സാമ്പത്തികകാരണങ്ങൾ

iv) പാരമ്പര്യം

v) നേതൃത്വം / നേതൃത്വത്തിന്റെ അഭാവം

രൂപതയിൽ..... ഇടവകയിൽ.....

സ്ഥാപനത്തിൽ.....

vi) മറ്റു ജനവിഭാഗങ്ങളുടെ അനുകൂല / പ്രതികൂലമനോഭാവം

3 മുൻപറഞ്ഞ ലക്ഷ്യങ്ങൾ കാര്യക്ഷമമായി സാധിക്കുന്നതിനു സഭ എന്തു പരിപാടികളാവിഷ്കരിക്കണം — കേരളാടിസ്ഥാനത്തിൽ.....

രൂപതാടിസ്ഥാനത്തിൽ.....

ഇടവകാടിസ്ഥാനത്തിൽ.....

4 സഭയുടെ ഇന്നത്തെ പ്രവർത്തനങ്ങളിലും അംഗങ്ങളിലും നിങ്ങൾ കാണുന്ന പ്രധാന പോരായ്മയെന്താണ്?

വൈദികരിൽ..... കന്യാസ്ത്രീകളിൽ.....

സന്യാസികളിൽ.....

അല്മായരിൽ / മുതിർന്നവരിൽ.....

ചെറുപ്പക്കാരിൽ.....

5 ഓരോരുത്തരിലും എന്തു മാറ്റമാണു നിങ്ങൾ അഭിലഷിക്കുന്നത്?

E

ഇന്നത്തെ ഇന്ത്യയിലെ സഭ

കേരള റീജിയനൽ സെമിനാർ

ഡിസംബർ 1968

പ്രബന്ധം E

ഇന്നത്തെ ഇന്ത്യയെ രൂപപ്പെടുത്തുന്ന മതാത്മകശക്തികൾ

ഫാദേഴ്സ് എൻ. ബാനെർജി, എസ്. ജെ.
ജെ. ഡിസൂസ, എ. ഹുവാർട്ട്, എൽ. കർവാലോ
തുടങ്ങിയ പലരും

സെക്രട്ടേറിയറ്റ്
കേരള റീജിയനൽ സെമിനാർ
പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ
ആലുവാ-3

ഉള്ളടക്കം

I മതാത്മകവൈവിധ്യം ...

1 വിഭാഗികവൈവിധ്യം ...

2 ആദ്ധ്യാത്മികവൈവിധ്യം ...

II മതാത്മകപ്രത്യുത്തരങ്ങൾ ...

1 ക്രിസ്തുമതം ...

2 ഹിന്ദുമതം ...

3 ഇസ്ലാം ...

4 സിക്കുമതം ...

5 ബുദ്ധജൈനമതങ്ങൾ ...

6 മാർക്സിസം ...

III ഉപസംഹാരം ...

INNATHE INDIAYE ROOPAPPEDUTHUNNA MATHATMAKA SHAKTHIKAL

Malayalam

An Abridged Version of
Orientation Paper E
RELIGIOUS FORCES
SHAPING INDIA TODAY

By Father N. Banerjee and others

Published by
Secretariat
Kerala Regional Seminar
Pastoral Orientation Centre
Alwaye-3

ഇന്നത്തെ ഇന്ത്യയെ രൂപപ്പെടുത്തുന്ന മതാത്മകശക്തികൾ

ഇന്നു ഭാരതത്തിൽ വിവിധശക്തികൾ പ്രവർത്തനനിരതമാണു്. വിവിധപ്രസ്ഥാനങ്ങളും സംഘടനകളും ആദർശങ്ങളും പാർട്ടികളും ജനസാധീനം അവകാശപ്പെടുകയും ജനങ്ങളുടെ പിൻതുണയ്ക്കുവേണ്ടി പരക്കംപായുകയും പലപ്പോഴും വിജയിക്കുകയും ചെയ്യുന്നു. ഈ അടുത്തകാലത്തു് രാഷ്ട്രീയതലത്തിൽ ഉത്തരവാദിത്വമുള്ളവരുടെ പാർട്ടി മാറ്റങ്ങൾ സാഹചര്യങ്ങളുടെ ഒഴുക്കിനു ശക്തിപകർന്നിട്ടുണ്ടു്. ഇന്നത്തെ ഇൻഡ്യയുടെ രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ അനിശ്ചിതാവസ്ഥകളുടെമദ്ധ്യേ, ഭാരതരൂപീകരണത്തിൽ എന്തെങ്കിലും സാധീനം ചെലുത്തുവാൻ സാധിക്കുന്ന മതാത്മകശക്തികളെ നിഷ്കൃഷ്യിക്കുവാനാണു് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നതു്. ഇൻഡ്യയുടെ ഭാവിയെ തിരിച്ചുവിടാൻ കഴിയുന്ന ആദ്ധ്യാത്മികവും മതാത്മകവുമായ ശക്തികളെ എങ്ങനെയാണു് സഭ വിലയിരുത്തേണ്ടതു്? സഭയുടെ ആദ്ധ്യാത്മികവും മതാത്മകവുമായ ചൈതന്യം രാജ്യത്തിന്റെ രൂപപ്പെടുത്തലിൽ എന്മാത്രം സഹായിക്കും?

സഭയുടേതല്ലാത്ത മതാത്മകശക്തികളോടു് അവളുടെ മനഃസ്ഥിതി എന്തായിരിക്കണം?

''ഒരേസമയം ദൃശ്യമായൊരു സംഘടനയും ആദ്ധ്യാത്മികമായൊരു സമൂഹവുമാണു് സഭ. സകല മനുഷ്യരുമൊത്തു പുരോഗമിക്കുകയും ഒരേ ഭൗമിക ഭാഗധേയത്തിൽ ലോകത്തോടൊത്തു് അവൾ പങ്കുകൊള്ളുകയും ചെയ്യുന്നു. സഭ മനുഷ്യസമുദായ

ത്തിന്റെ ആത്മാവും പുളിമാവുമെന്നവണ്ണം വിളിക്കപ്പെട്ടിരിക്കുകയാണു'' (1). അതിനാൽ മുകളിലുന്നയിച്ച ചോദ്യങ്ങൾ സഭയെ സംബന്ധിച്ചിടത്തോളം പ്രാധാന്യമേറിയവയാണു്. ഈ പ്രശ്നങ്ങൾക്കുത്തരം കാണാൻ ആദ്യംതന്നെ ഇൻഡ്യയുടെ ഇന്നത്തെ മതാത്മകരംഗത്തേയ്ക്കു നമുക്കു തിരിയാം. ഇവിടത്തെ ഏറ്റവും വലിയ സവിശേഷത മതാത്മകവൈവിധ്യമാണു് (religious pluralism). ഈ മതാത്മകവൈവിധ്യത്തെ രണ്ടു വ്യത്യസ്തതലങ്ങളിൽ വിശകലനംചെയ്യാം: ആദ്ധ്യാത്മികവും വിഭാഗികവും (denominational). ഈ ദ്വിവിധവിശകലനമായിരിക്കും ഈ പ്രബന്ധത്തിന്റെ ആദ്യഭാഗം. രണ്ടാമത്തേതു് വിവിധമതാത്മകസമീപനങ്ങളുടെ സംഗത്യത്തെപ്പറ്റിയും, ഐശ്വര്യപൂർണ്ണവും ഈശ്വരോന്മുഖവുമായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കുവാൻ മറ്റു മതവിഭാഗങ്ങളും മതസ്ഥരുമായി സഹകരിക്കുവാനുള്ള സഭയുടെ സാദ്ധ്യതയെപ്പറ്റിയുമായിരിക്കും.

I മതാത്മകവൈവിധ്യം

മതപരമായ ഐക്യം കൈമുതലായുള്ള മറ്റുരാജ്യങ്ങളിൽ നിന്നു വിഭിന്നമായി ഇൻഡ്യ വിവിധമതങ്ങളുള്ള ഒരു നാടാണു്. ഔദ്യോഗികമായ കണക്കനുസരിച്ചു് പാർസി-യഹൂദമതസമൂഹങ്ങളെക്കൂടാതെ ഭാരതത്തിൽ ആറു് വലിയ മതസമൂഹങ്ങൾ നിലവിലുണ്ടു്: ഹിന്ദുക്കൾ, മഹമ്മദീയർ ക്രിസ്ത്യാനികൾ, ബുദ്ധമതക്കാർ, ജൈനർ, സിക്കുകാർ എന്നിവർ. മനുഷ്യരെ പരസ്പരബന്ധമില്ലാത്ത വ്യക്തികളെന്നനിലയിൽ വിശുദ്ധീകരിക്കുവാനും രക്ഷിക്കുവാനുമല്ല ദൈവം നിശ്ചയിച്ചതു്; പ്രത്യുത, സത്യത്തിൽ തന്നെ അവർ അറിയുകയും വിശുദ്ധിയിൽ തന്നെ ശുശ്രൂഷിക്കുകയും ചെയ്യുവാൻവേണ്ടി അവരെ ഒരു ജനപദമാക്കാൻ അവിടന്നു തിരുമനസ്സായി'' (2). ഇതു് നമ്മെ അനുസ്മരിപ്പിച്ചശേഷം സഭയെപ്പറ്റിയുള്ള കൗൺസിൽരേഖ നമ്മെ ഉദ്ബോധിപ്പിക്കുന്നു: ''ദൈവജനമായ സഭ പ്രത്യക്ഷത്തിൽ എല്ലാ മനുഷ്യരേയും ഉൾക്കൊള്ളുന്നില്ലെങ്കിലും മനുഷ്യവംശത്തിനു മുഴുവനും ഐക്യത്തിന്റേയും പ്രതീക്ഷയുടേയും രക്ഷയുടേയും ശാശ്വതവും ഭദ്രവുമായ ഉറവായി നിലകൊള്ളുന്നു'' (3). കാരണം,

''എല്ലാ മനുഷ്യരും രക്ഷയിലേക്ക് ദൈവത്തിന്റെ കൃപയാൽ ക്ഷണിക്കപ്പെട്ടിരിക്കുകൊണ്ട്'' (4) മനുഷ്യകുലം മുഴുവൻ,സഭയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. എല്ലാ മനുഷ്യരുടേയും ആരംഭവും അന്ത്യവും ദൈവമാകയാൽ'' ഒരൊറ്റ സമൂഹത്തിൽപെട്ടവരാണ് സമസ്തജനങ്ങളും'' (5) എല്ലാമനുഷ്യർക്കും ക്രിസ്തുവുമായുള്ള അതിസ്വാഭാവിക ഐക്യത്തെക്കുറിച്ചും ദൈവത്തിനു പരമോന്നതമായ ബഹുമാനവും മഹത്വവും നല്കുവാൻ എല്ലാവർക്കുമുള്ള കടമയെക്കുറിച്ചും മനുഷ്യരെ ബോധവാന്മാരാക്കികൊണ്ട് സഭ അവളുടെ പ്രവർത്തനനിരതമായ സാന്നിദ്ധ്യംവഴി ഐക്യത്തിന്റെ 'പുളിമാവും' സമൂഹത്തിന്റെ കേന്ദ്രബിന്ദുവുമായി വർത്തിക്കുന്നു.

സഭയുടെ കേന്ദ്രസ്ഥാനത്തേയും മറ്റു മതസമൂഹങ്ങളോടുള്ള അവളുടെ ചൈതന്യപൂർണ്ണമായ ബന്ധത്തേയും രണ്ടു വീക്ഷണവീഥികളിലൂടെ നോക്കിക്കാണുവാൻ സാധിക്കും. ഒന്നാമത്തേത്, ഓരോ മതങ്ങൾക്കും പ്രത്യേകമായുള്ള തത്വസംഹിതകളും പ്രബോധനങ്ങളുമാണ്. ഇവിടെ സഭയും ഇതരമതസമൂഹങ്ങളും വീക്ഷിക്കപ്പെടുക പ്രത്യേകം പ്രത്യേകമായ ദൈവശാസ്ത്രങ്ങളും വിശ്വാസസംഹിതകളുമുള്ള മതസംഘടനകളായിട്ടാണ്. വിഭാഗികവൈവിധ്യ(denominational pluralism)ത്തിന്റെ തലത്തിലായിരിക്കും അപ്പോൾ നമ്മുടെ നില. രണ്ടാമത്തെ വീക്ഷണവീഥി വ്യക്തിപരമായ ബോദ്ധ്യങ്ങളുടേതും ആദ്ധ്യാത്മിക ചിന്താശക്തിയുടേതുമാണ്. അപ്പോൾ നമ്മുടെ നില ആദ്ധ്യാത്മികവൈവിധ്യ(spiritual pluralism)ത്തിന്റെ മണ്ഡലത്തിലും,

1 വിഭാഗികവൈവിധ്യം

(Denominational Pluralism)

ഐക്യത്തിന്റെ അടയാളമെന്നനിലയ്ക്ക് ആർഷഭാരതത്തിന്റെ ജീവാത്മാവാകുവാനുള്ള പരിപാവനമായ കടമ സഭയ്ക്കുണ്ട്: ''കർത്താവിന്റെ ശരീരവും പരിശുദ്ധാത്മാവിന്റെ ആലയവുമായ ദൈവജനത്തിൽ ലോകംമുഴുവൻ (ഇൻഡ്യ മുഴ

വനും) വന്നുചേരുവാൻവേണ്ടി സഭ ഒന്നാകെ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ഇതുവഴിയായി പ്രപഞ്ചത്തിന്റെയെല്ലാം സ്രഷ്ടാവും പിതാവുമായ ദൈവത്തിനു് സകല മനുഷ്യരേയും ശിരസ്സായ ക്രിസ്തുവിൽ എല്ലാ മഹത്വവും ബഹുമാനവുമുണ്ടാകട്ടെ. (6). അങ്ങനെ സഭ മനുഷ്യകുലത്തിന്റെ കേന്ദ്രബിന്ദുവാണു്. കേന്ദ്രബിന്ദുവായ സഭയ്ക്കുചുറ്റും ഇതരമത വിഭാഗങ്ങളും നിലയുറപ്പിച്ചിട്ടുണ്ടു്. സഭയോടുള്ള ഇവയുടെ അടുപ്പം നിശ്ചയിക്കുക മതപാനങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും അവയ്ക്കു് സഭയോടുള്ള അടുപ്പത്തെ അടിസ്ഥാനമാക്കിയാണു്. ''ക്രിസ്തുവുമായി ബന്ധിക്കുന്ന ജ്ഞാനസ്നാനത്താൽ അടയാളപ്പെടുത്തപ്പെട്ട'' (7) വരായ ഇതര ക്രൈസ്തവവിഭാഗങ്ങളും പഴയ ഉടമ്പടിയിലെ ദൈവജനമായിരുന്ന യഹൂദരും ഏറെ അടുത്തുവരുന്നു. പിന്നീടു് മുഹമ്മദീയർ. അടുത്തതായി ഹൈന്ദവരും ബൗദ്ധരും സിക്കുകാരും ജൈനരും ബന്ധപ്പെടുത്തും വികസിക്കുന്നതനുസരിച്ചു് പ്രത്യേകമായി യാതൊരു മതത്തോടും മമതകാണിക്കുന്നില്ലെങ്കിലും ചില ആദ്ധ്യാത്മികമൂല്യങ്ങൾവച്ചു പുലർത്തുകയും ഏതാണ്ടു ബോധപൂർവ്വം ഒരു പരമസത്തയുടെ അസ്തിത്വത്തിൽ വിശ്വസിക്കുകയും അതിനെ ബഹുമാനിക്കുകയും ചെയ്യുന്ന ഒരു വലിയ ജനവ്യൂഹത്തെ സഭ കണ്ടുമുട്ടും. ഇവരോടടുത്തുനില്ക്കുന്നവരാണു് മതനിഷ്കക്ഷതയുടെ നിഴലാട്ടമുള്ള അജ്ഞേയവാദികൾ. ഇവർ മതത്തിനെതിരല്ല. എന്നാൽ അതിന്റെ അവശ്യം അവർ കാണുന്നുമില്ല. അവസാനമായി, മതത്തെ എതിർക്കുന്ന ഒരു വിഭാഗമാളുകളുണ്ടു്. ഇവരുടെ വീക്ഷണത്തിൽ മതം പുരോഗതിക്കു് വിലങ്ങുതടിയാണു്. വിപ്ലവം വേണ്ടിടത്തു് അതു പ്രശാന്തത പ്രസംഗിക്കുന്നു. അന്ധവിശ്വാസങ്ങൾവഴി ശാസ്ത്രീയപുരോഗതിയ്ക്കു കൂച്ചുവിലങ്ങിടുന്നു.

വൈവിധ്യമിയന്ന ഈ കാഴ്ചപ്പാടുകളെ കണക്കെടുപ്പുവഴി വിലയിരുത്താൻ സാദ്ധ്യമല്ല: ഔദ്യോഗികമായ കണക്കുകളിൽ ഒതുക്കിനിറുത്താവുന്നതല്ല, വ്യക്തിപരമായ വീക്ഷണങ്ങളും ബോദ്ധ്യങ്ങളും. അജ്ഞേയവാദികളെയും നിരീശ്വരപ്രസ്ഥാനക്കാരേയും നിയതമായി എണ്ണിത്തിട്ടപ്പെടുത്തുവാൻ ഒരു കണക്കെടുപ്പിനും കഴിയുകയില്ല.

വാസ്തവംപറഞ്ഞാൽ, വിഭാഗികമായ തരംതിരിക്കലിൽ (denominational classification)ത്തന്നെ വസ്തുനിഷ്ഠതയുടെ അഭാവംഅനുഭവപ്പെട്ടുണ്ട്. ഇതു വ്യക്തികളുടേതിനേക്കാൾ വിശ്വാസങ്ങളുടെ തരംതിരിക്കലാണു്. ആധുനികഭാരതത്തെ രൂപപ്പെട്ടുത്തുന്ന മതാത്മകശക്തികളെപ്പറ്റി പറയുമ്പോൾ വിശിഷ്യ വിശകലനംചെയ്യേണ്ടതു്, ഒരുവൻ വിശ്വസിക്കുന്ന തത്വസംഹിതകൾ അവന്റെ അനുദിനജീവിതത്തിന്മേലും അവരുൾപ്പെടുന്ന സമൂഹത്തിന്മേലും എമ്മാത്രം സ്വാധീനം ചെലുത്തുന്നു എന്നുള്ളതാണു്. ഉദാഹരണമായി ''മായാവാദവും'' പുനർജന്മവിശ്വാസവും എത്ര ഹിന്ദുക്കളെ അവരുടെ പെരുമാറ്റത്തിൽ സ്വാധീനിക്കുന്നു? തങ്ങൾ ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗങ്ങളാണെന്ന അവബോധത്തിനനുസൃതമായി എത്ര ക്രിസ്ത്യാനികൾ അവരുടെ ജീവിതത്തെ കരുപ്പിടിപ്പിക്കുന്നുണ്ടു്? അതുകൊണ്ടു് വിശ്വാസസംഹിതകളുടേയും സിദ്ധാന്തങ്ങളുടേയും തലത്തിൽനിന്നും ഭാരതത്തെ വീക്ഷിച്ചശേഷം ആദ്ധ്യാത്മികചൈതന്യത്തിനേറെതായ പ്രാധാന്യമേറിയ കാഴ്ചപ്പാടിലൂടെയും ഇതിനെ വീക്ഷിക്കേണ്ടതുണ്ടു്.

2. ആദ്ധ്യാത്മികവൈവിധ്യം

(Spiritual Pluralism)

ആദ്ധ്യാത്മികവൈവിധ്യവും വിഭാഗികവൈവിധ്യവും വ്യത്യസ്തങ്ങളാണു്. ഒരേ മതവിഭാഗത്തിൽത്തന്നെ ആദ്ധ്യാത്മികമായ വൈവിധ്യം ദൃശ്യമാകാം. ശ്ലൂപ്പബന്ധത്തെക്കാൾ ആഴമേറിയ ആദ്ധ്യാത്മിക അടുപ്പം വിവിധവിഭാഗത്തിൽപ്പെട്ട ആളുകൾക്കിടയിൽ സൃഷ്ടിക്കാൻ ഈ ആദ്ധ്യാത്മികവൈവിധ്യത്തിനു കഴിഞ്ഞെന്നുംവരാം. ഒരുവിധത്തിൽ ഈ ആദ്ധ്യാത്മികവൈവിധ്യപ്രതിഭാസത്തിന്റെ കേന്ദ്രവിന്ദുവാണു സഭ. കാരണം, സഭയിലൂടെയാണു് ദൈവത്തിനും മനുഷ്യനുമിടയ്ക്കുള്ള ഏകമദ്ധ്യസ്ഥനായ ക്രിസ്തു എല്ലാ മനുഷ്യരിലും നിഗൂഢമായി പ്രവർത്തിക്കുന്നതു്. തെറ്റുകളും കുറവുകളുമുള്ള സഭ, അവളെ സജീവമാക്കുന്ന അരൂപിയോടു പൂർണ്ണമായി സഹകരിക്കുന്നതിൽ ഒരിക്കലും വിജയിക്കാറില്ല. അതുകൊണ്ടു് ക്രിസ്തുവിന്റെ

മുഖത്തെ വെളിപ്പെടുത്തുന്നതിനുപകരം ചിലപ്പോഴെല്ലാം അവൾ മറയ്ക്കാറുണ്ട്. ഇക്കാരണത്താലാണ് ''ലോകത്തിന്റെ മുമ്പിൽ ക്രിസ്തുവിന്റെ അടയാളമായ സഭ കൂടുതൽ വിളങ്ങി പ്രകാശിക്കുന്നതിനുവേണ്ടി അവൾ തന്റെ അരുമസന്താനങ്ങളെ ആത്മനവീകരണത്തിനു് അനുസൃതം ഉത്ബോധിപ്പിക്കുന്നതു്'' കൂടുതൽ ഉദാത്തമായ സ്നേഹത്തിലേക്കു സഭയെ മുഴുവൻ മാടിവിളിക്കുന്ന അരൂപിയുടെ ആന്തരികസ്പന്ദമാണിതു്. ഈ ആദ്ധ്യാത്മികവും മതാത്മകവുമായ പ്രതിഭാസം സഭയിൽ മാത്രമല്ല ഉള്ളതു്. സഭയ്ക്കുപുറമേയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം പ്രകടമാണു്. സഭയിലെന്നപോലെതന്നെ പുറമേയും അരൂപിയുടെ പ്രേരണകൾ പ്രത്യുത്തരം സ്വീകരിക്കുന്നുണ്ടു്. ഈ പ്രത്യുത്തരങ്ങളിൽ തെളിഞ്ഞുകാണുന്ന ഉദാരതയുടെ ഏറ്റക്കുറച്ചിലുകളാണു് ആദ്ധ്യാത്മികവൈവിധ്യത്തിനു നിദാനം.

സഭയ്ക്കുള്ളിലും സഭയ്ക്കു വെളിയിലും ചിലരെ സംബന്ധിച്ചിടത്തോളം മതം അടിയുറച്ച വ്യക്തിപരമായ ബോദ്ധ്യത്തിലധിഷ്ഠിതമാണു്. ഇവരുടെ വിശ്വാസം ദൈവവുമായുള്ള ഒരു യഥാർത്ഥസമാഗമ (encounter) മായിരിക്കും. ഇവരുടെ അസ്തിത്വത്തിന്റെ സജീവവും അതുല്യവുമായ കേന്ദ്രബിന്ദു ദൈവമാണു്. അങ്ങനെ ദൈവത്തിന്റെ സ്വന്തമായിത്തീരുന്ന ഇവരുടെ പ്രാർത്ഥനയും ആരാധനയും ആത്മസമർപ്പണവുമെല്ലാം പ്രവൃത്തികളിൽ നിഴലിച്ചുകാണുവാൻ സാധിക്കും. ഇവരാണു് യഥാർത്ഥത്തിൽ ദൈവമക്കൾ.

ധ്യാനപരമായ ഈശ്വരസാക്ഷാത്കാരത്തിന്റെ അളവു കുറയുമെങ്കിലും സഹജീവികളുടെ സമുന്നതിയ്ക്കുവേണ്ടി സമർപ്പണജീവിതം നയിക്കുന്നവരാണു മറ്റു ചിലർ. ഇക്കൂട്ടരുടെ ജീവിതത്തിൽ ദൈവവുമായുള്ള ബന്ധം ഏറിയോ കുറഞ്ഞോ പ്രകടമായിരിക്കും. സഹോദരങ്ങൾക്കുവേണ്ടിയുള്ള ഇവരുടെ കലവറയില്ലാത്ത ഉദാരമനഃസ്ഥിതി പതിവായുള്ള പ്രാർത്ഥനാജീവിതത്തിൽനിന്നും വിശ്വസ്തതാപൂർവ്വകമായ മതാനുഷ്ഠാനത്തിൽനിന്നും ഉരുത്തിരിയുന്നതായിരിക്കും. ഇവർ 'ഭക്തി' കുറഞ്ഞവരും ആചാരാനുഷ്ഠാനങ്ങൾക്കു് അത്ര വലിയ പ്രാധാന്യമൊന്നും കല്പിക്കാത്തവരുമാകാം. ഇവരുടെ നോട്ടത്തിൻ, അനുഷ്ഠാനങ്ങളും

ആചാരങ്ങളുമല്ല മതത്തിന്റെ ഏറ്റവും പ്രധാന ഘടകം. മതം പ്രഥമവും പ്രധാനവുമായി വിനയാന്വിതമായ ഒരു നിസ്വാർത്ഥ സേവനമാണ്. ''എന്റെ ഈ ഏറ്റവും എളിയ സഹോദരരിൽ ഒരുവനു് ഇതു നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയത്രേ ചെയ്തതന്നതു്'' (3) എന്ന കർത്താവിന്റെ ദിവ്യവചസ്സുകൾ അറിഞ്ഞോ അറിയാതെയോ ഇവർ സ്വജീവിതത്തിൽ പകർത്തുന്നു.

ഈ രേഖയിടെ താഴ്ന്നനിലയിലുള്ള ദൈവാവബോധത്തിൽ മതം വെറും സ്വാർത്ഥതയുടെ താലോലിക്കലായി തരംതാഴുന്നു. ഇതു് സ്വന്തം മുക്തിയ്ക്കോ രക്ഷയ്ക്കോ വേണ്ടിയുള്ള തത്രപ്പെടലാണു്. ബാഹ്യാചാരങ്ങൾക്കു് ഇവിടെ അമിതമായ പ്രാധാന്യം കല്പിക്കപ്പെടുന്നു. യോഗ്യതാസമ്പാദനത്തിലാണു് അവരുടെ സർവ്വശ്രദ്ധയും. പരസേവനസംരംഭങ്ങൾപോലും യോഗ്യതാസമ്പാദനത്തിനും സ്വന്തം രക്ഷ സുരക്ഷിതമാക്കുന്നതിനുമുള്ള ഒരു ഉപായമാത്രം.

മതം ഇനിയും തരംതാഴാവുന്നതാണു്. ഭൗതികനേട്ടങ്ങൾ കരസ്ഥമാക്കുവാനുള്ള മാർഗ്ഗമായിമാത്രം മതസേവ നടത്തുന്ന ചിലരുണ്ടു്. വ്യാപാരത്തിന്റെ വിജയത്തിനായി അമ്പലത്തിൽ അർച്ചന നടത്തുന്നവരും കായികമത്സരങ്ങളിൽ ഒന്നാംസ്ഥാനം കിട്ടുവാൻ നൊവേന കഴിക്കുന്നവരും ഇക്കൂട്ടത്തിലുണ്ടു്. ദൈവം ഭൗതികനന്മകളുടെ ദാതാവുമാത്രം. വേറൊരു പ്രാധാന്യവുമില്ല ദൈവത്തിനു്.

അവസാനമായി, മതനിഷ്ഫക്ഷത ദൈവത്തെ മാറിനിറുത്തിയിട്ടു് കഴിയുന്നത്ര സുഖലോലുപരായി ജീവിക്കാൻ ചിലർ പരിശ്രമിക്കുന്നു. ജീവിതലക്ഷ്യത്തിനു് കാര്യമായ പരിഗണനയൊന്നും ഇവർ നല്കുന്നില്ല. സമുദായത്തെ സംതൃപ്തിപ്പെടുത്തുവാൻ പരമ്പരാഗതമായ ചില ചില്ലറ ചടങ്ങുകളിലൊക്കെ പങ്കുചേരുന്നുവരാം, അത്രമാത്രം.

നാം ഇപ്പോൾക്കണ്ട പ്രവണതകൾ വിഭാഗികവൈവിധ്യങ്ങളുടെ തലത്തിലല്ല. കാരണം, ഈ പ്രവണതകൾ എല്ലാ മത വിഭാഗത്തിലും ദൃശ്യമാണു്. ഈ വ്യത്യാസത്തെ അടിവരയിട്ട

കാണിക്കുക അത്യാവശ്യമാണ്. കാരണം വിവിധമതവിശ്വാസങ്ങളുൾക്കൊള്ളുന്ന തത്വസംഹിതകളെ ദൈവശാസ്ത്രപരമായി വിശകലനംചെയ്യൽ, മതവൈവിധ്യങ്ങളുടെ തലത്തിൽമാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് സഭയുടെ ദൗത്യത്തെ നിർണ്ണയിക്കുവാൻ ശ്രമിച്ചാൽ അനാവശ്യമായ തത്വവിചാരത്തിൽ സമയം ചില വഴിക്കുകയായിരിക്കും ചെയ്യുന്നത്. ദൈവശാസ്ത്രവിശകലനം അടിയന്തിരാവശ്യംതന്നെ. എന്നാൽ ഈ വിശകലനത്തിന്റെയൊക്കെ കേന്ദ്രബിന്ദു ജീവനുള്ള സ്ഥൂലമനുഷ്യനായിരിക്കണം.

വിഭാഗികവൈവിധ്യത്തിനെന്നപോലെ ഇവിടെ ഏകകേന്ദ്രകവൃത്തങ്ങളുടെ സാദൃശ്യം ഉപയോഗിക്കുന്നപക്ഷം രണ്ടും തമ്മിൽ യോജിക്കുന്നില്ലെന്നു കാണുവാൻ സാധിക്കും. കാരണം, അരൂപിയുടെ പ്രവർത്തനങ്ങൾക്കു പ്രത്യേക പ്രതിബന്ധമൊന്നുമില്ലാത്ത കേന്ദ്രവൃത്തം പല മതവിഭാഗങ്ങളിൽപ്പെട്ട അംഗങ്ങളുടെ ഒരു സമൂഹമാണ്. കേന്ദ്രവൃത്തത്തിലേയ്ക്കാകർഷിതമായി അതിനുചുറ്റും ചംക്രമണംചെയ്യുന്ന ഏകാക്ഷവൃത്തങ്ങളെപ്പറ്റിയും ഇതുതന്നെ പറയേണ്ടിയിരിക്കുന്നു. ആദ്ധ്യാത്മികവൈവിധ്യത്തെ ക്രമപ്രമായി എണ്ണിത്തിട്ടപ്പെടുത്തുന്നതു് വിഭാഗികവൈവിധ്യത്തെ എണ്ണിതിട്ടപ്പെടുത്തുന്നതിനേക്കാൾ അസാദ്ധ്യമാണ്.

ഇന്നു് ഇൻഡ്യയിൽ പ്രവർത്തനനിരതമായിരിക്കുന്ന മതാത്മകശക്തികളെ വിലയിരുത്തി മൂല്യനിർണ്ണയംചെയ്യുവാൻ പദമൂന്നിനില്ക്കേണ്ട പശ്ചാത്തലം ഇതാണ്. അതിസ്വാഭാവികതലത്തിൽനിന്നു വീക്ഷിച്ചാൽ എല്ലാ ശക്തികളും പ്രവണതകളും സംരംഭങ്ങളും — മതപരമല്ലാത്തതുപോലും — ചരിത്രത്തിൽക്കൂടിയുള്ള ദൈവികാഹ്വാനത്തിനു മനുഷ്യർ നൽകുന്ന പ്രത്യുത്തരമാണെന്നു കാണുവാൻ കഴിയും. ദൈവികാഹ്വാനം ചിലപ്പോഴൊക്കെ ഒരു വെല്ലുവിളിയുടെ രൂപത്തിൽ പ്രത്യക്ഷപ്പെടാറുണ്ട്. എന്നാൽ ഇതിനെ വ്യത്യസ്തമായാണ് വ്യക്തികളും സമൂഹങ്ങളും മനസ്സിലാക്കുന്നതു്. ഈ വെല്ലുവിളിയുടെ അർത്ഥവ്യാപ്തി പൂർണ്ണമായി മനസ്സിലാക്കിയെന്നു് ഒരുവനും അവകാശപ്പെടാവുന്നതല്ല. അതിനാൽ മനുഷ്യർ നൽകുന്ന പ്രത്യുത്തരത്തിലെല്ലാം അസ്പഷ്ടതയുടെ അംശം ദൃശ്യമാണ്. സുഖസമൃദ്ധി

ണ്ടുവേണ്ടിയുള്ള മനുഷ്യന്റെ യഥാർത്ഥപരിശ്രമത്തെ പങ്കിലമാക്കുകയും സത്യാവസ്ഥയെ വികലമാക്കിക്കാണിക്കുകയും ചെയ്യുന്ന നാരകീയശക്തികളും, മാനുഷികബലഹീനതയും മനുഷ്യരാശിയുടെ പരിപൂർത്തിയിലേക്കുള്ള തീർത്ഥാടനം നീണ്ടുനില്ക്കുന്നിടത്തോളംകാലം പ്രവർത്തനനിരതമാണെന്നതാണിതിനു കാരണം. ഈ അസ്പഷ്ടത സഭയുടെ അകത്തും പുറത്തും കാണുന്ന ഒരു പ്രതിഭാസമാണ്, ഈ ബോധം പ്രശംസയിൽ വിവേകവും ശിക്ഷാവിധിയിൽ സമനിലയും പാലിക്കുന്നതിനു നമ്മെ സഹായിക്കും.

II മതാത്മക പ്രത്യുത്തരങ്ങൾ

ദൈവികാഹ്വാനം കേവലം താത്വികമായ ഒന്നല്ല. അൻപതുകോടി ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു രാജ്യമാണ് ഇൻഡ്യ. ഇരുപതു വർഷങ്ങൾക്കുമുമ്പാണ് അവൾ രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയതു്. ഹിന്ദു-മുസ്ലീം വൈരാഗ്യത്തിന്റെ പേരിൽ നടന്ന ഒരു രാഷ്ട്രീയവിഭജനമാണ് ഇതിനു നാം കൊടുക്കേണ്ടിവന്ന വില. ഇന്നു് ഇൻഡ്യ ദാരിദ്ര്യം, സാമുദായികാസമത്വം, ജനപ്പെരുപ്പം, ഭാഷാപ്രശ്നവും സാമുദായികവുമായ അനൈക്യം എന്നീ പ്രശ്നങ്ങളാൻ ഞെളിപിരികൊള്ളുകയാണ്. സാമുദായിക സമത്വവും സമ്പൽസമൃദ്ധിയും മുമ്പിൽക്കണ്ടുകൊണ്ടു് മതേതര സോഷ്യലിസ്റ്റ് വ്യവസ്ഥിതിയെയാണ് അവൾ സമാശ്ലേഷിച്ചിരിക്കുന്നതു്. എന്നാൽ ലക്ഷ്യപ്രാപ്തിയ്ക്കു് ഇനിയും വളരെ ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു.

പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു രാജ്യമെന്ന നിലയ്ക്കു് ഈ ശാസ്ത്രീയസാങ്കേതികയുഗത്തിൻ ആധുനികസംസ്കാരത്തിനു് ഇൻഡ്യയ്ക്കു് അവളുടേതായ സംഭാവനകൾ സമ്മാനിക്കുവാൻ കഴിയും. പ്രിദ്രവാസനകളുടെയും സമർത്ഥമായ നേതൃത്വമില്ലായ്മയുടേയും മദ്ധ്യേ കുഴഞ്ഞുമറിഞ്ഞു് താറുമാറായ ഒരു സ്ഥിതിയിലാണ് ഇന്നു നമ്മുടെ രാജ്യം. സാമുദായികാസമത്വം അഴിഞ്ഞാട്ടം നടത്തുകയാണ്. അസംതൃപ്തിയുടെ അലർച്ചകൾ അങ്ങിങ്ങായി ഉയരുവാൻ തുടങ്ങിയിട്ടുണ്ട്. സത്വരശ്രദ്ധയർഹിക്കുന്ന ഭൗതികകടമകളുടെ വെളിച്ചത്തിൽ സനാതനവും

ആദ്ധ്യാത്മികവുമായ മൂല്യങ്ങളുടെ പ്രസക്തി അത്രതന്നെ വ്യക്തമല്ല. ഒന്നിനൊന്നിനു് മതേതരമായി മാറിക്കൊണ്ടിരിക്കുന്ന ഇൻഡ്യയിലാണു നാം വസിക്കുന്നതു്. ഈ ചരിത്ര പശ്ചാത്തലത്തിലാണു് ദൈവരാജ്യം സംസ്ഥാപിതമാകേണ്ടതു്.

എല്ലാ മതാത്മക പ്രത്യുത്തരങ്ങളിലും പ്രകടമാകുന്ന മൂന്നു സുപ്രധാന സവിശേഷതകൾ സദാ നമ്മുടെ സ്മരണയിൻ വേരുറച്ചിരിക്കണം നമ്മുടെ വിശകലനം വിജയപ്രദമാകാൻ: അതിന്റെ താത്വികവശം, ഓരോ മതത്തിന്റേയും അംഗങ്ങളിൽ പ്രത്യക്ഷമാകുന്ന ആദ്ധ്യാത്മിക ചൈതന്യം, മാനുഷിക പ്രത്യുത്തരത്തിന്റെ അനിവാര്യമായ അവ്യക്തത.

I. ക്രിസ്തുമതം

''സമുദായത്തിന്റെ ആത്മാവും കുഴമാവുമായ സഭ'' സേവിക്കുവാനാണു് വിളിക്കപ്പെട്ടിരിക്കുന്നതു്: ഈ ദൗത്യനിർവഹണത്തിനു് സഭ എവ്വിധമായിരിക്കണമെന്നതല്ല, ഇപ്പോൾ എവ്വിധമാണെന്നതാണു് നമ്മുടെ പഠന വിഷയം. സഭാജീവിതത്തെയും പ്രവർത്തനങ്ങളെയും നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന മതാത്മകശക്തികളേവ? അവളുടെ പ്രവർത്തനങ്ങളുടെ സ്പഷ്ടമോ അസ്പഷ്ടമോ ആയ പ്രചോദനകാരണങ്ങളേവ?

എ. ധ്യാനാത്മകമായ ആദർശം: (The Contemplative Ideal)

സഭാജീവന്റെ ശക്തികേന്ദ്രമായിട്ടാണു് ധ്യാനാത്മകാദർശത്തെ ഇവിടെ എടുത്തുകാട്ടുക. ഇതു് അരുപിക്കിട്ടിയ ഒരു ജീവിതമാണു്. ഏതാനും ചില തത്വങ്ങളുടെ സ്വീകരണമല്ല ഇതു്. പ്രത്യുത, ''ഏകമായ അരുപിയിൽ ക്രിസ്തുവഴി പിതാവിനെ സമീപിക്കാൻ നമ്മെ പ്രാപ്തരാക്കുന്ന'' (9) മാമ്മോദീസാമൂലം നമുക്കു സുസാധമാകുന്നതും ക്രിസ്തുവിൻറോടു നോടനരുപപ്പെട്ടതുമായ ഒരു ജീവിതാനുഭവമാണു്. ഈ ജീവിതാനുഭവം ഭാരതസഭയുടെ ജീവിതത്തിൽ എമ്മാത്രം തെളിഞ്ഞു

കാണുന്നുണ്ട്? ഇൻഡ്യയിൽ ക്രിസ്തുമതം പ്രധാനമായും ഒരു പ്രവർത്തനമാർഗ്ഗമായിട്ടല്ലേ കാണപ്പെടുന്നതു്? മനുഷ്യജീവിതത്തിന്റെ ദൈവകേന്ദ്രീകൃതത്തിനും മനുഷ്യാന്യൂനപൂർത്തീകരണത്തിന്റെ സർവ്വാതീതഭാവത്തിനും (transcendence) നൽകേണ്ട സാക്ഷ്യത്തെക്കാൾ കൂടുതൽ പ്രാധാന്യം പ്രവർത്തനങ്ങളുടെ ഉടനടിയുള്ള വിജയത്തിനാണു നാം നൽകുന്നതെന്നു് സമ്മതിക്കേണ്ടിവരും ഈ ചോദ്യത്തിനു് ഉള്ളുതുറന്നുത്തരം നൽകുകയാണെങ്കിൽ.

ബി. മാനസാന്തരപ്രവർത്തനങ്ങൾക്കുള്ള പ്രേരണ:

ഇതു് എന്നും ഭാരതസഭയിലെ പ്രബലമായൊരു പ്രേരണാശക്തിയാണു്. സഭയ്ക്കു വെളിയിലും മനുഷ്യരക്ഷ സാദ്ധ്യമാണെന്ന കൗൺസിൽ പ്രഖ്യാപനം ചിലരിൽ ഉളവാക്കിയ 'അങ്കലാപ്പു്' ഇതിനുത്തമമായ തെളിവാണു്. സുവിശേഷപ്രഘോഷണവും ജ്ഞാനസ്നാനവുമെല്ലാം, എക്കാലത്തേയുംപോലെ ഈ ആധുനികകാലത്തും ആവശ്യകമാണു്. കൗൺസിൽ ഈ സത്യം തുറന്നു പ്രഖ്യാപിച്ചിട്ടുമുണ്ടു്. എന്നാൽ ഈ അടുത്ത ഭാവിയിലെങ്ങും ഭാരതം ക്രൈസ്തവമാകുമെന്നു വിചാരിക്കുവാൻ ന്യായമില്ല. അഥവാ ഇനി ഭാരതം ക്രൈസ്തവമായാൽത്തന്നെ സഭയുടെ ദൗത്യനിർവഹണത്തിലടങ്ങിയിരിക്കുന്ന പ്രശ്നങ്ങൾക്കൊരു പരിഹാരമാകയില്ല, അതു്. ഇതുവരെയുള്ള നമ്മുടെ 'മിഷൻ' സമീപനത്തിൽ ശരിയായ വീക്ഷണത്തിന്റെ അഭാവമുണ്ടായിരുന്നില്ലേ? സഭയുടെ പ്രഥമവും പ്രധാനവുമായ കടമ സുവിശേഷപ്രഘോഷണമാണെന്നു് നാം ആവർത്തിച്ചാവർത്തിച്ചു പറയുന്നു. എന്നാൽ നാം പ്രസംഗിക്കേണ്ടതുപോലെ പ്രസംഗിച്ചിട്ടുണ്ടോ? ആഫ്രിക്കയിലെ അതിപുരാതനമായ പാരമ്പര്യങ്ങളെ കണക്കിലെടുത്തുകൊണ്ടും അവയോടു് ആദരവും ബഹുമാനവും പുലർത്തിക്കൊണ്ടുമാണോ നാം ഭാരതമക്കളോടു സുവിശേഷം പ്രസംഗിച്ചതു്? ശ്രോതാക്കളുടെ ആശയാഭിലാഷങ്ങളെയും മാനസികപരിതോവസ്ഥകളെയും മനസ്സിലാക്കാൻ നാം ശ്രമിച്ചിട്ടുണ്ടോ? ഇനി, യഥാർത്ഥത്തിൽ സുവിശേഷമാണോ നാം അവരോടു പ്രസംഗിച്ചതു്? അതോ, കൗദാശികവും ദൈവ

ശാസ്ത്രപരവുമായ അടിസ്ഥാനങ്ങളിൽനിന്നു വേർപെട്ട കേവ ധാർമ്മികനിയമങ്ങൾ വിശ്വാസികളുടേയും നവവിശ്വാസികളുടേയും മേൽ അടിച്ചേല്പിക്കുവാനാണോ നാം ശ്രമിച്ചിട്ടുള്ളതു്? വെറും കേവ ആചാരങ്ങളുടെ ആകെത്തുകയായി മതത്തെ തരംതാഴ്ത്തുവാൻ നാം ശ്രമിച്ചിട്ടില്ലേ? അജഗണത്തിന്റെ ആദ്ധ്യാത്മികാവശ്യങ്ങൾക്കു് സ്വാർത്ഥകേന്ദ്രീകൃതവും ഉൾക്കനമില്ലാത്തതുമായ കേവ ഭക്തഭ്യാസങ്ങൾ ഉപദേശിച്ചുകൊടുത്തു് നാം തൃപ്തിയടഞ്ഞിട്ടില്ലേ?

മറ്റു മതങ്ങളോടുള്ള നമ്മുടെ സമീപനത്തിൽ വിശാലവീക്ഷണത്തിന്റെ അഭാവം ഉണ്ടായിട്ടുണ്ടു്. ആധിപത്യാഭിവാഞ്ഛയാണു് നമ്മിൽ മുന്നിട്ടുനിന്നിട്ടുള്ളതു്. മറ്റു മതങ്ങളെ തല്ലിത്തകർത്തു തരിപ്പണമാക്കേണ്ട കോട്ടകളായി നാം പരിഗണിച്ചുപോന്നു. ഒരു മതത്തിൽനിന്നു മറ്റൊന്നിലേയ്ക്കുള്ള വെറുമൊരു മാറ്റമായി മാത്രമാണു് മാനസ്സാന്തരത്തെ നാം വീക്ഷിച്ചിട്ടുള്ളതു്. നിത്യപിതാവിന്റെ അനന്തജ്ഞാനത്തിൽ ആവശ്യാനുസരണം നാം ആശ്രയിച്ചിട്ടില്ല; പ്രത്യുത മറ്റു മതങ്ങളുടെ അസ്തിത്വത്തിനും നിലനില്പിനും അനുവാദം നൽകിയതിനു് അവിടുത്തെ പരോക്ഷമായിട്ടെങ്കിലും വിമർശിക്കുകയാണു നാം ചെയ്തിട്ടുള്ളതു്. സ്ഥലകാലങ്ങൾക്കതീതമായ അന്ത്യലക്ഷ്യാഭിമുഖപരിപൂർത്തിയുടെ നേരെ കണ്ണടയ്ക്കുകയാണു് നാം ചെയ്തിട്ടുള്ളതു്. തത്ഫലമായി മറ്റു മതങ്ങൾ മനുഷ്യരാശിയ്ക്കു പ്രദാനംചെയ്യുന്ന സാരവത്തായ സംഭാവനകൾ കാണുവാൻ നമുക്കു കഴിയാതെപോയി, ഫാ. ബിഡ് ഗ്രിഫിത്തു് പറയുന്നു:

> "ക്രിസ്തീയ ദൗത്യത്തിന്റെ ലക്ഷ്യം സ്ഥലകാലങ്ങൾക്കുള്ളിൽ ഒതുക്കിനിറുത്തുവാൻ സാദ്ധ്യമല്ല. ദൈവികപദ്ധതിയുടെ ആഴവും അർത്ഥവ്യാപ്തിയും പരിപൂർണ്ണമായി വെളിപ്പെടുന്ന അന്തിമനിമിഷത്തിൽ മാത്രമേ സഭയുടെ ദൗത്യവും പൂർത്തിയാകുകയുള്ളു. അപ്പോൾമാത്രമേ, ഹിന്ദുമതത്തിനോ ബുദ്ധമതത്തിനോ ഇസ്ലാം മതത്തിനോ അല്ലെങ്കിൽ വേറെ ഏതെങ്കിലുമൊരു മതത്തിനോ ഈ ദൈവികപദ്ധതിയോടുള്ള ബന്ധം നാം ശരിക്കു കാണുകയുള്ളു" (10).

ഭാരതത്തിന്റെ എല്ലാ തലങ്ങളിലും സുവിശേഷ ദൗത്യം എത്തിച്ചുകൊടുക്കുക സഭയുടെ ഗൗരവമേറിയ കടമയാണ്. എന്നാൽ ഈ ദൗത്യനിർവഹണത്തിന്റെ വിജയം മാനസ്സാന്തരങ്ങളുടെ പെരുപ്പത്തിന്റെ അടിസ്ഥാനത്തിൽ നിൽക്കുയിക്കുവാൻ പാടില്ല. കൂടെക്കൂടി 'അപ്പസ്തോലിക'മായ നിസ്സംഗതാവും (apostolic detachment) നിശ്ചിതമായ ദൈവികപദ്ധതിയിലുള്ള വിശ്വാസവും സഭയിൽ സ്നേഹത്തിന്റെ വർദ്ധനവിനും സമാധാന സംസ്ഥാപനത്തിനും കാരണമാകും

സി. ഏകൃമൈനിസം:

ഇൻഡ്യയിലെ ക്രിസ്തീയ സഭകൾ തമ്മിലുള്ള വർദ്ധിച്ചുവരുന്ന അടുപ്പത്തിന്റെയും സ്നേഹബഹുമാനാദികളുടേയുമെല്ലാം അന്തരീക്ഷം വളരെയധികം പ്രതീക്ഷകൾക്കു വകനൽകുന്ന ഒരു മതാത്മകശക്തിയാണ്. പ്രോട്ടസ്റ്റന്റു സഭകളിൽനിന്നും കത്തോലിക്കാസഭയിലേക്കുള്ള മാനസ്സാന്തരങ്ങൾ ഏകൃമൈനിസംവഴിയുണ്ടായെന്നും മറ്റുമുള്ള പരാതികൾ വിശാലവീക്ഷണത്തിന്റേയും ഔദാര്യമനഃസ്ഥിതിയുടെയും കുറവിനെയാണ് സൂചിപ്പിക്കുന്നത്. ഏകമായ കത്തോലിക്കാസഭയിലേക്ക് എല്ലാ ക്രൈസ്തവരും ക്രിസ്തുവിനാൽ വിളിക്കപ്പെട്ടിരിക്കുന്നുവെന്നതു ശരി. പക്ഷേ, ഇട്ടെങ്ങിയ സ്ഥാപനഭാവത്തിൽനിന്നു മോചനംനേടി നവീകരിക്കപ്പെട്ട ഒരു സഭയാണ് ഈ ഏക സഭയെന്നകാര്യം നാം മറന്നുപോകരുത്. ''ആന്തരിക പരിവർത്തനം കൂടാതെയുള്ള ഏകൃമൈനിസം ഏകൃമൈനിസമെന്ന പേരിനേ അർഹമല്ല. ഐക്യത്തിനുവേണ്ടിയുള്ള ദാഹം നാമ്പെടുക്കുകയും പൊട്ടിവിരിയുകയും പക്വതപ്രാപിക്കുകയും ചെയ്യുന്നതു മനസ്സിന്റെ നവീകരണത്തിലാണ് (cf. എഫേ. 4.23), സ്വയം മാറ്റാനും ഉദാരമായി സ്നേഹിക്കാനുമുള്ള സന്നദ്ധതയിലാണ്. കത്തോലിക്കർ ഒരു കാര്യം ഓർത്തിരിക്കുന്നതുനന്ന്. എത്രയധികമായി അവർ സുവിശേഷത്തിനനുസരണമായി കൂടുതൽ പരിശുദ്ധജീവിതം നയിക്കാൻ ബദ്ധപ്പെടുമോ അത്രയധികമായി അവർ ക്രൈസ്തൈക്യം ത്വരിതപ്പെടുത്തും. അതു പ്രവർത്തിപഥത്തിലെത്തിക്കുകയുംചെയ്യും'' (11). ആന്തരിക

നവീകരണത്തോടൊപ്പം ഐക്യത്തിനുവേണ്ടി ഒന്നുചേർന്നു പ്രാർത്ഥിക്കാനും പ്രവർത്തിക്കാനും ഉള്ള സാഹചര്യങ്ങൾ നിരവധിയാണ്. ദൈവശാസ്ത്രപരമായ ചർച്ചാ സമ്മേളനങ്ങൾ, ഒന്നുചേർന്നുള്ള സാമൂഹിക പ്രവർത്തനങ്ങൾ, മനുഷ്യരാശിയുടെ പരമാനന്ദത്തിനുള്ള സാക്ഷ്യംവഹിക്കൽ എന്നിവവഴി അകൽച്ചമൂലമുണ്ടായിട്ടുള്ള വിടവു നികത്താൻ ക്രൈസ്തവർക്കു സാധിക്കും.

ഡി. വിദ്യാഭ്യാസം, സാമൂഹികപ്രവർത്തനം:

സഭ ഭാരതത്തിൽ ഏറ്റവുമധികമറിയപ്പെട്ടിരുന്നതു് അതിന്റെ പലതരത്തിലുള്ള വിദ്യാസ്ഥാപനങ്ങൾ വഴിയും സാമൂഹ്യവും ജീവകാരുണ്യപരവുമായ പ്രവർത്തനങ്ങൾ വഴിയും ആണു്. രാഷ്ട്രത്തിന്റെ മതിപ്പും പ്രശംസയും സഭ കരസ്ഥമായിട്ടുള്ളതും ഈ പ്രവർത്തനങ്ങൾ വഴിയത്രേ. ഇത്തരം പ്രവർത്തനങ്ങളിലൂടെയാണു് സഭയ്ക്കു് ഇൻഡ്യയുടെ ബഹുമുഖമായ ജീവിതരംഗങ്ങളെ സ്വാധീനിക്കാൻ സാധിക്കുന്നതും. പക്ഷേ, നിർഭാഗ്യവശാൽ സഭയിന്നും ദേശീയ ജീവിതത്തിന്റെ അവിഭാജ്യഭാഗമായി അംഗീകരിക്കപ്പെട്ടിട്ടില്ല. ഒരു മിഷനറി, വിദേശീയനായാലും തദ്ദേശീയനായാലും ശരി, ഇന്നും ഒരു മറുനാടൻ സ്ഥാപനത്തിന്റെ അംഗമായിട്ടാണു് കണക്കാക്കപ്പെടുന്നതു്. നമ്മുടെ സ്ഥാപനങ്ങളെ തികച്ചും മതപരമായി കാത്തുസൂക്ഷിക്കുവാനുള്ള നമ്മുടെ അതിരുകടന്ന ആഗ്രഹമാണു് ഈ പ്രതികരണത്തിനുള്ള കാരണങ്ങളിലൊന്നു്. കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കുവാൻ നാം പ്രാപ്തരെങ്കിൽ വസ്തുതകളെ മുൻകൂട്ടിക്കാണുകയും നാടിന്റെ ജീവിതവുമായി അലിഞ്ഞുചേരാൻ തയ്യാറാവുകയും അക്രൈസ്തവ സഹോദരങ്ങളുമായി കൂടുതൽ സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യണം. നമ്മുടെ ദൃശ്യമായ വ്യക്തിത്വം (identity) ഉപേക്ഷിക്കേണ്ടിവരുന്ന ഒരു പരിതഃസ്ഥിതി ഒരിക്കൽ നാം അഭിമുഖീകരിച്ചുകൂടാ. മണ്ണിൽ വീണ കോതമ്പുമണിപോലെ ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനു് മരിക്കേണ്ടിവരുന്നതായിരിക്കും ആ പ്രതിസന്ധിഘട്ടം. സ്ഥാപനങ്ങളുടെ ചട്ടക്കൂടും പിൻബലവുമില്ലാതെ അജ്ഞാതമായൊരു ക്രൈസ്തവജീവിതം നയിക്കാൻ വൈദികരും അൽമായരും നിർബന്ധിക്കപ്പെട്ടേക്കാം.

ഇ. വൈദികമേധാവിത്വവും അധികാരപ്രമത്തതയും

അനുസരണത്തിന്റെ പരീക്ഷണഘട്ടത്തെ (crisis)ക്കുറിച്ച് വളരെയധികം എഴുതുകയും പറയുകയും ചെയ്യുന്ന കാലമാണിത്. അധികാരത്തിന്റെ അഭിസംബോധനഘട്ടത്തെക്കുറിച്ചും വളരെയധികം പറയുവാനും എഴുതുവാനുമുണ്ട്. വിഭിന്നാവയവങ്ങൾ സജീവമായി പ്രവർത്തിക്കേണ്ട ഒരു ശരീരമാണ് സഭയെന്നു് ഇൻഡ്യയിലെ ദൈവജനം മനസ്സിലാക്കാൻ തുടങ്ങിയിട്ടുണ്ട്. വളരെക്കാലത്തേയ്ക്ക് സഭയെന്നു പറഞ്ഞാൽ 'ഹയരാക്കി'യെന്നാണ് മനസ്സിലാക്കിയിരുന്നതു്. അല്മായർ ഹയരാക്കിയുടെ ആജ്ഞാനുവർത്തികളും. എന്നാലിപ്പോൾ ഒരു പുത്തനുണർവു കണ്ടുതുടങ്ങിയിട്ടുണ്ട്. ഹയരാക്കി ഈ നവോത്ഥാനത്തെ സന്തോഷത്തോടെ സ്വാഗതം ചെയ്യുകയും പ്രോത്സാഹിപ്പിക്കുകയും വേണം. ''മെത്രാന്മാർ അല്മായക്കു സഭയിലുള്ള ഉന്നതസ്ഥാനവും ഉത്തരവാദിത്വവും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്. അവരുടെ വിവേകപൂർണ്ണമായ ഉപദേശം മഹാമനസ്കതയോടെ ഉപയോഗപ്പെടുത്തണം. സഭാശുശ്രൂഷയിലുള്ള ചുമതലകൾ വിശ്വാസപൂർവ്വം അവരെ ഏല്പിക്കുകയും പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം നല്കുകയും വേണം. ഇതിനും പുറമേ സ്വന്തം ഉത്തരവാദിത്വത്തിന്മേൽ ചുമതലകൾ ഏറ്റെടുക്കാൻ അല്മായക്കു പ്രോത്സാഹനം നല്കേണ്ടതുമാണ്'' (12). ''അല്മായരുടെ മഹത്വവും അവർക്കു സഭയുടെ ദൗത്യത്തിലുള്ള സ്ഥാനവും വൈദികർ ആത്മാർത്ഥമായി അംഗീകരിക്കുകയും തദനുസാരം അവരോടു വർത്തിക്കുകയും ചെയ്യണം. കൂടെക്കൂടി സൃഷ്ടിപരമായ നിലപാട് ദൈവജനം ഹയരാക്കിയിൽനിന്നു പ്രതീക്ഷിക്കുന്നുണ്ട്. നവീകരണങ്ങളെ കഴിവതു തടഞ്ഞുനിർത്തുന്നതിലല്ല, സർഗ്ഗാത്മകമായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലാണ് ശരിയായ അധികാരവിനിയോഗം അടങ്ങിയിരിക്കുന്നതു്. അശുപിയുടെ ദാനങ്ങളാലും സിദ്ധികളാലും സമ്പന്നയായ സഭയിലുള്ള വിശ്വാസക്കുറവ് ഇൻഡ്യയിലിന്നു വളരെയുണ്ട്.

2. ഹിന്ദുമതം

ഹൈന്ദവ പ്രത്യുത്തരത്തിന്റെ ഒരു പ്രത്യേകത അതു് സങ്കീർണ്ണവും വൈവിധ്യപൂർണ്ണവുമാണെന്നുള്ളതാണു്. പണ്ഡിതാഭിപ്രായത്തിൽ, വേദങ്ങളുടെ ദൈവതിരവശിതത്വം, കർമ്മം, പുനർജന്മം ഇവയിലുള്ള വിശ്വാസമാണു് ഹിന്ദുമതത്തിന്റെ അസ്ഥിവാരം. ഈ മൂന്നു് അടിസ്ഥാനവിശ്വാസങ്ങൾ ഭൂരിപക്ഷം ഹിന്ദുക്കളേയും ഇന്നു് എന്മാത്രം സ്വാധീനിക്കുന്നുണ്ടെന്നറിയുന്നതാവശ്യകമാണു്. വേദങ്ങൾ ദൈവാവിഷ്കൃതങ്ങളാണെന്നതിനു് പ്രായോഗികജീവിതത്തിൽ ഇന്നു വലിയ വിലയൊന്നുമില്ല. വിവിധ വിഭാഗങ്ങൾക്കു് വേദങ്ങളല്ലാത്ത അവരുടേതായ വിശുദ്ധഗ്രന്ഥങ്ങളുണ്ടു്. പുനർജന്മത്തിലും കർമ്മനിയമത്തിലും ഉള്ള വിശ്വാസം മനുഷ്യനെപ്പറ്റി ഹൈന്ദവതത്വചിന്തയ്ക്കു പറയാനുള്ളതിന്റെയെല്ലാം ആകെത്തുകയാണു്. ഹൈന്ദവതത്വചിന്തയിൽ, മനുഷ്യൻ ആത്മാവും ശരീരവുമുള്ള ഒരു സംയുക്തജീവിയാണു്; എന്നാൽ ആത്മാവു് ശരീരമാകുന്ന പാറാവിലടയ്ക്കപ്പെട്ടിരിക്കുകയാണു്. മനുഷ്യന്റെ അസ്തിത്വം പൂർവ്വജീവിതത്തിൽ ചെയ്തുകൂട്ടിയ പാപങ്ങൾക്കുള്ള ശിക്ഷയാണു്. ശരീരമാകുന്ന പാറാവിൽനിന്നുള്ള ആത്മാവിന്റെ മുക്തിയാണു് അവന്റെ മോക്ഷം. എന്നാൽ മനുഷ്യനെപ്പറ്റിയുള്ള ക്രൈസ്തവദർശനം ഇതിൽനിന്നും തുലോം വ്യത്യസ്തമാണു്. ക്രൈസ്തവവീക്ഷണത്തിൽ മനുഷ്യൻ ദൈവനിശ്ചയപ്രകാരം ആത്മാവും ശരീരവും സത്താപരമായി സംയോജിച്ച ഒരു ജീവിയാണു്. ദൈവം സ്വർഗ്ഗസൗഭാഗ്യത്തിലേക്കു് ക്ഷണിച്ചിരിക്കുന്നതു് ഈ സമ്പൂർണ്ണ മനുഷ്യനെയാണു്. ഈ രക്ഷയുടെ പരിപൂർത്തിയാകട്ടെ മനുഷ്യശരീരത്തിന്റെ മഹത്വപൂർണ്ണമായ ഉയിർപ്പിലും. ഈ ശാസ്ത്രീയസാങ്കേതികയുഗത്തിൽ സാമ്പത്തികവും സാമുദായികവുമായ ഉന്നമനത്തിനു് അവിശ്രമം പരിശ്രമിക്കുകയും അവയുൾക്കൊള്ളുന്ന ഭൗതികമൂല്യങ്ങളെ കണക്കിലെടുക്കുകയും ചെയ്യുന്ന ഒരു ഹൈന്ദവന്റെ പ്രവൃത്തി ഹൈന്ദവവിശ്വാസവുമായി എങ്ങനെ പൊരുത്തപ്പെടുന്നുവെന്നു് ഒരു പക്ഷേ ഒരു ക്രൈസ്തവൻ അത്ഭുതപ്പെട്ടേക്കാം.

എന്നിരുന്നാലും ആധുനികഹൈന്ദവർ, പ്രത്യേകിച്ച് നഗരവാസികൾ, ഭൗതികനേട്ടങ്ങൾക്കായുള്ള പരിശ്രമത്തിൽ ആമഗ്നരാണ്. അവക്ക് ലോകവസ്തുക്കളോടേയും മനുഷ്യാസ്തിത്വത്തിനേറെയും സാമുദായിക പുരോഗതിയുടേയും മൂല്യത്തിൽ അടിയുറച്ച വിശ്വാസമുണ്ട്. ഇതു്, തത്വങ്ങളെക്കാൾ യാഥാർത്ഥ്യങ്ങൾ മനുഷ്യനെ സ്വാധീനിക്കുന്നുവെന്ന സത്യത്തിലേക്കാണ് വിരൽചൂണ്ടുന്നതു്. ആധുനികപരിതോവസ്ഥകൾ ക്രിസ്തീയാദ്ധ്യാത്മികതയേയും സാരമായി ബാധിച്ചിട്ടുണ്ടാകാം. ശരീരത്തെപ്പറ്റിയുള്ള ക്രൈസ്തവവീക്ഷണത്തിലും, ശരീരത്തെ മാറിനിറുത്തി ആത്മരക്ഷയെമാത്രം ഊന്നിപ്പറയുന്നതിലും ഹൈന്ദവ തത്വങ്ങൾ സ്വാധീനം ചെലുത്തിയിരുന്നതായി കാണാം. ആധുനികലോകവുമായി അടുത്തബന്ധം പുലർത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സഭയ്ക്കിപ്പോൾ ബോദ്ധ്യമുണ്ട്. അതുപോലെതന്നെ മാനവപുരോഗതിയിൽ നിഷ്പക്ഷമനോഭാവം പുലർത്തുന്നില്ലെന്നു് ലോകത്തിനു കാണിച്ചുകൊടുക്കുവാനും സഭ നിർബന്ധിതയാവുകയാണ്. ശരീരത്തേയും ഭൗതികവസ്തുക്കളേയും സംബന്ധിച്ചിടത്തോളം കാലക്രമേണ ഒട്ടൊന്നു വികലമായ ക്രൈസ്തവവീക്ഷണം പഴയമാതിരി സമഗ്രവും സാധകവുമാവുകയാണിന്നു്. കൂടുതൽ ആത്മവിശ്വാസത്തോടെ ക്രൈസ്തവനു് ലോകത്തേയും ലൗകികകടമകളേയും സമീപിക്കാം. ഹൈന്ദവവിശ്വാസത്തെ സംബന്ധിച്ചിടത്തോളമാകട്ടെ. ആധുനികലോകം വലിയൊരു വെല്ലുവിളിയാണ്. എങ്കിലും ഇരുകൂട്ടരും ആധുനികസംസ്കാരവുമായുള്ള വേഴ്ചയിലുണ്ടാകാവുന്ന ഒരു വലിയ അപകടത്തെപ്പറ്റി ബോധവാന്മാരാകേണ്ടതുണ്ട്. ഭൗതികവസ്തുക്കളുടെ പുറകേയുള്ള പരക്കം പാച്ചിൽ ആദ്ധ്യാത്മികവും സനാതനവുമായവയെ അവഗണിക്കുവാൻ കാരണമാകാം. ഹൈന്ദവ ക്രൈസ്തവ ആദ്ധ്യാത്മികതകൾ തമ്മിലുള്ള അടുത്ത സമ്പർക്കം സാമൂഹികസാമ്പത്തിക പുരോഗതിയെ സമഗ്രമായി സമീപിക്കുവാൻ സഹായകമാകും.

ഹിന്ദുമതത്തെപ്പറ്റി പൊതുവിൽ ഇത്രയും പറഞ്ഞശേഷം ഒരു ആധുനികഹൈന്ദവന്റെ മതാത്മകമനസ്ഥിതിയെ അല്പം അപഗ്രഥിക്കാൻ നമുക്കു ശ്രമിക്കാം.

എ. വേദാന്തമനസ്ഥിതി

ഹിന്ദുമതത്തെ വേദാന്തം മാത്രമായി കാണുവാനുള്ള ഒരു വ്യഗ്രത പണ്ഡിതന്മാർക്കിടയിലുണ്ട്. ഏറെ വിലപനീയമാണിതു്: കാരണം ഹിന്ദുമതത്തിനു് വേദാന്തങ്ങൾ കൂടാതെ മറ്റു പല അമൂല്യസമ്പത്തുക്കളും കൈമുതലായുണ്ടു്. എന്നാൽ ഇൻഡ്യയുടേതായ ഒരു ക്രൈസ്തവദൈവശാസ്ത്രം പണതുയത്തുവാനുള്ള പരിശ്രമത്തിൽ വേദാന്തം അടിസ്ഥാനപരമായ പ്രാധാന്യം അർഹിക്കുന്നു.

വേദാന്തതത്വങ്ങൾ ജനങ്ങളുടെ ജീവിതസ്ഥിതിയിലും അവർക്കു് ലോകത്തോടും മനുഷ്യനോടുമുള്ള വീക്ഷണഗതിയിലും ചെലുത്തിയിട്ടുള്ള സ്വാധീനം നിസ്സാരമാണെന്നു പറയണം. പാവങ്ങളുടെ സാമ്പത്തികപരാധീനതയും സമ്പത്തിനും സുഖത്തിനും വേണ്ടിയുള്ള പണക്കാരുടെ പരക്കംപാച്ചിലും ഈ മായാലോകത്തോടു് വേദാന്തം വച്ചുപുലർത്തുന്ന അവഗണനയുമായി പൊരുത്തപ്പെടുന്നില്ലതന്നെ. വേദാന്തങ്ങളുടെ നിശ്ചയത്വം നിഴലിക്കുന്ന ആദ്ധ്യാത്മികതയിൽനിന്നും ആവേശവും ഉന്മേഷവും പകരുന്നവരല്ല ഇൻഡ്യൻ ജനത പൊതുവെ. പഴയ വേദാന്തതത്വങ്ങളെ നവീകരിച്ചു് ആധുനികഭാരതത്തിന്റെ ആദർശാഭിലാഷങ്ങളോടു് പൊരുത്തപ്പെടുത്തുവാനുള്ള പരിശ്രമങ്ങൾ അങ്ങിങ്ങായി നടന്നിട്ടുണ്ടു്. ഈ പരിശ്രമങ്ങളിൽ പ്രധാനപങ്കു വഹിച്ചിട്ടുള്ളതു് ശ്രീ അരബിന്ദഘോഷും സ്വാമി വിവേകാനന്ദനുമാണു്.

ബി. സാധാരണക്കാരുടെ ഹിന്ദുമതം

ഒരു മതാത്മകശക്തിയെന്ന നിലയിൽ ഇൻഡ്യയെ ഏറ്റവുമധികം സ്വാധീനിക്കുന്നതു് പോപ്പുലർ ഹിന്ദുയിസമാണു്. എല്ലാ ജനകീയമതങ്ങളേയുംപോലെ ഇതും ഒരു ബഹുമുഖ പ്രതിഭാസമാണു്. അനേകം വിഭാഗങ്ങളും സമാജങ്ങളും സംഘടനകളും ആചാരമനുഷ്ഠാനങ്ങളും അന്ധവിശ്വാസങ്ങളും കറതീർന്ന മാതൃകയുടെ അവികലമായ ആവിഷ്കരണങ്ങളും ഇതിൽക്കാണാവുന്നതാണു്. ക്രിസ്തുമതത്തിലും ഇസ്ലാം മതത്തിലുമെന്നപോലെ

സാധാരണക്കാരുടെ ഹിന്ദുമതത്തിലും ആദ്ധ്യാത്മികവൈവിധ്യങ്ങളുടെ മണ്ഡലം തെളിവോടെ നില്ക്കുന്നു. ആത്മാർത്ഥമായ പ്രാർത്ഥന, കഠിനമായ ഭക്തി, ദൈവത്തിനും സഹജീവികൾക്കും വേണ്ടിയുള്ള ആത്മസമർപ്പണം, സൂക്ഷ്മമായ ധാർമ്മികബോധം, ആരാധനാനുഷ്ഠാനങ്ങൾ ഒരുതരം മന്ത്രങ്ങളാണെന്ന വിശ്വാസം, വികാരം നിറഞ്ഞ ഭക്തിപ്രകടനം, അന്ധവിശ്വാസം, ഹസ്തരേഖാശാസ്ത്രത്തിലും ജ്യോത്സ്യത്തിലുള്ള വിശ്വാസം, വിധിവിശ്വാസം (fatalism) എന്നിവയെല്ലാം ഒളിഞ്ഞും തെളിഞ്ഞും ഇതിൽ കാണുവാൻ കഴിയും. സാധാരണ പ്രചാരത്തിലിരിക്കുന്ന ഹിന്ദുമതവും സാധാരണ ക്രൈസ്തവരുടെ ക്രിസ്തുമതവും തമ്മിൽ ആചാരാനുഷ്ഠാനങ്ങളിലും മനഃസ്ഥിതിയിലും വൈകാരികാനുഭൂതിയിലും പല സാദൃശ്യങ്ങളുമുണ്ട്.

വേദാന്തങ്ങൾ ക്രൈസ്തവ ദൈവശാസ്ത്രത്തിനു വളരെ വികസിക്കാൻ വളക്കൂറുള്ള മണ്ണാണെങ്കിൽ ക്രൈസ്തവാരാധനക്രമത്തിന്റെ സമ്പന്നതയാണ് പോപ്പുലർ ഹിന്ദുയിസം. ഹൈന്ദവാരാധനയുടെ പ്രതികഭംഗിയിൽനിന്നും അതിവിസ്മയകരങ്ങളായ മതഗാനങ്ങളിൽനിന്നും ഭക്തിപ്രചുരിമ പ്രസരിക്കുന്ന മതാത്മകകാവ്യങ്ങളിൽനിന്നും നമുക്കു പലതും സ്വീകരിക്കുവാൻ കഴിയും. ഹൈന്ദവഭക്തരുടെ ഭക്താഭ്യാസങ്ങളും കീർത്തനങ്ങളുടേയും ഭജനത്തിന്റെയും മറ്റും വശീകരണശക്തിയും പുണ്യസ്ഥലങ്ങളിലേക്കുള്ള തീർത്ഥയാത്രകളുടെ പ്രചുരപ്രചാരവും ബാഹുല്യവുമെല്ലാമെല്ലാം ഏവർക്കുമറിയാവുന്ന കാര്യങ്ങളാണ്. ഒരു വിധത്തിൽപ്പറഞ്ഞാൽ പോപ്പുലർ ഹിന്ദുയിസത്തിനു മദ്ധ്യയുഗത്തിലെ ക്രൈസ്തവതത്ത്വത്തിന്റെ ചൈതന്യവും ചേതനത്വവുമുണ്ട്.

വിവിധവർണ്ണങ്ങളും ജാതികളുമുള്ള ഒരു മതമാണ് ഹിന്ദുമതം. അതീതകാലങ്ങളിൽ ഈ വർണ്ണവ്യവസ്ഥ്യാസങ്ങൾ ചെലുത്തിയ സ്വാധീനത്തെപ്പറ്റിയെന്തൊക്കെപ്പറഞ്ഞാലും ഒരു കാര്യം തീർത്തുപറയുവാൻ സാധിക്കും മനുഷ്യസമുദായത്തിന്റെ ശിഥിലീകരണത്തിനു വളമിട്ടുന്ന ഈ ജാതി വൈവിധ്യം ദൈവനിശ്ചിതമായ മാനുഷികൈക്യത്തിനു കടകവിരുദ്ധമാണ്. ഇന്ത്യൻ ഭരണഘടനയുടെ ഔദ്യോഗിക നിലപാട് ഹൈന്ദവർ, പ്രത്യേ

കിച്ചു് ഗ്രാമവാസികൾ, സ്വീകരിച്ചിട്ടില്ല. നിഷേധകമായൊരു മതാത്മകശക്തിയെന്ന നിലയ്ക്കു് വർണ്ണവ്യത്യാസങ്ങൾ ഇന്നും പ്രബലമാണു്. എന്നാൽ ഇതിനെ അവഗണിക്കുകയും അപലപിക്കുകയും ചെയ്യുന്ന വിഭാഗങ്ങളും ഇന്നു ഹിന്ദുമതത്തിലുണ്ടു്.

കർമ്മനിയമത്തെ അടിസ്ഥാനമാക്കിയുള്ള ഹൈന്ദവമതം വ്യക്തികേന്ദ്രീകൃതമായ ഒന്നായി നിലകൊള്ളുന്നു. എങ്കിലും, പൊതുവെ ആരോഗ്യകരമായ കുടുംബാശ്രയി ഹിന്ദുമതത്തിന്റെ ഒരു സവിശേഷതയാണു്. മാതാപിതാക്കളോടുള്ള സ്നേഹവും ബഹുമാനവും വളരെ വിലമതിക്കപ്പെടുന്നു. കുടുംബത്തിന്റെ പാവനത പരിരക്ഷിക്കുന്നതിൽ അതീവ ശ്രദ്ധാലുക്കളാണിവർ. ''ധർമ്മശാസ്ത്രം'' അനുശാസിക്കുന്ന വ്യക്തിപരവും സാമൂഹികവുമായ ധാർമ്മിക തത്വങ്ങൾ പൊതുവെ ആരോഗ്യകരംതന്നെ. എന്നാൽ ആധുനിക സാഹചര്യങ്ങളിൽ പല പ്രശ്നങ്ങളും ഹിന്ദുമതത്തിനു് നേരിടേണ്ടതായിട്ടുണ്ടു്. അസാന്മാർഗ്ഗികത്വം, ലൈംഗികാധഃപതനം, നിരന്തര നൈതികാപഭ്രംശം മുതലായവ പ്രലോഭന ഹേതുക്കളാണു്.

സി. അനുരഞ്ജകവാദം

ഹൈന്ദവമതത്തെ ആധുനികചിന്താഗതിയോടനുരൂപപ്പെടുത്തുന്നതിനും അങ്ങനെ ഹൈന്ദവേതരരുടെ ആരോപണങ്ങളിൽ നിന്നും അതിനെ സംരക്ഷിക്കുന്നതിനും പല നവീകരണശ്രമങ്ങളും നടക്കുകയുണ്ടായി. ഇവയിൽ പലതും ഒരുതരം അനുരഞ്ജകവാദ (Syncretism) ത്തിനു് സൂത്രധാരകത്വം വഹിച്ചു. രാമകൃഷ്ണമിഷൻ ആണു് ഈ പ്രവണതകളിൽ ഏറ്റവും മികച്ചതും സജീവവും. വിദ്യാസമ്പന്നരുടെയിടയിൽമാത്രമല്ല, സാധാരണജനങ്ങളുടെയിടയിൽപ്പോലും വിവിധരൂപങ്ങളിൽ അനുരഞ്ജകവാദം വ്യാപിച്ചിട്ടുണ്ടു്. ഈ ചിന്താഗതിയനുസരിച്ചു്, എല്ലാ മതങ്ങളും തുല്യമാണു്. വ്യത്യസ്തമാർഗ്ഗങ്ങൾ സ്വീകരിക്കുന്നെങ്കിലും ഏകലക്ഷ്യത്തിലേയ്ക്കാണു് അവ നയിക്കുക. നാം സാധാരണ കേൾക്കാറുള്ള പല്ലവിയാണു്, എല്ലാ മതങ്ങളും അടിസ്ഥാനപരമായി ഒന്നുതന്നെയാണു്, വിശ്വാസം, കർമ്മവിധി (creeds and rituals) മുതലായ ബാഹ്യവും ആകസ്മികവും (adventitious) ആയ സംഗതികളിൽമാത്രമേ അവയ്ക്കു വ്യത്യാസമുള്ളൂ എന്ന

പ്രസ്താവന. ഒറ്റനോട്ടത്തിൽ, താദ്ദാശയന്റെ നിലപാട് അത്യന്തം ആകർഷകമാണ്. കാരണം, അയാൾക്ക് പരമമായ ഒരു സഹിഷ്ണുതാഭാവം (absolute tolerance) സ്വീകരിക്കാം, ഇടുങ്ങിയ വിഭാഗീയചിന്തയുടെ എല്ലാ രൂപങ്ങളെയും ഉപേക്ഷിക്കാം. തികച്ചും വിശാലമാണ് അയാളുടെ കാഴ്ചപ്പാട്. അടിസ്ഥാനപരമായി ഒന്നാണെന്ന ബോദ്ധ്യത്തിൽ എല്ലാ മതങ്ങളും എത്തിച്ചേരണമെന്ന് അയാൾ അഭിലഷിക്കുന്നു. ഈ ഏകീകരണം സാധിതമാകേണ്ടത് ഒന്നിനെ വേറൊന്നിലേക്ക് വിലയിപ്പിച്ചുകൊണ്ടല്ല എല്ലാത്തിനേയും ക്രമാനുഗതമായി ശുദ്ധീകരിച്ചുകൊണ്ടാണ് കാലക്രമത്തിൽ കടന്നുകൂടിയിട്ടുള്ള അനാവശ്യഘടകങ്ങളെ പുറംതള്ളിക്കൊണ്ട് അരുപിയുടെ അവികലമായ മതങ്ങളിൽ (pure religious of the Spirit) അവ പരസ്പരം യോജിക്കണം.

നാം സാധാരണ കേൾക്കാറുണ്ട്, അനുരഞ്ജകമതമാണ് സഭയുടെ ദൗത്യനിർവ്വഹണത്തിനു് ഏറ്റവും വലിയ വിലങ്ങുതടി, അതു നിഷ്ക്ഷയത വളർത്തുന്നു, മതപരിവർത്തനത്തെ നിരുത്സാഹപ്പെടുത്തുന്നു എന്നെല്ലാം. പക്ഷേ, ഒന്നു മറന്നുകൂടാ: അനുരഞ്ജകമതത്തിൽ ഐക്യത്തിനുവേണ്ടിയുള്ള അവഗണിക്കാനാവാത്ത അഭിനിവേശം ദൃശ്യമാണ്. വെറും ആചാരാനുഷ്ഠാനങ്ങളിൽ മതത്തെ ഒതുക്കിനിറുത്തുവാൻ പാടില്ലെന്ന സത്യവും അനുരഞ്ജകമതം നമ്മെ ഓർമ്മപ്പെടുത്തുന്നു. അതേസമയം അനുരഞ്ജകമതം സന്നിഗ്ധ (ambi guous) മായൊരു മതാത്മകശക്തിയാണ്. അതിനെ അപ്പാടെ സ്വീകരിക്കാനോ നിരാകരിക്കാനോ സാദ്ധ്യമല്ല. ഹൈന്ദവാനുരഞ്ജകവാദം ചരിത്രത്തെ അനന്തമായ ഒരു പ്രക്രിയയായിട്ടാണ് കരുതുക. മതത്തിന്റെ ആത്യന്തിക മായ സത്ത എക്കാലവും സന്നിഹിതമാണ്; അതു കണ്ടെത്തുകയേ വേണ്ടൂ. ആ സനാതനമായ സത്തയെ കണ്ടെത്തിയാൽ പിന്നെ, ചരിത്രത്തിന്റെ യഥാർത്ഥസ്വഭാവം വ്യക്തമാകും. സനാതന സത്തയെ മറച്ചുവച്ചിരുന്നതും എന്നാൽ ഇപ്പോൾ മാറ്റപ്പെട്ടിരിക്കുന്നതുമായ വിഭ്രാന്തിജനകമായൊരു പ്രക്രിയയാണു ചരിത്രം. ക്രിസ്തീയവീക്ഷണപ്രകാരമാകട്ടെ (ഭാഗികമായിട്ടെങ്കിലും അതു് ശ്രീ അരബിന്ദോവിന്റെ കാഴ്ചപ്പാടുകൂടിയാണ്) ചരിത്രം ഒരു

ലക്ഷ്യത്തിലേക്കു നീങ്ങുകയാണു്, ക്രമാനുഗതം പുരോഗമിക്കുകയാണു്. കാലികപ്രക്രിയയെ മുഴുവൻ സമാഹരിച്ചുകൊണ്ടു് അതിനേറ്റതായ സാക്ഷാത്തായ അർത്ഥം പ്രദാനംചെയ്യുന്നു. എന്നിരുന്നാലും അനുരഞ്ജകമതത്തിനും ക്രിസ്തുമതത്തിനും പൊതുവായ ഒരു സുപ്രധാനഘടകം ഉണ്ടു്: ഈപ്രക്രിയയുടെ പരിപൂർത്തി കാലത്തിനതീതമാണു് എന്ന ബോധ്യം. അനുരഞ്ജകവാദവുമായുള്ള ബുദ്ധിപൂർവ്വകമായൊരു സംഭാഷണം കാലത്തിൽ സാക്ഷാത്കൃതമാകുമെന്നു കരുതുന്ന സാർവ്വത്രികമതത്തെക്കുറിച്ചുള്ള നമ്മുടെ സ്വപ്നത്തെ ദൂരീകരിക്കും. മറ്റു മതങ്ങളോടുള്ള നമ്മുടെ സമീപനത്തെയും അതു ഗണ്യമായി മെച്ചപ്പെടുത്തും, ക്രൈസ്തവ സമീപനത്തിൽ പലപ്പോഴും ദൃശ്യമാകാത്ത ശാന്തതയും ആത്മാർത്ഥതയും അതിനു പ്രദാനംചെയ്യും. അനുരഞ്ജകവാദവുമായുള്ള സമാഗമം (encounder) എല്ലാ മതങ്ങൾക്കും ദൈവികപദ്ധതിയിൽ ചരിത്രപരമായൊരു ദൗത്യമുണ്ടെന്നു് അനുരഞ്ജകവാദിയെ ബോദ്ധ്യപ്പെടുത്തും. അതുപോലെതന്നെ മനുഷ്യസമുദായത്തിന്റെ ആത്മാവും പുളിപ്പുമെന്നനിലയിൽ, മറ്റുള്ളവയെ തന്നിലേക്കു ലയിപ്പിച്ചില്ലാതാക്കുന്ന രാഗീകരണവസ്തുവായല്ല, പുളിമാവായിട്ടാണു് പ്രവർത്തിക്കേണ്ടതെന്ന സത്യം സഭയേയും അതു ബോദ്ധ്യപ്പെടുത്തും.

അനുരഞ്ജനവാദി വിശ്വാസസത്യങ്ങളെയും കർമ്മവിധികളെയും കാലത്തിന്റെ ഗതിയിൽ കടന്നുകൂടിയിട്ടുള്ള അനാവശ്യഘടകങ്ങളെന്ന നിലയിൽ പുച്ഛിച്ചുതള്ളുന്നതു തെറ്റാണെന്നു പറയാതെ തരമില്ല. വിശ്വാസത്തെപ്പോലെയോ അതിലേറെയോ വിശ്വാസപ്രകാശകമായ ഫോർമുല (formulae) കളെ അചഞ്ചലമായി കരുതുന്നതും ആചാരങ്ങൾക്കും കർമ്മവിധികൾക്കും കേവലസ്വഭാവം (absolute character) കല്പിക്കുന്നതും തെറ്റാണെന്ന മനസ്സിലാക്കാൻ അനുരഞ്ജകവാദം മുറുകെപ്പിടിക്കുന്ന ആപേക്ഷികതാവാദം ഉപകരിക്കും. മുട്ടുകുത്തൽ അഥവാ മാംസവർജ്ജനം നിന്നുപോയാൽ സഭതന്നെ ഇല്ലാതാവുമെന്ന ഭീതിയെ പ്രോത്സാഹിപ്പിക്കുകയല്ലോ. ചൈതന്യത്തിന്റെ അവതാരമെന്ന നിലയിലാണു് ആചാരങ്ങളുടെ അർത്ഥമെന്നും ചൈതന്യമില്ലാത്ത ബാഹ്യാചാരങ്ങൾ നിരർത്ഥകമാണെന്നും അവ നമ്മെ രക്ഷിക്ക

യില്ലെന്നും നാം മനസ്സിലാക്കേണ്ടതുണ്ട്. ആത്മീകവിശുദ്ധിയുടെ പ്രാധാന്യം എത്ര ഊന്നിപ്പറഞ്ഞാലും അധികമാകയില്ല. ആചാരങ്ങൾ പലതും മാറാവുന്നതും ചിലപ്പോൾ മാറേണ്ടതുമാണെന്ന ബോധ്യവും നമുക്കുണ്ടാവണം. ആരാധനാക്രമസംബന്ധമായ കൗൺസിൽരേഖ ഇതു വ്യക്തമാക്കുന്നുണ്ട്.

ഡി. ഒരു വിഭാഗത്തിലും പെടാത്തവർ

ഇൻഡ്യയിലെ അഭ്യസ്തവിദ്യരിൽ നല്ലൊരുഭാഗം യാതൊരു മതവിഭാഗത്തോടും സമൂഹത്തോടും ബന്ധപ്പെടാതെ കഴിയുന്നവരാണ്, അനാരഞ്ജകവാദത്തിന്റെ സ്വാധീനത്തിനു വിധേയരായ ഇവർക്കു ശുദ്ധമായൊരു മതബോധമുണ്ട് പലപ്പോഴും. പലരും അജ്ഞേയവാദികളാണ്. വലിയൊരുഭാഗം ഒരു പരമസത്തയിലും തങ്ങളുടെതന്നെ മനസ്സാക്ഷിയിലും വിശ്വാസമർപ്പിക്കുന്നു. ആധുനികശാസ്ത്രചിന്ത, പ്രത്യേകിച്ച് ശാസ്ത്രാഭിമുഖമായ പോസിറ്റിവിസവും ഫ്രൊയീഡിയൻ മനഃശാസ്ത്രവും അസ്തിത്വവാദവും മറ്റും അവരെ സ്വാധീനിക്കുന്നു. പലർക്കും ഉദ്ഗ്രഥിതമായൊരു സമഗ്രജീവിതവീക്ഷണം ഉണ്ടെന്നു പറഞ്ഞുകൂടാ. ആദ്ധ്യാത്മികവീക്ഷണത്തിൽ എന്തിനും പ്രവേശനം അനുവദിക്കാൻതക്ക തുറന്ന മനഃസ്ഥിതിയുള്ളവരാണ് മിക്കവരും. പ്രാചീനമൂല്യങ്ങളും ആധുനികസംസ്കാരത്തിന്റെ ആദർശങ്ങളും പരസ്പരം പൊരുത്തപ്പെടാതെ ഇവരെ സ്വാധീനിക്കുന്നു.

ആദ്ധ്യാത്മികമായ ഈ കുഴപ്പത്തിൽ പ്രായേണ സാധാരണമായ ഒരു പ്രതിഭാസമാണ്. സഭയിൽപ്പോലും രണ്ടാം വത്തിക്കാൻ കൗൺസിൽ നല്കിയ തട്ടിയുണർത്തലിനുശേഷം വളരെപ്പേർ കുഴഞ്ഞുമറിഞ്ഞു പ്രക്ഷുബ്ധമായ ഒരു മാനസികാന്തരീക്ഷത്തിലാണ് ജീവിക്കുന്നതു്. കർശനമായി നിർവചിക്കപ്പെട്ട നിയമങ്ങളും സിദ്ധാന്തങ്ങളും നല്കുന്നസുരക്ഷിതത്വബോധം യഥാർത്ഥമതമാകണമെന്നില്ലെന്നു ഇതുതെളിയിക്കുന്നു. ദൈവരഹസ്യത്തെ ഗ്രഹിക്കുന്നതിനു് മനുഷ്യൻ അശക്തനാണെന്നും ''അജ്ഞതയുടെ കാർമേഘപടലങ്ങൾക്കിടയിൽ'' നാം അതിനെ ആരാധിക്കേണ്ടതാണെന്നുമുള്ള രഹസ്യത്തിന്റേയും അത്ഭുതാദരങ്ങളുടേയുമായ ബോധ്യം നാം കളയാതെ സൂക്ഷിക്കണം. ഈശ്വര

വിശ്വാസത്തിലും മതബോധ്യങ്ങളിലും അവ്യക്തതയുടേയോ അനിശ്ചിതത്വത്തിന്റേയോ നിഴൽപോലുമില്ലെന്നു വാദിക്കുന്ന വിവേകശൂന്യമായ നിർഭയമനഃസ്ഥിതിയുടേയും ഒന്നും അറിയാനാവില്ലെന്നു പറയുന്ന യുക്തിക്കു നിരക്കാത്ത അജ്ഞേയവാദത്തിന്റെയുംമദ്ധ്യേ സമതുലിതമായ ഒരു നിലപാടു നാം സ്വീകരിക്കേണ്ടതുണ്ട്.

ഇ. ഹൈന്ദവരാഷ്ട്രീയം

സങ്കീർണ്ണമായ ഈ പ്രതിഭാസത്തെ അതിന്റെ ചരിത്രപശ്ചാത്തലത്തിൽ നാം വീക്ഷിക്കേണ്ടിയിരിക്കുന്നു. മുഹമ്മദീയരുടെ ആക്രമണവും മേധാവിത്വവും ഹൈന്ദവരുടെയിടയിൽ നിരാശയും അതേസമയം വിപ്ലവാസക്തിയും ജനിപ്പിക്കാനിടയായി. ബ്രിട്ടീഷുകാർ മുസ്ലീം ഭരണത്തിനു വിരാമമിട്ടതു്, പല ഹിന്ദുക്കളും— രാജാറാംമോഹൻറോയിടപോലും— ഈശ്വരൻ കല്പിച്ചു നല്കിയ മോചനമായിട്ടാണു പരിഗണിച്ചതു്. പടിഞ്ഞാറൻ ആശയങ്ങളുടെ പ്രേരണയാൽ ദേശീയബോധം ഉറവെടുത്തു. അതേസമയം ക്രിസ്തുമതമെന്ന ഭീഷണി ഹിന്ദുമതത്തെ നവീകരിക്കുകയും അങ്ങനെ, ആ 'വൈദേശിക'മതത്തിൽനിന്നു് തങ്ങൾക്കു് യാതൊന്നും നേടുവാനില്ലെന്നു കാണിക്കുകയും ചെയ്യാൻ ഹൈന്ദവരെ പ്രേരിപ്പിച്ചു. 19–ാം നൂറ്റാണ്ടിൽ ഹൈന്ദവരും ക്രിസ്തീയമിഷനറിമാരും തമ്മിൽ നടന്ന വാദപ്രതിവാദങ്ങൾ ഈ സ്ഥിതിവിശേഷത്തെ ഒന്നുകൂടി രൂക്ഷമാക്കി. സുരേന്ദ്രനാഥബാനർജിയും മറ്റും പ്രതിനിധാനംചെയ്ത മതേതരമായ ദേശീയതയെ ഹൈന്ദവനവോത്ഥാനാദർശത്തിന്റെ ശക്തി തെല്ലൊന്നു ദുർബ്ബലമാക്കി. ഇതു് മുസ്ലീമിങ്ങളുടെയിൽ പ്രത്യേകിച്ചും സംശയത്തിന്റെയും നിരാശതയുടെയും പ്രതികരണങ്ങളുളവാക്കുകയും ചെയ്തു. സമരോൽസുകഹിന്ദുമതം ശക്തിയാർജ്ജിച്ചു. അതിന്റെ പ്രവർത്തനങ്ങൾ ഭാരതവിഭജനത്തിന്റെ ഒരു പ്രധാനകാരണമായിത്തീരുകയുംചെയ്തു. ഇസ്ലാമിനോടും ക്രിസ്തുമതത്തോടുമുള്ള എതിർപ്പും വിദ്വേഷവും ഈ പ്രത്യേകഹൈന്ദവമനോഭാവത്തിന്റെ സവിശേഷതയാണു്. ക്രിസ്തുമതപക്ഷത്തുനിന്നും ഉണ്ടായ രൂക്ഷമായ ഹിന്ദുമതവിരുദ്ധപ്രതികരണങ്ങളും ക്രിസ്തുവിനുവേ

ണ്ടി ഇൻഡ്യയെ കീഴടക്കുക എന്ന വിജയമനോഭാവവും ബന്ധ പുനഃസ്ഥാപിതത്തിനു് ഒട്ടും സഹായകമായതുമില്ല. കുരിശുയുദ്ധ കാലത്തു് ക്രിസ്തുമതവും ഇസ്ലാമും തമ്മിലുണ്ടായ ശക്തിമത്സരങ്ങളും പ്രോട്ടസ്റ്റന്റു് നവീകരണത്തിനുശേഷം കത്തോലിക്കരും പ്രോട്ട സ്റ്റന്റുകാരും തമ്മിലുണ്ടായ രൂക്ഷമായ കലഹങ്ങളും സമരോൽസു കമായ ഈ ഹൈന്ദവിഭാഗം വേണ്ടത്ര പ്രയോജനപ്പെട്ടുത്തു കയാണു്: എല്ലാമതങ്ങളുടേയും സത്താപരമായ ഐക്യത്തെ മറച്ചു വയ്ക്കുന്നതു് ഉപരിപ്ലവങ്ങളായ വ്യത്യാസങ്ങളാണു്, അവയുടെ ഫലമാണു് വിഭാഗീയശക്തികളെന്നനിലയിൽ മതങ്ങൾ തമ്മിൽ മാത്സര്യങ്ങൾ. സുശക്തവും സുസംഘടിതവുമായ ഒരു ഹൈന്ദവ മിഷനറിപ്രസ്ഥാനത്തോടു് ഒരു ക്രൈസ്തവരാജ്യം സഹകരിക്കാ വുന്ന നിലപാടു് ഏതാണ്ടിതുതന്നെയാവുമെന്നു് നാം ഓർക്കുന്നതു നന്നാവും. ഒരു കത്തോലിക്കാ മഹാസഭയുടേയോ ജനസംഘ ത്തിന്റേയോ പരിപാടികളുടേയും പ്രവർത്തനങ്ങളുടേയും ചിത്രം വരച്ചെടുക്കുവാൻ അധികം ഭാവനയൊന്നും ആവശ്യമില്ല. സമ രാത്മക(militant)മായ ഹൈന്ദവതത്ത്വത്തെ നീതീകരിക്കാമെന്ന ല്ല, ഇതിനർത്ഥം അത്തരം പ്രസ്ഥാനങ്ങളെ മനസ്സിലാക്കാൻ ഇതു പകരിക്കും. ഹിന്ദുമതത്തോടുള്ള മനോഭാവത്തിൽ ക്രിസ്തുമതം സാരമായി മാറിയിട്ടുണ്ടു്. മുൻപറഞ്ഞ ഹൈന്ദവവിഭാഗം നൈർഭാഗ്യവശാൽ പഴയ നിലപാടിൽത്തന്നെ തുടരുകയാണു്. അതു് അവഗണിക്കാവതല്ലാത്ത ഒരു സാമൂഹ്യരാഷ്ട്രീയ ശക്തിയാ ണതാനും. ഇൻഡ്യ ലക്ഷ്യമാക്കുന്ന മതേതരത്വ (secularism) ത്തിനു വിരുദ്ധവും ഇൻഡ്യയുടെ അവിഭാജ്യതയ്ക്കൊരു ഭീഷണി യുമാണിതു്.

വിദ്വേഷത്തെ വിദ്വേഷംകൊണ്ടെതിർക്കുക ഒരു പരിഹാ രമാർഗ്ഗമല്ല. ദുരാരോപണങ്ങൾക്കുമദ്ധ്യേ നിസ്വാർത്ഥമായ സേവ നം, അക്രമരഹിതമായ അവകാശപ്രഖ്യാപനം, സഭാദൗത്യ ത്തിന്റെ സ്വഭാവത്തെപ്പറ്റി കൂടുതൽ വ്യക്തവും അവികലവു മായ ധാരണ എന്നിവയായിരിക്കണം നമ്മുടെ പ്രത്യുത്തരത്തി ന്റെ സുപ്രധാന ഘടകങ്ങൾ. നാം തിർത്തും കുറമറവര ല്ലെന്ന വസ്തുതയും വിസ്മരിക്കരുതു്. 'നിയോഗി' അന്വേഷണ കാലത്തു് പരിചയസമ്പന്നനായൊരു മിഷനറി പറഞ്ഞ വാക്കു

കൾ ഇവിടെ ചേർക്കാം: അവരുടെ റിപ്പോർട്ട് ''നാണകളുടെ ഒരു സമാഹാരമാണ്. പക്ഷേ, അവർ എന്റെ അഭിപ്രായമാരാഞ്ഞിരുന്നെങ്കിൽ അവരുടെ ആരോപണങ്ങളെ സ്ഥിരീകരിക്കുന്ന വളരെ വസ്തുതകൾ നല്കുവാൻ എനിക്കു കഴിഞ്ഞേനെ.''

3. ഇസ്ലാം

മുസ്ലീങ്ങളാണ് ഇൻഡ്യയിലെ ഏറ്റവും സുശക്തമായ ന്യൂനപക്ഷസമുദായം. ഇൻഡ്യയിൽ ബ്രിട്ടീഷധികാരത്തിന്റെ ആവിർഭാവം മുതല്ക്കുള്ള അവരുടെ മതപരമായ ചരിത്രം ഇൻഡ്യൻ രാഷ്ട്രീയ ചരിത്രത്തോട് അവഗാഢം ബന്ധപ്പെട്ടാണിരിക്കുന്നത്. ബ്രിട്ടീഷ് ഭരണത്തിന്റെ തുടക്കത്തിൽ, ഒരു രക്ഷാശക്തിയായി 'കൊളോണിയൽ' അധികാരത്തെ സ്വാഗതംചെയ്ത ഹിന്ദുക്കളേതിൽനിന്നും വിഭിന്നമായിരുന്ന മുസ്ലീങ്ങളുടെ നിലപാട്. തങ്ങളുടെ സാമൂഹികമതപരജീവിതത്തെ താങ്ങിനിത്തിയിരുന്ന മുസ്ലീം രാഷ്ട്രീയഘടനയുടെ തകച്ചയിൽ അവർ സംഭ്രാന്തരായി. മുസ്ലീങ്ങളല്ലാത്തവരുടെ മേൽക്കോയ്മയിൽ ജീവിക്കുക എന്നതു് മുഹമ്മദീയർക്ക് അചിന്ത്യമായിരുന്ന ആദ്യമാദ്യം. കൊറാന്റെ അരുപിയോടു കൂട്ടുതൽ അലിഞ്ഞുചേരുന്നതിനും മുസ്ലീം മതാചാരങ്ങളായ പ്രാർത്ഥനയോടും ഉപവാസത്തോടും തീർത്ഥാടനത്തോടും കൂട്ടുതൽ വിശ്വസ്തരാകുന്നതിനുമുള്ള ആഹ്വാനമുണ്ടായി. പട്ടാളവിപ്ലവത്തിൽ മുഹമ്മദീയർ വഹിച്ച പങ്ക് മിക്കവാറും ബ്രിട്ടീഷുകാരുടെ ക്രിസ്തീയഭരണത്തിനെതിരായുള്ള മതപരമായ എതിർപ്പിന്റെ ഒരു വകഭേദമായിരുന്നു. വിപ്ലവത്തിനുശേഷമാകട്ടെ മുസ്ലീങ്ങൾക്കു ബോദ്ധ്യമായി, ഒറ്റതിരിഞ്ഞുനിന്നതുകൊണ്ടും 'പടിഞ്ഞാറിന്റെ' സ്വാധീനതയാൽ കളങ്കിതരാകാതിരിക്കാൻ ശ്രമിച്ചതുകൊണ്ടും തങ്ങൾ ഹിന്ദുക്കളെക്കാൾ വളരെ പിന്നിലായിരിക്കുന്നുവെന്ന്. പുതിയ പരിതോവസ്ഥകളുമായി അലിഞ്ഞുചേരാനുള്ള ശ്രമത്തെ ഈ പിന്നോക്കനില വീണ്ടും തടസ്സപ്പെടുത്തി. സ്വാതന്ത്ര്യപ്രസ്ഥാനത്തോടുള്ള, പ്രത്യേകിച്ച് കോൺഗ്രസ്സിനോടുള്ള മുസ്ലീം മനോഭാവത്തിന്റെ മാറ്റം മറിച്ചിലുകൾ എല്ലാവർക്കും അറിവുള്ളതാണ്. അവസാനം ദ്വിരാഷ്ട്രവാദത്തിലും രാജ്യവിഭജന

ത്തില്യാ അതു കലാശിക്കുകയുംചെയ്തു. രാജ്യവിഭജനം, ഒരു മുസ്ലീം ചരിത്രകാരന്റെ അഭിപ്രായത്തിൽ, ഇൻഡ്യൻ മുസ്ലീങ്ങളുടെനില കൂടുതൽ വിഷമകരമാക്കുകയാണുണ്ടായതു്. ''ഇൻഡ്യയിൽ അവരൊരു ന്യൂനപക്ഷ സമുദായമായി. പാക്കിസ്ഥാനെന്നൊരുവ്യത്യസ്ത രാജ്യത്തിന്റെ രൂപികരണത്തോടെ അവർ കൂടുതൽക്ഷതവശ്യരാവുകയുണ്ടായതു്. അവരുടെ ദേശസ്നേഹം സംശയാധിനമായി. മുമ്പിൽ ഇരുളടഞ്ഞ അനിശ്ചിതമായ ഭാവിമാത്രം!'' (13)

പക്ഷേ, ഈ അരക്ഷിതാവസ്ഥാബോധം മുസ്ലീങ്ങളുടെയിടയിൽ ഐക്യത്തിന്റെ അരുപി വളത്തിയെടുത്തു. മതപരമായി മുമ്പേതന്നെ അവർ സുസംഘടിതരായിരുന്നു: ഉറച്ച വിശ്വാസം, ഭയലേശം കൂടാതുള്ള മതാചരണം, ഉയന്ന ധാർമ്മിക നിലവാരം. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇസ്ലാമിന്റെ വിശ്വാസങ്ങളും ക്രിസ്തീയ വിശ്വാസങ്ങളും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഊന്നിപ്പറഞ്ഞിട്ടുണ്ടു്. ''അതോടൊപ്പം'' മാനവസമുദായത്തിനുവേണ്ടി സാമൂഹികനീതിയും ധാർമ്മികമൂല്യങ്ങളും സമാധാനവും സ്വാതന്ത്ര്യവുമെല്ലാം ഇരുകൂട്ടരും യോജിച്ചുനിന്നു് സംരക്ഷിക്കുകയും പ്രവൃദ്ധമാക്കുകയും ചെയ്യുവാൻ ക്രിസ്ത്യാനികളെയും മുസ്ലീങ്ങളെയും ഉൽബോധിപ്പിക്കുകയും ചെയ്തിരിക്കുന്നു. (14)

സാധാരണയായി ഇസ്ലാമിനെ ഇതരമതങ്ങളിൽനിന്നും വ്യതിരിക്തമായും മുസ്ലീങ്ങളെ യാതൊരു ഭയലോഗിനും ഒരുക്കമില്ലാത്തവരായും കരുതിപ്പോന്നിരുന്നു. എന്നിരുന്നാലും, ഇൻഡ്യൻ മുസ്ലീമിങ്ങളുടെയിടയിൽ കുറെ ഉന്നതവ്യക്തികളുണ്ടു്, ശ്രദ്ധാർഹമാംവിധം വിശാലവീക്ഷണമുള്ളവരായി. എം. മജീദു് മൗലാനാ അബുദ്ൽകലാം ആസാദിന്റെ കൃതികളെ വിശകനം ചെയ്തുകൊണ്ടെഴുതുന്നു:

''കുറാൻ തികച്ചും പുതുതായ ഒരു വിശ്വാസമെന്ന നിലയിൽ ഇസ്ലാമിനെ സ്വീകരിക്കുവാൻ ഇതരമതാനുയായികളോടു് ആവശ്യപ്പെടുന്നില്ല. നേരേ മറിച്ചു്, അവർ തങ്ങളുടേതന്നെ മതത്തിന്റെ യഥാർത്ഥ്യത്തിലേക്കു പിൻതിരിയുകയാണു വേണ്ടതു്.....കുറാൻ പറയുന്നു, ലോകത്തെയും അതിൽ സംഭവിക്കുന്ന സകലത്തെയും സൃഷ്ടിച്ച ഒരു സ്രഷ്ടാവുണ്ടെന്നുള്ള സത്യം നിങ്ങൾ

നിഷേധിക്കുന്നില്ലെങ്കിൽ, എല്ലാറ്റിനേയും ഒരുപോലെ പോറ്റുന്ന ഒരു ''പരിപാലകൻ'' (Providence) ഉണ്ടെന്ന വസ്തുത നിഷേധിക്കുന്നില്ലെങ്കിൽ, എന്തുകൊണ്ട് ഒരേ ഒരു നിയമം (Law), മനുഷ്യകുലത്തിനാകെ ഒരുപോലെ വെളിപ്പെട്ടുത്തപ്പെട്ട ഒരാദ്ധ്യാത്മികസത്യം നിങ്ങൾ നിഷേധിക്കുന്നു? നിങ്ങൾക്കെല്ലാവർക്കും ഒരു പിതാവാണ (Rabb) ള്ളത്. ഒരേ ദൈവത്തിന്റെ തിരുനാമം നിങ്ങളെല്ലാവരുമുരുവിടുന്നു. എല്ലാ ആദ്ധ്യാത്മിക നേതാക്കന്മാരും ഒരേ മാർഗ്ഗത്തെ കാണിച്ചുതന്നു. എങ്കിൽ, ഒരേ ഒരു അടിസ്ഥാനബന്ധം, ഒരേയൊരു ലക്ഷ്യം, ഒരേയൊരു മാർഗ്ഗം മാത്രമുള്ളപ്പോൾ, ഓരോ സമൂഹവും ഇതരസമൂഹങ്ങളുടെ ശത്രുവുമായിരിക്കുന്നതു്, ഓരോ മനുഷ്യനും ബാക്കി മനുഷ്യരെ ദ്വേഷിക്കുകയെന്നതു് താന്തോന്നിത്തത്തിന്റെ പരമകാഷ്ഠയല്ലേ, സാമാന്യബുദ്ധിയുടെ കൊലപാതകമല്ലേ? ആരുടെ പേരിലും ആക്ഷേപങ്ങളിയുമാണു് ഈ ഭിന്നതയും യുദ്ധവുമെല്ലാം? എല്ലാവരും ഒരേ പടിവാതിക്കൽ തലകുനിക്കുവാനിടയാക്കുകയും ഒരേ സാഹോദര്യത്തിന്റെ ബന്ധത്തിൽ എല്ലാവരെയും ഐക്യപ്പെടുത്തുകയും ചെയ്യുന്ന മതങ്ങളുടെ പേരിലും അവ വെളിപ്പെട്ടുത്തിയ ഏക ദൈവത്തിന്റെ പേരിലുമാണോ?''

മൗലാനാ തന്റെ തത്വസംഹിതയുടെ പൂർണ്ണവിവക്ഷ മനസ്സിലാക്കിയിരുന്നുവോയെന്നു പറയുക വിഷമമാണു്. ദൈവത്തിലുള്ള വിശ്വാസം, അവിടുത്തെ പരിപാലനം, അവിടുത്തെ കൃപാകടാക്ഷം, അവിടുത്തെ കാരുണ്യം, അവിടുത്തെ സംരക്ഷണം എന്നിവയെ പ്രബോധിപ്പിക്കുന്ന എല്ലാ മതങ്ങളും, നാമെല്ലാമാരാധിക്കുന്ന ഏക ദൈവമാണു വെളിപ്പെട്ടുത്തിയതെങ്കിൽ, എല്ലാവരെയും ഒന്നിപ്പിക്കുന്ന ഒരാദ്ധ്യാത്മിക ബന്ധം ഉണ്ടെന്നു് എല്ലാ വിശ്വാസികളെയും ബോദ്ധ്യപ്പെടുത്തുകയാണു് ഇസ്ലാമിന്റെ ദൗത്യമെങ്കിൽ, മുസ്ലീമുകൾ ഒരു വ്യത്യസ്തസമൂഹമായി തങ്ങളെ കരുതുന്നതു് ഒരു ചരിത്രപരമായ ആഗന്തുകമായെടുത്താൽ മതി; ഇസ്ലാമിന്റെ തത്വമായതിനെ കരുതേണ്ടതില്ല. മൗലാനാ ആസാദ്, ദിന്നും (din) ഷാരിയായും (shariah) തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി ഊന്നിപ്പറയുന്നു. മനുഷ്യസമൂഹങ്ങൾ വികാസം പ്രാപിച്ച സാഹചര്യങ്ങളുടെ വൈവിധ്യംഹേതുവാൽ ഷാരി

യാഥാർത്ഥ്യം വൈവിധ്യം വേണം. ദിൻ സത്താപരമായി ഒന്നു മാത്രമേ യുള്ളുവെങ്കിലും ഷാരിയാകൾ പലതാകാം. 'ദിന്നി'ന്റെ അടി സ്ഥാനതത്വത്തിന്റെ വെളിച്ചത്തിൽ നവീകരിക്കപ്പെടേണ്ടവയാ ണ്. ഇസ്ലാമിന്റെ ഷാരിയാ, അതെപ്പറ്റി ഒരുവൻ എത്ര ഉയർന്ന മനോഗതി വച്ചു പുലർത്തിയാലും ശരി, ചരിത്രപുരോഗതിയുടെ പരിണതഫലമാണ്. ഐകൃം സൃഷ്ടിക്കേണ്ട ഷാരിയാ എപ്പോ ഴെങ്കിലും വിഭജനങ്ങൾക്കിടയാക്കുന്നുവെങ്കിൽ അപ്പോൾ അതി ന്റെ അനുശാസനങ്ങളുടെ സാംഗത്യവും സാധുതയും പരിശോധി ക്കേണ്ടതുണ്ട്. പക്ഷേ, ഒരു കാലത്ത് ഇൻഡ്യൻ മുസ്ലീങ്ങൾ സമ്മതിച്ചക്കും, മുമ്പുണ്ടായിരുന്ന സമനില സംസ്ഥാപിക്കുവാൻ, മതചിന്തയുടെ ഒരു പുതിയ ലോകംതന്നെ മൗലാനാ ആസാദ് കണ്ടെത്തിയെന്നു'' (15).

വേറൊരു ഇൻഡ്യൻ മുസ്ലീമായ അബിദ് ഹുസ്സെയിന്റെ അഭിപ്രായത്തിൽ, മുസ്ലിമിങ്ങൾ ഹൈന്ദവഭൂരിപക്ഷത്തിന്റെ സാംസ്കാരികജീവിതത്തിൽനിന്നും ഒറ്റപ്പെട്ട കഴിഞ്ഞതു വലി യൊരു തെറ്റായിപ്പോയി. വിശ്വാസത്തിന്റെ കാര്യത്തിൽ ഒത്തു തിപ്പുകൂടാതെതന്നെ മുസ്ലീങ്ങൾക്ക് ഇൻഡ്യയുടെ ദേശീയ ജീവിതത്തിൽ കൂടുതൽ നന്നായി അലിഞ്ഞുചേരുവാൻ സാധി ക്കുമായിരുന്നു. സ്വന്തം സമുദായത്തിന്റെ മാത്രം നിലനില്പിൽ ശ്രദ്ധ കേന്ദ്രീകരിക്കാതെ സമുദായത്തിനപ്പുറത്തേയ്ക്കു നാട്ടിനപ്പുറ ത്തേയ്ക്കുതന്നെ ദൃഷ്ടിതിരിക്കേണ്ടിയിരുന്നു (16).

ആധുനികഭാരതത്തിൽ, ക്രിസ്തുമതത്തിനും ഇസ്ലാംമതത്തി നും പലതും പൊതുവായുണ്ട്. രണ്ടു മതങ്ങളുടേയും ആദ്ധ്യാത്മി കസാധ്യത്തിനുപുറമേ, മുസ്ലീങ്ങളും ക്രിസ്ത്യാനികളും ന്യൂനപക്ഷ സമുദായങ്ങളാകയാൽ രാഷ്ട്രത്തിന്റെ മതേതരത്വം സംരക്ഷിക്കു ന്നതിൽ ഒരുമിച്ചു പരിശ്രമിക്കേണ്ട ചുമതല കൂടിയുണ്ട്. ഇരുകൂ ട്ടരും തമ്മിലുള്ള ഈ സമ്പർക്കം ദൈവശാസ്ത്രപരമായും പൊതു വായ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കും. ഇവയിൽ പ്രധാ നപ്പെട്ടവ മാനസ്സാന്തരത്തിന്റെ അർത്ഥത്തെപ്പറ്റിയുള്ള പുന ർചിന്തനവും ദേശീയജീവിതവുമായുള്ള അനുരൂപണവുമത്രേ.

4. സിക്കുമതം

വിഭാഗീയതപമന:സ്ഥിതിയിൽനിന്നും വ്യത്യസ്തമായ ഒരു ചൈതന്യം വളത്തിയെടുക്കുവാനായിരുന്ന സിക്കിസത്തിന്റെ ആദ്യകാലപ്രചോദനമെങ്കിലും ക്രമേണ അതു പ്രത്യേകമായ പുരോഹിതഗണമില്ലാത്ത ഒരു മതവിഭാഗമായിത്തീർന്നു. എല്ലാ വർണ്ണവ്യത്യാസങ്ങളേയും സിക്കുമതം തള്ളിക്കളഞ്ഞു; ലളിതമായൊരു ആരാധനക്രമത്തിനു രൂപം കൊടുത്തു. ജഹാംഗീറിന്റേയും ഔറംഗസീബിന്റേയും കാലത്തു സിക്കിസവും ഇസ്ലാമിസവും തമ്മിൽ രൂക്ഷമായ എതിർപ്പു ഉണ്ടാവിച്ചു; സിക്കിസത്തിന്റെ സമരോൽസുകഭാവത്തെ ഇസ്ലാം സംശയിച്ചതാണു കാരണം. ശക്തമായ മർദ്ദനങ്ങളാൽ അതിനെ അടിച്ചമർത്തുവാൻ അവർ ശ്രമിക്കുകയുംചെയ്തു. ഇങ്ങനെയുണ്ടാവിച്ച ഈ ശത്രുത അതിന്റെ പാരമ്യത്തിലെത്തിയതു് ഇൻഡ്യയുടെ വിഭജനവേളയിലാണു്.

സിക്കുകാർ ഒരു സുസംഘടിതസമൂഹമാണു്. സർവ്വ ആരാധനയുടേയും കേന്ദ്രമായ 'ആദിഗ്രന്ഥ'ത്തോടുള്ള അഗാധമായ വന്ദനം, സുശക്തമായ ഏകദൈവവിശ്വാസം, ദൈവസ്തുതി കേന്ദ്രമാക്കിയുള്ള അവരുടെ പ്രാർത്ഥന, സുദീർഘമായ ആരാധനക്രമത്തോടും പൗരോഹിത്യത്തോടുമുള്ള വെറുപ്പു്, കർമ്മത്തിലും പുനർജന്മത്തിലുമുള്ള വിശ്വാസം, ദൈവതിരുമനസ്സിലുള്ള പരിപൂർണ്ണമായ ആശ്രയം, മനുഷ്യസമുദായത്തെ ജാതികളായിത്തിരിക്കുവാനുള്ള വൈമുഖ്യം—ഇവയെല്ലാം സിക്കിസത്തിനു് ഒരുവിധ സാർവ്വത്രികതയും നേടിക്കൊടുത്തു. എന്നാൽ അവരുടെ ഇട്ടുങ്ങിയ വിഭാഗീയ ചിന്താഗതി മനഃസ്ഥിതി അതിനെ അത്ഭുതകരമാംവിധം ഒതുക്കിനിറുത്തുകയാണുണ്ടായതു്. എന്നാ വരികിലും, പ്രായോഗികമായി നോക്കുമ്പോൾ, സിക്കു ഗുരുദ്വാരങ്ങളുടെ അതിശ്രേയത്വമര്യാദ അവരുടെ സാർവ്വത്രികസ്നേഹത്തിനു് ഈട്ടുറ്റ ഒരുദാഹരണമാണു്.

5. ബുദ്ധജൈനമതങ്ങൾ

ഈ രണ്ടു ന്യൂനപക്ഷസമുദായങ്ങൾക്കും ഹിന്ദുമതത്തിനും പൊതുവായ പലതുമുണ്ട്. പുറമേ, മതപരമായ ഒരു സംഭാഷണത്തിനു് ബുദ്ധജൈനമതങ്ങൾക്കു ചിലതെല്ലാം സമ്മാനിക്കുവാൻ കഴിയും. എങ്കിലും ഈ മതങ്ങൾക്കു് ഇൻഡ്യയുടെ ജീവിതത്തെ സാരമായി സ്വാധീനിക്കുവാൻ സാധിച്ചിട്ടില്ലെന്നു വേണം പറയാൻ.

ഭാരതീയബുദ്ധമതം എങ്ങനെയോ പ്രത്യേകമായൊരാകാരമില്ലാതെയാണിരിക്കുന്നതു്. ബൗദ്ധസന്ന്യാസം ഇവിടെ പ്രധാനമല്ല. എന്നാൽ ബുദ്ധമതസവിശേഷതകളായ മനുഷ്യന്റെ വേദനകളോടുള്ള സഹാനുഭൂതിയും സാവ്ത്രിക സാഹോദര്യവും ദീനാനുകമ്പയും ആധുനികഭാരതത്തിൽ വളരെ പ്രസക്തമാണു്. ഇതു് കഷ്ടപ്പാടും സഹനവും ഭാരതജീവിതത്തിന്റെ സവിശേഷതകളായതുകൊണ്ടു മാത്രമല്ല; ദുരിതാശ്വാസവും സാമൂഹ്യസേവനവും അത്ഥവത്തായിരിക്കണമെങ്കിൽ, അവ വെറും പ്രവത്തനങ്ങളായിരുന്നാൽപോരാ, മനുഷ്യവ്യക്തികളോടുള്ള അഗാധസ്നേഹത്താൽ പ്രചോദിതമായിരിക്കണം എന്നതുകൊണ്ടുകൂടിയുമാണു്.

ജൈനമതം ബുദ്ധമതത്തേക്കാൾ കൂടുതൽ അഹിംസയെ ഊന്നിപ്പറയുകയും ഏതാണ്ടു് അതിരുകടന്ന തോതിൽ അതവർ അഭ്യസിക്കുകയും ചെയ്യുന്നു. ജൈനസമൂഹത്തിന്റെ പ്രവത്തനപ്രബുദ്ധതയുള്ള ഒരു വിഭാഗം അടിസ്ഥാനപരമായൊരു ധാർമ്മികത (morality) കാത്തുസൂക്ഷിച്ചും അതു പ്രചരിപ്പിച്ചും അതിന്റെ സവിശേഷസ്വഭാവം പ്രകടമാക്കുന്നുണ്ടു്. അടിയുറച്ച ബോദ്ധ്യത്തോടെ, അവർ സത്യസന്ധതയും വിശ്വസ്തതയും പ്രചരിപ്പിക്കുന്നു. ഈ രണ്ടു പുണ്യങ്ങൾക്കും ഇൻഡ്യയുടെ രഹസ്യവും പരസ്യവുമായ ജീവിതത്തിൽ കൂടുതൽ വിശാലമായൊരു പ്രവത്തനമണ്ഡലമുണ്ടെന്നതിൽ സംശയമില്ല.

6. മാർക്സിസം

വൈരുദ്ധ്യാത്മകഭൗതികവാദവുമായി ബന്ധപ്പെട്ടതും വ്യക്തമായ രീതിയിൽ മതത്തിനു കടകവിരുദ്ധവുമാണെങ്കിലും, മാർക്സിസം അതിന്റെ വിവിധരൂപങ്ങളിൽ ഇൻഡ്യയിലെ പല ബുദ്ധിജീവികളെയും വലിയൊരു ഗണം യുവാക്കളെയും ആകർഷിക്കുന്ന ഏതാണ്ടൊരു മതമാണെന്നു പറയാം. അതു് അവക്കൊരു ജീവിതാദർശവും ജീവിതവീക്ഷണവും മനുഷ്യാസ്തിത്വത്തിന്റെ അടിസ്ഥാനപരമായ പ്രശ്നങ്ങളുടെ സമാധാനവും നൽകുന്നുണ്ടെന്നതുതന്നെ ഇതിനുകാരണം. കൂടാതെ. മതവിശ്വാസം ആവശ്യപ്പെടുന്ന സമ്പൂർണ്ണസമർപ്പണത്തെ മാർക്സിസവും അനുയായികളിൽനിന്നു് ആവശ്യപ്പെടുന്നു. മാർക്സിസത്തിന്റെ ഈ മതപരവും സാധകവുമായ വശങ്ങൾ കൂടുതൽ കാര്യക്ഷമമായി അറിഞ്ഞിരിക്കുകയെന്നതു് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണു്. ആദർശസിദ്ധാന്തങ്ങൾ (ideologies) പ്രദാനം ചെയ്യുന്നവയെക്കാൾ അഗാധവും ഉന്നതവുമായ മൂല്യങ്ങൾ പ്രദാനം ചെയ്യുന്നതും കൂടുതൽ ഉദാത്തമായ ആത്മസമർപ്പണത്തിനു ക്ഷണിക്കുന്നതുമായ ലോകനിർമ്മാണകരമായ ഒരു ശക്തിയായി ക്രിസ്തീയദൗത്യത്തെ ഇൻഡ്യൻ യുവാക്കന്മാർക്കും ബുദ്ധിജീവികൾക്കും നല്ലിയേതീരൂ. ഇത്തരുണത്തിൽ നമ്മുടെ വിശ്വാസത്തിന്റെ വ്യക്തിപരമായ (personalistic) വശത്തെപ്രത്യേകിച്ചു് എടുത്തു കാണിക്കേണ്ടതുണ്ടു്: അതായതു്, മനുഷ്യസ്വാതന്ത്ര്യത്തോടുള്ള ബഹുമാനം, വ്യക്തിപരമായ ഉത്തരവാദിത്വത്തിന്റെ ഉയർത്തിക്കാട്ടൽ, വ്യക്തികൾ തമ്മിലുള്ള അടിസ്ഥാനപരമായ ഐക്യവും അതിൽനിന്നുൽഭൂതമാകുന്ന സാമൂഹികകടമകളും. മാർക്സിസം സ്വന്തമാക്കിയിരിക്കുന്ന ക്രിസ്തീയമൂല്യങ്ങളായിരിക്കണം അവരുമായി നാം നടത്തുന്ന സംഭാഷണത്തിന്നടിസ്ഥാനം. മാർക്സിസത്തോടുള്ള നമ്മുടെ സമീപനം അതിനെ ഒരു തത്വമെന്നനിലയിൽ ഖണ്ഡിക്കുന്നതിലും ഇന്നത്തെ ഏറ്റവും വലിയ സാമൂഹികതിന്മയായി എതിർക്കുന്നതിലും ഒതുക്കിനിർത്തുവാൻ പാടില്ല. കൂടുതൽ സാധകവും പ്രവർത്തനാത്മകവുമാവണം അതു്.

III. ഉപസംഹാരം

അക്രൈസ്തവലോകത്തിനു ഉറക്കുട്ടാനുതകുന്ന സാന്നിദ്ധ്യമാണു് സഭയുടെ ദൗത്യം. ദൈവശാസ്ത്രപരമായി പറയുകയാണെങ്കിൽ തിരുസ്സഭ എപ്പോത്തിനേറയും കേന്ദ്രബിന്ദുവാണു്. പക്ഷേ, നമ്മുടെ ദൈവശാസ്ത്രത്തിനും പ്രായോഗികജീവിതത്തിനുമിടയ്ക്കു് ഒരു വിടവില്ലേ? താൻ ഉറക്കുട്ടേണ്ട ജനസമൂഹവുമായി സഭ ചൈതന്യപൂർവ്വകമായ സമ്പർക്കത്തിലാണോ? ഇൻഡ്യയുടെ പല ഭാഗങ്ങളിലും, പ്രത്യേകിച്ചു് ഉത്തരഭാരതത്തിന്റെ വിശാലഭാഗങ്ങളിൽ ജനസമൂഹങ്ങളുടെ ഉള്ളിലേക്കു കടക്കാനാവാതെ, വെറുതെ സമീപത്തു നില്ക്കുന്നേ, ഒരു പക്ഷേ, സഭയ്ക്കു സാധിക്കുന്നുള്ളു. രാജ്യത്തൊകെ പ്രാദേശികസഭകളും ക്രിസ്തീയസ്ഥാപനങ്ങളും ഉണ്ടു്. എന്നാൽ ഇവയ്ക്കു് പ്രായേണ യാതൊരു സമ്പർക്കവുമില്ല, ഈ പ്രദേശങ്ങളിലെ അക്രൈസ്തവസമൂഹങ്ങളുടെ ചലനാത്മകവും ജനസാധിനമുള്ളതുമായ അക്രൈസ്തവ വിഭാഗങ്ങളുമായി ബുദ്ധിജീവികൾ, വ്യവസായത്തിന്റെയും തൊഴിലിന്റെയും മണ്ഡലം, നവഭാരതത്തെ കെട്ടിപ്പടുക്കുന്നതിൽ കൂടുതൽ പങ്കുവഹിക്കുവാനിരിക്കുന്ന ഭാവി എഞ്ചിനീയറന്മാരേയും ടെക്നീഷ്യന്മാരേയും പരിശീലിപ്പിക്കുന്ന സുപ്രധാന വിദ്യാകേന്ദ്രങ്ങൾ, പ്രവർത്തനാത്മകമായ അക്രൈസ്തവമതകേന്ദ്രങ്ങൾ ഇവയെല്ലാം ഇൻഡ്യയുടെ പല ഭാഗങ്ങളിലും സഭയുമായി കാര്യമായൊരു ബന്ധവുമില്ലാതെയാണു കഴിയുന്നതു്. നമ്മുടെ പ്രേഷിതപ്രവർത്തനങ്ങൾക്കു് ഒരു നവീനാഭിമുഖ്യം കൊടുക്കുവാൻ നമ്മെ നിർബന്ധിക്കുന്നവയാണു് ഈ വസ്തുതകൾ.

പരസ്പര സഹകരണത്തിനു് അവസരം നല്കുന്ന ഈ മതാത്മകശക്തികളെ കണ്ടെത്തുന്നതിനും അവയുടെ മൂല്യങ്ങളെ വിലയിരുത്തുന്നതിനും സഭയ്ക്കു കൂടുതൽ ആദ്ധ്യാത്മികസഹായഭൂതി ആവശ്യമുണ്ടു്. ഭാവിക്രിസ്തീയനേതാക്കന്മാർ—വൈദികനേതാക്കളും അത്മായനേതാക്കളും—തങ്ങൾക്കു ചുറ്റുമുള്ള അക്രൈസ്തവലോകത്തെ സാധകമായി മനസ്സിലാക്കത്തക്കവണ്ണം അവരെ ഒരുക്കുന്നതിനു് നാം കൂടുതലായി പലതും ചെയ്യുവാനുണ്ടു്. ഇൻഡ്യയുടെ അക്രൈസ്തവപാരമ്പര്യങ്ങളെ അറിയുകയും ആദരിക്കുകയും ചെയ്യുന്ന കൂടുതലാളുകളെ ഇന്നു സഭയ്ക്കു് അടിയന്തിരമായി

ആവശ്യമുണ്ട്. നമ്മുടെ പല നേതാക്കന്മാരും കാനൻ നിയമത്തിൽ പ്രഗത്ഭരാണ്; എന്നാൽ മനുഷ്യജീവിതത്തെ കരുപ്പിടിപ്പിക്കുന്ന ആദ്ധ്യാത്മികമൂല്യങ്ങളെപ്പറ്റി അവർ ബോധവാന്മാരല്ല. തങ്ങളുടെ സംരക്ഷണത്തിലല്പിക്കപ്പെട്ടിരിക്കുന്നവർ സംസാരിക്കുന്ന ഭാഷ വ്യക്തമല്ലാത്ത നേതാക്കന്മാരും വളരെയധികമാണ്. അക്രൈസ്തവരെ ആദ്ധ്യാത്മികമായി മനസ്സിലാക്കുവാനും അവരുമായി സംഭാഷണത്തിലേപ്പെടുവാനും പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ചുരുക്കംപേർക്കുതന്നെ മാർഗ്ഗദർശനമരുളാൻ അപ്രാപ്തരായ നേതാക്കന്മാരാണധികവും.

ആദ്ധ്യാത്മികസഹാനുഭൂതിയാണ് എളിയപ്രേഷിതാവതാരത്തിലക്കുള്ളവഴി. സഭ യഥാർത്ഥത്തിൽ സമുദായത്തിനു് ഉറകൂട്ടുന്ന ശക്തിയായിത്തീരണമെങ്കിൽ, അവളുടെ പ്രശസ്തിയും പ്രതാപവും തേടുന്ന നയം മിക്കവാറും ഉപേക്ഷിക്കേണ്ടിവരും. പല സ്ഥലങ്ങളിലും ക്രിസ്തീയസമൂഹം അവഹേളിക്കപ്പെടുന്നുഎന്നതു വാസ്തവമാണ്. എന്നാൽ, പ്രശംസയും ആദരവും മാറുമാജ്ജിക്കുവാൻ സഭ വളരെയൊക്കെ ചെയ്തിട്ടുണ്ട്. പല പ്പോഴും മനം കവരുന്ന ഒന്നാംതരം സ്ഥാപനങ്ങൾ പണിതുയർത്തുന്നതിനും സമുദായത്തിലെ കൂട്ടത്തൽ യാഥാസ്ഥിതികരും ധനികരും ഉന്നതസ്ഥാനികളുമായ വിഭാഗങ്ങളുമായി ബന്ധങ്ങൾ സ്ഥാപിക്കുന്നതിനും പ്രേരണ നൽകിയതു് ഈ നയമാണ്. ഈ സ്ഥാപനങ്ങൾ പ്രാദേശികസഭകളുടെസ്വാഭാവികമായ ആത്മാവിഷ്കാരങ്ങളായിരുന്നില്ല, ആയിരിക്കുകയുമില്ല. ഇൻഡ്യൻ ക്രിസ്ത്യാനികൾക്കു തനിയെ അവ നടത്തിക്കൊണ്ടുപോകുവാൻ സാധിച്ചിരുന്നില്ല, ഇനി സാധിക്കുകയുമില്ല. ക്രിസ്തീയമല്ലാത്ത കാരണങ്ങളാണ് സമുദായത്തിലെ ഉയർന്ന വിഭാഗങ്ങളുമായുള്ള സഹവാസം നിലനിർത്തുന്നതും. ഉദാഹരണത്തിനു്, നമ്മുടെ പല മിഷനറി സ്കൂളുകളിലും കോളേജുകളിലും ഒരു വിദേശഭാഷയിലാണ് അദ്ധ്യാപനം; സാമൂഹികൗന്നത്യത്തിന്റെ അടയാളമായിക്കരുതപ്പെടുന്ന ഒരു വിദേശസംസ്കാരവും ഈ സ്ഥാപനങ്ങളിൽ നല്കപ്പെടുന്നു. അങ്ങനെ പലതുടേയും നോട്ടത്തിൽ ക്രൈസ്തവസഭയെന്നതു് പ്രഥമവും പ്രധാനവുമായി വിദേശധനസഹായത്താലും ആൾസഹായത്താലും നടത്തിക്കൊണ്ടുപോകുന്ന വിലപിടിപ്പു

ള്ളതും മനം മോഹിപ്പിക്കുന്നതുമായ വിദ്യാഭ്യാസസ്ഥാപനങ്ങളുടേയും ജീവകാരുണ്യസ്ഥാപനങ്ങളുടേയും ആകെത്തുകയാണു്, ഇന്നാട്ടിലെ ക്രിസ്തീയസമൂഹത്തിന്റെ എളിയജീവിതസാക്ഷ്യമല്ല. നമ്മുടെ ക്രിസ്ത്യാനികൾപോലും, ഉത്തരേൻഡ്യയിലുള്ളവർ പ്രത്യേകിച്ചു്, ഈ സ്ഥാപനങ്ങൾ തങ്ങളുടേതായി കരുതുന്നുമില്ല. ഭൗതികമായ സഹായവും സംരക്ഷണവും നേടിത്തരുന്ന ഉയച്ചയിലേക്കുള്ള മാഗ്നമെന്ന നിലയാണു് അവർ ഈ സ്ഥാപനങ്ങളെ കാണുന്നതു്. തന്മൂലം നിലവിലുള്ളവയെ നിറുത്തലാക്കാതെതന്നെ, ചെറിയ ചെറിയ സ്ഥാപനങ്ങളിലും പ്രാദേശികസഭകളുടെ പരിശ്രമത്തിന്റേയും ഭക്തിയുടേയും പ്രത്യക്ഷഫലങ്ങളായ എളിയ പ്രവർത്തനങ്ങളിലും വളരെ ശ്രദ്ധചെലുത്തേണ്ടതായിട്ടാണിരിക്കുന്നതു്. ഇൻഡ്യൻസമൂഹത്തിൽ ക്രിസ്തുവിന്റേയും സഭയുടേയും സാന്നിദ്ധ്യത്തിനു കൂടുതൽ സഹായകമായിട്ടുള്ളതു്, ഇൻഡ്യൻ ജനസമൂഹത്തിനു സമാന്തരമായി പ്രധാനപ്പെട്ട വലിയ സ്ഥാപനങ്ങൾ ഏറ്റെടുത്തുനടത്തുന്നതിനേക്കാൾ പ്രാദേശികജനവിഭാഗങ്ങളുമായി അടുത്ത ബന്ധം പുലർത്തുവാനുതകുന്ന ക്രിസ്തീയജീവിതത്തിന്റേയും സാക്ഷ്യത്തിന്റേയും പാഠങ്ങൾ ''സെല്ലു''കൾക്കു ശ്രദ്ധാപൂർവ്വം കൊടുക്കുകയാണു്.

സഭ സ്വദൗത്യം നിറവേറുന്നതിനു് കൂടുതൽ ചലനാത്മകത കൈവരിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുമതത്തിനു് ഏതെങ്കിലും തരം സ്ഥിരമായ സംഘടനകൂടാതെതന്നെ അജ്ഞാതവും എളിയതുമായ ഒരു ജീവിതം നയിക്കേണ്ട കാലം വന്നേക്കാം. അങ്ങനെയൊരു ഒരു സ്ഥിതിവിശേഷത്തിനു തയ്യാറായിരിക്കുക മാത്രമല്ല, ബാഹ്യസമ്മർദ്ദം കൂടാതെതന്നെ നമ്മുടെ സാക്ഷ്യത്തെ കൂടുതൽ ബുദ്ധിപൂർവ്വകമായി വ്യാപകമാക്കേണ്ടതുണ്ടെന്നു് ഇപ്പോൾത്തന്നെ നാം മനസ്സിലാക്കുകയും വേണം. ഭാരതസഭ ആവശ്യത്തിലധികം സംഘടിതവും സ്ഥാപനബദ്ധവുമാണെന്നതു് അവളുടെ പ്രേഷിതസേവനസന്നദ്ധതയേയും അനുരൂപണക്ഷമതയേയും സാരമായി ബാധിക്കുന്നുണ്ടു്. ഭാരതസമുദായത്തിന്റെ വിവിധമേഖലകളിൽ നമ്മുടെജീവിതസാക്ഷ്യം എത്തിച്ചേരണം. ഇതിനു പ്രധാനമായി നാം ചെയ്യേണ്ടതു് അക്രൈസ്തവസ്ഥാപനങ്ങളും പ്രവർത്തനങ്ങളുമായി അടുത്ത ബന്ധത്തിലേർപ്പെടുവാൻ നമ്മുടെ സ്ത്രീപുരുഷന്മാരെ ഒരുക്കുക എന്നതാണു്. ഈവിധ സഹവർത്തിത്വത്തിനു അവ

സർങ്ങൾ പലതുണ്ട്. അക്രൈസ്തവ സ്കൂളുകളിലും, കോളെജുകളിലും സർവ്വകലാശാലകളിലും അദ്ധ്യാപകരായി സേവനമനുഷ്ഠിക്കുക; ടെയിഡ്യൂണിയനുകളിൽ അംഗങ്ങളും നേതാക്കന്മാരുമാകുക; അക്രൈസ്തവ സാമൂഹികസംഘടനകളിൽ സഹകരിക്കുക. കലാകാരന്മാരും എഴുത്തുകാരും ഗായകരും, സാങ്കേതികവിദഗ്ധരും, രാസ്തുജ്ഞരും മറ്റുമായി ഭാരതജീവിതത്തിന്റെ സാംസ്കാരികവും വ്യാവസായികവുമായ വിവിധമണ്ഡലങ്ങളിൽ നമ്മുടേതായ പങ്കുവഹിക്കുക മുതലായവ ഇതെല്ലാം സഭയുടെ ഭാഗത്തുനിന്നു് ഏറെ ഉദാരതയും നിസ്സംഗതവും ആവശ്യപ്പെടാതിരിക്കയില്ല. കാരണം സഭാംഗങ്ങളുടെ ഇവ്വിധസംരംഭങ്ങളിൽ "കത്തോലിക്ക" എന്ന ലേബൽ ഒട്ടിക്കുവാൻ സാധിച്ചെന്നുവരികയില്ല. ജനസമൂഹത്തിലേക്കുള്ള സാവധാനമായ ഈ പ്രവേശനം സ്ഥിതിവിവരക്കണക്കുകൾകൊണ്ടു വിലയിരുത്താൻ സാദ്ധ്യമല്ലതാനും. വ്യക്തിപരമായ ഉത്തരവാദിത്വത്തിനു കൊടുക്കുന്ന ഈ പ്രാധാന്യം സുവിശേഷപ്രഘോഷണത്തിനും ദൈവരാജ്യസംസ്ഥാപനത്തിനുമുള്ള ക്രിസ്ത്യാനികളുടെ തീക്ഷ്ണതവർദ്ധിപ്പിക്കും. അങ്ങനെ ഒരിക്കൽ ഇൻഡ്യൻ മണ്ണിൽ വേരുറച്ചാൽ തന്റെ ദൗത്യം പ്രസംഗിക്കുവാനുള്ള ഭാഷ സഭ വശമാക്കും; അവളുടെ അതിർത്തിവിവരസ്തികൾക്കപ്പുറത്തു കാണുന്ന വചനത്തിന്റെ വിത്തുകളെ അംഗീകരിക്കുവാൻ അവൾ മടിക്കുകയില്ല. സാവ്ത്രികമായ ദൈവസ്നേഹത്തിന്റെ കോരിച്ചൊരിച്ചിലിൽ അവൾ സന്തോഷിക്കും. കൊടുക്കുകയും വാങ്ങുകയും ചെയ്യുവാൻ സഭ സന്നദ്ധയാകും. മനുഷ്യസമൂഹത്തെ നവീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുവാനുള്ള ആദ്ധ്യാത്മികസാദ്ധ്യതകളെ പരിപുഷ്ടിപ്പെടുന്ന നവവിശ്വാസികളുടെ തീഷ്ണതയും ആത്മാർത്ഥതയും സജീവമായ പ്രേരണാശക്തിയുടേയും നേതൃത്വത്തിന്റേയും പ്രേഷിതവാഗ്ദാനങ്ങളും സഭ സ്വാഗതംചെയ്യും. ക്രിസ്തുവാഗ്രഹിക്കുന്ന രീതിയിൽ മനുഷ്യസമുദായത്തെ നവീകരിക്കാനും വിശുദ്ധീകരിക്കാനും ഉതകുന്ന ആദ്ധ്യാത്മിക ചൈതന്യം വർദ്ധിപ്പിക്കാൻ അവൾ ശ്രമിക്കും. മാനസ്സാന്തരങ്ങളൊന്നും സംഭവിക്കുന്നില്ലെങ്കിൽത്തന്നെ അവൾ നഷ്ടധൈര്യയാവുകയില്ല. കാരണം, ക്രിസ്തുവിന്റെ സജീവമായ സാന്നിദ്ധ്യവും അവിടുത്തെ രക്ഷയുടെ രഹസ്യവും മാനസ്സാന്തരസ്ഥിതിവിവരക്കണക്കുകൾകൊണ്ടല്ല നിർണ്ണയിക്കേണ്ടതു്.

അങ്ങനെ, ദൈവജനമായ സഭ, ''മനുഷ്യരാശിയോടൊത്തു പുരോഗമിക്കുകയും ലോകത്തിന്റേതായ അതേ ഭാഗധേയത്തിൽ പങ്കുകൊള്ളുകയും ചെയ്യുകൊണ്ട്'', ഒറ്റതിരിവിന്റേതായ അതിത്തിവരമ്പുകളെ തട്ടിത്തകർത്തു്, ഇൻഡ്യൻമണ്ണിൽ വിതയ്ക്കപ്പെട്ട ഗോതമ്പുമണിപോലെ ധാരാളമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനു് തയ്യാറാവും. ഭൗതികമായ പ്രശസ്തിയ്ക്കും പ്രശംസയ്ക്കും മരിക്കുവാൻ തയ്യാറായി വിളവെടുപ്പിന്റേതായ ആ അന്തിമ ദിവസത്തെ, ചരിത്രം അതിന്റെ നിയതഗതി പൂർത്തിയാക്കിക്കഴിയുമ്പോൾ 'ദൈവം എല്ലാറ്റിലും എല്ലാമായിത്തീരുവാൻവേണ്ടി ക്രിസ്തു പിതാവായ ദൈവത്തിനു് രാജ്യം ഭരമേല്പിക്കുന്ന' ആ അന്തിമദിവസത്തെ സ്നേഹോജ്ജ്വലമായ സേവനംവഴി സജ്ജമാക്കും.

1) വത്തിക്കാൻ II, സഭ ആധുനികലോകത്തിൽ, 40
2) '' തിരുസ്സഭ, 9
3) '' '' 9
4) '' '' 13
5) '' അക്രൈസ്തവമതങ്ങൾ, 1
6) '' തിരുസ്സഭ, 17
7) '' '' 15
8) മത്താ. 25:40; യാക്കോ. 1:27
9) വത്തിക്കാൻ II, തിരുസ്സഭ, 4.
10) Clergy Monthly, May 1968, p. 220.
11) വത്തിക്കാൻ II, എക്യുമെനിസം, 7
12) വത്തിക്കാൻ II, തിരുസ്സഭ, 37
13) M. Mujeeb, *The Indian Muslims*, London, Allen & Unwin, 1967, p. 440.
14) വത്തിക്കാൻ II, അക്രൈസ്തവമതങ്ങൾ, 3
15) M. Mujeeb, op. cit., p. 462-63,
16) S. Abid Hussain, *The destiny of Indian, Muslims*, Bombay, Asia Publications, 1965, p. 216

N. B. 1. കൂടുതൽ കോപ്പികൾക്ക്, Secretary Regional Seminar, POC, Alwaye-3 എന്ന വിലാസത്തിൽ എഴുതുക:

2. പുനഃപ്രകാശനത്തിന് പ്രത്യേകാനുവാദം ആവശ്യമില്ല.

Prined at the Mar Louis Memorial Press, Ernakulam Cochin-11

F

ഇന്നത്തെ ഇന്ത്യയിലെ സഭ

കേരള റീജിയനൽ സെമിനാർ

ഡിസംബർ 1968

പ്രബന്ധം F

ഭാരതസഭയുടെ ഉത്തരവാദിത്വം

ഫാദർ സാമുവൽ രായൻ

ശ്രീ പി. റെറി ചാക്കോ, ഡോ. ജി. കളപ്പുരയ്ക്കൽ
ഫാദേഴ്സ് ജോനാസ് C.M.I, ജെ. കണ്ണത്ത്, ജെ. അറയ്ക്കൽ,
എസ്. ലാംബെർട്ട്, പൊന്റിഫിക്കൽ സെമിനരി സ്റ്റാഫ്
തുടങ്ങി പലരുടേയും സഹകരണത്തോടെ

സെക്രട്ടേറിയറ്റ്
കേരള റീജിയനൽ സെമിനാർ
പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ
ആലുവാ-3

ഉള്ളടക്കം

I. പശ്ചാത്തലം : ഭാരതം ഇന്ന്

II. ഇന്നത്തെ ഇൻഡ്യയിലെ സഭയുടെ ഉത്തരവാദിത്വം

1 പരിവർത്തനം
2 പരിവർത്തനത്തിനു് ആവശ്യമായ ചെയ്കകൾ
3 മദ്ധ്യവും പുറന്തോടും
4 തദ്ദേശീകരണം
5 സാക്ഷ്യം
6 പ്രേഷിത പ്രവർത്തനവും സുവിശേഷ പ്രഘോഷണവും
7 ഭാരതീയ ദൈവ ശാസ്ത്രം
8 ഐകൃം
9 സാമൂഹ്യ സാമ്പത്തിക വികസനം
10 രാഷ്ട്രീയ ജീവിതം
11 വിദ്യാഭ്യാസം
12 ഇൻഡ്യയിലെ യുവതലമുറ
13 ഹിന്ദുക്കളുമായുള്ള സംഭാഷണം
14 ആദ്ധ്യാത്മിക ജീവിതം

Bharata Sabhayude
Uttaravaditvam
Malayalam
Translation of
Orientation Paper F
RESPONSIBILITY OF THE CHURCH
IN INDIA TODAY
Kerala Regional Seminar
Pastoral Orientation Centre
Alwaye — 3
Price 0.20.

Printed at Viani Printings, Ernakulam, Cochin - 18

ഭാരതസഭയുടെ ഉത്തരവാദിത്വം

1. പശ്ചാത്തലം: ഭാരതം ഇന്ന്

2. പ്രക്ഷുബ്ധമാണ് ഭാരതത്തിന്റെ അന്തരീക്ഷം ഇന്ന്. ഇവിടത്തെ സാമൂഹ്യവ്യവസ്ഥിതി മിക്കവാറും പരമ്പരാഗതവും ചലനരഹിതവും പരിവർത്തനത്തെ ചെറുക്കുന്നതുമാണെന്നു പറയാം. വിധിവിഹിതാവസ്ഥയിൽ വിശ്വാസമർപ്പിച്ചുകൊണ്ടുള്ള നിഷ്ക്രിയാത്മകതയാണു ഭാരതത്തിന്റെ പ്രത്യേകത. അസമത്വങ്ങളും വർഗ്ഗവിവേചനവും ഇന്ന് ഇവിടെ നടമാടുന്നു. ചൂഷണവും മർദ്ദനവും അപ്രത്യക്ഷമായിട്ടില്ല. അഴിമതി വർദ്ധിച്ചു വരികയാണ്. പിളർപ്പിന്റേയും അനൈക്യത്തിന്റേയും ശക്തികൾ എങ്ങും ദൃശ്യമാണ്. മതപരമായ ന്യൂനപക്ഷങ്ങൾക്കും ഗണ്യമായ സ്വാധീനമുണ്ട്. പരിവർത്തനത്തോടും സാഹസത്തോടും ഉള്ള ഭയവും, സുരക്ഷിതത്വത്തിനുവേണ്ടിയുള്ള ആകാംക്ഷ നിറഞ്ഞ അന്വേഷണവും ഭാരതത്തിന്റെ പ്രത്യേകത തന്നെ.

3. രാഷ്ട്രത്തിന്റെ മുഖച്ഛായയും മനസ്സിനും സത്വര പരിവർത്തനം വരുത്താൻ ശ്രമിക്കുന്ന ശക്തികളോട് മേല്പറഞ്ഞവ സംഘട്ടനത്തിൽ വരികയാണ്. മൂല്യങ്ങളുടെ വിപ്ലവത്തിലൂടെയാണു ഭാരതം ഇന്നു നീങ്ങുന്നത്. കഴിഞ്ഞുപോയ കാലയളവിലെ മൂല്യങ്ങൾക്കിന്നു കുലുക്കം തട്ടിയിരിക്കുന്നു; ശാസ്ത്രത്തിന്റേയും സാങ്കേതിക വിദ്യയുടേയും അടിസ്ഥാനങ്ങളിൽ പണ്ടുയർത്തപ്പെട്ടിരിക്കുന്ന പുതുതായൊരു മൂല്യബന്ധമാണിന്നു വളർന്നു വരുന്നത്. പല പ്രതീക്ഷകളുടേയും ഒരു വിപ്ലവമാണു നാമിന്നു നേരിടുന്നത്: ദാരിദ്ര്യത്തിനും അസമത്വത്തിനും മർദ്ദനത്തിനുമെതിരായി ഇന്ന് എതിർപ്പുണ്ട്. ജാതിയേയും വർഗ്ഗത്തേയും കുടുംബത്തേയും ഗ്രാമത്തേയും ചുറ്റിപ്പറ്റി നിൽക്കുന്ന പാരമ്പര്യങ്ങളും ഇന്നു നിരാകരിക്കപ്പെടുകയാണ്. വിയോജിക്കാനുള്ള സ്വാതന്ത്ര്യം പലരും ഊന്നിപ്പറയുന്നു; സാമൂഹ്യപരിവർത്തനത്തിന്റെ പ്രേരകശക്തിയാണല്ലോ സ്വാതന്ത്ര്യം. പരമ്പരാഗതങ്ങളായ പലതിനും ഊനം തട്ടിയതോടെ, വ്യക്തി, ചരിത്രം, സമത്വം, സ്വാതന്ത്ര്യം, സമൂഹം തുടങ്ങിയവയെപ്പറ്റി നൂതനാശയങ്ങളും ഉയിരെടുത്തിട്ടുണ്ട്. മനുഷ്യന്റെ സർഗ്ഗാത്മകശക്തിയെപ്പറ്റി വർദ്ധമാനമായ അ

വബോധമാണ ഇപ്പോഴുള്ളത്. മതാധികാരവും സാമൂഹ്യ ചേരി തിരിവുകളും ഏറെനാളം ഈ ശക്തിയെ അടിച്ചമത്തി യിരുന്നെന്നും ശാസ്ത്രവും സാങ്കേതിക വിദ്യയുമാണ് അതിനെ ഇപ്പോളം മോചിപ്പിച്ചതെന്നും വിശ്വസിക്കുന്നവരുണ്ട്. ച ലനാത്മകമായ പ്രവർത്തനോത്സുകത വർദ്ധിച്ചിരിക്കയാണി ന്നു. രാഷ്ട്രീയപാർട്ടികളുടെ കലങ്ങിമറിഞ്ഞ ഒരു പ്രവാ ഹം, ആശയങ്ങളുടെ കോലാഹലം, സാമ്പത്തിക നയങ്ങളുടെ ജല്പനം—സാമൂഹ്യഘടനകളെ നവീകരി ക്കുന്നതിലുള്ള പൊതുവായ കഴിവുകേടാണ് മേല്പറഞ്ഞവയെ ല്ലാം വെളിവാക്കുന്നത്. എങ്ങും പ്രക്ഷുബ്ധാവസ്ഥ അനുഭ വപ്പെടുകയാണ്: സ്വാതന്ത്ര്യവും സോഷ്യലിസ്റ്റ് മാതൃകയിലു ള്ള സമൂഹവും തമ്മിൽ, ഔദ്യോഗിക ദേശീയപരിപാടിക ളും പരപ്രേരണ കൂടാതെ പ്രവർത്തിക്കുന്ന ഏജൻസികളും ത മ്മിൽ, ആസൂത്രണവും ജനവർദ്ധനവും തമ്മിൽ, കൃഷിയും വ്യ വസായവും തമ്മിൽ സൈന്യവും, അഹിംസയും തമ്മിൽ, വർഗ്ഗീ യതയും ദേശീയൈക്യവും തമ്മിൽ, അഴിമതിയും ദേശീയസ ത്യസന്ധതയും തമ്മിൽ, മതപരമായ നവോത്ഥാനവും ലൗകി കവാദത്തിന്റെ ആദർശവും തമ്മിൽ, ജനാധിപത്യവ്യവ സ്ഥിതിയുടെ സാവധാനതയും സർവ്വാധിപത്യത്തിന്റെ വാ ശാനങ്ങളും തമ്മിൽ. ഇതാണ് ഇന്നത്തെ ഇൻഡ്യ.

II ഇന്നത്തെ ഇൻഡ്യയിലെ സഭയുടെ ഉത്തരവാദിത്വം

4. സഭയിലുള്ള എല്ലാവർക്കും അവരം നിത്യരക്ഷയ്ക്കുള്ള അനു പേക്ഷണീയ മാർഗ്ഗമാണ്, സ്വർഗ്ഗത്തിലേക്കു വ്യക്തിയെ നയി ക്കുന്ന പാതയാണ്. ജീവിതത്തിന്റെ എല്ലാതലങ്ങളിലും സഭയാകുന്ന അധികാരത്തിന്റെ ഭാരം അനുഭവപ്പെടുന്നുണ്ട്. നിയന്ത്രണങ്ങളുടേയും നിയമങ്ങളുടേയും സുസംഘടിതമായൊ യ വ്യവസ്ഥിതിയാണിത്; ഇങ്ങനെയുള്ളൊരു വ്യവസ്ഥി തിയിൽ ഉത്തരവാദിത്വബോധവും സ്വാതന്ത്ര്യകചിന്തയും വെ ടിഞ്ഞു ശൈശവാവസ്ഥയിൽ ആശ്രയബോധത്തോടെ അംഗ ങ്ങളം ജീവിക്കാൻ സാധ്യതയുണ്ട്. പ്രയോഗത്തിൽ, സഭ യെന്നു പറയുന്നത് ആരാധനയും കുറേ ധാർമ്മിക ചുമതലകളു മായിട്ടുണ്ട് സാധാരണ ഒരിന്ത്യൻ ക്രിസ്ത്യാനിയ്ക്കു സഭയും മതവും എന്നുപറഞ്ഞാൽ ഭക്തിയും ശുദ്ധതയുമാണ്; സേവന ത്തിൽ പ്രകടമാകുന്ന സമ്പൂർണ്ണസ്നേഹമോ ഒരു ജീവിതരീതി യോ അല്ല. പൊതുജനദൃഷ്ടിയിൽ സഭ മാനസാന്തരം നടത്തു ന്ന ഒരു ഏജൻറാണ്; സ്കൂളുകളും, കോളേജുകളും, ആശുപത്രി കളും എന്നിവ നടത്തുന്ന ബൃഹത്തായൊരു സംഘടനയാണ്.

മനുഷ്യർക്കു കൂടുതൽ പരിചിതമായതു് സഭയുടെ ആദ്ധ്യാത്മികവശമല്ല; സഭ ഒരു ശക്തിസംഘടനയാണു്; സമ്പത്തും സ്വാധീനവും ഉള്ള, അന്യരെ അകറ്റി നിറുത്തുന്ന, വഗ്ദീയ സ്വഭാവമുള്ള, സ്വന്തം ശക്തി ഊന്നിപ്പറയുന്ന, എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം നല്കാൻ കഴിവുള്ള ഒരു ദൈവശാസ്ത്രം കൈമുതലായുണ്ടെന്നു വീമ്പടിക്കുന്ന ഒരു സംഘടനയാണു് സഭ സാധാരണക്കാരുടെ വീക്ഷണത്തിൽ. സാമൂഹ്യവും രാഷ്ട്രീയവുമായ അധികാരത്തിന്റെ കേന്ദ്രവും, പദവിയുടേയും പ്രത്യേകാവകാശങ്ങളുടേയും മൻഗണനയുടേയും പ്രതീകവുമാണു സഭയിലെ ഉദ്യോഗങ്ങൾ, ഇക്കാരണത്താൽ, യാഥാസ്ഥിതികമാണു സഭയുടെ സ്വഭാവം; സ്വന്തം നിലപാടിനെ പിന്താങ്ങുന്നവരുടെ മിത്രവുമാണു സഭ എന്നും സാധാരണക്കാർ ധരിച്ചിരിക്കുന്നു.

i പരിവർത്തനം

5. എന്നാൽ സ്വയം പരിവർത്തന വിധേയയാകാനും രാഷ്ട്രത്തെ ശ്രുപഭേദപ്പെടുത്തുന്ന പരിവർത്തനങ്ങളെ നയിക്കാനുമുള്ള ഒരു വിളിയാണു സഭയ്ക്കിന്നു ലഭിച്ചിരിക്കുന്നതു്. പരിവർത്തനം ചെയ്യപ്പെടാനുള്ള തീരുമാനവും ധൈര്യവും—ഇന്നത്തെ ഇൻഡ്യയിലെ സഭയുടെ പ്രാഥമികവും അടിസ്ഥാനപരവുമായ ഉത്തരവാദിത്വമാണിതു്. പരിവർത്തനത്തിനു വിധേയയാകാൻ സഭയ്ക്കു സാധിക്കും; ഇതു് അനുപേക്ഷണീയവുമാണു്; ദ്രുതഗതിയിലും നടക്കണമിതു്. ഒരു ചരിത്രയാഥാർത്ഥ്യമെന്ന നിലയിൽ സഭയുടെ സ്വഭാവംതന്നെ ഇതാവശ്യപ്പെടുന്നുണ്ടു്. ചരിത്രം ദ്രുതഗതിയിൽ ചലിക്കുകയാണു്. യാഥാർത്ഥ്യത്തെപ്പറ്റി കൂടുതൽ ചലനാത്മകവും പരിണാമാത്മകവുമായ ഒരു വീക്ഷണമാണു് മനുഷ്യരാശിക്കിന്നുള്ളതു്. ചരിത്രത്തിന്റെ ഈ ഒഴുക്കിലാണു സഭയും ഉൾപ്പെട്ടിരിക്കുന്നതു്; ഈ ചലനത്തിൽ ദൈവത്തിന്റെ നിത്യതയും വിശ്വസ്തതയും ഉണ്ടെന്നകാര്യം വിസ്മരിക്കുന്നില്ല ദൈവത്തിൽ അചഞ്ചലമായ ഒരു മർമ്മം സംരക്ഷിച്ചു കൊണ്ടുതന്നെ ചരിത്രത്തോടൊപ്പം സഭയും ചലിക്കുകയും മാറുകയും ചെയ്യും. രണ്ടാമതായി, പരിവർത്തനവിധേയയാകാൻ സഭയ്ക്കുള്ള സന്നദ്ധത, 'ചരിത്രത്തിന്റെ നാഥനോടുള്ള വിധേയത്വം' തന്നെയാണു്. സഭയുടെയല്ല ദൈവത്തിന്റെ നിയന്ത്രണത്തിനാണു് ചരിത്രം വിധേയമായിരിക്കുന്നതു്. ആവശ്യമുള്ളിടത്തു് പരിവർത്തനം വരുത്തുക എന്നതു സഭയുടെ ദൗത്യത്തിന്റെ ഒരു ഭാഗം തന്നെയത്രെ. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഒരു ലോകത്തിനു ദൈവാനുഗ്രഹത്തിന്റേയും സത്യത്തിന്റേയും മദ്ധ്യസ്ഥയാണു സഭ.

ചരിത്രത്തിൽ പ്രവേശിച്ചിരിക്കുന്ന സഭ; ചരിത്രത്തെ സേവിക്കാനാണു സഭ വിളിക്കപ്പെട്ടിരിക്കുന്നതു്: ഇതിൽനിന്നും അനസ്യൂതമായ അനുരൂപണത്തിനും ദൃതമായപരിവർത്തനത്തിനും വിധേയയാകാൻ സഭയ്ക്കുള്ള ഉത്തരവാദിത്വം ഉരുത്തിരിയുന്നുണ്ടു്. വളരെ മന്ദഗതിയിലുള്ള മുന്നേറ്റം പരിവർത്തനത്തിൽ ധൈര്യപൂർവ്വമുള്ള ഉദ്യുക്തതയേക്കാൾ കൂടുതൽ അപകടകരമാണു് (കാരണർ). നാലാമതു്, സഭയ്ക്കു സ്വയം അവഗണിച്ചു് അനുദിനം ക്രിസ്തുവിനെ അനുഗമിക്കാൻ കടമയുണ്ടു്. സ്ഥായിയായ സങ്കേതം സഭയ്ക്കുവിടെയില്ല. നാഥനെ കണ്ടുമുട്ടാൻ മരുഭൂമിയിലേയ്ക്കുവരം എപ്പോഴും പോകണം; കൂടുതൽ ആഴമുള്ള ജീവിതത്തിലേക്കും കൂടുതൽഅഗാധങ്ങളായവീക്ഷണങ്ങളിലേക്കുംഅവരം എന്നും തീർത്ഥാടനം നടത്തുകയും വേണം. അവസാനമായി, സ്വന്തം അവസ്ഥയെ വിലയിരുത്താനും പരിവർത്തനത്തിനു തുടക്കമിടാനും ഇൻഡ്യയിലെ സഭയ്ക്കു വേറെയും ചില കാരണങ്ങളുണ്ടു്.

a) ചരിത്രത്തിലാദ്യമായി ഇന്നിതാ ഏഷ്യയിലെ ക്രിസ്ത്യാനികരംക്കു് ഭരണാധികാരികരം നൽകിയിരുന്ന പാലനം ഇല്ലാതായിരിക്കുന്നു. പുതിയ പരിതോവസ്ഥയ്ക്കു യോജ്യമായ രീതിയിൽ സഭ സ്വയം ക്രമീകരിക്കണം, ദേശീയ സമൂഹത്തിൽ അവരം തന്റേതായ സ്ഥാനം കണ്ടെത്തണം, അവളുടെ ദൗത്യവും ബന്ധങ്ങളും കണ്ടെത്തുകയും വിശദീകരിക്കുകയും വേണം.

b) സഭയ്ക്കിന്നു നേരിടാനുള്ളതു് ജീവൻ വീണ്ടെടുത്തിരിക്കുന്ന, പ്രസക്തമായ, പുനഃവ്യാഖ്യാനം ചെയ്യപ്പെട്ടിരിക്കുന്ന, സുവിശേഷസന്ദേശത്തെ വെല്ലുവിളിക്കുന്ന പുരാതന സംസ്കാരങ്ങളെയാണു്. കഴിഞ്ഞ കാലയളവിൽ ഒരുപക്ഷേ ക്ഷയിച്ചുകൊണ്ടിരുന്ന സംസ്കാരത്തേയും അന്ധവിശ്വാസങ്ങരം നിറഞ്ഞ ആരാധനാസമ്പ്രദായങ്ങളെയുമായിരുന്നു സഭ നേരിടേണ്ടിയിരുന്നതു്. നവമായി ശക്തിയാർജ്ജിച്ച പുരാതനസംസ്കാരങ്ങളുടെ ശൈലിയിലും തത്ത്വശാസ്ത്രത്തിലും സാംസ്കാരികപശ്ചാത്തലത്തിലും അവയോടു സൗഹൃദസംഭാഷണത്തിലേർപ്പെടാനും അവയെ ശ്രവിക്കാനും സഭ ഇന്നു പഠിക്കേണ്ടിയിരിക്കുന്നു.

c) നൂറ്റാണ്ടുകളിലൂടെ സഭ ചുമലിലേറ്റിയിരുന്ന പല ഉത്തരവാദിത്വങ്ങളും അനുക്രമമായി രാഷ്ട്രം സഭയിൽ നിന്നു അടർത്തിമാറ്റുകയാണിന്നു്. അതുകൊണ്ടു പുതിയ മാർഗ്ഗങ്ങളിലൂടെ ആധുനികലോകത്തിനു പ്രസക്തമാകാനും സ്വന്തം മാർഗ്ഗദ

ർശനദൗത്യം തുടരാനും സഭയിന്നു മുന്നോട്ടുവരണം. സഭയുടെ ഉപവിയുടെ പരീക്ഷണഘട്ടമാണിത്.

d) അവസാനമായി, ഏതൊരു വിപദ്സന്ധിയേയും നേരിടാൻ തയ്യാറായിരിക്കുക, പ്രതികൂലമായ ഒരു ഭരണരീതിനു കീഴിൽ പ്രവർത്തിക്കുക, വിഷമഘട്ടങ്ങളിൽപോലും വിശ്വാസസാക്ഷ്യം നൽകുകയെന്ന ദൗത്യം തുടർന്നുകൊണ്ടുപോകുക— ഇതിനുള്ള ഒരു വിളിയാണ് ഇന്നിന്റെ ഗുരുതരവും നിർണ്ണായകവുമായ അന്തരീക്ഷം. ഇക്കാരണത്താൽ ഇപ്പോഴത്തന്നെ സഭ അവളുടെ ജീവിതരീതിയും നിയമങ്ങളും ഘടനകളും ലളിതവും ചലനാത്മകവും വഴങ്ങുന്നതുമാക്കേണ്ടിയിരിക്കുന്നു.

6. ഈ പുതിയ പരിതോവസ്ഥയെപ്പറ്റി നാം ഖേദിക്കേണ്ടതില്ല. കിടങ്ങുകളിൽ നിന്നും പുറത്തിറങ്ങി മുന്നേറാൻ നമ്മെ നിർബന്ധിക്കുന്ന വിശുദ്ധാത്മാവിയുടെ പ്രേരണയാണു നാമിതിൽ ദർശിക്കേണ്ടതു്. സുവിശേഷം പുനഃചിന്തനത്തിനു വിധേയമാക്കി സഭയിൽ പരിവർത്തനം സംജാതമാക്കണം; സുവിശേഷത്തിന്റെവീക്ഷണങ്ങൾക്കു് അതിനേറ്റതായ പുതിയ രൂപഭാവങ്ങളും നൽകണം. ഈയൊരു ബോദ്ധ്യമാണു് ഈ സെമിനാറിനുണ്ടാകേണ്ടതു്. ഈ സെമിനാർ സഭയിൽ സംജാതമാക്കേണ്ടതും ഇതുതന്നെ. സഭയുടെ മാനുഷിക നിയമങ്ങളെ അചഞ്ചലങ്ങളായ ദൈവിക നിയമങ്ങളുടെ പരിധിയിൽ നിന്നുകൊണ്ടുതന്നെ മാറ്റത്തിനു വിധേയമാക്കണം; ആധുനിക ലോകത്തിന്റെ പുതുതായ പരിതോവസ്ഥകളിൽ അവ എങ്കിലേ പ്രസക്തങ്ങളാകൂ; നവംനവംങ്ങളായ ചോദ്യങ്ങളും ചോദിക്കുകയും അവയ്ക്കു് നവംനവങ്ങളായ ഉത്തരങ്ങളും കണ്ടുപിടിക്കുകയും വേണം; ഭാരതം ഇന്നു് ഉന്നയിക്കുന്ന ചോദ്യങ്ങളും ചോദിച്ചുകൊണ്ടു് ഉത്തരങ്ങൾക്കുവേണ്ടിപൊരുവായ ഒരു അന്വേഷണം നടത്തുകയും വേണ്ടിയിരിക്കുന്നു. സുവിശേഷത്തിന്റെ സാക്ഷ്യത്തെ വെല്ലുവിളിക്കുകയും അതിന്റെ ഉപവിയെ ചോദ്യം ചെയ്യുകയും ചെയ്യുന്ന എല്ലാവരുമായി സൗഹൃദ സംഭാഷണത്തിൽ ഏർപ്പെടേണ്ടതും അനിവാര്യമാണു്. അതോടൊപ്പം അപൂർണ്ണമായ വിജ്ഞാനത്തിന്റെ വിനയത്തിലും വിശ്വാസത്തിന്റെ അവ്യക്തതയിലും പ്രക്ഷുബ്ധാവസ്ഥയിലും ജീവിക്കാൻ നാം ഒരുങ്ങുകയും വേണം. ഔദ്ധത്യവും മക്കടമുഷ്ടിയും ഉപേക്ഷിക്കുക വികസ്വരങ്ങളായ കാര്യങ്ങളും തുറന്ന ചർച്ചയ്ക്കായി വിടുക; അത്യാവശ്യ കാര്യങ്ങളിൽ മാത്രം ഐക്യം മതിയെന്നു വയ്ക്കുക; കൂടുതൽ വിപുലമായ സ്വാതന്ത്ര്യത്തിനും പരിശുദ്ധാത്മാവിയുടെ മാർഗ്ഗ നിർദ്ദേശത്തിനും കൂടുതൽ ഉത്തരവാദിത്വത്തിനും വിശ്വസ്തതയ്ക്കും ഓ

രോ ക്രിസ്ത്യാനിയേയും അനുവദിക്കുക. അനുദിനം പരിണാമ വിധേയമായിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളുമായി അനുസൃതം പൊരുത്തപ്പെടാൻ ശ്രമിക്കുകയും ചെയ്യുക. പരിവർത്തനത്തിന്റെ ഒരു അന്തരീക്ഷം, പരിവർത്തന വിധേയമാക്കാനുള്ള നിശ്ചയം, കഴിഞ്ഞ കാലങ്ങളിൽനിന്നും അതിന്റെ അവലംബത്തിൽനിന്നും മോചനം നേടാനുള്ള സന്നദ്ധത — ഇതാണ സെമിനാർ ഉന്നം വയ്ക്കേണ്ടതു്. വിദേശ സഹായത്തെ ആശ്രയിക്കാനും സ്വന്തം നിരാശ്രയത്വത്തെപ്പറ്റി കേഴുവാനും ഉള്ള പ്രവണതകൾ നാം ഉപേക്ഷിക്കുകതന്നെവേണം. സഭയുടെ ഘടനയിലും ഭരണത്തിലും അനുപേക്ഷണീയങ്ങളായ വ്യത്യാസങ്ങൾ വരുത്താനും അൽമായക്കു സഭയുടെ ജീവിതത്തിന്റേയും സേവനത്തിന്റേയും വിവിധങ്ങളായ തലങ്ങളിൽ സർഗ്ഗാത്മകവും ഉത്തരവാദിത്വപൂർവ്വകവുമായ പരീക്ഷണങ്ങളും പ്രവർത്തനങ്ങളും ആരംഭിക്കാൻ അവസരം നൽകാനും ഈ സെമിനാർ ശ്രമിക്കട്ടെ.

ii പരിവർത്തനത്തിനു് ആവശ്യമായ ചെയ്യുക

6. മനുഷ്യസേവനം ലക്ഷ്യം വച്ചുകൊണ്ടാണു സഭ സ്വയം നവീകരിക്കുക. ഭാരത സഭ പരിവർത്തന വിധേയയാകുന്നെങ്കിൽ, അതു ഭാരതം പരിവർത്തന വിധേയയാകണമെന്ന ഉദ്ദേശത്തോടെയാണു്. സഭയുടേയും സെമിനാറിന്റേയും ഊന്നിപ്പറയേണ്ട രണ്ടാമത്തെ ഉത്തരവാദിത്വമാണിതു്. ലോകത്തെ പരിവർത്തന വിധേയമാക്കാൻ ഉള്ള ഒരു താൽപര്യം മറ്റു മതങ്ങളെ അപേക്ഷിച്ചു ക്രിസ്തുമതത്തിനു മനുഷ്യ ചരിത്രത്തിലുള്ള ദൈവത്തിന്റെ പ്രവർത്തനം നൽകുന്നുണ്ടു്.

സത്വരവും സമൂലവുമായ മാറ്റങ്ങൾ രാജ്യത്തിൽ സൃഷ്ടിക്കാൻ ഉള്ള ദൗത്യം ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കാൻ വിളിക്കപ്പെട്ടതോടെ തീർച്ചയായും സഭയ്ക്കു നൽകപ്പെട്ടിട്ടുണ്ടു്. ഇതുവഴി ദാരിദ്ര്യത്തിലും അരിഷ്ടതയിലും കഴിഞ്ഞുകൂടുന്ന ജനവിഭാഗങ്ങൾ രാഷ്ട്രത്തിന്റെ ജീവിതത്തിൽ ന്യായമായി പങ്കു ചേരണം.

പരമ്പരാഗതങ്ങളായ സേവനമാർഗ്ഗങ്ങൾ ഇന്നു പ്രസക്തങ്ങളാണു്. എന്നാൽ ഇന്നു പുതിയൊരുതരം സേവനം ആവശ്യമത്രെ: സാമൂഹ്യപരിണാമത്തിന്റെ സേവനമാണിതു്. ഇൻഡ്യയിൽ നവീകരണത്തിനും വിപ്ലവത്തിനും സഹായിക്കുന്ന ശക്തങ്ങളായ പല ഘടകങ്ങളും പ്രവർത്തനനിരതമാണു്. എന്നാൽ, ജനാധിപത്യ മാനദണ്ഡങ്ങൾ യാന്ത്രികമായി ഉപ

275.4
SEM

യോഗിച്ചതുകൊണ്ട് സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക തല ങ്ങളിലുള്ള ചൂഷണത്തിനോ, പാരമ്പര്യാവലംബനത്തിന്റെ ദൂഷിത വലയത്തിനോ അറുതി വരുത്താൻ സാദ്ധ്യമല്ല. ന്യൂറോ ണ്ടുകളിലൂടെ ചൂഷണത്തിന്റെ അടുക്കുകൾ കൂന്തകൂടി കിടക്കു ന്നതിന്റെ മുകളിൽ സാമൂഹ്യനീതി, നിയമം, സമത്വം എന്നി വ സ്വതവേ വേരുന്നുകയില്ല. ഇൻഡ്യയിലെ ഇന്നത്തെ പ രിവർത്തനങ്ങളുടെ അപഗ്രഥനം ഇതാണ് വ്യക്തമാക്കുന്നത്:

എന്നാലും, പരിവർത്തനത്തിനു് ആരംഭമിട്ടേ മതിയാകൂ. മയങ്ങിക്കിടക്കുന്ന ആളുകളിൽ വിപ്ലവത്തിനുള്ള ആവേശം സൃ ഷ്ടിക്കുക: സമൂഹത്തിന്റെ പരിവർത്തനത്തിനുള്ള ഏക പ്രത്യാ ശ ഇതത്രെ.

7. വിപ്ലവത്തിനുള്ള ആവേശം സൃഷ്ടിക്കാനും സാമൂഹ്യ പരി വർത്തനത്തിനുള്ള ആരംഭമിടാനും മാഗ്സനിട്ടേശം നൽകാനും സ ഭയ്ക്കു് എത്രമാത്രം ഉത്തരവാദിത്വമുണ്ടു്? പുതിയതും പഴയതു മായ എല്ലാത്തരം ചൂഷണത്തിനും പാരമ്പര്യാവലംബനത്തി നും നിഷ്ക്രിയാത്മകതയ്ക്കും എതിരായുള്ള പോരാട്ടത്തിൽ എ ത്രത്തോളം സഭ ഉദ്യുക്തയാകണം? സാമൂഹ്യപരിവർത്തനത്തിൽ സുവിശേഷത്തിന്റേയും മതത്തിന്റേയും മൂല്യങ്ങൾക്കുള്ള സ്ഥാനമെന്തു്? ഈ ചോദ്യങ്ങൾക്കുത്തരമായുമ്പോൾ ഒരു തൊഴിൽത്തർക്കത്തിൽ മൂശ ഇടപെട്ട സംഭവവും അതിനുശേഷം കോപാക്രാന്തനായ മനുഷ്യനെ ദൈവം തെരഞ്ഞെടുത്തതുമാണു നാം അനുസ്മരിക്കുക. പ്രക്ഷുബ്ധമായ ഒരു സാമൂഹ്യ—സാ മ്പത്തിക—രാഷ്ട്രീയ സാഹചര്യത്തിൽ ദൈവം ഇടപെടുകയും, ഒരു ഗണം അടിമകൾക്കു സ്വാതന്ത്ര്യം നൽകണമെന്നു നിർബ ന്ധമായി പ്രസ്താവിക്കുകയും ചെയ്തു. ജോവാൻ ഓഫ് ആർക്കി നെപ്പറ്റിയും നാം ഓർത്തു പോകും സ്വാഭാവികമായി. എല്ലാത്തരം അനീതിയും ദൈവം ശക്തിയായി ആമോ സ്, മിക്കാ എന്നിവർവഴി അപലപിച്ചതും നാം ശ്രവിക്കു ന്നുണ്ടു് സുവിശേഷങ്ങളിൽത്തന്നെ ഇശോ മനുഷ്യനന്മയ്ക്കുവേ ണ്ടി സാബത്താചരണം ലംഘിച്ചുവെന്നു നാം വായിക്കുന്നു; സാബത്തും അതിനോടു ബന്ധപ്പെട്ടതും മനുഷ്യനുവേണ്ടിയാ ണു്; മറിച്ചല്ലല്ലോ. ആത്മീയ സ്വാതന്ത്ര്യത്തിനുവേ ണ്ടി അവിടുന്നു പിതാക്കന്മാരുടെ പാരമ്പര്യത്തെ മറി കടക്കു കയുണ്ടായി. ക്രിസ്തുവിന്റെ ഇത്തരം വിപ്ലവകരങ്ങളായ വാ ക്കുകളും പ്രവൃത്തികളും കാരണമാണു് അവിടുന്നു വധിക്കപ്പെട്ട തെന്നും നാം വായിക്കുന്നുണ്ടല്ലോ. പ്രകാശം, ഉപ്പു്, പുളിമാ വു് എന്നിവപോലെ ലോകത്തെ മുഴുവനും പരിണാമ വിധേ യമാക്കാൻ കഴിവുള്ള ശക്തിയായിരിക്കണം തന്റെ സഭ എന്നു

ക്രിസ്തു തീർച്ചയായും ഉദ്ദേശിച്ചിരുന്നു. പഴയ തോല്പുടങ്ങളും, പഴയ വീക്ഷണഗതികളും ചിന്താരീതികളും കാലഹരണപ്പെട്ട സാമൂഹ്യ ഘടനകളും പുതിയ വീഞ്ഞായസഭ ഭേദിക്കണമെന്നു് അവിടുന്നു തീരുമാനിച്ചു. അപ്പസ്തോലന്മാരുടെ പരീക്ഷണങ്ങളിലും, ഫിലമോണു് പൗലോസു് എഴുതിയ കത്തിലും ക്രിസ്തുവിന്റെ അത്ഭുതങ്ങളിലും, ഏറ്റവുമുപരിയായി ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും, പുതിയൊരു മനുഷ്യരാശിക്കു രൂപം കൊടുക്കാനുള്ള പരിപാടിയും അതിന്റെ സാക്ഷാൽക്കാരത്തിനുവേണ്ടി പ്രയത്നിക്കാനുള്ള അനുശാസനവും ക്രിസ്തുവിന്റെ സഭയ്ക്കുണ്ടു്.

8. ഇതിൽനിന്നെല്ലാം ചില നിഗമനങ്ങളിൽ നമുക്കു് എത്തിച്ചേരാവുന്നതല്ലേ? മനുഷ്യനും മനുഷ്യനും തമ്മിലുള്ള അതിർ വരമ്പുകളും നശിപ്പിക്കുന്നതിലും എല്ലാത്തരം പാരതന്ത്ര്യത്തിൽനിന്നും മനുഷ്യനെ മോചിപ്പിക്കുന്നതിലും സഭ സുവിശേഷ വിശ്വാസത്താൽ നയിക്കപ്പെടുന്നതുകൊണ്ടു്, ഇന്നത്തെ ഭാരതത്തിൽ അനിവാര്യമായ സാമ്പത്തിക–രാഷ്ട്രീയ വിപ്ലവ പ്രക്രിയയ്ക്കു് ആരംഭമിടാനും അതിനെ നയിക്കാനും സഭയ്ക്കു ദൗത്യമുണ്ടു്. ഇന്നത്തെ സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ ഘടനയുടെ ഹീനവും വികലവുമായ പരിണതഫലങ്ങളുടെമേൽ വിജയം വരിക്കാൻ ജനങ്ങളെ പരിശീലിപ്പിക്കാനും അവക്കതിൽ താൽപര്യം നൽകാനും ക്രിസ്തീയ സഭയുടെ അദ്ധ്യാപന സേവനം ആവശ്യമാണു്; മാത്രമല്ല, ചരിത്രത്തിന്റെ അധിനായകനായ ക്രിസ്തുവിന്റെ അഭീഷ്ടത്തിനു വിധേയമായി, മെച്ചപ്പെട്ടൊരു ജീവിതത്തിനുള്ള ജനതകളുടെ മുന്നേറ്റത്തെ നയിക്കാനും സഭ രംഗത്തിറങ്ങേണ്ടിയിരിക്കുന്നു. വിപ്ലവത്തിനുള്ള താൽപര്യം ജനങ്ങളിൽ സൃഷ്ടിക്കാനും പോരാട്ടത്തിനു ആരംഭമിടാനും അതിനെ പരിപോഷിപ്പിക്കാനും, ഏതു സമയത്തും ദൈവത്തോടുള്ള ബന്ധം സംരക്ഷിക്കാനും, അങ്ങനെ എല്ലാവക്കും ദൈവമക്കളുടെ സ്വാതന്ത്ര്യത്തോടുകൂടി ജീവിക്കാനുള്ള സാദ്ധ്യത സൃഷ്ടിക്കാനും സഭയ്ക്കു മൗലികമായ ഒരു ദൗത്യമുണ്ടു്. ഏതേതു മാർഗ്ഗങ്ങളിലാണു ഈ സേവനം പ്രായോഗികമാക്കേണ്ടതെന്നു് ആരായേണ്ടതു വക്കുഷോപ്പുകളത്രെ.

iii മമ്മവും പുറന്തോടും

9. മേല്പറഞ്ഞതിനോടു് അനുബന്ധമായി സഭയ്ക്കുള്ള മൂന്നാമതൊരു ഉത്തരവാദിത്വം, സുവിശേഷത്തിന്റെയും സഭയുടെയും അചഞ്ചലവും സത്താപരവുമായവയും, ചരിത്രത്തിലെ അവയുടെ ആനുഷംഗികമായ പ്രകാശനവും തമ്മിൽ വ്യക്തമായ

നം ഇവിടെ ബീജാവാപം ചെയ്യണം; ദേശീയസംസ്കാരത്തിലും മനഃശാസ്ത്രത്തിലും വേരുന്നാൻ അതിനെ അനുവദിക്കണം; അങ്ങനെ അതു് പാരമ്പര്യങ്ങളുടേയും പ്രയോഗങ്ങളുടേയും ക്ഷേത്രാനുഷ്ഠാനങ്ങളുടേയും സ്വകീയമായ ഒരു സമാഹാരത്തിനു രൂപം കൊടുക്കുകയും വേണം. മമ്മത്തെ പുറന്തോടിൽ നിന്നും വിവേചിച്ചറിയാൻ ഓരോ ക്രിസ്ത്യാനിക്കും കഴിയണമെന്നു മാത്രമല്ല, പ്രസ്തുത വിവേചനം സമൂഹത്തിൽ പ്രത്യക്ഷവത്കരിക്കപ്പെടുകയും വേണം. അങ്ങനെ ഏതേതു കാര്യങ്ങളിൽ ധാർമ്മികബാദ്ധ്യതയുണ്ടു്, ഏതേതു കാര്യങ്ങളിൽ അതില്ല എന്നു് എല്ലാവർക്കും അനായാസേന അറിയാൻ കഴിയണം. എങ്കിൽ മാത്രമെ തദ്ദേശീകരണം (INDIGENISATION) സംസ്കാരസങ്കലനം, മതരഹിതമായ വിശ്വാസം എന്നിവയെപ്പറ്റി പ്രയോജനപ്രദമായി സംസാരിക്കാൻ നമുക്കു കഴിയൂ ഇന്ത്യയുടെ ആധുനിക ആത്മീയാന്വേഷണത്തിൽ, സഭയുടെ ജീവനും പ്രേഷിതത്വവും വിജയം വരിക്കണമെങ്കിൽ സുവിശേഷത്തിന്റെ കേന്ദ്രം കണ്ടുപിടിക്കയെന്നതു് മർമ്മപ്രധാനമത്രെ.

iv തദ്ദേശീകരണം (INDIGENISATION)

10 അനുരൂപണം (Adaptation), അനുവർത്തനം, തദ്ദേശീകരണം, സഭയുടെ അവതീർണ്ണത — ഇതാണു സഭയുടെ വേറൊരു ദൗത്യം. ഘടനയിലും ആരാധനയിലും ചിന്തയിലും സഭയിന്നു വൈദേശികമായി പ്രത്യക്ഷപ്പെടുന്നുണ്ടു്. നമ്മുടെ ശില്പസംവിധാനത്തിനും വൈദിക വേഷത്തിനും ക്ഷേത്രാശ്രമപരികർമ്മത്തിനും ഭക്ഷാനുഷ്ഠാനങ്ങൾക്കും വൈദേശികത്വത്തിന്റെ ചുവയുണ്ടു്. കൂടുതൽ ആഴമുള്ള ആദ്ധ്യാത്മികാനുഭൂതിക്കു് ഇതൊരു പ്രതിബന്ധമാണു്; അന്യമതസ്ഥർക്കും ഇതെല്ലാം വിലങ്ങുതടികൾ തന്നെ ഇന്ത്യയുടെ ജീവിതത്തിൽനിന്നുള്ള ഈ വിരക്തി എത്രയും വേഗം ഉപേക്ഷിക്കാനും അങ്ങനെ ഇവിടെ ഉപ്പും പുളിമാവുമായി ഉടനെതീരാനും സഭയ്ക്കു് കടമയുണ്ടു്.

ഭാഷ, വസ്ത്രം, സമ്പ്രദായങ്ങൾ ഇവ വഴിയായിരിക്കരുതു് മറുഭാരതീയരിൽ നിന്നു് നാം വിവേചിക്കപ്പെടേണ്ടതു്; നമ്മുടെ വിശ്വാസവും ഉപവിയുമായിരിക്കണം നമ്മെ മറ്റുള്ളവർ തിരിച്ചറിയേണ്ട അടയാളങ്ങൾ. രാജ്യത്തിന്റെ പാരമ്പര്യങ്ങൾ പാലിക്കുന്നതിലും ജീവിതരീതി അവലംബിക്കുന്നതിലും നാം മറ്റുള്ളവരോടൊപ്പമുണ്ടായിരിക്കണം. ഭാരതീയ പാരമ്പര്യങ്ങളിൽ സഭ വേരുന്നണമെങ്കിൽ, നമ്മുടെ ദേശീയ പൈതൃകം കൊണ്ടു നാം സമ്പന്നരാകണമെങ്കിൽ, ഇന്ത്യയുടെ വിശുദ്ധലിഖിതങ്ങൾ നാം പഠിക്കണം, രാജ്യത്തിന്റെ ച

രിത്രം നമുക്ക സുപരിചിതമായിരിക്കണം; ഇന്ത്യയുടെ പ്രശ്നങ്ങളിൽ നാം പങ്കുകാരാകുകയും പുരോഗതിക്കുള്ള അടുത്തുടെയത്നത്തിൽ നാം ക്രിയാത്മകമായി സഹകരിക്കുകയും വേണം (cf. Karl Rahner, The Christian of the Future, p 72). ഇൻഡ്യയുടെ എല്ലാമേഖലകളിലും സഭയുടെ സാന്നിദ്ധ്യമുണ്ടാകണം; ഈ ഭൂമിയിൽ അതീതകാലം മുതൽ ദൈവം വർഷിച്ചിരിക്കുന്ന സത്യത്തിൻറെയും ദൈവികജീവൻറെയും നിധികളം കൃതജ്ഞതയോടെ കണ്ടെത്തുക സഭയുടെ ദൗത്യമാണ്. ഇന്ത്യയുടെ മതത്തിൻറെയും സംസ്കാരത്തിൻറെയും ഹൃദയത്തിൽ കാത്തുനിൽക്കുന്ന നാഥനെ ആരാഞ്ഞുകണ്ടുപിടിക്കുക സഭയുടെ കടമയാണ്. ഇങ്ങനെയാണ് ഇന്ത്യയിലെ സഭ അവതീർണ്ണതയുടെ യുക്തി മനസ്സിലാക്കുക; ഓരോ കാലയളവിൻറെയും സംസ്കാരത്തിനു യോജിച്ച രീതിയിലാണല്ലൊ ദൈവം സംസാരിച്ചിട്ടുള്ളത്; അതുപോലെതന്നെ താൻ ആരുടെ കൂടെ ജീവിച്ചോ അവരുടെ സാമൂഹ്യപരാതോവസ്ഥകളോട് ക്രിസ്തു ഇണങ്ങിച്ചേരുകയത്രെ ചെയ്തത്.

11 ഭാരതത്തിൽ സഭ ഇങ്ങനെ അവതീർണ്ണയാകണമെങ്കിൽ ആദ്യമായി വേണ്ടത്, ക്രിസ്തീയ വിശ്വാസത്തിൻറേയോ ജീവിതത്തിൻറേയോ സുവിശേഷത്തിലടിസ്ഥിതമായ കേന്ദ്രത്തോട് ബന്ധമില്ലാത്ത വൈദേശികങ്ങളായ നിരോധനങ്ങളും അടിച്ചേല്പിക്കലുകളും ഉപേക്ഷിക്കുകയത്രെ ഉത്തരവാദിത്വപൂർവ്വകമായ വമ്പിച്ചപരീക്ഷണങ്ങളും ഇവിടെ നടത്താൻ പ്രോത്സാഹനം നൽകേണ്ടതും തുല്യപ്രധാനമാണ്. ഇത്തരം പരീക്ഷണങ്ങളുടെ ഫലങ്ങൾ, ഒരിന്ത്യൻ ആരാധനക്രമവും ദൈവശാസ്ത്രവും സജീവമായ ഭാരതീയ ക്രിസ്തീയതവും കൈവരാൻ ലാക്കാക്കി, നാം കൈമാറുകയും താരതമ്യപ്പെടുത്തുകയും പൂർത്തിയാക്കുകയും സഞ്ചയിക്കുകയും സ്വരൂപിക്കുകയും വേണം. വൈദേശികങ്ങളായ എന്തെല്ലാം നാം ഉപേക്ഷിക്കണം, ഏതേതുതലങ്ങളിൽ പരീക്ഷണങ്ങൾ നടത്താം. ഇതെല്ലാം വക്രഷോപ്പുകളാണ കൂണ്ടിക്കാണിക്കേണ്ടതു്.

v സാക്ഷ്യം

12. ക്രിസ്തുവിനും അവിടുന്ന് ഏതേതിനുവേണ്ടി നിലനിൽക്കുന്നുവോ അവസ്സും സാക്ഷ്യം വഹിക്കാനാണ സഭ അയയ്ക്കപ്പെട്ടിരിക്കുന്നത്. പിതാവിനും അവിടുന്നു സ്നേഹിച്ച ലോകത്തിനും വേണ്ടിയത്രെ ക്രിസ്തു നിൽക്കുന്നത്. ഭാരതം ദൈവത്തിൻറെ സ്നേഹഭാജനമാണ്; അവളുടെ രക്ഷയ്ക്കുവേണ്ടി സ്വന്തം സുതനെ അയയ്ക്കുവാൻ പോലും ദൈവം അവളെ അത്രമാത്രം

സ്നേഹിച്ചു; അവളുടെ ആശ്വാസത്തിനായി സ്വന്തം സുതന്റെ മണവാട്ടിയെ അയയ്ക്കാനും പിതാവു തയ്യാറായി; അതുകൊണ്ടു് ക്രിസ്തുവിൽ ഭാരതത്തിനു അമർത്ത്യതയും പാപമോചനവുമുണ്ടു്: ഇതാണു ഇൻഡ്യയുടെ മുമ്പിൽ സഭയുടെ സാക്ഷ്യം. ദൈവം ക്രിസ്തുവിൽ ഭാരതത്തെ സ്നേഹിക്കുകയും അവൾക്കു വേണ്ടി സഹിക്കുകയും സ്വന്തം ജീവൻ അവൾക്കായി പ്രദാനം ചെയ്യുകയും ചെയ്തതുപോലെ ഈ രാജ്യത്തെ സഭ സ്നേഹിക്കണം ഇതാണു സഭയുടെ ദൗത്യം. ഭാരതത്തിന്റെ മതാത്മകസംസ്കാരം നിമിത്തം ഇത്തരം ഒരു സാക്ഷ്യം അവൾക്കു മനസ്സിലാകും. ഇൻഡ്യയുടെ ഭൗതികവും ആദ്ധ്യാത്മികവുമായ ക്ഷേമത്തിലും, ആരോഗ്യപാലനസേവനത്തിലും വിദ്യാഭ്യാസപ്രവർത്തനങ്ങളിലും സാധുസംരക്ഷണത്തിലും, അതുപോലെതന്നെ ഭാരതീയതത്ത്വശാസ്ത്രത്തോടും കലയോടുമുള്ള ആദരവിലും, ഭാരതത്തിന്റെ മതവിശ്വാസത്തോടും ആരാധനാസമ്പ്രദായത്തോടുള്ള ബഹുമാനത്തിലുമാണു് ഈ സാക്ഷ്യം സഭ നൽകേണ്ടതു്. ഇൻഡ്യയുടെ ജീവിതത്തിന്റേയും യത്നത്തിന്റേയും പ്രതീക്ഷയുടേയും എല്ലാ തലങ്ങളിലും സഭ സന്നിഹിതയായിരിക്കണം. സേവനത്തിലൂടെ സ്നേഹം പ്രകാശിപ്പിക്കുക എന്നതിലാണു സഭയുടെ സാക്ഷ്യം അടങ്ങിയിരിക്കുന്നതു്; ഇക്കാരണത്താൽ സഭ സ്വന്തം പ്രവർത്തനങ്ങളെ കൃത്രിമമായ താല്പര്യത്തിൽ നിന്നു് ഉരുത്തിരിയുന്നവയാണെന്നു തീർച്ചപ്പെടുത്തണം. ആത്മാർത്ഥതയിലും സാഹോദര്യത്തിലും പ്രാർത്ഥനയിലും സമാധാനത്തിലും പരിത്യാഗത്തിലും അധിഷ്ഠിതമായ ജീവിതം ക്രിസ്ത്യാനികൾ നയിക്കുക എന്നതു് പ്രത്യേകമായ രീതിയിൽ ഈ സാക്ഷ്യത്തിൽ അടങ്ങിയിരിക്കുന്നു.

13. ഇവിടെ ലോലമായ ഒരു പ്രശ്നം പൊന്തിവരാവുന്നതാണു്: തീരുവ, സ്റ്റെപ്പൻഡു് എന്നിവ ക്രിസ്തീയസാക്ഷ്യത്തെ എങ്ങനെ ബാധിക്കുന്നു എന്നതാണിതു്. മതപരമായ കർമ്മങ്ങളോടു് പണത്തെ ബന്ധപ്പെടുത്തുന്നതുവഴി ക്രിസ്ത്യാനിയും ഹിന്ദുവും ആദ്ധ്യാത്മികമായി എന്മാത്രം അഭിവൃദ്ധിപ്പെടുന്നുണ്ടു്? ഈ പ്രശ്നത്തെ സെമിനാർ നീതിയായി സമീപിക്കുകയും അതുവഴി നമ്മുടെ മതാത്മകസാക്ഷ്യത്തെ കളങ്കപ്പെടുത്തുന്ന എന്തെങ്കിലും ഉണ്ടെങ്കിൽ അതിനെ ഉച്ചാടനം ചെയ്യാൻ സഹായിക്കുകയും വേണം.

14. എന്നാൽ, സാന്നിദ്ധ്യവും മാതൃകയും മാത്രം മതിയാകയില്ല. വിശദീകരിക്കപ്പെടേണ്ട അടയാളങ്ങളോ, വ്യാഖ്യാനിക്കപ്പെടേണ്ട അത്ഭുതങ്ങളോ ആണിവ. ആത്യന്തികമായി വചനത്തെ കണ്ടുമുട്ടേണ്ടതു് നല്ല ജീവിതമാകുന്ന മാംസത്തി

വിവേചനം പാലിക്കുക എന്നതത്രെ. സത്താപരമായതിൽ വിട്ടുവീഴ്ചപാടില്ല; എന്നാൽ മറ്റുള്ളവയിൽ അയവു കാണിക്കുക തന്നെ വേണം. ഒരു മിഷൻ രാജ്യമായ ഇന്ത്യയിൽ ഇതു പ്രത്യേകിച്ചും സുപ്രധാനമാണു്. കഴിഞ്ഞകാലങ്ങളിലെ പ്രതിബന്ധങ്ങൾ തടസ്സപ്പെടുത്താൻ അനുവദിക്കാതെ, ദൈവവചനമാണു്. വചനം പ്രസംഗിക്കുകയെന്നതു് സഭയുടെ സാക്ഷ്യം വഹിക്കുക എന്ന ഉത്തരവാദിത്വത്തിന്റെ ഒരു ഭാഗമത്രെ. എന്നാൽ, നാം സാധാരണ പരിചയപ്പെട്ടിരിക്കുന്ന രീതിയിലുള്ള പ്രഘോഷണമായിരിക്കണമെന്നില്ല മേല്പറഞ്ഞതരം പ്രസംഗം. ഏറ്റവും അടിസ്ഥാനപരമായ കാര്യം, നാം നമ്മെത്തന്നെയും സഹജീവികളേയും, എത്ര നിസ്സാരങ്ങളും സാധാരണങ്ങളുമായ സംഭവങ്ങളായിക്കൊള്ളട്ടെ, അവയുടെ ക്രിസ്തീയ മൂല്യത്തെപ്പറ്റി ബോധവാന്മാരാക്കുക എന്നതത്രെ. ഇങ്ങനെചെയ്യുമ്പോൾ സഭ അവളുടെ അദ്ധ്യാപനസേവനം നിർവഹിക്കുകയായിരിക്കും ചെയ്യുക; ഓരോ പ്രത്യേക സ്ഥലത്തും സമയത്തും, ഓരോ പ്രത്യേക സംഭവവികാസത്തിലും ദൈവം എങ്ങനെ പ്രവർത്തനനിരതനായിരിക്കുന്നു എന്നതു സഭ അങ്ങനെ പ്രതിഫലിപ്പിക്കുകയും സുവ്യക്തമാക്കുകയും ചെയ്യുന്നു. ഇപ്രകാരം എവ്വിടെ, എപ്പോൾ, എങ്ങിനെ ദൈവവുമായി സഹകരിച്ചു പ്രവർത്തിക്കണം എന്നു് സഭ തനിക്കും മറ്റുള്ളവർക്കും ചൂണ്ടിക്കാണിക്കുന്നു.

15. പ്രശാന്തമായ ഈ രീതിയിലാണു, ജീവിതത്തിന്റെ എല്ലാ രക്തധമനികളിലൂടെയും സുവിശേഷം ആവഹിക്കാനും ഫലപ്രദമായ രീതിയിൽ വിശ്വാസസാക്ഷ്യം നൽകാനും സാധിക്കുക. ഇതേപ്പറ്റി പര്യാലോചിക്കുമ്പോൾ, സമുദായത്തിന്റെ എല്ലാ വിഭാഗങ്ങളിലും — കുടുംബം, തൊഴിൽരംഗം, നിയമസഭ എന്നിവയിൽ — മരിച്ചുത്ഥാനം ചെയ്ത ക്രിസ്തുവിന്റെ പ്രകാശവും ശക്തിയും വ്യാപിപ്പിക്കുക എന്ന പ്രേഷിതജോലിയിലേപ്പെടാൻ ക്രിസ്തീയ സ്ത്രീപുരുഷന്മാർക്കു കഴിവുണ്ടായിരിക്കണമെന്ന കാര്യവും നാം വിസ്മരിക്കരുതു്; ബൗദ്ധികവും ആദ്ധ്യാത്മികവുമായ എത്തരം പരിശീലനം അവർക്കുണ്ടാകണം, ക്രിസ്തുവിൽ തങ്ങളുടെ അന്തരിനജീവിതം എങ്ങനെയവർ നയിക്കണം, കൂടുതൽ സമ്പൂർണ്ണമായ അസ്തിത്വത്തിലെത്താൻ അവരെ എങ്ങനെ സഹായിക്കാം, ഇതേപ്പറ്റിയും നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

vi പ്രേഷിതപ്രവർത്തനവും സുവിശേഷപ്രഘോഷണവും

16. വിശ്വാസസാക്ഷ്യത്തോടു വളരെ ബന്ധപ്പെട്ടതാണു പ്രേഷിതപ്രവർത്തനവും സുവിശേഷപ്രഘോഷണവും. ഇവിടെ

സഭയുടെ ഉത്തരവാദിത്വം എന്താണു്? സഭയുടെ ദൗത്യത്തിന്റെ അർത്ഥം മനസ്സിലാക്കാൻ നമുക്കാദ്യം ശ്രമിക്കാം.

> ''ദൈവതിരുമനസ്സിന്റെ പ്രകാശനത്തിൽനിന്നും ലോകത്തിലും ലോകചരിത്രത്തിലുമുള്ള അതിന്റെ പൂർത്തീകരണത്തിൽ നിന്നും വ്യത്യസ്തമോ അതിൽ കുറഞ്ഞതോ, ആയ ഒരു സംഗതിയല്ല മിഷൻ പ്രവർത്തനം'' (പ്രേഷിതപ്രവർത്തനം, 9)

ലോകമെങ്ങും പോയി പ്രസംഗിക്കാൻ ക്രിസ്തു ആജ്ഞാപിച്ചു; എന്നാൽ സഭയുടെ ദൗത്യം ഇതിലവസാനിക്കുന്നില്ല; സൂനഹദോസു് രേഖയുടെ വീക്ഷണം ലോകചരിത്രത്തോളം വ്യാപകവും ആഴമുള്ളതുമല്ലേയെന്നു നോക്കുക. ഭാരതത്തിന്റെ മതത്തിന്റേയും സംസ്കാരത്തിന്റേയും ചരിത്രത്തിൽ ഭാഗികമായി പ്രകടമായിരിക്കയും അന്തർലീനമായിരിക്കയും ചെയ്യുന്ന ദൈവാഭീഷ്ടം പ്രത്യക്ഷവൽക്കരിക്കുക; നവംനവങ്ങളായ ആഭിമുഖ്യങ്ങളും ആത്മീയവികാസങ്ങളും വഴി പ്രസ്തുത ചരിത്രത്തിൽ ഈ ദൈവാഭീഷ്ടത്തെ പ്രതിഷ്ഠിച്ചു് പൂർത്തീകരിക്കുക—ഇതാണു ഭാരതത്തിൽ സഭയുടെ ദൗത്യം. ഈ രാജ്യത്തിലെ മതാത്മകസംസ്കാരം വളർന്നതു് നിരവധി അഭിമുഖ്യങ്ങളും സൗഹൃദസംഭാഷണങ്ങളും വഴിയത്രെ. ഇവയിൽ ഏറ്റവും പ്രധാനവും നിർണ്ണായകവുമായതു് സഭയുമായുള്ള ആഭിമുഖ്യമാണു്. ഇക്കാരണത്താൽ, പ്രേഷിതപ്രവർത്തനത്തിന്റേയും സുവിശേഷപ്രഘോഷണത്തിന്റേയും മേഖലയിൽ സഭയ്ക്കുള്ള ഉത്തരവാദിത്വം താഴെക്കാണുംപ്രകാരം നിർവ്വചിക്കാവുന്നതത്രെ:

a) സഭ ഇൻഡ്യയിൽ ദൈവേഷ്ടത്തിന്റെ പ്രകാശനമാണു്, ഭൂമിയിൽ പൊട്ടി വിടരാൻ ദൈവം ആഗ്രഹിക്കുന്ന സാഹോദര്യത്തിലധിഷ്ഠിതമായ രാജ്യത്തിന്റെ ആരംഭവും മാതൃകയുമാണു്; സഭ ഇതായിരിക്കുകയും വേണം. ദൈവത്തെ കാണാൻ സഹായിക്കാനും ആ ആഭിമുഖ്യത്തിനു് ഒരു മദ്ധ്യവർത്തിയായി നിൽക്കാനും സഭ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു.

b) ഈ രാജ്യത്തിന്റെ ചരിത്രത്തിലും, ജനതകളുടേയും സംസ്കാരങ്ങളുടേയും ഈ രാജ്യത്തിലേക്കുള്ള അനന്യസ്യൂത പ്രവാഹത്തിലും, പരമസത്തയെ കണ്ടെത്താനുള്ള അതിന്റെ നിരന്തരമായ അന്വേഷണത്തിലും, അതിന്റെ സാഹസിക വിചിന്തനങ്ങളിലും, സാവ്ത്രികതയിലും 'ക്ഷാദാശ'കളിലും ഭക്തിയിലും സമാധാനത്തിലും മാത്രമല്ല, അതിന്റെ പരാജയങ്ങളും,

ബലഹീനതകളും, സംഘട്ടനങ്ങളും എന്നിവയിൽപോലും ദൈവത്തിരുമനസ്സിന്റെ പ്രവർത്തനം പഠിക്കാനും ഗ്രഹിക്കാനും അനാവരണം ചെയ്യാനുമാണു സഭ ശ്രമിക്കേണ്ടതു്.

c) ഇൻഡ്യയുടെ മതത്തിന്റേയും സംസ്കാരത്തിന്റേയും ഹൃദയാന്തർഭാഗത്തു് നിഗൂഢമായിരിക്കുന്ന ദൈവത്തിന്റേയും അവിടത്തെ വചനമായ ക്രിസ്തുവിന്റേയും സാന്നിദ്ധ്യം കണ്ടെത്തുകയും വെളിവാക്കുകയുമത്രെ സഭയുടെ ദൗത്യം. ഇതുവഴി ദൈവത്തേയും അവിടത്തെ വചനമായ ക്രിസ്തുവിനേയും കൂടുതൽ അനായാസമായും ബോധപൂർവ്വമായും സ്വീകരിക്കുക എന്നതു് ഈ രാജ്യത്തിനു സാധ്യമായിത്തീരും.

d) സഭ തന്നെപ്പറ്റിയും തന്റെ അവസ്ഥയെപ്പറ്റിയും സമസ്തലക്ഷ്യത്തെപ്പറ്റിയും ഉള്ള സത്യം ഇൻഡ്യയ്ക്കു് അനാവരണം ചെയ്തുകൊടുക്കണം. ദൈവം ഭാരതത്തെ സ്നേഹിക്കുന്നു, അവളുടെ സഹനങ്ങളും ക്രിസ്തുവിന്റെ രക്തത്തിലുള്ള അതിസമ്പുഷ്ടമായൊരു ജ്ഞാനസ്നാനമാണു്, ജനങ്ങളുടെ നിലവാരം മെച്ചപ്പെടുത്താനുള്ള തന്റെ യത്നംവഴി ഭാരതം ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ നേർക്കാണു പ്രയാണം നടത്തുന്നതു്, ഈ ഉത്ഥാനത്തിൽ പ്രവേശിക്കാൻ ഭാരതം ക്ഷണിക്കപ്പെട്ടിരിക്കുന്നു— ഇതാണു സഭയ്ക്കു വെളിപ്പെടുത്താനുള്ള സത്യം.

e) ഭാരതത്തിൽ സഭയുടെ സുവിശേഷപരമായ ഉത്തരവാദിത്വം മാനസാന്തരപ്പെടുത്തലോ ചുരുങ്ങിയൊരു ഗണം ആളുകളുടെ നിത്യരക്ഷയോ അല്ല; ഇൻഡ്യ മുഴുവന്റേയും വികാസവും പരിവർത്തനവുമാണു്: നൂറ്റാണ്ടുകളിലൂടെ 'ദൈവം വികസിപ്പിച്ചുകൊണ്ടിരുന്ന ആ പ്രത്യേകതരം മതാത്മകചിന്തയുടേയും ജീവിതത്തിന്റേയും' രക്ഷയാണു്. ഈ ആശയം ഊന്നിപ്രസ്താവിക്കേണ്ടിയിരിക്കുന്നു. അമ്പതിലേറെ കൊല്ലങ്ങൾക്കു മുമ്പു് വിരചിതമായൊരു പുസ്തകത്തിലേ രണ്ടു ഉദ്ധരണികളും നമ്മുടെ പഠനത്തിനും ചർച്ചയ്ക്കും പ്രകൃതത്തിൽ സഹായകങ്ങളാകും.

> ''മാനസാന്തരപ്പെടുത്തലിൽ നിന്നും വിഭിന്നമായിസുവിശേഷപ്രഘോഷണം ജനതയുടെ മതപരമായ വികാസത്തിൽ പാരമ്പര്യനിയമത്തിന്റെ മൂല്യം അംഗീകരിക്കുന്നുണ്ടു്. ഈ വീക്ഷണകോണിൽ കൂടി നോക്കുമ്പോൾ നമുക്കു ഗ്രഹിക്കാൻ സാധിക്കും ഹിന്ദുമതസ്ഥരെ മാനസാന്തരപ്പെടുത്തുകയെന്നതിനേക്കാളും ഉദാത്തവും മഹനീയവുമായ ഒരു യത്നമാണു ഇൻഡ്യയോടു സുവിശേഷം പ്രസംഗിക്കുകയെന്നതു്. നൂറ്റാണ്ടുകളിലൂടെ ഒരു

പ്രത്യേക തരം മതാത്മകചിന്തയും ജീവിതവുമാണ് ദൈവം ഭാരതത്തിൽ പരിപോഷിപ്പിച്ചുവരുന്നത്. ഭാരതത്തിനേറെയും ലോകത്തിനേറെയും നന്മയ്ക്കുവേണ്ടി ഈ പ്രത്യേകത നാം പരിരക്ഷിക്കുകതന്നെവേണം. ഹിന്ദുമതത്തിൽപ്പെട്ട വ്യക്തികളുടെ നിത്യരക്ഷനേടുകയും ഇൻഡ്യയുടെ ആത്മാവിനെ നമുക്കു നഷ്ടമാകുകയും ചെയ്യുക എന്ന സാദ്ധ്യത വിഭാവനം ചെയ്യാൻ നമുക്കു സാധിക്കും; ഇതു സംഭവിക്കുന്നെങ്കിൽ ലോകത്തിനു് അതു് അപരിഹാര്യവും ബൃഹത്തുമായൊരു നഷ്ടമായിരിക്കും. സംശയാതീതമായ ഈ യാഥാർത്ഥ്യത്തിന്റെ വെളിച്ചത്തിൽ, മിഷൻ രംഗങ്ങളും നൽകുന്ന സ്ഥിതി വിവരക്കണക്കുകളും ക്രിസ്തുവിന്റെ സഭയുടെ പ്രവർത്തനങ്ങളുടെ വിജയമോ പരാജയമോ അളക്കാൻ പൂർണ്ണമായും അനുചിതമത്രെ. ഇൻഡ്യൻ മിഷൻ രംഗങ്ങളുടെ വിജയമെന്നു പറയുന്നതു ഒരുപക്ഷേ ഇൻഡ്യയിലെ പ്രേഷിത പ്രവർത്തന സംരംഭത്തിന്റെ പരാജയമായിരിക്കാം; അതുപോലെ തന്നെ മിഷൻ രംഗങ്ങളുടെ പരാജയങ്ങളെന്നു മുദ്രകുത്തപ്പെടുന്നതായിരിക്കാം സഭയുടെ ഏറ്റവും യഥാർത്ഥമായ വിജയം.''

(Bernard Lucas, Our Task in India Pg. 26–27).

''ബ്രഹ്മസമാജം, ആര്യസമാജം, രാമകൃഷ്ണ മിഷനുകളും, തിയോസോഫിക്കൽ സൊസൈറ്റി, അതുപോലെ തന്നെ നവീകൃത ഹിന്ദുമതത്തിനുവേണ്ടി മുറവിളി കൂട്ടുന്ന മറ്റെല്ലാ സംഘടനകളും ഇവയുടെ പ്രവർത്തനങ്ങളെല്ലാം ഇൻഡ്യയിലെ ക്രിസ്തീയ പ്രേഷിതപ്രവർത്തനത്തിന്റെ പരിണിതഫലങ്ങളത്രെ. ഈ വേദനകളിലും യത്നങ്ങളിലും ദൈവികകൃപയുടെ സാന്നിദ്ധ്യവും പ്രവർത്തനവും കാണുന്നതിൽ നിന്നും സഹർഷം അവയെ അംഗീകരിക്കുന്നതിൽ നിന്നും നമ്മെ പിന്തിരിപ്പിക്കുന്നതു ദൈവശാസ്ത്രപരവും സഭാപരവുമായ നമ്മുടെ ഇടുങ്ങിയ വീക്ഷണം മാത്രമാണ്. കാണാൻ കഴിവുള്ളവക്കെല്ലാം മേല്പറഞ്ഞ സംഘടനകളും വിശാലമായ ഈ ക്രിസ്തീയ പ്രേഷിതത്വത്തിന്റെ സ്വാധീനം വ്യക്തമാകുന്നുണ്ട്. സൈദ്ധാന്തിക ക്രിസ്തീയതത്വത്തോടുള്ള കടപ്പാട് ഈ സംഘടനകളും അവരുടെ സങ്കുചിതത്വത്തിലും വക്രതയിലും നിഷേധിച്ചേക്കാം; എന്നാൽ വരികിലും അവ തങ്ങളുടെ ആരംഭത്തിനും പ്രചോദനത്തിനും ക്രിസ്തുവിന്റെ സേവനത്തോടാണു കടപ്പെട്ടിരിക്കുന്നതെന്നതു് വാസ്തവം തന്നെ.'' (Ibid. Pg. 56–57)

i) അവസാനമായി ''മനുഷ്യ പ്രകൃതിയോടും അതിന്റെ പ്രതീക്ഷകളോടും അവഗാഢമായ ബന്ധമാണു പ്രേഷിതവൃത്തിക്കുള്ളതു്'' (പ്രേഷിതപ്രവർത്തനം, 8) എന്ന വസ്തുത നമുക്കു് അനുസ്മരിക്കുക. ജീവിതസമ്പൂർണ്ണതയാണു ഭാരതീയരുടെ ഇന്നത്തെ പ്രതീക്ഷ. സ്വാതന്ത്ര്യത്തിന്റെ ഉത്തരവാദിത്വങ്ങൾ, ആകാംക്ഷകൾ, അതിന്റെ ഉദ്ദേശ്യം, ദുരന്തം എന്നിവയിൽ അവർ തല്പരരാണു്. അസ്തിത്വത്തിന്റെ അർത്ഥം, പാപം, നിയമം, വരപ്രസാദം, കുറ്റം, രക്ഷ എന്നീ പ്രശ്നങ്ങൾ, സ്നേഹവും നീതിയും തമ്മിലുള്ള ബന്ധം — ഇന്നുന്നയിക്കപ്പെടുന്ന പ്രശ്നങ്ങളാണിതൊക്കെ. മറ്റു സാംസ്കാരിക പരിതോവസ്ഥകളിൽ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾക്കു നൽകിയ ഉത്തരങ്ങൾ ഇവിടെ സഭ ആവർത്തിക്കുക സംഗതമല്ല. ഭാരതത്തിന്റെ ഹൃദയാന്തർഭാഗത്തു് നിന്നു് പൊന്തിവരുന്ന ചോദ്യങ്ങൾക്കു വ്യക്തരൂപം നൽകുക; കൂടുതൽ അസ്തിത്വപരമായ പ്രശ്നങ്ങൾ ഉന്നയിക്കാൻ ഭാരതത്തെ ക്ഷണിക്കുക; ഭാരതത്തോടൊത്തു് പ്രശ്നങ്ങൾക്കുത്തരങ്ങൾ ആരായുക; ക്രിസ്തുവിന്റെ ഇന്നത്തെ ഇൻഡ്യയിലെ സാംഗത്യത്തിന്റെ ആഴം വ്യക്തമാക്കാൻ വേണ്ടി പ്രസ്തുത പ്രശ്നങ്ങൾക്കു നിവാരണവരുത്തുക — സഭയുടെ സുവിശേഷാധിഷ്ഠിതമായ ഉത്തരവാദിത്വമാണിതു്.

നമ്മൾ നൽകിയ, സുവിശേഷാധിഷ്ഠിതമായ ഉത്തരവാദിത്വത്തിന്റെ നിർവ്വചനം നമ്മിൽ നിന്നും ചിലതു് ആവശ്യപ്പെടുന്നുണ്ടെന്നതു വ്യക്തം. നമ്മുടെ പ്രേഷിതപ്രവർത്തനപരമായ സമീപനം നാം പുന:ചിന്തനത്തിനു വിധേയമാക്കണം; നാമെല്ലാവരും സുവിശേഷസത്യങ്ങളിൽ നവമായ പരിശീലനം നേടണം.

vii ഭാരതീയ ദൈവശാസ്ത്രം

17. ഇൻഡ്യയുടെ അസ്തിത്വപരമായ പ്രശ്നങ്ങളെ നേരിടുന്നതിൽ സാക്ഷ്യം നൽകുന്ന കാര്യം ചർച്ചചെയ്യുമ്പോൾ, ഒരു ഭാരതീയ ദൈവശാസ്ത്രത്തിന്റെ പ്രശ്നമാണു് അനിവാര്യമായി രംഗത്തു വരുക. സ്വന്തം പരിതോവസ്ഥകളെപ്പറ്റിയും അഭിലാഷങ്ങളെപ്പറ്റിയും മനുഷ്യനുള്ള ആശയപരമായ അവബോധവും ദൈവാവിഷ്കരണവും എന്നും എവിടേയും പരസ്പരപ്രവർത്തനത്തിലേർപ്പെടണമെന്നതു സുവിദിതമാണു്. ബോധപൂർവ്വമായ ഈ പ്രക്രിയയിൽ നിന്നത്രെ ദൈവശാസ്ത്രം ഉരുത്തിരിയുക. ദൈവാവിഷ്കരണം അചഞ്ചലമാണെങ്കി

ലും പരിണാമം പ്രാപിച്ചുകൊണ്ടിരിക്കുകയും ചലനാത്മകമായി കാണപ്പെടുകയും ചെയ്യുന്ന ചരിത്രപരങ്ങളായ സാഹചര്യങ്ങളിലൂടെ അതു മനുഷ്യനു നൽകപ്പെട്ടിരിക്കുക. ഇതിന്റെ വിവക്ഷയെന്താണ്? ഒരു ദൈവാവിഷ്കരണത്തിന്റെ പല ക്രിസ്തീയ ദൈവശാസ്ത്രങ്ങളും ഉണ്ടാകാം, ഓരോന്നിനും അതിനേറെതായ വികാസത്തിനേറെയും വളർച്ചയുടേയും ചരിത്രമുണ്ടാകാം, ഉണ്ടാകുകയും വേണം എന്നു തന്നെ. ക്രിസ്തീയസഭയുടെ ഓരോ വ്യത്യസ്ത സംസ്കാരികഭാവത്തിനും അതിനേറെതായ മാനസിക വിചിന്തനങ്ങളും, വിശ്വാസത്തെപ്പറ്റി അതിനേറെതായ ഉൾക്കാഴ്ചകളും ഉണ്ടാകും. ഇങ്ങനെ ഭാരതീയമായുള്ള ഒരു ദൈവശാസ്ത്രത്തിനേറെയും അതിനേറെ അനന്യസ്വതമായ വളർച്ചയുടേയും നവീകരണത്തിനേറെയും അഭാവത്തിൽ, സഭയുടെ പ്രവർത്തനം ഫലദായകമാകയില്ല – ഇൻഡ്യയിലെ സഭയ്ക്കു സംഭവിച്ചതു് ഇതാണെന്നു തോന്നുന്നു.

18. ഏറ്റവുശീയ ദൈവശാസ്ത്രങ്ങളെ സുനഹദോസ് പ്രോത്സാഹിപ്പിക്കുകയും അവയിൽ വലിയ പ്രത്യാശ നടുകയും ചെയ്തിട്ടുണ്ട്. ഓരോ സഭയുടേയും ഉത്തരവാദിത്വമാണു് ദൈവശാസ്ത്രം.

> '' .... ഓരോ മുഖ്യസാമൂഹ്യസാംസ്കാരിക സീമയിലും ദൈവശാസ്ത്രപഠനത്തെ ഉത്തേജിപ്പിക്കേണ്ടതാണ്. അതിനായി ദൈവാവിഷ്കൃതവും വി. ഗ്രന്ഥത്തിൽ ആലേഖിതവും, സഭാപിതാക്കന്മാരും സഭയുടെ പ്രബോധനാധികാരവും വ്യാഖ്യാനിച്ചതുമായ സംഭവങ്ങളും വചനങ്ങളും, സാവ്ത്രിക സഭയുടെ പാരമ്പര്യങ്ങളുടെ വെളിച്ചത്തിൽ നവമായ ഒരു സൂക്ഷ്മപഠനത്തിനു് വിധേയമാക്കേണ്ടതുണ്ട്. ഇപ്രകാരം ഏതെല്ലാം രംഗങ്ങളിൽ ഈ ജനതകളുടെ തത്ത്വശാസ്ത്രത്തേയും വിജ്ഞാനത്തേയും കണക്കിലെടുത്തുകൊണ്ടു് വിശ്വാസത്തിനു് അവയുമായി ഒരു ധാരണയിൽ എത്തിച്ചേരുവാൻ സാധിക്കുമെന്നു വ്യക്തമാകും '' (പ്രേഷിതപ്രവർത്തനം, സുനഹദോസ് ഡിക്രി, ന. 22).

ഇൻഡ്യയുടെ മതപരവും സാംസ്കാരികവുമായ പാരമ്പര്യങ്ങളുടേയും പ്രതീക്ഷകളുടേയും പശ്ചാത്തലത്തിൽ വിശുദ്ധ ഗ്രന്ഥത്തെ ഒരു സൂക്ഷ്മപഠനത്തിനു വിധേയമാക്കണമെന്നു കൗൺസിൽ ആവശ്യപ്പെട്ടതു്. അങ്ങനെ പുതിയ വീക്ഷണങ്ങളും വ്യാഖ്യാനങ്ങളും സംജാതമാകും. വിസ്മയാവഹവും അതേ സമയം അത്യന്തം ആഹ്ലാദകരവുമാണീ നീക്കം.

19. പുതുതായൊരു ആശയപരമായ സഗ്രാത്മകതയ്ക്കു രൂപം കൊടുക്കാനും പുതിയൊരു ദൈവശാസ്ത്രം വികസിപ്പിക്കാനും ഉള്ള ഒരു വെല്ലുവിളി ഭാരതത്തിന്റെ പുതിയ ആശയപരമായ പരിതോവസ്ഥ നമ്മുടെ മുമ്പിലവതരിപ്പിക്കുന്നുണ്ട്. ഇൻഡ്യയ്ക്കു ഇന്നു വേണ്ടതു് ആധുനികീകരണത്തിന്റേയും ശാസ്ത്രത്തിന്റേയും ഗവേണത്തിന്റേയും സാങ്കേതിക വിദ്യയുടേയും വ്യവസായവത്ക്കരണത്തിന്റേയും പുരോഗതിയുടേയും ദൈവശാസ്ത്രമാണു്. സമുദായം, സാമൂഹ്യപ്രവർത്തനം, സാമൂഹ്യപരിവർത്തനം, വിപ്ലവം, സംഘട്ടനം, സ്നേഹം, സമത്വം, സ്വാതന്ത്ര്യം, അധികാരം, സമൂഹം എന്നിവയുടെ ദൈവശാസ്ത്രവും ഇന്നാവശ്യമത്രെ. ലൗകികത്വത്തിന്റേയും കാലികത്വത്തിന്റേയും, ഡയലോഗിന്റേയും മാത്രമല്ല, വേദനയുടേയും മരണത്തിന്റേയും നശിക്കാത്ത പ്രത്യാശയുടേയും ഒരു ദൈവശാസ്ത്രം ഭാരതത്തിന്റേയും ഭാരതസഭയുടേയും ആവശ്യം തന്നെ. ഇൻഡ്യയിലൊട്ടാകെ സഗ്രാത്മകമായ ചിന്ത ഉദ്ദീപിക്കുക എന്നതു സഭയുടെ ഉത്തരവാദിത്വമത്രെ. ബുദ്ധിജീവികൾക്കു് ഒരു സുപ്രധാന ദൗത്യം നിർവഹിക്കാനുണ്ടു്. സ്വാഭിപ്രായങ്ങളിലേയ്ക്കു മറ്റുള്ളവരെ ആകർഷിക്കാനും, വിമർശിക്കാനും ആഴമായി ചിന്തിക്കാനും, അതുപോലെതന്നെ നമ്മുടെ വിശ്വാസസത്യങ്ങളെപ്പറ്റി പുന:വിചിന്തനം ചെയ്യുന്നതിൽ അനുകമ്പയോടും വിവേചനബുദ്ധിയോടും കൂടി ഭാരതീയ പ്രതീകങ്ങളും ചിന്താശ്രുപങ്ങളും പദങ്ങളും ഉപയോഗിക്കാനും അവർ ശ്രമിക്കണം; അങ്ങനെ ചിന്തകളുടെ ഒരു മിശ്രണം സൗഹൃദസംഭാഷണങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടു് സംലബ്ധമാക്കാനും അതിൽ നിന്നു് നവംനവങ്ങളായ ആശയങ്ങൾക്കു ജന്മം കൊടുക്കാനുംവേണ്ടി ബുദ്ധിജീവികൾ മുന്നോട്ടുവരേണ്ടിയിരിക്കുന്നു.

viii ഐക്യം

20. ഇന്ത്യയുടെ ഏറ്റവും അടിസ്ഥാനപരമായ ഒരാവശ്യമാണു് ഐക്യവും ഐക്യബോധവും. ഗ്രൂപ്പു വടം വലിയും സംഘർഷവും പല തലങ്ങളിലുമുണ്ടു്:— വർഗ്ഗങ്ങൾ തമ്മിൽ, ഭാഷയും ഭാഷയുംതമ്മിൽ; രാഷ്ട്രീയപാർട്ടികൾ തമ്മിൽ; കേന്ദ്രവും സ്റ്റേറ്റുകളും തമ്മിൽ. ഇതൊക്കെയുണ്ടെങ്കിലും ഐക്യത്തിനും സഹകരണത്തിനും ഉദ്ഗ്രഥനത്തിനും ഉള്ള ആത്മാർത്ഥമായ അഭിലാഷം രാഷ്ട്രമാകെയുണ്ടു്. ഐക്യം മാറ്റിവച്ചിട്ടു മറ്റു പ്രശ്നങ്ങൾ പരിഹരിക്കുക സാധ്യമല്ല.

21. ഈ സഹചര്യത്തിൽ സഭയുടെ പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങളിൽ ഒന്നാണ് ഐക്യം. വിശ്വാസാഹോദര്യത്തിനേറയും ഒന്നിപ്പിനേറയും അടയാളമാണ സഭ. പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള സ്നേഹത്തിന്റെ മാതൃകയിൽ പടുത്തുയർത്തപ്പെട്ട ഒരു സമൂഹമാണത്. ക്രിസ്തുവിൽ എല്ലാവരും ഒന്നാണെന്നുള്ള ദിവ്യാനുഭൂതിയാണ് ആ ഐക്യത്തിന്റെ സിരാകേന്ദ്രം. മനുഷ്യന്റെ പുരുഷാത്മകതയെ സഭ ഏറെമധികം മാനിക്കുന്നു. സാഹോദര്യത്തെ അവയെ അങ്ങേയറ്റം വിലമതിക്കുന്നു. ഭൗതികവസ്തുക്കളും അവയെ ചൂഴ്ന്നു നിൽക്കുന്ന മനുഷ്യയത്നവുമെല്ലാം സാമൂഹികൈക്യത്തിനുള്ള ചാലുകളായിട്ടാണ് അവയെ കാണുക. ആകയാൽ, ഐക്യത്തിലുറച്ചു നിൽക്കുന്ന ഒരു ജനപദത്തിനു രൂപം കൊടുക്കുവാനുള്ള ഉത്തേജനവും മാതൃകയും അടിസ്ഥാനവും നൽകുവാൻ സഭയ്ക്കു കഴിയും. അതിലുമുപരി, സിവിൽ സമൂഹത്തിന്റെ ഐകൃത്തിനുവേണ്ടി അക്ഷീണം യത്നിക്കുന്ന ഒരു 'സേവാദളം' തന്നെയായിത്തീരാം സഭയ്ക്ക് എന്നതിൽ സന്ദേഹമില്ല.

22. പ്രഥമത: സഭ തന്നെ ഐക്യത്തിൽ ഉറച്ചു നിൽക്കണം. വിഭജന വാസനകളെ ഇല്ലാതാക്കണം. സഭയേയും ജ്ഞാനസ്നാനത്തേയും വിശ്വാസ പ്രഖ്യാപനയേയും പരിശുദ്ധാത്മാവിലുള്ള പുതിയ ജീവിതത്തേയും ക്രിസ്തുവിന്റെ രക്തം വഴി നമുക്കു പിതാവായ ദൈവത്തോടും സഹജീവികളോടും കൈവന്നിട്ടുള്ള പുതിയ ബന്ധത്തേയും പറ്റി സമഗ്രമായി പഠിച്ചും പഠിപ്പിച്ചും നമ്മിൽ കുടിയിരിക്കുന്ന ചരിത്രവാസനയെ പുറത്താക്കണം. നാലഞ്ചുകൊല്ലത്തെ നിരന്തര പരിശ്രമവും പ്രാർത്ഥനയും അതിനു വേണ്ടിവന്നേക്കാം. സാമ്പത്തികവും സാമൂഹികവുമായ മേന്മകളുടെ പേരിൽ യാതൊരു പ്രത്യേകാനുകൂല്യങ്ങളും സൗകര്യങ്ങളും ഒരു വിഭാഗത്തിനു ചെയ്തുകൊടുക്കുക ഉചിതമല്ല; പ്രത്യേകിച്ച് കഴിവു കുറഞ്ഞ വലിയൊരു വിഭാഗം ആളുകൾ അങ്ങേപ്പുറത്തുണ്ടായിരിക്കുമ്പോൾ. റീത്തു വൈവിധ്യം സ്വാഗതം ചെയ്യേണ്ട ഒന്നാണ്. അവ ഒരു ജനതയുടെ ചരിത്രത്തിനേറയും സംസ്കാരത്തിനേറയും പ്രതിബിംബനമാണ്. എന്നാൽ, ഐക്യത്തിനേറയും സ്നേഹത്തിനേറയും മാർഗ്ഗത്തിൽ അവ വിലങ്ങു തടികളാകുവാൻ അനുവദിക്കരുത്. പരസ്പരധാരണയ്ക്കും ഐക്യത്തിനും സഹായകമായ എല്ലാ മാർഗ്ഗങ്ങളും കണക്കിലെടുക്കേണ്ടതും പരീക്ഷിച്ചു നോക്കേണ്ടതുമാണ്.

23. കുറേക്കൂടി പ്രായോഗികമായി ചിന്തിച്ചാൽ വ്യക്തമാകും കുടുംബത്തിലും ഇടവകയിലും പരസ്പരസ്നേഹവും ധാരണ

യും വളർത്തുക അടിയന്തിരാവശ്യമാണെന്നു്. ഇടവക തലത്തിലെ ഒന്നുചേരൽ സഭയുടെ സാമ്പ്രദായികതയും സാമൂഹിക സ്വഭാവവും സംബന്ധിച്ചുള്ള ഒരനുഭവപാഠം തന്നെയാവണം. സ്നേഹവും സാഹോദര്യവും അവിടെ സ്വാധീനം ചെലുത്തണം. ഒറ്റപ്പെട്ട ഒരു നിലപാടാകരുതു്. മറ്റു ക്രൈസ്തവ സമൂഹങ്ങളെയും സഭകളേയും ശ്രുപതകളേയും രാഷ്ട്രത്തേയും മനുഷ്യവംശത്തെത്തന്നെയും ഉൾക്കൊള്ളുന്ന ഐക്യത്തിന്റെ വിശാലഭാവമായിരിക്കണം ഓരോ ഇടവകയ്ക്കും ഉണ്ടാകേണ്ടതു്. ഇന്ത്യയിൽ സഭ ഇന്നു നിവ്വഹിച്ചുകൊണ്ടിരിക്കുന്ന സാമൂഹിക സേവനം അഖിലേന്ത്യാ തലത്തിലൊ പ്രാദേശികാടിസ്ഥാനത്തിലൊ ഏകീകരിക്കുക ആവശ്യകമാണു്. എങ്കിലേ ആളും അർത്ഥവും ആവുന്നിടത്തോളം ശേഖരിച്ചു സംഘടിതമായി പ്രവത്തിക്കുവാൻ പറ്റൂ. രാഷ്ട്രത്തിന്റെ അടിയന്തിരാവശ്യങ്ങളെ ശരിക്കു മനസ്സിലാക്കി മുൻഗണനയർഹിക്കുന്ന പദ്ധതികൾക്കു സഹായം എത്തിക്കണമെങ്കിൽ ആസൂത്രണം കൂടിയേ കഴിയൂ. ഇതു് ആവശ്യമില്ലാത്ത മത്സരം ഒഴിവാക്കും; ദുർവ്യയം തടയും സഹകരണത്തിനു വഴിതെളിക്കും; കാര്യക്ഷമത വർദ്ധിപ്പിക്കും. നമ്മുടെ പ്രവത്തനങ്ങൾ സമൂഹത്തിന്റെ മനഃസ്സാക്ഷിയെ തട്ടിയുണർത്തുവാൻ പോരുന്നവയാകയും ചെയ്യും. സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ രംഗത്തു് ജനനന്മയ്ക്കായി പണിയെടുക്കുന്ന എല്ലാ ഏജൻസികളോടും നാം സഹകരിക്കണം.

24. അത്മായരും വൈദികരും ചില പ്രത്യേക ലാവണങ്ങളിലൊതുങ്ങിക്കഴിയരുതു്. അന്യസഭകളുടേയും മതങ്ങളുടേയും ഗവണ്മെൻറിന്റേയും പ്രവത്തന രംഗങ്ങളിലേക്കു് പാട്ടുള്ളിടത്തോളം ഇറങ്ങി ച്ചെല്ലണം. അങ്ങനെ കൂടുതൽ സമ്പർക്കം സാധിക്കണം. സ്നേഹത്തിന്റെ സാക്ഷികളാകണം. സ്വന്തം കാര്യങ്ങളിൽ മാത്രം താല്പര്യമുള്ളവരാണു നാമെന്ന ധാരണ അങ്ങനെ നീങ്ങണം. ക്രൈസ്തവ സംഘടനകളും അതിനു നേതൃത്വം നൽകുന്നവരും ഏതാനും പ്രത്യേക സമൂഹങ്ങളും ഒരുകാര്യത്തിൽ മാത്രം ശ്രദ്ധിച്ചാൽ പോരാ. പൊതുഗ്രണത്തെ സ്പർശിക്കുന്ന ഏതു പ്രശ്നവും അവർ സശ്രദ്ധം പഠിക്കുകയും പരിഹാരം നിർദ്ദേശിക്കുകയും പ്രവത്തനത്തിൽ നേതൃത്വം കൊടുക്കുകയും ചെയ്യണം. നമ്മുടെ സഹായം ജാതിമതഭേദമെന്യേ എല്ലാവർക്കും ലഭിക്കണം. നമ്മുടെ സംഘടനകളും സാധുസമുദ്ധാരണ പ്രസ്ഥാനങ്ങളും ഈ വഴിക്കു പ്രവത്തിക്കുന്നുണ്ടു്. അതു് ഒന്നുകൂടി മെച്ചപ്പെടുത്തുവാനും വിപുലമാക്കുവാനും കഴിയുമൊ എന്നു നോക്കേണ്ടതുണ്ടു്. വെള്ളപ്പൊക്കം, വരൾച്ച, യുദ്ധം മുതലായവ മൂലം ഞെരുങ്ങുന്നവരെ സ

ഹായിക്കുന്ന കാര്യത്തിൽ നാം ഇനിയും നമ്മുടെ കഴിവനുസരിച്ചു പ്രവത്തിക്കുന്നുണ്ടോ എന്നു പരിശോധിക്കുക പ്രയോജനകരമായിരിക്കും. നമ്മുടെ സ്ഥലകാല പരിഗണനകളെങ്ങനെ? മുൻഗണനകൾ ഏവ?

25. ഇപ്രകാരം സങ്കുചിതത്വം വെടിഞ്ഞു് തികച്ചും കത്തോലിക്കമായ പ്രവത്തനങ്ങളിൽ വ്യാപൃതരാകുമ്പോൾ ഇന്ത്യയുടെ തന്നെ ഐക്യം നാം അരക്കിട്ടുറപ്പിക്കുകയാണു ചെയ്യുക. അതു ക്രിസ്തു നമുക്കു നൽകിയ വിളിയിൽ അന്തർഭവിച്ചിരിക്കുന്ന കടമയാണുതാനും.

ix സാമൂഹിക സാമ്പത്തിക വികസനം

26. ഒരു പ്രത്യേക സംസ്കാരത്തോടു മാത്രം ബന്ധപ്പെട്ടതല്ല സഭ. അതുപോലെ തന്നെ രാഷ്ട്രപുരോഗതി സഭയുടെ പ്രധാന കത്തവ്യമാകുവാനും നിവൃത്തിയില്ല. എന്നാൽ, ജനജീവിതത്തിന്റെ പ്രധാന താല്പര്യങ്ങളിൽ ശ്രദ്ധിക്കാതിരിക്കുവാൻ അവൾക്കു കഴിവില്ല. ജനങ്ങളുടെയിടയിൽ അവളുണ്ടായിരുന്നാലേ അവളുടെ മഹനീയത ജനങ്ങൾ മനസ്സിലാക്കുകയുള്ളൂ. വളന്നു കൊണ്ടിരിക്കുന്ന ഒരു രാജ്യമാണു് ഇന്ത്യ. സാമൂഹികസാമ്പത്തിക സംവിധാനങ്ങളെ നവീകരിക്കുവാനും അങ്ങനെ അഭികാമ്യമായ ഒരു വ്യതിയാനം സമൂഹത്തിൽ കൈവരുത്തുവാനും അവൾ സ്വയം സമർപ്പിക്കണം; വളർച്ചയ്ക്കും വികാസത്തിനും ആവശ്യമായ അഭിനിവേശം നൽകണം; തൊഴിലിന്റെ മഹത്വം വ്യക്തമാക്കണം; പ്രവത്തനത്തെ ത്വരിപ്പിക്കുവാൻ സഹായകമായ വിധം സാഹോദര്യചിന്തയാൽ പൊതുജനങ്ങളെ ആവേശം കൊള്ളിക്കണം. ചൈതന്യം, ഉദ്ദേശ്യം, ലക്ഷ്യം ഇതൊക്കെ സഭയുടെ സംഭാവനകളായിരിക്കണം.

27. ഒന്നു കൂടി വ്യക്തമായി പറഞ്ഞാൽ സഭ സാമൂഹിക സേവനത്തിനൊരുങ്ങണം. വികസനത്തേയും പ്രവത്തനങ്ങളേയും സംബന്ധിച്ചു പഠിക്കുകയും പരീക്ഷണങ്ങൾ നടത്തുകയും ചെയ്യണം. സമൂഹത്തിന്റെ മനോഭാവങ്ങളും പഠിക്കുക; പ്രവത്തന പദ്ധതികൾക്കു പുതിയ രൂപം നൽകുക; സാമൂഹ്യമൂല്യങ്ങളേയും ലക്ഷ്യങ്ങളേയും രൂപപ്പെടുത്തുവാൻ സഹായിക്കുക; രാഷ്ട്രത്തിന്റേയും സ്വകാര്യ വ്യക്തികളുടേയും മേൽനോട്ടത്തിൽ നടക്കുന്ന വികസന പ്രവത്തനങ്ങളെ വിലയിരുത്തുക; സഭ തന്നെ ഈ രംഗങ്ങളിൽ എന്തുചെയ്യുന്നു എന്നു സൂക്ഷ്മം ചെയ്യുന്നതും ആവശ്യകമാണു്. വേറൊരു രംഗമുണ്ടു്, യാഥാ

ത്സേവനത്തിന്റേതു്. കണ്ണുനീർ തുടക്കുവാൻ പാടുള്ളതു ചെയ്യുക; വ്യക്തിപരമായ കഴിവുകളെ വളർത്തിയെടുക്കുക; ഈ രംഗത്താണു് നമ്മുടെ വിദ്യാലയങ്ങളും ആസ്പത്രികളും അനാഥശാലകളും മറ്റു ദുരിതാശ്വാസ സംരംഭങ്ങളും പ്രവർത്തനനിരതമായിരിക്കുന്നതു്. അജ്ഞതയുടേയും കഷ്ടപ്പാടിന്റേയും വേദനയുടേയും തീരപ്രദേശത്താണു നാം. ഇനിയും വളരെ ദൂരം പോകേണ്ടിയിരിക്കുന്നു. ഏതാദൃശ സേവനങ്ങളുടെ വെളിച്ചത്തിലാണു് ക്രിസ്തു തന്റെ ദിവ്യദൗത്യം തെളിയിച്ചതും വിശദീകരിച്ചതും. നമ്മുടെ സന്ന്യാസസമൂഹങ്ങളുടെ അംഗങ്ങളിൽ ഒരു പത്തു ശതമാനമെങ്കിലും ഈ രംഗത്തു് പ്രവർത്തിക്കുവാൻ സ്വയം പ്രതിഷ്ഠിക്കുകയും പരിശീലനം നേടുകയും ചെയ്യുന്നതു നന്നായിരിക്കുകയില്ലേ?

28. സാമൂഹികസാമ്പത്തിക സംരംഭങ്ങളുടെ വിജയത്തിനു് അനുപേക്ഷണീയമാണു് സാമൂഹിക നീതിയും കാര്യക്ഷമതയും. ഈ രണ്ടു കാര്യത്തിലും സഭക്കു കാര്യമായ സംഭാവനകൾ നൽകുവാൻ കഴിവുണ്ടു്. ഭക്ഷ്യദൗർല്ലഭ്യമുള്ള ഇക്കാലത്തു സഭയുടെ തന്നെ വസ്തുക്കൾ പാഴായിക്കിടക്കുവാൻ അനുവദിക്കരുതു്. ഭൂദാൻ, സർവ്വോദയം തുടങ്ങിയ പ്രസ്ഥാനങ്ങളിൽ നമുക്കും പങ്കെടുക്കരുതൊ. ഗ്രാമങ്ങളിൽ കൃഷി, സഹകരണം മുതലായ കാര്യങ്ങളിൽ നാം ഇന്നു കൊടുക്കുന്ന നേതൃത്വവും മാതൃകയും കുറെകൂടി നന്നായി പ്രാദേശികാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യരുതൊ. വിദ്യാഭ്യാസത്തിലും രോഗിപരിചരണത്തിലും അനുഷ്ഠിക്കുന്ന സേവനം മറ്റുള്ളവർക്കു കൂടി മാതൃകയാകത്തക്കവിധം സംവിധാനം ചെയ്യുവാൻ നമുക്കു കഴിയണം.

പള്ളികളും സ്ഥാപനങ്ങളും, മുതലായവയുടെ കാര്യത്തിൽ ആവശ്യത്തിനും ലാളിത്യത്തിനും പ്രത്യേക പരിഗണന കൊടുക്കുവാൻ കഴിയും. മാത്രമല്ല, സമർത്ഥമായ ആസൂത്രണത്തിലൂടെ അമിതവ്യയവും അനാവശ്യനഷ്ടവും ഒഴിവാക്കുവാനും സാധിക്കും. അങ്ങനെ മിച്ചം വരുന്ന പണം പരോപകാരപ്രവർത്തനങ്ങൾക്കും രാഷ്ട്രനിർമ്മാണത്തിനും ഉപകരിക്കും. മഹത്തായ സന്ദേശം അനേകലക്ഷം ജനങ്ങൾക്കു് എത്തിച്ചുകൊടുക്കത്തക്കവിധം ഫിലിം രംഗത്തും മറ്റും കർമ്മനിരതരാകുവാൻ വളരെ പണം ആവശ്യമുണ്ടു്.

29. വികസനത്തിന്റെ ആണിക്കല്ലുകളിൽ ഒന്നു മാനുഷിക പ്രവർത്തനം അഥവാ, തൊഴിലാണു്. അതു് ഇന്ത്യയിൽ വേണ്ടത്ര ആദരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നു

ണ്ടോ എന്ന സംശയിക്കണം. തൊഴിലിനു സാമ്പത്തികവശം മാത്രമല്ല ഉള്ളതു്. സാംസ്കാരികവും മാനുഷികവുമായ ഒരു വശം കൂടിയുണ്ടു് അതിനു്. തൊഴിലിന്റെ മാഹാത്മ്യത്തെപ്പറ്റി ക്രൈസ്തവർ തന്നെ ആദ്യം ബോധവാന്മാരാകണം. എങ്കിൽ മാത്രമെ സഹപൗരന്മാക്കു് ആ സന്ദേശം എത്തിച്ചു കൊടുക്കുവാൻ കഴിയൂ. തൊഴിൽവഴി വസ്തുക്കളെ പരിവർത്തനത്തിനു വിധേയമാകുന്നു. അവ സ്വയം നശിച്ചിട്ടു പുതിയ വസ്തുക്കളായി ഭവിക്കുന്നു. ക്രിസ്തുവിന്റെ മരണത്തിലേക്കും പുനരുത്ഥാനത്തിലേയ്ക്കും അതു വിരൽ ചൂണ്ടുന്നു. ഇവിടത്തെ സാഹചര്യങ്ങളെ മുമ്പിൽ വച്ചുകൊണ്ടു് തൊഴിൽ രംഗത്തു, മാതൃകാപരമായി പ്രവർത്തിക്കുവാനും പെരുമാറുവാനും മറ്റുള്ളവരെ സ്വാധീനിക്കുവാനുമായി കുറെ വൈദികരും സന്യാസികളും അങ്ങോട്ടു കടന്നു ചെല്ലുക അഭിലഷണീയമോ എന്നു പരിശോധിക്കുന്നതു് കൊള്ളാം. വിദേശരാജ്യങ്ങളിൽ നടക്കുന്ന പരീക്ഷണങ്ങളും ഇക്കാര്യത്തിൽ ശരിയായ തീരുമാനങ്ങളെടുക്കുവാൻ സഹായിക്കാതിരിക്കയില്ല.

30. തൊഴിലിനോടു ബന്ധപ്പെട്ടവയാണു ടെയ്ഡ്യൂണിയനുകളും. ഈ രംഗത്തു സഭയുടെ സാന്നിദ്ധ്യം ഇനിയും കൂടുതലുണ്ടാവപ്പെടേണ്ടിയിരിക്കുന്നു. അതിനുവേണ്ട ഉപാധികളും സെമിനാറിൽ ചർച്ചചെയ്തു സ്വീകരിക്കണം. ഇപ്പോൾ രംഗത്തു പ്രവർത്തിക്കുന്ന ക്രൈസ്തവനേതാക്കളുടെ ഉപദേശവും നിർദ്ദേശങ്ങളും ആരായുക അനുപേക്ഷണീയമാണു്. വ്യാവസായിക പ്രേഷിതത്വത്തിലൂടെ സഭക്കു് തൊഴിൽരംഗത്തു സന്നിഹിതയാകുവാൻ കഴിയും, സ്വാധീനിക്കുവാൻ കഴിയും. ഇതിനുള്ള സാദ്ധ്യതകളും അന്വേഷിച്ചു കണ്ടുപിടിക്കുകയും ഉത്സാഹത്തോടെ പ്രായോഗികമാക്കുകയും വേണം.

31. ജനപ്പെരുപ്പവും പരിഗണിക്കേണ്ട ഒരു പ്രശ്നമാണു്. ഇന്ത്യയിൽ ഓരോ വർഷവും 120 ലക്ഷം ആളുകൾ കൂടിക്കൊണ്ടിരിക്കുന്നു. ജനസംഖ്യയിൽ പകുതിയിലധികവും ഒരു രൂപയിൽ താഴെ വരുമാനം ഉള്ളവരാണു്. 10കോടിയോളം ആളുകൾ കഷ്ടി 50 പൈസകൊണ്ടു ദിവസം തള്ളിനീക്കേണ്ടിവരുന്നു. ഈ സ്ഥിതിവിശേഷം നമ്മുടെ സഹതാപവും അടിയന്തിരശ്രദ്ധയും അർഹിക്കുന്നു. ദൈവികനിയമങ്ങളോടൊപ്പം സുവിശേഷചൈതന്യത്തോടും വിശ്വസ്തത പാലിച്ചുകൊണ്ടു് ജനപ്പെരുപ്പപ്രശ്നത്തിൽ എന്തുചെയ്യുവാൻ കഴിയുമെന്നു് ഈ സെമിനാർ മനസ്സിരുത്തി ചിന്തിക്കുകതന്നെ വേണം.

x രാഷ്ട്രീയ ജീവിതം

32. സഭ ഒരു രാഷ്ട്രീയ സമൂഹമല്ല; ഏതെങ്കിലുമൊരു പ്രത്യേക രാഷ്ട്രീയ സംവിധാനത്തോടോ പാർട്ടിയോടൊ അവയ്ക്കു പ്രത്യേക വേഴ്ചയില്ല. ഭൗമിക നഗരത്തിന്റെ ഭരണത്തിൽ തലയിടുവാൻ അവയ്ക്കു താല്പര്യവുമില്ല. എന്നിരുന്നാലും രാഷ്ട്രത്തിന്റെ പൊതുക്ഷേമത്തെച്ചൊല്ലി സ്നേഹത്തോടെ സേവനമനുഷ്ഠിക്കുവാൻ അവയ്ക്കു തയ്യാറാണ്. സമൂഹത്തിന്റെ പുനഃസംവിധാനത്തിന്റെ ശക്തികേന്ദ്രമാണു രാഷ്ട്രീയം; അതു ഭാവിയുടെ വാഗ്ദാനം ഉൾക്കൊള്ളുന്നതാണെന്നും അവയ്ക്കറിയാം. രാഷ്ട്രത്തിന്റെ ജീവിതത്തിൽ തങ്ങളുടെ വിലപ്പെട്ട സംഭാവനകൾ ഉത്തരവാദിത്വത്തോടെ നൽകുവാൻ ജനങ്ങളെ പഠിപ്പിക്കുകയാണ് സഭയുടെ കർത്തവ്യം. മനുഷ്യവ്യക്തിത്വത്തോടുള്ള ആദരം, ചിന്താസ്വാതന്ത്ര്യം, പ്രസംഗ സ്വാതന്ത്ര്യം, ഗവണ്മെണ്ടിനെ വിമർശിക്കുവാനുള്ള സ്വാതന്ത്ര്യം, രാഷ്ട്രത്തെ പാർട്ടിതാല്പര്യങ്ങൾക്കു പരിസ്നേഹിക്കുവാൻ പ്രേരിപ്പിക്കുന്ന വിശാലവും സത്യസന്ധവുമായ വീക്ഷണം തുടങ്ങിയവയെപ്പറ്റി ജനങ്ങൾക്കു നേരായ അറിവു പ്രദാനം ചെയ്യണം. സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും ഐക്യത്തിന്റെയും മൂല്യങ്ങൾ ജനങ്ങൾ അറിഞ്ഞ് ആംഗീകരിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ സഭയ്ക്കു കഴിയും. മതേതര രാഷ്ട്രം ഉൾക്കൊള്ളുന്ന ആശയം വിലമതിക്കുവാൻ ആളുകളെ സഹായിക്കണം. ഒരു ന്യൂനപക്ഷത്തിന്റെ ആവശ്യമെന്ന നിലയ്ക്കല്ല, യഥാർത്ഥവും യുക്തിയുക്തവുമായ ഒരു നിലപാട് എന്നതിന്റെ പേരിൽ. പുതുതായി പൊന്തിവരുന്ന രാഷ്ട്രീയ പ്രശ്നങ്ങൾക്ക് സുവിശേഷത്തിന്റെ വെളിച്ചത്തിൽ സമാധാനം കണ്ടുപിടിക്കുകയും നിയമസഭാമെമ്പർന്മാർക്ക് അതേപ്പറ്റി അറിവു നൽകുകയും ചെയ്യുക നന്നായിരിക്കും. ഇതുപോലുള്ളവ സഭയുടെ പൊതു ഏർപ്പാടുകളിൽപ്പെട്ടതാം. അത്മായരും അത്മായ സംഘടനകളും, ഇടയ്ക്കിടെ തലപൊക്കുന്ന പ്രശ്നങ്ങളുടെ കാര്യത്തിൽ എന്തു നയം സ്വീകരിക്കണം. പാർട്ടി പ്രശ്നങ്ങളിലൊ ശക്തി രാഷ്ട്രീയത്തിലൊ പെട്ടുനിൽക്കുമ്പോഴും അവർ സുവിശേഷ സൂക്തങ്ങൾ അനുസരിച്ചു ജീവിക്കുവാൻ ശ്രമിക്കണം. അങ്ങനെ രാഷ്ട്രീയ ജീവിതത്തെയും പ്രവർത്തനങ്ങളെയും വിശുദ്ധീകരിക്കുകയും ഉയർത്തുകയും ചെയ്യേണ്ടതാണ്.

xii വിദ്യാഭ്യാസം

33. വിദ്യാഭ്യാസരംഗത്തു സഭയുടെ സേവനം മികച്ചതാണ്. സാക്ഷരത്വത്തിന്റെയും പ്രജാധിപത്യ വാസനകളുടെ

യും സംസ്കാരത്തിന്റെയും വികസനത്തിനു ഗണനീയമായ സംഭവന നൽകിയെന്നതു ചരിതാർത്ഥ്യത്തിനു വക നൽകുന്നു എന്നാൽ, പരിമിതികൾക്കുള്ളിലാണു് സഭയ്ക്കു് പ്രവർത്തിക്കേണ്ടിയിരുന്നതു്. അതുകൊണ്ടു് അഭികാമ്യമായ പലതും പ്രായോഗികമാക്കുവാൻ സാധിച്ചിട്ടില്ല. വിദ്യാഭ്യാസത്തിന്റെ ഒരു തത്വശാസ്ത്രംതന്നെ കരുപിടിപ്പിക്കേണ്ടിയിരിക്കുന്നു. വിദ്യാർത്ഥികളുടെ പ്രകൃതിയെയും സാംസ്കാരിക പൈതൃകത്തെയും തലമുറകൾ തമ്മിലുള്ള സ്വാധീനങ്ങളെയും മറ്റും ആസ്പദമാക്കി രാഷ്ട്രത്തോടു സഹകരിച്ചുകൊണ്ടുള്ള സഭയുടെ സേവനം വിജയിക്കണമെങ്കിൽ വിദ്യാഭ്യാസരംഗത്തു പുതിയ പരീക്ഷണങ്ങൾക്കു തയ്യാറാവണം. സാക്ഷരതാ ഏറ്റം കുറവുള്ള സ്ഥലങ്ങൾ കണ്ടുപിടിച്ചു് ഒരു അടിയന്തിരപരിപാടി ആസൂത്രണം ചെയ്യാവുന്നതാണു്. ഗവണ്മെണ്ടിനെ സഹായിക്കുവാൻ സേവനസന്നദ്ധരായ അദ്ധ്യാപകരും സന്യാസികളും ആയിരക്കണക്കിനു് മുന്നോട്ടു വരണം. അങ്ങനെ സഭയുടെ ദൗത്യം സേവനമാണെന്നു വിദ്യാഭ്യാസരംഗത്തും കാണിച്ചുകൊടുക്കുവാൻ നമുക്കു കഴിയും. ഇതിനുവേണ്ടി ഗവണ്മെണ്ടിനോടും മറ്റു ഏജൻസികളോടും സഹകരിച്ചു് അദ്ധ്യാപകപരിശീലനകേന്ദ്രങ്ങൾ തുറക്കുന്നതും അഭിലഷണീയമാണു്.

34. ഇതുപോലെതന്നെ പാവനമായ ഒരു കർത്തവ്യം വിദ്യാഭ്യാസം ലഭിച്ച യുവതലമുറയെ സംബന്ധിച്ചു്, വിശിഷ്യാ, കലാശാലാവിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം സഭയ്ക്കുണ്ടു്. ശാസ്ത്രീയമുന്നേറ്റങ്ങൾക്കു സഭ എതിരാണെന്ന ബോധം അവരിൽ നിന്നു മാറ്റുവാൻ പര്യാപ്തമായ വിധം നിർമ്മാണത്തിനും നിരൂപണത്തിനുമുള്ള അവരുടെ വാസനകളെ പ്രോത്സാഹിപ്പിക്കുകയും നല്ലവഴിക്കു തിരിച്ചുവിടുകയും ചെയ്യണം. അങ്ങനെ അന്ധവിശ്വാസത്തിൽനിന്നു മതത്തെ തിരിച്ചറിയുവാൻ അവർ പ്രാപ്തരാകും; മതബോധംതന്നെ കൂടുതൽ ലളിതവും ശ്രദ്ധേയവുമാകും: വിശ്വാസം വ്യക്തിനിഷ്ഠവും ജീവിതത്തെ മുഴുവൻ പ്രകാശിപ്പിക്കുന്നതുമായ ഒരു ദിവ്യാനുഭവമായി മാറും.

35. ഇതുകൊണ്ടും തൃപ്തിയാവാൻ വയ്യാ. ഭൗതികശാസ്ത്രങ്ങൾ, സാമൂഹ്യശാസ്ത്രം, സാമ്പത്തിക വിജ്ഞാനീയം, ഇന്ത്യൻ മതങ്ങൾ, ദാർശനിക ചിന്ത, ചരിത്രം മുതലായവയെപ്പറ്റി ഉപരിപഠനത്തിനും റിസേർച്ചിനും സൗകര്യമുള്ള സെന്ററുകൾ സ്ഥാപിക്കുവാൻ മുന്നോട്ടുവരണം. രാഷ്ട്രവികാസത്തിനു് ഗവണ്മെണ്ടിനോടു സഹകരിച്ചു് ഈ രംഗത്തു വളരെയേറെ നന്മചെയ്യുവാൻ സാധിക്കും.

36. ആകെക്കൂടിനോക്കിയാൽ, വിദ്യാഭ്യാസരംഗത്തു സഭയുടെ ഉത്തരവാദിത്വത്തിന്റെ ചരിത്രം ഏതാണ്ടിങ്ങനെയാണു്: താഴ്വാരത്തിൽ, സാക്ഷരത്വം വർദ്ധിപ്പിക്കുവാൻ സഹായിക്കുന്ന പ്രാഥമിക സ്കൂളുകളും; അവയ്ക്കുവേണ്ടി അദ്ധ്യാപകരെ പരിശീലിപ്പിക്കുന്ന കേന്ദ്രങ്ങളും, മുകളിൽ റിസെർച്ചു് സെന്ററുകളും അവിടെ നമുക്കു സമൂഹത്തിലെ കഴിവുറ്റ വ്യക്തികളും പുതിയ പുതിയ ചക്രവാളങ്ങൾക്കുവേണ്ടി പഠനം നടത്തുന്നു. രണ്ടിനുമിടയ്ക്കു നിൽക്കുന്ന അദ്ധ്യാപകരെയും ലക്ചറന്മാരേയും പുതിയ പുതിയ രംഗങ്ങളിലേക്കു കടത്തിവിടേണ്ടതുണ്ടു്; കാലഹരണപ്പെട്ട സമ്പ്രദായങ്ങളിൽനിന്നു പുറത്തുപോരുവാനും മനുഷ്യസമൂഹത്തിനു സേവനമനുഷ്ഠിക്കുവാനും ക്രിസ്തുവിനു സാക്ഷികളാകുവാനും അവരെ സഹായിച്ചേ മതിയാവൂ.

xii ഇന്ത്യയിലെ യുവതലമുറ

37 വിദ്യാഭ്യാസത്തോടു് അടുത്തു ബന്ധമുള്ളതാണു് യുവതലമുറയുടെ പ്രശ്നം. ഈ രാജ്യത്തെ യുവജനങ്ങളുടെയിടയിൽ സഭയുടെ സാന്നിദ്ധ്യം അനുഭവപ്പെടണം അവരും അവരുടെ പ്രതീക്ഷയും പ്രചോദനവുമാകണം. ക്രിസ്തുവിന്റെ ജീവിതമാതൃകയെടുത്തു് വിപ്ലവപരങ്ങളായ പരിവർത്തനങ്ങളും സ്വന്തം ജീവിതത്തിലും അങ്ങനെ സമൂഹത്തിലും സാധിക്കുവാൻ അവർക്കു് ഉത്തേജനം കൊടുക്കണം. അഖിലേന്ത്യാ കാത്തലിക് യൂണിവേഴ്സിറ്റി ഫെഡറേഷൻ, കാത്തലിക് സ്റ്റുഡന്റ്സ് ലീഗ് മുതലായ സംഘടനകളിലൂടെ ഇതു് സാധിക്കാം. മുഴുവൻ സമയവും പ്രവർത്തിക്കുവാൻ സൗകര്യമുള്ള ചാപ്പ്ലൻമാർ അവയ്ക്കുണ്ടായിരിക്കണം. അവ ഏറ്റെടുക്കുന്ന നല്ല സംരംഭങ്ങളെ പിന്താങ്ങുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ഉദാരമായ സാമ്പത്തിക സഹായമുണ്ടെങ്കിലേ അവയുടെ പ്രസിദ്ധീകരണങ്ങളും പ്രവർത്തനങ്ങളും നന്നായി പുരോഗമിക്കൂ. രാജ്യത്തിന്റെ പൊതു പ്രശ്നങ്ങളിലും പ്രസ്ഥാനങ്ങളിലും സൃഷ്ടിപരമായവിധം പങ്കെടുക്കുവാൻ പറഞ്ഞിയവിധം വിദ്യാർത്ഥിസംഘടനകളും വളർച്ച പ്രാപിക്കുക ഇന്നത്തെ ഒരാവശ്യമാണു്,

xii ഹിന്ദുക്കളുമായുള്ള സംഭാഷണം

38 വിശ്വവും ജനകോടികളും ക്രിസ്തുവിൽ കേന്ദ്രീകൃതമായിരിക്കുന്നെന്നും ക്രിസ്തുവിലേക്കും അവിടുത്തെ പിതാവിന്റെ പക്കലേക്കും അവ നീങ്ങിക്കൊണ്ടിരിക്കുന്നുവെന്നും നാം വിശ്വസിക്കുന്നു. സഭയെപ്പറ്റിയുള്ള പ്രമാണരേഖയിൽ ഇക്കാ

ര്യം വ്യക്തമാക്കിയിട്ടുണ്ട് (No. 16). വെളിപാട് എല്ലാ വക്കും വേണ്ടിയാണ്. അതുപോലെതന്നെ ദൈവപ്രസാദവും. അവ സ്വീകരിക്കുന്ന ഏവരും രക്ഷ പ്രാപിക്കും. വ്യക്തമായി അറിയാതെതന്നെ അവ സ്വീകരിക്കുന്ന പലരുമുണ്ട്. മനസ്സാക്ഷിയെ മാനിക്കുന്നവരും സത്യത്തിനുവേണ്ടി ഉഴലുന്നവരും ആ വഴിക്കാണ നീങ്ങുക. ആകയാൽ ക്രിസ്തുവിന്റെ സ്വാധീനം നമ്മുടെ ചുറ്റും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സ്വഭാവത്താലെ ക്രിസ്ത്യാനികളായ നല്ല മനുഷ്യർ ധാരാളം നമ്മെ വലയം ചെയ്യുന്നു.

39. ദൈവത്തിന്റെ രക്ഷാകരപ്രവൃത്തിയും പ്രസാദവരവും പ്രവർത്തനനിരതമാണ്. അതിന്റെ അടയാളവും പ്രകാശനവും ആണ് സഭ. ആസത്യത്തിൽനിന്നു സത്യത്തിലേക്കു നയിക്കണമെന്ന പ്രാർത്ഥനയോടെ മുന്നേറുന്ന മതങ്ങളും ദൈവത്തിന്റെ രക്ഷാകര പ്രവൃത്തിയുടെ സഫലീകരണത്തിലേയ്ക്കാണ നീങ്ങുന്നത്. ആന്തരിക പ്രവണത അവയെ സത്യംതന്നെയായ ദൈവത്തിലേക്കു് അടുപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ നീക്കത്തെ നാം സഹായിക്കണം. പ്രത്യേകിച്ചും മാതൃകപരമായ ഒരു ക്രൈസ്തവജീവിതംവഴി പ്രസംഗത്തെ പ്രവൃത്തികൊണ്ടു തെളിയിക്കുക ആവശ്യമാണ്. ഹൈന്ദവമതത്തിലുള്ള സത്യത്തെ അംഗീകരിക്കുകയും അഭിനന്ദിക്കുകയും വേണം. വെളിപാട് എപ്രകാരം അതിലുള്ള വിടവുകളും പരിഹരിക്കുകയും അതിനെ പരിപൂർത്തിയിലെത്തിക്കുകയും ചെയ്യുന്നുവെന്നു് വ്യക്തമാക്കുവാൻ ധാരണയും ശാന്തതയും നിറഞ്ഞ സമീപനം കൂടിയേ കഴിയൂ. ഇവിടെയാണ് ഡയലോഗിന്റെ, അഥവാ, ഹൃദയം തുറന്ന സമ്പർക്കത്തിന്റെയും സംഭാഷണത്തിന്റെയും രാജപാത തെളിയുക. ഭീതിയ്ക്കോ ആകാംക്ഷയ്ക്കോ വഴിയില്ല. പഴയതിനെ പൂർത്തിയാക്കുവാൻ വന്ന ക്രിസ്തുനാഥന്റെ പ്രസാദവരം ഹൃദയങ്ങളിൽ പ്രവർത്തിച്ചുകൊള്ളും. നാം അതിനുതക്ക ഉപകരണങ്ങളായാൽമതി. ഹൈന്ദവർ നമ്മിൽനിന്നും പലതും കണ്ടുപഠിച്ചിട്ടുണ്ട്. ഒരു പുതിയ വെല്ലുവിളികൂടിവയ്ക്കുക, കൂടുതൽ മെച്ചപ്പെട്ടൊരു ക്രൈസ്തവജീവിതത്തിലൂടെ ത്യാഗസുരഭിലമായ സേവനത്തിലൂടെ.

xiv ആദ്ധ്യാത്മിക ജീവിതം

40. ഒരു പുതിയ ജീവിതം— അതാണ് ഇതുവരെ പറഞ്ഞതിന്റെയെല്ലാം രത്നച്ചുരുക്കം. സഹോദരലക്ഷങ്ങളുടെ വേദനയും ഭാരവും പേറുവാൻ സന്നദ്ധമായ ഒരു ജീവിതം; മനുഷ്യ

സമുദ്ധാരണത്തിനുവേണ്ടി മരിക്കുകയും പുനരുത്ഥാനം ചെയ്യുകയും ചെയ്ത ക്രിസ്തുവിന്റെ ജീവിതത്തിന്റെ തുടർച്ചയായ ഒരു ജീവിതം; പുരോഗതിക്കും വളർച്ചക്കുംവേണ്ടി ത്യാഗത്തിന്റെയും സേവനത്തിന്റെയും പീഠത്തിൽ അർപ്പിതമായ ഒരു ജീവിതം; രാഷ്ട്രീയവും സാമൂഹികവുമായ സംരക്ഷണങ്ങളൊ ആനുകൂല്യങ്ങളൊ പ്രതീക്ഷിക്കാതെ ദൈവത്തിന്റെ പരിപാലനയിൽ ഉറച്ചു മുന്നോട്ടു പോകുന്ന ഒരു ജീവിതം. തന്നെക്കുറിച്ചു ചിന്തിക്കാതെ മറ്റുള്ളവരുടെ കഷ്ടപ്പാടുകളെയും കണ്ണുനീരിനെയും കുറിച്ചു് ആകാംക്ഷഭരിതമാകുന്ന ഒരു ജീവിതം; അവകാശങ്ങളെക്കാൾ കടമകളെക്കുറിച്ചു പര്യാകുലപ്പെടുന്ന ഒരു ജീവിതം: സ്വന്തം അംഗീകാരത്തിനു് നല്ല ചിന്തയും നല്ല പ്രവർത്തനവുമല്ലാതെ ശക്തിയോ സ്വാധീനമോ കാഴ്ചവയ്ക്കുവാനില്ലാത്ത ഒരു ജീവിതം; ക്രിസ്തു ഇന്നും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്നുള്ളതിന്റെ വ്യക്തമായ അടയാളമാണു് ആ ജീവിതം. അത്തരമൊരു പുതിയ ജീവിതത്തെ, ഒരു പുതിയ സഭയെയാണു് നാം പടുത്തുയർത്തേണ്ടതു്.

41. അനുദിനം കുരിശെടുക്കുകയും മരിക്കുകയും ചെയ്യുന്ന ഒരു പുതിയ സഭ ആയിരിക്കുമതു്. എവിടെ എന്തിലാണു് അവർ മരിക്കേണ്ടതു്, ഏതെല്ലാം മനോഭാവങ്ങൾ മാറണം; ആഡംബരങ്ങൾ ഉപേക്ഷിക്കണം? വ്യർത്ഥമായ എതെല്ലാം പാരമ്പര്യങ്ങളും പതിവുകളും നിറുത്തേണ്ടതുണ്ടു്? കുരിശുകളെ ഒഴിഞ്ഞു മാറുവാനുള്ള ഏതെല്ലാം ഏർപ്പാടുകളോടാണു വിട പറയേണ്ടതു്? ഏതെല്ലാം ഇട്ടുങ്ങിയ മനോഭാവങ്ങളും നിർബന്ധങ്ങളും താല്പര്യങ്ങളും പിഴുതെറിയേണ്ടതായുണ്ടു്? ഇതിലേക്കെല്ലാം സെമിനാർ സെർച്ചു്ലൈറ്റു് അടിക്കണം.

42 പുതിയ സഭ ഒരു പുതിയ ക്രമമായിരിക്കും:— ആധ്യാത്മികതയിൽ അടിയുറച്ച ഒരു പുതിയ ക്രമം; വ്യക്തിപരമായ തീരുമാനത്തിലൂടെ ക്രിസ്തുമതം സ്വയം സമർപ്പിച്ച സ്ത്രീ പുരുഷന്മാരുടെ ഒരു പുതിയ ക്രമം; വിശ്വാസത്തിൽ ശക്തി കണ്ടെത്തുകയും ഹൃദയങ്ങളുടെ ഒന്നിപ്പിൽ ശാന്തി പ്രസരിപ്പിക്കുകയും ചെയ്യുന്ന ഒരു പുതിയ ക്രമം. കൃത്രിമ നിർബന്ധങ്ങളും നീങ്ങി ക്രിസ്തുവിന്റെ സ്നേഹംമാത്രം പ്രവർത്തനത്തിനു നിർബന്ധിക്കുന്ന ഒരു പുതിയ ക്രമം; ഏകോദരസഹോദരങ്ങളെപ്പോലെ വർത്തിക്കുവാനും സേവനത്തിൽനിന്നു് ആദരവും അനുസരണയും ആജ്ഞിക്കുവാനും പ്രചോദനമരുളുന്ന ഒരു പുതിയ ക്രമം; അത്തരമൊരു ക്രമം നവീകരണത്തെ ആവശ്യപ്പെടുന്നു: അഗാധമായ വിശ്വാസത്തിലും ഭീതിപ്രമായ പ്രത്യാശയി

ലും നിസ്വാർത്ഥമായ സ്നേഹത്തിലും അധിഷ്ഠിതമായ ഒരു പുന: സംവിധാനം എല്ലാ രംഗത്തും കൈവരുത്തുക— അതാണ് ഇന്ത്യൻസഭയുടെ ഇന്നത്തെ ഉത്തരവാദിത്വം.

Printed at Viani Printings Ernakulam, Cochin - 18

Q1

ഇന്നത്തെ ഇന്ത്യയിലെ സഭ

കേരളറീജിയനൽ സെമിനാർ

പ്രശ്നാവലി 1

ആദ്ധ്യാത്മികത

I ആദ്ധ്യാത്മികജീവിതം

1. a) ആദ്ധ്യാത്മികജീവിതം: ക്രിസ്ത്യാനികൾക്കൊക്കെ ഒരു പോലെ ബാധകമാണോ അതു്?.....അതോ വൈദികർക്കും സന്യാസികൾക്കും മാത്രമോ?.....

b) ആദ്ധ്യാത്മിക ജീവിതമെന്ന വാക്കുകൊണ്ടു് നിങ്ങൾ എന്താണർത്ഥമാക്കുന്നതു്? തെറ്റെന്നു തോന്നുന്നവ വെട്ടി, ബാക്കിയുള്ളവയ്ക്കു് പ്രാധാന്യേന 1, 2, 3 എന്നിങ്ങനെ അക്കമിടുക.

പ്രാർത്ഥനയും പ്രായശ്ചിത്തവും..... ഞായറാഴ്ചകടവും പെസഹാക്കടവും ..... നൊവേനകളും തീർത്ഥാടനങ്ങളും..... ലോകത്തിൽനിന്നും ലൗകികചിന്തകളിൽനിന്നും ഒഴിഞ്ഞുള്ള ജീവിതം..... ദൈവത്തോടും മനുഷ്യനോടുമുള്ള സ്നേഹം; സേവനാത്മകമായ ജീവിതം; കുർബാനയും ക്ലേശങ്ങളും പ്രാർത്ഥനയുമൊക്കെ ഇതിനു പ്രചോദനവും ഇതിന്റെ പ്രകാശനവും.....അനീതിക്കും അക്രമത്തിനും ചൂഷണങ്ങൾക്കുമെതിരായ പോരാട്ടം.....മെച്ചപ്പെട്ടൊരു ലോകത്തിന്റെ സൃഷ്ടി: ശാസ്ത്രാഭ്യുന്നതിക്കും സാംസ്കാരിക വളർച്ചയ്ക്കും കാർഷികവ്യാവസായിക പുരോഗതിക്കും വേണ്ടിയുള്ള അധ്വാനം; മനുഷ്യന്റെ മഹത്ത്വത്തിനും സ്വാതന്ത്ര്യത്തിനും സാഹോദര്യികമായ സാമൂഹികനീതിക്കും വേണ്ടിയുള്ള ആത്മാർപ്പണം .....

c) കുർബാനയ്ക്കും ക്ലേശങ്ങൾക്കും പ്രാർത്ഥനയ്ക്കുമൊക്കെ നമ്മുടെ അനുദിനജീവിതത്തെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും ബന്ധം അഥവാ പ്രസക്തി ഉണ്ടോ? ജോലിസ്ഥലത്തു് ..... പ്രേമത്തെയും വിവാഹത്തെയും സംബന്ധിച്ചിടത്തോളം ..... ചുറ്റുപാടും പട്ടിണിയും ദാരിദ്ര്യവും കഷ്ടപ്പാടുകളും കാണുമ്പോൾ ..... സാമൂഹ്യ ബന്ധങ്ങളിൽ ..... കൃഷിക്കാരനൊ തൊഴിലാളിയോ രാഷ്ട്രീയ

പ്രവത്തകനോ തൊഴിലാളി നേതാവോ അദ്ധ്യാപകനോ വിദ്യാത്ഥിയോ എഴുത്തുകാരനോ പത്രപ്രവത്തകനോ കലാകാരനോ കച്ചവടക്കാരനോ ഒക്കെ ആയിട്ടുള്ള നിങ്ങളുടെ പ്രവർത്തനങ്ങളിൽ.....

d) എന്താണീ ജീവിതബന്ധം അഥവാ ജീവിത പ്രസക്തി? വിശദീകരിക്കാമോ?.....

e) കുബ്ബാനയുടേയും പ്രാത്ഥനയുടേയും ക്ലാശകളുടേയുമൊക്കെ ജീവിത പ്രസക്തി വ്യക്തമല്ലെങ്കിൽ അഥവാ വാസ്തവത്തിലുള്ള ജീവിതസാധീനം തുച്ഛമാണെങ്കിൽ എന്തൊക്കെയാണ് അതിനു കാരണങ്ങൾ. സ്വീകാര്യമല്ലാത്തവ വെട്ടി. ബാക്കി ഓരോന്നിനും പ്രാധാന്യമനുസരിച്ച് 1,2,3 എന്നു് അക്കമിടുക.

ജീവിതസ്പർശിയല്ലാത്ത ആരാധനക്രമം.....മതത്തിന്റെയും മതാനുഷ്ഠാനങ്ങളുടേയും ജീവിതപ്രസക്തി ഊന്നിപ്പറയാത്ത മതബോധനം..... ചില പ്രാത്ഥനകളും ആചാരങ്ങളും മാത്രമാണു് ആദ്ധ്യാത്മികജീവിതമെന്ന ധാരണ, അതു മതി രക്ഷ പ്രാപിക്കാനെന്ന തോന്നൽ.....സഹജീവികളെസംബന്ധിച്ചു് എന്തു സംഭവിച്ചാലും ഗൗനിക്കാതെയും ലൗകികപുമതലകളിലും ലോകത്തിന്റെ അഭിവൃദ്ധിയിലും ശ്രദ്ധിക്കാതെയുമുള്ള ചിലരുടെ ''ആദ്ധ്യാത്മികജീവിതം'' .....കൗദാശിക ജീവിതവും അനുദിനജീവിതവുമായുള്ള വൈരുദ്ധ്യം.....

II ദൈവവും മനുഷ്യനും

1. കത്തോലിക്കാവിശ്വാസത്തെ വലിയൊരു ഭാഗ്യവും ആനുകൂല്യവുമായിട്ടാണോ നിങ്ങൾ പരിഗണിക്കുന്നതു്..... എന്തുകൊണ്ടാണു് നിങ്ങൾ കത്തോലിക്കനായിരിക്കുന്നതു്? അങ്ങനെ ജനിച്ചതുകൊണ്ടു്.....ബോധ്യം നിമിത്തം.....

2. ക്രിസ്തീയവിശ്വാസമെന്തെന്നു് ശരിക്കറിയാമോ?..... ഇല്ലെങ്കിൽ എന്താണു കാരണം? മതബോധനത്തിന്റെ അപര്യാപ്തത.....വിശ്വാസത്തിനൊത്തുയരാത്ത പലരുടേയും ജീവിതം.....മൗലികസത്യങ്ങൾ ഊന്നിപ്പറയാത്തതുകൊണ്ടു്.....

3. എന്താണിതിനു പോംവഴി ?മെച്ചപ്പെട്ട മതബോധനം.... ....വീട്ടിൽ..... സൺഡേസ്കൂളുകളിൽ.....വിദ്യാലയങ്ങ ളിൽ.....പള്ളിപ്രസംഗങ്ങളിൽ .....നിലവാരമുള്ള, ആകർഷകമായ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും.....

4. നമ്മുടെ പിതാവെന്ന നിലയിലാണോ നാം ദൈവത്തെ സ്നേഹിക്കുന്നതു് ?.....നമ്മുടെ പ്രാർത്ഥനയിൽ ഈ മനോ ഭാവം പ്രതിഫലിക്കുന്നുണ്ടോ ?..... അതോ അനുഗ്രഹല ബ്ധിക്കായുള്ള അപേക്ഷകളും മാത്രമാണോ നമ്മുടെ പ്രാർത്ഥ നകളും ? ..... ആദ്ധ്യാത്മിക നന്മകളുംക്കാണോ നാം പ്രാധാ ന്യം കല്പിക്കുന്നതു് ?..... നിങ്ങളും ധ്യാനിക്കാറുണ്ടോ , ദി വസേന ?..... ബോധപൂർവ്വകവും വ്യക്തിപരവുമാണോ നിങ്ങളുടെ പ്രാർത്ഥന ? .....ജപമാല ചൊല്ലാറുണ്ടോ വീട്ടിൽ?.....പകരം, ബൈബിളും ശ്രുശ്രൂഷഇഷ്ടപ്പെട്ട ന്നോ.....

5. മകനു് പിതാവിനോടെന്ന മട്ടിലുള്ളതാണോ നമുക്കു ദൈ വത്തോടുള്ള ഉത്തരവാദിത്വം ?.....ആ നിലയിലാണോ നാം അവിടുത്തെ കല്പനകളും സ്വീകരിക്കുന്നതു്?.....അതോ ഒഴിച്ചു കൂടാനാവാത്ത ഭാരമെന്ന നിലയിലോ?..... ശുദ്ധ മനസ്സാക്ഷിയും തദനുസൃതമായ ജീവിതവും കൂടാതെ കുമ്പ സാരവും ഭക്തകൃത്യങ്ങളും നമ്മെ നല്ല ക്രൈസ്തവരാക്കുമോ?.....

III ക്രിസ്തുവുമായുള്ള ഐക്യം

1. സുവിശേഷങ്ങളിലെ ക്രിസ്തുവാണോ നമ്മെ പ്രചോദി പ്പിക്കുന്ന നേതാവും മാതൃകയും ?..... അവിടത്തെ അനു സരണം വീട്ടിലും നാട്ടിലും അധികാരികളുടെ കീഴ്വഴ ങ്ങുവാൻ നമ്മെ പ്രചോദിപ്പിക്കുന്നുണ്ടോ ?..... ലൗകികവ സ്തുക്കളുടെ ഉപയോഗത്തിൽ ക്രിസ്തുവിന്റെ ദാരിദ്ര്യാരൂപി നാം അനുകരിക്കുന്നുണ്ടോ ? .....ക്രിസ്തുവിനെപ്പോലെ ജീവിതാവസ്ഥക്കൊത്ത വിശുദ്ധി നാം പാലിക്കുന്നുണ്ടോ ? ..... ക്രിസ്തുവിന്റെ മാതൃക സ്നേഹത്തിലും സേവനത്തി ലും അധിഷ്ഠിതമായ ഒരു ജീവിതം നയിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുന്നുണ്ടോ ?.....

2. നിങ്ങളും ബൈബിളും വായിക്കാറുണ്ടോ ?.....ഇല്ലെ ങ്കിൽ എന്താണു കാരണം ?.....

3 ക്രിസ്തുവുമായുള്ള സ്നേഹൈക്യം—എന്താണ്? അതിനു പ്രേരണ? പ്രാധാന്യമനുസരിച്ച് 1, 2, 3 എന്നു അക്കമിടുക.

നമ്മെ സ്നേഹിക്കുകയും നമുക്കുവേണ്ടി ജീവൻ ബലികഴിക്കുകയും ചെയ്തതുകൊണ്ട്..... നമ്മോടുള്ള അവിടത്തെ താല്പര്യം നിമിത്തം .... പിതാവിനോടും ദൈവാത്മാവിനോടുമൊത്തു നമ്മിൽ വസിക്കുന്നതുകൊണ്ട്.....

4. ക്രിസ്തുവിനോടൊത്തു മഹത്വം പ്രാപിക്കുന്നതിനു അവിടത്തോടൊത്തു സഹിക്കേണ്ടതാണെന്ന ബോധ്യം നിങ്ങൾക്കുണ്ടോ? ..... അനുദിന കർത്തവ്യനിർവ്വഹണവും സഹനവും ത്യാഗവും ഒക്കെ കുർബാനയിലെ ക്രിസ്തുവിന്റെ അപ്പണത്തോടുചേർത്തു കാഴ്ചസമർപ്പിക്കാറുണ്ടോ?

IV സഭാജീവിതം

1. ക്രൂദാശകൻ നിങ്ങളെ സംബന്ധിച്ചിടത്തോളം ക്രിസ്തുവുമായുള്ള വ്യക്തിപരമായ ഗാഢസമ്പർക്കമാണോ?.....അതോ, സാമൂഹികമായ ചില ആചാരങ്ങൾ എന്ന നിലയാണോ അവയുള്ളതു?.....ക്രിസ്തീയമായ ജീവന്റെയും ശക്തിയുടേയും ഉറവിടമാണോ അവ നമ്മെ സംബന്ധിച്ചിടത്തോളം?.....ക്രൂദാശസ്വീകരണംവഴി നാം കൂടുതൽ നല്ല ക്രൈസ്തവരാകുന്നുണ്ടോ വാസ്തവത്തിൽ?.....ഇല്ലെങ്കിൽ കാരണം?.....

2. മനുഷ്യനെ സ്നേഹിക്കാതെ ദൈവത്തെ സ്നേഹിക്കാനാവില്ല—ശരിയോ?.....

3. വേണ്ടത്ര സ്നേഹവും പരസ്പര ധാരണയുമുണ്ടോ നമ്മുടെ കുടുംബങ്ങളിൽ.....ഇടവകകളിൽ..... വൈദികരും അത്മായരും തമ്മിലുള്ള ബന്ധത്തിൽ.....അത്മായരുടെ ഇടയിൽ.....മറ്റു മതക്കാരും അഭിപ്രായഗതിക്കാരുമായി.....നമ്മുടെ ശ്രുപതകളിൽ.....മെത്രാന്മാരും വൈദികരും തമ്മിൽ..... ....വൈദികർ തമ്മിൽ.....ശ്രുപതകവും തമ്മിലും റീത്തുകവും തമ്മിലും ഉള്ള ബന്ധങ്ങളിൽ.....മറ്റു ക്രൈസ്തവസഹോദരങ്ങളുമായി.....

4. നമ്മുടെ ആളുകൻ പൊതുവേ സത്യസന്ധരാണോ?..... കുടുംബങ്ങളിൽ.....വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ..... ബിസിനസ്സിൽ.....രാഷ്ട്രീയരംഗത്തു..... കൈ

ക്കുലി, കരിഞ്ചന്ത, പൂഴ്ത്തിവയ്പ് ഇവയ്ക്കെതിരായുള്ള നമ്മുടെ നിലപാടു് തികച്ചും വ്യക്തമാണോ?.....

5. കുട്ടികളുടെ സ്വഭാവരൂപവത്ക്കരണത്തിനും സ്നേഹം, സഹനം, സത്യസന്ധത, ജീവിതവിശുദ്ധി തുടങ്ങിയ ക്രിസ്തീയ മൂല്യങ്ങളുടെ വികസനത്തിനുമാണോ വീടുകളിലും വിദ്യാലയങ്ങളിലും നാം മുൻഗണന കൊടുക്കുന്നതു്?.....അതോ, പഠനത്തിനും ബുദ്ധിപരമായ ഉത്കർഷത്തിനുമോ?.....

6. പാവങ്ങളുടെ ഉദ്ധാരണത്തിനായി വരുമാനത്തിൽ നല്ലൊരംശം നീക്കിവെയ്ക്കേണ്ടതാണെന്ന ബോദ്ധ്യം നമ്മുടെ ഇടവകകൾക്കും സന്യാസഭവനങ്ങൾക്കും വ്യക്തികൾക്കും ഉണ്ടോ?.....

7. ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽ ഗവണ്മെണ്ടുമായി സഹകരിക്കണമെന്ന ബോദ്ധ്യം കേരളത്തിലെ സഭയ്ക്കുണ്ടോ?....

8. തൊഴിലിന്റെയും കായികാദ്ധ്വാനത്തിന്റെയും ശ്രേഷ്ഠതയും നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ വികസനത്തെ സംബന്ധിച്ചിടത്തോളമുള്ള ആവശ്യകതയും നമുക്കു വ്യക്തമായറിയാമോ?.....

V ഹൈന്ദവാദ്ധ്യാത്മികത

1. ഹൈന്ദവമായ ആദ്ധ്യാത്മികമൂല്യങ്ങളും ക്രൈസ്തവാദ്ധ്യാത്മിക ജീവിതത്തിൽ സ്വീകരിക്കുന്നതിനെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്താണു്?.....

2. താഴെ പറയുന്നവയെ ഹിന്ദുമതത്തിനും ക്രിസ്തുമതത്തിനും പൊതുവായ ആദ്ധ്യാത്മികമൂല്യങ്ങളായി സ്വീകരിക്കാമോ?.... ദൈവവിശ്വാസം..... പ്രാർത്ഥന..... സന്മാർഗ്ഗനിഷ്ഠ..... സത്യസന്ധത.....ബ്രഹ്മചര്യം.....പാപബോധവും പരിഹാരചിന്തയും.....

3. യോഗം, ആത്മസാക്ഷാത്കാരം മുതലായവ നമ്മുടെ ക്രൈസ്തവർക്കു പരിചിതമാണോ?.....

4. ഭാരതീയമായൊരു ആദ്ധ്യാത്മികത രൂപപ്പെടുത്താൽ സെമിനാറുകളും പഠനകോഴ്സുകളും സഹായിക്കുമോ?.....

. നമ്മുടെ ചില സന്യാസാശ്രമങ്ങളെങ്കിലും ഹൈന്ദവാശ്രമങ്ങളുടെ മാതൃക സ്വീകരിക്കുന്നതു് ആശാസ്യമാണോ?.....

6. അക്രൈസ്തവ സഹോദരങ്ങളും ക്രിസ്തീയമൂല്യങ്ങളും ജീവിതത്തിൽ പകർത്തിക്കാണുമ്പോഴും നിങ്ങളുടെ മനോവികാരം എന്താണു്?.....യാതൊരു ഭ്രൂണബാദ്ധ്യതയും കാണിക്കാൻ അവർ തയ്യാറില്ലെങ്കിൽ പ്രത്യേകിച്ചും?

VI ആദ്ധ്യാത്മിക പരിശീലനം

അല്മായൻ

1. വിശ്വാസികളാകാൻ കടപ്പെട്ടവരാണോ അല്മായരും?.....

2. ലൗകിക ചുമതലകളിലേർപ്പെട്ടുകൊണ്ടു് യഥാർത്ഥമായ ക്രിസ്തീയ ജീവിതം സാദ്ധ്യമാണോ?

8. പ്രേഷിതരാകാൻ വിളിക്കപ്പെട്ടവരാണോ അല്മായരും?.....എങ്ങനെ?.....

3. ദൈവവിളികളും വളർത്തുന്നതിന്റെ പ്രധാനമായ ഉത്തരവാദിത്വം കുടുംബങ്ങൾക്കാണെന്ന ബോദ്ധ്യം നിങ്ങൾക്കുണ്ടോ?.....വൈദികജീവിതം അഥവാ സന്യാസജീവിതം അവലംബിക്കുന്ന കാര്യത്തിൽ മാതാപിതാക്കളും മക്കളെ നിർബന്ധിക്കുന്നതായി നിങ്ങൾക്കു തോന്നിയിട്ടുണ്ടോ?.....സന്താനങ്ങളും ഇക്കാര്യത്തിൽ സ്വതന്ത്രരായിരിക്കണമെന്നാണോ നിങ്ങളുടെ അഭിപ്രായം?.....

സന്യാസികൾ

1. മാതൃകാപരമായ ജീവിതവിശുദ്ധി കേരളത്തിലെ സന്യാസികളുംക്കുണ്ടോ നിങ്ങളുടെ അഭിപ്രായത്തിൽ?.....

2. മറ്റുള്ളവരുടെ സേവനത്തിനായുള്ള ആത്മാർപ്പണത്തിലൂടെ ക്രിസ്തുവിനോടുള്ള തങ്ങളുടെ ആത്മസമർപ്പണം ജീവിക്കുന്നവരാണോ നമ്മുടെ സന്യാസിനീസന്യാസികളും?..... എന്താണു് നിങ്ങൾ അവരിൽനിന്നു് കൂടുതലായി പ്രതീക്ഷിക്കുന്നതു്? സേവനമനോഭാവം.....മര്യാദയുള്ള പെരുമാറ്റം.....പാവങ്ങളോടുള്ള സ്നേഹം.....വേറെന്തെങ്കിലും?.....

3. കേരളത്തിലെ സന്യാസിനീസന്യാസികളും ക്രിസ്തുവിന്റെ ദാരിദ്ര്യത്തിനു സാക്ഷ്യം വഹിക്കുന്നുണ്ടോ നിങ്ങളുടെ നോട്ടത്തിൽ?..... വ്യക്തിപരമായി.....സാമൂഹികമായി.....പ്രതിവിധി.....

4 തങ്ങളുംപ്പെടുന്ന സന്യാസസമൂഹത്തോടല്ല, ദൈവത്തോടും സഭയോടുമാണു് തങ്ങളുടെ പ്രാഥമികമായ ഉത്തരവാദിത്വമെന്ന ബോദ്ധ്യം നമ്മുടെ സന്യാസികൾക്കുണ്ടോ?.....

5. സന്യാസികളും അല്മായരും സഭയെയും സമൂഹത്തെയും സേവിക്കുന്നതിൽ ഒരുമിച്ചു പ്രവർത്തിക്കേണ്ടവരാണെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ?

വൈദികർ

1. വൈദികക്കൊത്ത ജീവിത വിശുദ്ധിയുള്ളവരാണോ നമ്മുടെ വൈദികരിൽ അധികം പേരും? ..... എന്താണവരുടെ പോരായ്മകൾ? ഭക്തി..... പരസ്നേഹം..... അർപ്പണബോധം.....വേറെന്തെങ്കിലും.....

2. ദൈവജനത്തിന്റെ സേവകരെന്ന നിലയിലാണോ നമ്മുടെ വൈദികർ വർത്തിക്കുന്നതു്?.....വൈദികരുടെ നിലപാടിലും പെരുമാറ്റത്തിലും എന്തു പരിവർത്തനമാണു് നിങ്ങൾ ആഗ്രഹിക്കുന്നതു്?.....

3. നമ്മുടെ വൈദികർ പൊതുവെ ധനേച്ഛുക്കളാണെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ?.....
ഉണ്ടെങ്കിൽ എന്താവാം അതിനു കാരണം? ഭാവിയെക്കുറിച്ചുള്ള ആകുലത.....വാർദ്ധക്യത്തിനും രോഗത്തിനുമുള്ള മുൻകരുതലുകൾ..... സുഖജീവിതതൃഷ്ണ.....

ഭാവി സുരക്ഷിതമാക്കിയാൽ പ്രശ്നം പരിഹരിക്കപ്പെടുമെന്നു തോന്നുന്നുണ്ടോ?

NB.1. പൂരിപ്പിച്ചു്, **Secretary, Regional Seminar, POC, Alwaye-3** എന്ന വിലാസത്തിലയയ്ക്കുക.

2. കൂടുതൽകോപ്പികൾക്കു്, ഇതേ മേൽവിലാസത്തിൽ ആവശ്യപ്പെടുക.

3. പുനഃപ്രസിദ്ധീകരണത്തിനു പ്രത്യേകാനുവാദം ആവശ്യമില്ല.

Printed at Viani Printings Ernakulam, Cochin - 18

Q2

ഇന്നത്തെ ഇൻഡ്യയിലെ സഭ

കേരളറീജിയനൽ സെമിനാർ

പ്രശ്നാവലി 2

ആരാധനക്രമം, മതബോധനം അജപാലന പ്രശ്നങ്ങൾ

ആരാധനക്രമം

1. ആരാധനക്രമത്തിന്റെ, പ്രത്യേകിച്ചു കുർബാനയുടേയും കൂദാശകളുടേയും, യഥാർത്ഥ ലക്ഷ്യങ്ങളെപ്പറ്റി നാം എത്രമാത്രം ബോധവാന്മാരാണു്?.....വൈദികർക്കും അല്മായർക്കും വിവിധ ആരാധനാനുഷ്ഠാനങ്ങളിൽ തങ്ങൾക്കുള്ള പങ്കു വ്യക്തമായറിയാമോ, അവർ അതനുസരിച്ചു പ്രവർത്തിക്കുന്നുണ്ടോ?..... ആരാധനക്രമത്തെപ്പറ്റി പരിജ്ഞാനവും ആരാധനയിൽ സജീവമായ ഭാഗഭാഗിത്വവും കൈവരുത്തുന്നതെങ്ങനെ? .....

.....

2. നമ്മുടെ ആരാധനക്രമത്തിൽ നമ്മുടെ സംസ്കാരത്തിനനുരൂപമല്ലാത്ത ഘടകങ്ങളുണ്ടോ?..... ഏവ?.....

ആരാധനക്രമത്തെ നമ്മുടെ സംസ്കാരവുമായി അനുരൂപപ്പെടുത്തുന്നതിനു എന്തെങ്കിലും നിർദ്ദേശങ്ങൾ നല്കാനുണ്ടോ?.....

.....

3. ആരാധനക്രമത്തെ സംബന്ധിച്ചിടത്തോളം കേരളത്തിൽ ഇന്നു നിലവിലുള്ളവ്യത്യാസങ്ങൾ തുടരണമോ?..... വ്യത്യസ്തങ്ങളായ ആരാധനക്രമങ്ങൾ എല്ലാവരും മാറി മാറി ഉപയോഗിക്കത്തക്കവിധം പൊതുവാക്കുന്നതു് ആശാസ്യമാണോ?.....

ഇന്ത്യയുടെ മുഴുവൻ പൊതുവായ ഒരു് ആരാധനക്രമമുണ്ടാകുന്നതു് അഭികാമ്യമാണോ?..... ഇതു പ്രായോഗികമാണെന്നു തോന്നുന്നുണ്ടോ?.....

മതബോധനം

4. ഞായറാഴ്ച വേദോപദേശവും കത്തോലിക്കാ വിദ്യാലയങ്ങളിലെ മതപഠനവും എങ്ങനെ മെച്ചമാക്കാം?.....
നിങ്ങളുടെ നിർദ്ദേശങ്ങൾ.....

1.

2.

3.

4.

5. മതാദ്ധ്യാപകരെ എങ്ങനെ പരിശീലിപ്പിച്ചെടുക്കാം? എങ്ങനെ വചനത്തിന്റെ തീക്ഷ്ണതയുറ്റ ശുശ്രൂഷികളാക്കാം?

.....

6. ആരാധനക്രമത്തിൽ സുവിശേഷ പ്രസംഗത്തിനുള്ള സ്ഥാനത്തെപ്പറ്റി നാം ബോധവാന്മാരാണോ?.....
എങ്ങനെ നമ്മുടെ പള്ളി പ്രസംഗങ്ങളെ കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കാം.....
എങ്ങനെ ഇക്കാര്യത്തിൽ വൈദികരെ നമുക്കു സഹായിക്കാം?

.....

.....

അജപാലനപരമായ ഘടനകൾ

7. ഇടവകയിലും രൂപതയിലും സഭാമുഴുവനിലും എങ്ങനെ ക്രിസ്തീയമായ കുടുംബ ചൈതന്യം ഉളവാക്കാം?.....

.....

തമ്മിൽത്തമ്മിലും ഇടവക വികാരിയുമായും എങ്ങനെ ഇടവക്കാർക്ക് അടുത്ത ബന്ധം പുലർത്താനാവും?.....

.....

ഇടവകയെ കേന്ദ്രമാക്കുന്ന പ്രവർത്തന പരിപാടികൾ എങ്ങനെ പ്രോത്സാഹിപ്പിക്കാം?.....

8. വിവിധ റീത്തുകളിൽപെട്ട ക്രൈസ്തവരുടെ ഇടയിൽ.... എങ്ങനെ കൂടുതൽ ഐക്യവും ധാരണയും വളർത്താം?..... പല റീത്തുകാർക്കുമായി ഒരു പള്ളി ഒരു സ്ഥലത്തു്..... ഇഷ്ടമുള്ള റീത്തും ഇടവകയും തെരഞ്ഞെടുക്കുന്നതിനു സ്വാതന്ത്ര്യം നല്കുക?.....വേറേതെങ്കിലും.... ....

.....

9. ഇടവകകളെ അസിസ്റ്റൻറ് വികാരിമാരുടെ മേൽനോട്ടത്തിൽ വിവിധ ഭാഗങ്ങളായും ശുപതകളെ ഇടവകകളായും വിവിധ പ്രദേശങ്ങളെ ശുപതകളായും ഭൂവിഭാഗ പരിഗണനമാത്രം വച്ചു വിഭജിക്കുന്നതു (territorial division) പ്രായോഗികമാണോ കേരളത്തിൽ?.....

അല്മായ–വൈദികബന്ധം

10. ആരാധനേതര കാര്യങ്ങളിൽ വൈദികർക്കു വഹിക്കാനുള്ള പങ്കെന്താണു്?..... .... സക്കാർ ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും സേവനത്തിൽനിന്നു് എങ്ങനെയാണു് അവരുടെ സേവനം വിഭിന്നമായിരിക്കുന്നതു്?..... .... വൈദികർ ഇന്നത്തെ പരിതസ്ഥിതികളിൽ വിട്ടുമാറേണ്ട പ്രവർത്തനമണ്ഡലങ്ങളോ പ്രവർത്തന രീതികളോ ഉണ്ടോ?..... ഏവ?.....സഭയുടെ വിശ്വാസീകരണ സ്വാധീനം വ്യാപകമാകുന്നതിനു വൈദികർ പുതുതായി പ്രവേശിക്കേണ്ട പ്രവർത്തനരംഗങ്ങളുണ്ടോ?..... ഏവ?..... ....

11. അല്മായ–വൈദിക ബന്ധങ്ങളെ സംബന്ധിച്ചിടത്തോളം എന്തു മാറ്റങ്ങളാണു് ഇന്നു് അഭിലഷണീയമായിരിക്കുന്നതു്?..... ....

പാരീഷ് കൗൺസിൽ, ശുപതാ പാസ്റ്ററൽ കൗൺസിൽ ഇവ ആശാസ്യമാണോ?..... ....

12. സഭയുടെ ക്ഷേമത്തിനു വേണ്ടി സ്വന്തം സമയവും കഴിവുകളും വിനിയോഗിക്കാൻ സന്നദ്ധരായ അല്മായരു

ണ്ടോ?.....
ദൗത്യ നിവ്വഹണത്തിനു് അവരെ എങ്ങനെ പരിശീലിപ്പി
ച്ചെടുക്കണം.....
ഔദ്യോഗികമായ ഒരു ദൗത്യദാനം(Canonical mission) അ
വക്കു് ആവശ്യമാണോ?.....
പൗരോഹിത്യത്തിന്റെ പങ്കു ചേരലായി പരിഗണിക്കാമോ
ഈ ദൗത്യ ദാനത്തെ?.....

NB.1. പൂരിപ്പിച്ചു്, **Secretary, Regional Seminar, POC, Alwaye-3** എന്ന വിലാസത്തിലയയ്ക്കുക.

2. കൂടുതൽകോപ്പികൾക്കു്, ഇതേ മേൽവിലാസത്തിൽ അ വശ്യപ്പെടുക.

3. പുനഃപ്രസിദ്ധീകരണത്തിനു പ്രത്യേകാനുവാദം ആവശ്യ മില്ല.

Printed at Viani Printings, Ernakulam, Cochin-18

Q 3

ഇന്നത്തെ ഇൻഡ്യയിലേ സഭ

കേരള റീജിയനൽ സെമിനാർ

പ്രശ്നാവലി 3

പ്രേഷിതപ്രവർത്തനം

പ്രേഷിതപ്രവർത്തനമെന്നു വെച്ചാൽ ''ക്രിസ്തു അറിയപ്പെടാനും സ്നേഹിക്കപ്പെടാനും'' വേണ്ടി പ്രവർത്തിക്കുകയാണെന്നു നിങ്ങൾക്കറിയാമോ?.....

I വ്യക്തിപരമായ തലത്തിൽ

എ മാമ്മോദീസായും സ്ഥൈര്യലേപനവും വഴി ക്രിസ്തുവിന്റെ പ്രവർത്തനം തുടരാനുള്ള കടമ നമുക്കോരോരുത്തർക്കും കൈവന്നിട്ടുണ്ടെന്നതിനെപ്പറ്റി നിങ്ങൾ ബോധവാനാണോ?..... ..... (സഭ, 35)

ബി ഒരു വ്യക്തിയെന്ന നിലയ്ക്കു ക്രിസ്തുവിന്റെ സജീവസാന്നിദ്ധ്യം വ്യക്തമാക്കാൻ നിങ്ങൾക്കു മാത്രം കഴിയുന്ന ചില സാഹചര്യങ്ങളുണ്ടെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? .....ഏതെല്ലാം?.....
.....

സി കത്തോലിക്കാസഭയെ പിൻചെല്ലണമെന്നില്ല, നല്ലൊരു ജീവിതം നയിച്ചാൽ മാത്രം മതി എന്നു നിങ്ങൾക്കഭിപ്രായമുണ്ടോ? .....

II കുടുംബതലത്തിൽ

നമ്മുടെ കുടുംബങ്ങൾ അടുത്തുള്ള അക്രൈസ്തവകുടുംബങ്ങൾക്കു നല്ല മാതൃക നൽകുന്നുണ്ടോ? .....

III ഇടവകാടിസ്ഥാനത്തിൽ

ക്രിസ്തു അറിയപ്പെടാനും സ്നേഹിക്കപ്പെടാനും പര്യാപ്തമായ വിധത്തിലാണോ നിങ്ങളുടെ ഇടവകയിലെ ജീവിതവും പ്രവർത്തനങ്ങളും ക്രമീകരിച്ചിരിക്കുന്നതു്?.....

IV ശ്രുപതാടിസ്ഥാനത്തിൽ

പ്രേഷിതപ്രവത്തനത്തിനായി ശ്രുപതാതലത്തിൽ പ്രവത്തിക്കുന്ന സംഘടനകളം നിങ്ങളംക്കുണ്ടോ?.....ഏവ?

പ്രേഷിതപ്രവത്തനത്തിന്റെറ കാര്യത്തിൽ കത്തോലിക്കസ്ഥാപനങ്ങളം അർഹമായ പങ്കു വഹിക്കുന്നുണ്ടോ?

1 സന്യാസഭവനങ്ങളം.....
2 വിദ്യാഭ്യാസസ്ഥാപനങ്ങളം.....
3 ആശുപത്രികളം.....
4 അനാഥാലയങ്ങളം.....
5 പ്രസ്സും പ്രസിദ്ധീകരണങ്ങളും.....

V ദേശീയാടിസ്ഥാനത്തിൽ

എ കേരളത്തിലെതന്നെ പ്രേഷിതപ്രവത്തനത്തിന്റെറ കാര്യത്തിൽ കേരളസഭ വേണ്ടതു ചെയ്യുന്നുണ്ടോ?.....

ബി കേരളത്തിൽ നിന്നും ലഭിക്കാവുന്ന മിഷ്യൻ ദൈവവിളികളും മറു സഹായങ്ങളും കേരളത്തിനു പുറത്തേക്കു ശരിക്കും എത്തുന്നുണ്ടോ?..... അവ പ്രയോജനപ്പെടുത്തുന്നുണ്ടോ?
.....
പ്രതിബന്ധങ്ങളുണ്ടോ.....
ഏവ?.....

സി പുതുക്രിസ്ത്യാനികളംക്കു്, പ്രത്യേകിച്ചു ഹരിജൻ ക്രിസ്ത്യാനികളംക്കു് വിദ്യാഭ്യാസപരവും സാമൂഹ്യവും സാമ്പത്തികവുമായ തലത്തിൽ വിഷമതകളനുഭവപ്പെടുന്നുണ്ടോ?.....

ഡി പരിഹാരമാർഗ്ഗങ്ങളം.....

N. B. 1 കൂടുതൽ കോപ്പികളംക്കു്
Secretary, Regional Seminar
P O C, Alwaye–3
എന്ന വിലാസത്തിലെഴുതുക.

2 ഉത്തരങ്ങളം ഇതേമേൽവിലാസത്തിലയയ്ക്കുക.

3 പുന: പ്രസിദ്ധീകരണത്തിനു പ്രത്യേകാനുവാദം ആവശ്യമില്ല.

Q5

ഇന്നത്തെ ഇന്ത്യയിലെ സഭ

കേരളറീജിയനൽ സെമിനാർ

പ്രശ്നാവലി 5

ഭാരതീയസംസ്കാരം: പ്രാചീനവും ആധുനികവും

1. ഭാരതീയചിന്തയിലെ ഉത്തമാശയങ്ങളെ സ്വീകരിക്കുന്നതിനെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്ത്? വ്യക്തമായ നിർദ്ദേശങ്ങളും വല്ലതും നല്കാമോ?

2. മലയാളഭാഷയുടേയും സാഹിത്യത്തിന്റേയും വികസനത്തിൽ ക്രൈസ്തവർക്ക് എന്തു പങ്കുവഹിക്കുവാൻ കഴിയും?

3. കേരളത്തിലേ അക്രൈസ്തവസാമൂഹികാചാരങ്ങളും സ്വീകരിക്കുന്നതിൽ തെറ്റുണ്ടോ?

   സ്വീകാര്യമായവ ചൂണ്ടിക്കാട്ടാമോ?

4. ചിത്രകലയിലും ശില്പസംവിധാനത്തിലും മറ്റും ക്രിസ്ത്യാനികളും സ്വീകരിച്ചുകാണുന്ന ഇന്ത്യൻരീതികളും പരിചയമുണ്ടോ? ആ രീതി സ്വീകരിക്കണമോ?

5. സ്കൂളുകളിലും കോളേജുകളിലും ലഭിക്കുന്ന വിദ്യാഭ്യാസം നമ്മുടെ യുവജനങ്ങളുടെ മതവിശ്വാസത്തെ എങ്ങിനെ ബാധിക്കുന്നു?

മതവിശ്വാസം കുറയുന്നുണ്ടോ?
ഉണ്ടെങ്കിൽ കാരണമെന്തു്?

ധാർമ്മികനിലവാരം താഴ്ന്നുണ്ടോ?
ഉണ്ടെങ്കിൽ കാരണമെന്തു്?

6. നമ്മുടെ ആളുകളുടെയിടയിൽ മതനിഷ്പക്ഷതയുണ്ടോ?
ഉണ്ടെങ്കിൽ കാരണമെന്തു്?

NB. 1. പൂരിപ്പിച്ചു്, Secretary, Regional Seminar, POC, Alwaye-3 എന്ന വിലാസത്തിലയയ്ക്കുക.

2. ക്ലൃത്തൽകൊപ്പിക്കുക, ഇതേ മേൽവിലാസത്തിൽ ആവശ്യപ്പെടുക.

3. പുനഃപ്രസിദ്ധീകരണത്തിനു പ്രത്യേകാനുവാദം ആവശ്യമില്ല.

Q6

ഇന്നത്തെ ഇന്ത്യയിലെ സഭ

കേരള റീജിയനൽ സെമിനാർ

പ്രശ്നാവലി 6.

വിദ്യാഭ്യാസപ്രവർത്തനങ്ങൾ

1. കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുണ്ടായിരുന്ന പ്രധാനപ്പെട്ട സവിശേഷതകളേവ?

   1.

   2.

   3.

2. ഇന്നു് കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കണ്ടുവരുന്ന പ്രധാന ന്യൂനതകളേതൊക്കെയാണു്?

   1.

   2.

   3.

3. പ്രബുദ്ധമായ ദേശസ്നേഹവും ദേശീയബോധവും വിദ്യാർത്ഥികളിൽ വളർത്താൻ നമ്മുടെ സ്കൂളുകൾക്കും കോളെജുകൾക്കും എന്തൊക്കെ ചെയ്യാൻ കഴിയും?.....

.....

.....

.....

4. നമ്മുടെ സ്കൂളുകളിലും കോളെജുകളിലും വിദ്യാർത്ഥികളെ സ്വീകരിക്കുന്നതിൽ എന്തൊക്കെയാണു് പ്രധാന മാനദണ്ഡങ്ങളായെടുക്കേണ്ടതു്? പ്രസക്തമല്ലാത്തതു വെട്ടി പ്രാധാന്യമനുസരിച്ചു് 1, 2, 3 എന്ന അക്കമിടുക.

   ബുദ്ധിപരമായ കഴിവു് .....

   സാമൂഹികമായ നിലയും വിലയും .....

കത്തോലിക്കനാണെന്ന വസ്തുത .....

വേറേതെങ്കിലും.....

5. വിദ്യാർത്ഥികളുടെ സ്വീകരണം പ്രിൻസിപ്പലിന്റെ അഥവാ ഹെഡ്മാസ്റ്ററുടെ മാത്രം ഉത്തരവാദിത്വത്തിലായിരിക്കണമെന്നുണ്ടോ?.....

ഇല്ലെങ്കിൽ ആക്കൊക്കെ ഇതിൽ ഭാഗഭാഗിത്വം നല്ലാം ?
.....

6. നമ്മുടെ വിദ്യാസ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് മനഃശാസ്ത്രപരമായ മാർഗ്ഗദർശനവും ഉപദേശവും നല്കേണ്ടതാണെന്നു് നിങ്ങൾക്കു് അഭിപ്രായമുണ്ടോ, പ്രത്യേകിച്ചു ലൈംഗിക കാര്യങ്ങളിലും ഉന്നതവിദ്യാഭ്യാസം, തൊഴിൽ, ജീവിതവൃത്തി മുതലായവയുടെ തിരഞ്ഞെടുപ്പിലും?.....

7. നമ്മുടെ കോളെജുകളിലെ അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം ഭദ്രമായ സേവനവ്യവസ്ഥകളും സാഹചര്യങ്ങളുമാണോ ഇന്നു നിലവിലുള്ളതു് ? .....

എന്താണു് അവരുടെ പ്രധാന പരാധീനതകൾ?.....
.....
.....
.....

8. നമ്മുടെ അദ്ധ്യായരായ അദ്ധ്യാപകർക്കു് വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നയരൂപീകരണത്തിലും നടത്തിപ്പിലും കൂടുതൽ ഭാഗഭാഗിത്വവും ഉത്തരവാദിത്വങ്ങളും നല്കേണ്ടതുണ്ടോ ?
.....

എങ്ങനെ?.....
.....
.....

9. വലിയൊരു സംഖ്യവരുന്ന നമ്മുടെ അദ്ധ്യായാദ്ധ്യാപകരുടെ ന്യായമായ അവകാശങ്ങൾ ലംഘിക്കപ്പെടാതിരിക്കുന്നതിനും അവർക്കു നീതി നിഷേധിക്കപ്പെടാതിരിക്കുന്നതിനും ഒരു ''വിചാരണ സമിതി'' (Arbitration Board) ഉണ്ടായേതീരൂ എന്ന അഭിപ്രായത്തെപ്പറ്റി നിങ്ങൾ എന്തു പറയുന്നു ?
.....

10. നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്ന വിദ്യാർത്ഥിക്രമപ്പണങ്ങളുടെ അടിസ്ഥാനകാരണങ്ങളെന്താണു് ?.....
.....
.....

എന്തൊക്കെയാണു് പ്രതിവിധികൾ ?.....
.....
.....
.....

11. കേരള വിദ്യാർത്ഥികൾ ഇന്നു് ആദ്ധ്യാത്മികമായി ഒരു പ്രതിസന്ധിഘട്ടത്തെ അഭിമുഖീകരിക്കയാണെന്നു് നിങ്ങൾക്കഭിപ്രായമുണ്ടോ ? .....

ഉണ്ടെങ്കിൽ, എന്താണു് അതിന്റെ കാരണങ്ങൾ ?.....
.....

എന്തൊക്കെയാണ പ്രതിവിധികൾ ?.....
.....
.....

12. ക്രിസ്തീയമായ സ്നേഹത്തിനും ഐക്യത്തിനും ഭംഗംവരുത്തുമാറുള്ള വിദ്യാഭ്യാസരംഗത്തെ മത്സരങ്ങൾ ഒഴിവാക്കുന്നതിനും ശിഥിലമായിപ്പോകുന്ന നമ്മുടെ വിഭവങ്ങളെ ഒരുമിച്ചു കൂട്ടി കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു കൂടുതൽ ഫലപ്രദമാക്കുന്നതിനും തക്കങ്ങളുണ്ടായാൽ സമാധാനമുണ്ടാക്കുന്നതിനുമായി വൈദിക മേലദ്ധ്യക്ഷന്മാരുടെ കീഴിൽ ഒരു ''ആസൂത്രണസംഘം'' (Planning Commission) ഉണ്ടാകണമെന്നു് നിങ്ങൾക്കഭിപ്രായമുണ്ടോ?.....

എങ്ങനെയാണിതു രൂപീകരിക്കുക ?.....
.....

13. പ്രസക്തമല്ലെന്നു തോന്നുന്നതു വെട്ടി ഓരോന്നിനും പ്രാധാന്യമനുസരിച്ചു് 1, 2, 3 എന്നു് അക്കമിടുക. അക്രൈസ്തവ വിദ്യാർത്ഥികളുമായുള്ള പെരുമാറ്റത്തിൽ നാം ഉന്നംവെക്കേണ്ടതു്

a) അവരുടെ മാനസ്സാന്തരമാണു് .....

b) അവരെ നല്ല മനുഷ്യരും ഉത്തമപൗരന്മാരുമായി രൂപീകരിച്ചെടുക്കുകയാണു്.

c) ഈശ്വരനെ സ്നേഹിക്കാൻ അഭ്യസിപ്പിക്കുകയാണു്.

14. തെറെന്ന തോന്നുന്നതു വെട്ടി ഓരോന്നിനും പ്രാധാന്യ മനുസരിച്ചു് 1, 2, 3 എന്നു് അക്കമിടുക.

കത്തോലിക്കാ വിദ്യാഭ്യാസസ്ഥാപനങ്ങൾ

a) അകത്തോലിക്കാ വിദ്യാർത്ഥികൾക്കു് തങ്ങളുടേതായ ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും സ്വാതന്ത്ര്യവും സാഹചര്യവും നല്കണം .....

b) ബൈബിൾ, ഭഗവത്ഗീത, കൊറാൻ മുതലായ മതഗ്രന്ഥങ്ങൾ വായിക്കാൻ അവരെ പ്രോത്സാഹിപ്പിക്കണം.....

c) കത്തോലിക്കർക്കും അകത്തോലിക്കർക്കും എല്ലാക്കാര്യങ്ങളിലും തുല്യാവസരങ്ങൾ നല്കണം.....

d) പൊതുവായ ആരാധന വളർത്തണം.....

N. B.

1. പൂരിപ്പിച്ചു് Secretary, Regional Seminar POC, Alwaye-3 എന്ന വിലാസത്തിലയക്കുക.
2. കൂടുതൽ കോപ്പികൾക്കു ഇതേ വിലാസത്തിൽ ആവശ്യപ്പെടുക.
3. പുനഃപ്രസിദ്ധീകരണത്തിനു പ്രത്യേകാനുവാദം ആവശ്യമില്ല.

I. S. Press, Ernakulam, Cochin-18.

Q7

ഇന്നത്തെ ഇന്ത്യയിലെ സഭ

കേരള റീജിയനൽ സെമിനാർ

പ്രശ്നാവലി 7

സാമൂഹ്യസാമ്പത്തിക പ്രവർത്തനങ്ങൾ

I കൃഷിയും ഭക്ഷ്യോല്പാദനവും

1. കേരളസഭ ഈ രംഗത്തു് കാര്യമായെന്തെങ്കിലും ചെയ്തിട്ടുണ്ടോ? .....

ഇല്ലെങ്കിൽ എന്തുകൊണ്ടു്? .....

2. ഈ രംഗത്തു് സഭയുടേതായി അഖിലകേരള വ്യാപകമായ ഒരു പരിപാടിക്കു സാദ്ധ്യതയുണ്ടോ? .....

3. താഴെ പറയുന്ന സമൂഹങ്ങൾക്കു് / സ്ഥാപനങ്ങൾക്കു് / വ്യക്തികൾക്കു് / ഇക്കാര്യത്തിൽ എന്തു ധർമ്മമാണുള്ളതു്?

a) ഇടവകകൾ.....

b) രൂപതകൾ .....

c) കത്തോലിക്കാ സംഘടനകൾ.....

d) സ്ഥാപനങ്ങൾ.....

e) സന്യാസസഭകൾ.....

f) മെത്രാന്മാർ.....

4. സഭ ഈ രംഗത്തു് അനുവർത്തിക്കാവുന്ന ഏറ്റവും നല്ല നയമേതാണു്? പ്രാധാന്യമനുസരിച്ചു് ഓരോന്നിനും 1, 2, 3 എന്നിങ്ങനെ നമ്പറിടുക.

a) ആവശ്യമുള്ളവർക്കു് ഭക്ഷ്യസാധനങ്ങൾ സംഭാവന ചെയ്യുക.....

b) കൂടുതൽ ആഹാരം ഉല്പാദിപ്പിക്കാനും ഭക്ഷ്യസാധനങ്ങളും എല്ലാവർക്കും ലഭ്യമാകത്തക്കവിധം വിതരണം ചെയ്യാനും ജനങ്ങളെ സഹായിക്കുക.....

c) വേറേതെങ്കിലും .....
.....

II ജനപ്പെരുപ്പവും തൊഴിലില്ലായ്മയും

1. ജനപ്പെരുപ്പം കേരളത്തെ നേരിടുന്ന ഗുരുതരമായൊരു പ്രശ്നമാണോ?.....

ആണെങ്കിൽ ഈ രംഗത്തു് സഭ എന്തെങ്കിലും പ്രവർത്തന പരിപാടി ആവിഷ്ക്കരിക്കേണ്ടതുണ്ടോ ? .....

2. ജനപ്പെരുപ്പവും തൊഴിലില്ലായ്മയും തമ്മിലും, ജനപ്പെരുപ്പവും ഭക്ഷ്യ ദൗർലഭ്യവും തമ്മിലും എന്തെങ്കിലും ബന്ധമുണ്ടോ? .....

എന്തു്? .....
.....

3. നമ്മുടെ ആശുപത്രികളിൽ കുടുംബക്ഷേമ ക്ലിനിക്കുകൾ നടത്താനാവുമോ, സന്താനനിയന്ത്രണാർത്ഥം സുരക്ഷിതകാലം അഥവാ റിതം മെത്തേഡ് പ്രചരിപ്പിക്കുവാനും മറ്റുമായി ?
.....

4. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് എന്തു പ്രായോഗിക നടപടികൾ സഭയുടെ ഭാഗത്തുനിന്നും എടുക്കാനാവും? പ്രസക്തമല്ലെങ്കിൽ വെട്ടിക്കളയുക. പ്രാധാന്യമനുസരിച്ചു് 1, 2, 3 എന്നിങ്ങനെ നമ്പറിടുക.

a) സ്വയം തൊഴിൽ തേടാൻ അഭ്യസ്തവിദ്യരെ പ്രോത്സാഹിപ്പിക്കുക.....

b) കൂടുതൽ തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കുക.....
.....

c) വേറേതെങ്കിലും .....

5. സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിൽ തൊഴിലില്ലായ്മ വരുത്തിവയ്ക്കുന്ന ഭവിഷ്യത്തുകളേവ ? .....
.....

III വ്യവസായവൽക്കരണം

1. നാടിന്റെ വ്യവസായവൽക്കരണത്തെ വളർത്താൻ സഭയ്ക്ക് എന്തെങ്കിലും ചെയ്യാനാവുമോ?.....

എങ്ങനെ? പ്രസക്തമല്ലാത്തതു വെട്ടി, പ്രാധാന്യമനുസരിച്ച് 1, 2, 3 എന്ന് അക്കമിടുക.

a) സഭയുടെ നേതൃത്വത്തിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുക.....

b) ചെറുവ്യവസായങ്ങൾക്കാവശ്യമായ പുതിയ ആശയങ്ങളും അറിവും നൽകുക. .....

c) സഹായമർഹിക്കുന്ന പദ്ധതികൾക്കു, ചെറുകിടവ്യവസായങ്ങൾക്കു് ധനസഹായം ചെയ്യുക.....

d) ചുറുചുറുക്കും മുൻകൈയെടുപ്പുമുള്ള യുവതലമുറയ്ക്ക് ഇതിനാവശ്യമായ വിവരങ്ങൾ നൽകുക.....
.....

e) ആവശ്യമനുസരിച്ച് കഴിവുള്ള സാങ്കേതിക സഹായം ലഭ്യമാക്കിക്കൊടുക്കുക.....

2. ''കൂടുതൽ ആഹാരം, കൂടുതൽ തൊഴിൽ കുറഞ്ഞ ജനസംഖ്യ'' — കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക സമുദ്ധാരണത്തിനു പര്യാപ്തമായ പരിപാടി ഇതാണോ?.....

ആണെങ്കിൽ എങ്ങനെ?.....

അല്ലെങ്കിൽ എന്തുകൊണ്ട്?.....

IV ആസൂത്രണവും പരിശോധനകളും

1. സാമൂഹ്യ സാമ്പത്തിക രംഗത്തു് കേരളസഭയെ ഉദ്യുക്തമാക്കുന്നതിനാവശ്യമായ കർമ്മപരിപാടികൾ ആരാണ് ആവിഷ്കരിക്കുക?.....

ഒരു പ്രത്യേക ആസൂത്രണസംഘം (Planning Commission) ത്തിന്റെ ആവശ്യമുണ്ടോ?.....

2. ആരാണ് ഈ ആസൂത്രണസംഘത്തെ സംഘടിപ്പിക്കുക?
....

ഏതുതലത്തിൽ?.....

3. ഈ സമിതിയുടെ മേൽനോട്ടം ആക്കാവണം? പ്രസക്ത മല്ലാത്തതു വെട്ടിക്കളയുക.

a) വൈദികർക്കു്?.....

b) അല്മായർക്കു്?.....

c) ഇരുകൂട്ടർക്കും കൂടി?.....

4. സമിതിയും സഭാധികാരികളുമായുള്ള ബന്ധം എന്തായിരിക്കണം?.....

.....

5. കേരളസഭയുടെ സാമൂഹ്യ സാമ്പത്തിക പ്രവർത്തനങ്ങളെ സംബന്ധിച്ചു് സമിതിയുടെ നിഗമനങ്ങൾക്കും നിർദ്ദേശങ്ങൾക്കും എന്തു വിലയാണുണ്ടാകേണ്ടതു്? പ്രസക്തമല്ലാത്തതു വെട്ടിക്കളയുക.

ആജ്ഞാപകം.....

ഉപദേശമാത്രം.....

N. B. 1. കൂടുതൽ കോപ്പികൾക്കു്
Secretary, Regional Seminar
P.O.C., Alwaye-3
എന്ന വിലാസത്തിലെഴുതുക.

2. ഉത്തരങ്ങൾ ഇതേവിലാസത്തിലയക്കുക.

3. പുനഃപ്രകാശനത്തിനു് പ്രത്യേകാനുവാദം ആവശ്യമില്ല.

I. S, Press, Ernakulam, Cochin - 18.

Q 8

ഇന്നത്തെ ഇന്ത്യയിലെ സഭ

കേരളറീജിയനൽ സെമിനാർ

പ്രശ്നാവലി 8

രാഷ്ട്രീയജീവിതവും പൗരജീവിതവും

1 രാഷ്ട്രീയകടമകളേയും പൗരധർമ്മത്തേയും പറ്റി നമ്മുടെ ജനങ്ങളും തികച്ചും ബോധവാന്മാരാണോ?.....

രാഷ്ട്രീയ ജീവിതത്തിലും പൗരജീവിതത്തിലും അവർ സജീവമായി പങ്കെടുക്കുന്നുണ്ടോ?.....

2 നമ്മുടെ ഇടയിൽനിന്നുതന്നെ നല്ല രാഷ്ട്രീയ നേതാക്കളെ വാർത്തെടുക്കാൻ നാം പരിശ്രമിക്കുന്നുണ്ടോ?.....

ഇല്ലെങ്കിൽ കാരണമെന്ത്?.....

കത്തോലിക്കരിൽനിന്ന് ഉത്തമ നേതാക്കളെ ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങളേവ?.....

3 വോട്ടവകാശം നമ്മുടെ ജനങ്ങളും ശരിക്കു് ഉപയോഗിക്കുന്നുണ്ടോ? ഇല്ലെങ്കിൽ ആ സ്ഥിതി മെച്ചപ്പെടുത്താനുള്ള മാർഗ്ഗങ്ങളേവ?.....

4 ഇന്നത്തെ നേതാക്കളെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്ത്?.....

സ്വഭാവശുദ്ധിയും ആദർശനിഷ്ഠയും അവർക്കുണ്ടോ?.....

പൊതുജീവിതത്തിൽ ക്രിസ്തീയാദർശങ്ങളെ മുറുകെ പിടിക്കാൻ അവർ പരിശ്രമിക്കുന്നുണ്ടോ?.....

5 കത്തോലിക്കർക്കിടയിൽ ശരിയായ ഐക്യം ഇന്നുണ്ടോ?

അനൈക്യമുണ്ടെങ്കിൽ അതകറ്റാനുള്ള മാർഗ്ഗങ്ങളേവ?.....

6 തിരഞ്ഞെടുപ്പുകളിൽ കത്തോലിക്കരായ സ്ഥാനാർത്ഥികളും തമ്മിലുള്ള വടം വലി എങ്ങനെ അവസാനിപ്പിക്കാം?.....

കത്തോലിക്കരായ നല്ല നേതാക്കളെ വിവിധ രാഷ്ട്രീയ മണ്ഡലങ്ങളിലേക്കു തിരഞ്ഞെടുത്തു് അയയ്ക്കാനുള്ള മാർഗ്ഗമേതു്?.....

7 ദീത്തടിസ്ഥാനത്തിലും, രൂപതാടിസ്ഥാനത്തിലും, വിഭാഗീയാടിസ്ഥാനത്തിലുമുള്ള വേർതിരിവു കത്തോലിക്കരുടെ രാഷ്ട്രീയൈക്യത്തിനു് ഉടവു തട്ടിക്കുന്നുണ്ടെന്നു് നിങ്ങൾക്കഭിപ്രായമുണ്ടോ? .....

8 രാഷ്ട്രീയ ജീവിതത്തിലും പൗരജീവിതത്തിലും മറ്റു രാഷ്ട്രീയവിഭാഗങ്ങളുമായി കൂട്ടുതൽ സഹകരിച്ചുള്ള പ്രവർത്തനം എങ്ങനെ സാധിക്കാം?.....

9 അക്രൈസ്തവ സഹോദരങ്ങളെ അവരുടെ രാഷ്ട്രീയജീവിതത്തിലും പൗരജീവിതത്തിലും സഭയുടെ ആദർശങ്ങളാൽ ഉദ്ദീപിപ്പിക്കുന്നതിനും അതുവഴി ഗവമ്മെണ്ടിനെറതന്നെ നിലപാടുകൾ മാറ്റുന്നതിനും നിങ്ങൾ പരിശ്രമിക്കുന്നുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ടു്?.....

അക്രൈസ്തവരെ അവരുടെ പൊതു ജീവിതത്തിൽ ക്രിസ്തീയാദർശങ്ങൾകൊണ്ടു് നമുക്കെങ്ങനെ സ്വാധീനിക്കാം? ...

10 ഇന്ത്യയിലെ വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേരെ സഭയ്ക്കുണ്ടാകേണ്ട നിലപാടെന്തു്? .. ..

തെരഞ്ഞെടുപ്പിൽ സഭയ്ക്കെതിരല്ലാത്ത പാർട്ടികളുടെ നേരെ പാർട്ടിരഹിതമായൊരു നിലപാടു സ്വീകരിക്കയല്ലേ ഉചിതം?.....

അതല്ലെങ്കിൽ സഭ ഇക്കാര്യത്തിൽ കൂട്ടുതൽ ഭാവാത്മകമായൊരു നിലപാടു് സ്വീകരിക്കണമോ?.....

അങ്ങനെയെങ്കിൽ സഭ ദേശീയരാഷ്ട്രീയസംഘടനകളെ മാത്രം പ്രോത്സാഹിപ്പിച്ചാൽ മതിയോ?.....

11 കമ്മ്യൂണിസ്റ്റുകാരുമായി നമുക്കു സഹകരിക്കാമോ?.....

ആകാമെങ്കിൽ ഏതെല്ലാം കാര്യങ്ങളിൽ?.....
പാടില്ലെങ്കിൽ എന്തുകൊണ്ടു്?.....

12 മെത്രാന്മാരും, വൈദികരും, കന്യാസ്ത്രീകളും രാഷ്ട്രീയ സ്ഥാനങ്ങളും സ്വീകരിക്കുന്നതും അതിനുവേണ്ടി മത്സരിക്കുന്നതും നല്ലതാണോ?.....

13 വിവിധ രാഷ്ട്രീയ മണ്ഡലങ്ങളിലും തസ്തികകളിലും നമുക്ക് അർഹമായ പ്രാതിനിധ്യമുണ്ടോ?.....

ഇല്ലെങ്കിൽ അർഹമായ പ്രതിനിധ്യം എങ്ങനെ നേടാം?.....

14 രാഷ്ട്രീയ കാര്യങ്ങളിലും, കത്തോലിക്കരെ കാര്യമായി സ്പർശിക്കുന്ന മറ്റു പ്രശ്നങ്ങളിലും, ജനങ്ങൾക്കുചിതമായ ശിക്ഷണം നല്കാൻ നമ്മുടെ പത്ര മാസികകളും മറ്റു സംഘടനകളും പര്യാപ്തമാണോ?.....

അല്ലെങ്കിൽ അതിനെങ്ങനെ പരിഹാരം ചെയ്യാം?.....

15 അധ:കൃത വിഭാഗത്തിൽനിന്നും മാനസ്സാന്തരപ്പെട്ടവർക്ക് അതിനുമുമ്പേ നല്കപ്പെട്ടിരുന്ന ആനുകൂല്യങ്ങളും നിഷേധിക്കുന്നതു മതേതരത്വം പ്രഖ്യാപിക്കുന്ന ഭരണഘടനയ്ക്കെതിരല്ലേ? .....

ആണെങ്കിൽ അതിനെങ്ങനെ പരിഹാരം കാണും?.....

16 മിഷനറിമാരായതിന്റെ പേരിൽ ഒരു കൂട്ടം വിദേശിയർക്കു വീസാ നല്കാതിരിക്കുകയും, അതേ സമയം മിഷനറിമാരല്ലാത്ത വിദേശിയർക്കു വീസാ നല്കി അവരെ സ്വാഗതം ചെയ്യുകയും ചെയ്യുന്ന നയം ഭരണഘടന ഉറപ്പു നല്കുന്ന മനസ്സാക്ഷിയുടെ സ്വാതന്ത്ര്യത്തിനെതിരല്ലേ? .....

എങ്കിൽ ഈ നിലപാടിനെതിരായി ഏതേതു നടപടികളും കൈക്കൊള്ളണം?.....

17 സ്റ്റേറ്റ് നമ്മുടെ മൗലിക സ്വാതന്ത്ര്യത്തിനെതിരായി വർത്തിക്കുമ്പോഴും അവയെ സംരക്ഷിക്കാനും അത്തരം നീക്കങ്ങളുടെ ഗൗരവം ഗവണ്മെൻറിനെ മനസ്സിലാക്കാനും അഭിഭാഷക

രും കഴിവുള്ള മറ്റു മനുഷ്യരും ചേന്ന് ഒരു വിജിലൻസ് ക മ്മറ്റി രൂപപ്പെടുത്തുന്നതു അഭിലഷണീയമാണോ? .....

N. B

1. കൂടുതൽ കോപ്പികൾക്ക
Secretary, Regional Seminar
POC, Alwaye-3 എന്ന വിലാസത്തിലെഴുതുക.

2. ഉത്തരങ്ങൾ ഇതേ മേൽവിലാസത്തിലയ്ക്കുക.

3. പുന:പ്രസിദ്ധീകരണത്തിനു പ്രത്യേകാനുവാദം ആവശ്യ മില്ല.

Q 9

ഇന്നത്തെ ഇന്ത്യയിലെ സഭ

കേരളറീജിയനൽ സെമിനാർ

പ്രശ്നാവലി 9

സാമൂഹ്യ സമ്പർക്ക മാദ്ധ്യമങ്ങൾ

1, ഏതു മലയാള ദിനപത്രമാണു നിങ്ങൾ വായിക്കുന്നതു്? പ്രസക്തമല്ലാത്തതു വെട്ടിക്കളയുക.

മാതൃഭൂമി.....മലയാളമനോരമ.....

കേരള കൗമുദി.....ദീപിക.....

കേരളടൈംസ്.....വേറെതെങ്കിലും.....

2. എന്തുകൊണ്ടാണു നിങ്ങൾ ആ പത്രം ഇഷ്ടപ്പെടുന്നതു്?....

3. അകത്തോലിക്കപത്രമാണു നിങ്ങൾക്കിഷ്ടമെന്നിരിക്കട്ടെ. കാരണം പറയാമോ?.....

4. നിങ്ങൾ ഏതെങ്കിലും കത്തോലിക്കാ പത്രമോ മാസികയോ വായിക്കാറുണ്ടോ?.....

ഏതു്? / ഏവ?.....

5. കത്തോലിക്ക പത്രം/പത്രങ്ങൾ വായിക്കാൻ കാരണമെന്താണു്? പ്രസക്തമല്ലത്തതു വെട്ടിക്കളയുക.

അങ്ങനെ ശീലിച്ചുപോയി.....

മുഖപ്രസംഗങ്ങൾ.....

സഭയുടെ സാമൂഹ്യ പഠനങ്ങൾ.....

പത്രാധിപക്കുള്ള കത്തുകൾ.....

കത്തോലിക്കാ വാർത്തകൾ.....

സമകാലിക പ്രശ്നങ്ങളെ സംബന്ധിച്ച കത്തോലിക്കാ വീക്ഷണം.....

വനിതാപംക്തി .....ബാലരംഗം.....

ചരമവാർത്തകൾ.....തിരുനാളുകളും മറ്റു ആഘോഷ ദിനങ്ങളും.....വിനോദം.....

തുടർക്കഥ.....നോവൽ.....

സിനിമ.....സ്പോർട്സ് .....

6. ഗ്രാമത്തിൽ അഥവാ നിലവാരത്തിൽ കത്തോലിക്കാപത്രങ്ങളും അകത്തോലിക്കാപത്രങ്ങളുമായി എന്തെങ്കിലും വ്യത്യാസം കാണുന്നുണ്ടോ?.....

7. കത്തോലിക്കാ പത്രങ്ങളിൽ കണ്ടു വരാറുള്ള പോരായ്മകൾ ഏവയാണ്? ആവശ്യമില്ലാത്തതു വെട്ടിക്കളയുക. പ്രാധാന്യ ഭേദമനുസരിച്ചു 1, 2, 3 എന്നു നമ്പറിടുക.

a) വിരസം.....

b) സാധാരണ മനുഷ്യർക്കു താൽപര്യമുള്ള വാർത്തകളുടെ അഭാവം.....

c) സഭാവാർത്തകളുടെ ആധിക്യം.....

d) വാർത്തകളുടേയും ലേഖനങ്ങളുടേയും അനാകർഷകത്വം.....

8. കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ അഭിവൃദ്ധിക്ക് എന്തു മാർഗ്ഗങ്ങളാണു നിർദ്ദേശിക്കാനുള്ളതു?

a) പത്ര നടത്തിപ്പിൽ അൽമായരുടെ കൂടുതലായ ഭാഗഭാ

ഗിതവം..... ....

b) പത്രപ്രവത്തകരെ പരിശീലിപ്പിച്ചെടുക്കുക.....

c) കത്തോലിക്കാ പത്രങ്ങളം വിഭാഗീയവും സാമുദായിക വുമായ താൽപര്യങ്ങളം സംരക്ഷിക്കുക മാത്രമാവരുത്; 'സഭ ആധുനിക ലോകത്തിൽ' എന്ന കൗൺസിൽ രേഖ നിദ്ദേശിക്കുന്ന പ്രകാരം മനുഷ്യ സമുദായത്തിന്റെ മുഴവൻ ക്ഷേമത്തിലും വളർച്ചയിലും കത്തോലിക്കാ പത്രങ്ങളം ഉത്സുകരാവണം.....

9. കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ സംഖ്യാബാഹുല്യം നേട്ടമോ കോട്ടമോ?.....അനാശാസ്യമെങ്കിൽ എന്താണ പ്രതിവിധി.....

N. B

1. കൂടുതൽ കോപ്പികളംകൂ

Secretary, Regional Seminar

POC. Alwaye--3 എന്ന വിലാസത്തിലെഴുതുക.

2. ഉത്തരങ്ങളം ഇതേ മേൽവിലാസത്തിലയയ്ക്കുക.

3. പുന:പ്രസിദ്ധീകരണത്തിനു പ്രത്യേകാനുവാദം ആവശ്യമില്ല.

Q10

ഇന്നത്തെ ഇൻഡ്യയിലെ സഭ

കേരള റീജിയനൽ സെമിനാർ

പ്രശ്നാവലി 10

നേതൃത്വം: പരിശീലനവും അവസരങ്ങളും

1. A. ക്രൈസ്തവരായ നേതാക്കളിൽ നിങ്ങൾ പ്രതീക്ഷിക്കുന്ന ഗുണങ്ങൾ എന്തൊക്കെയാണ്? പ്രാധാന്യമനുസരിച്ച് എഴുതുക.

1. _ _ _ _ _

2. _ _ _ _ _

3. _ _ _ _ _

4. _ _ _ _ _

5. _ _ _ _ _

6. _ _ _ _ _

B. താഴെ പറയുന്നവരിൽ എന്തെല്ലാം പ്രത്യേക നേതൃത്വഗുണങ്ങളാണ് നിങ്ങൾ പ്രതീക്ഷിക്കുന്നത്?

മെത്രാന്മാരിൽ വൈദികരിൽ സന്യാസികളിൽ അത്മായ നേതാക്കളിൽ

_ _ _ _

II. ഭാരതസഭയുടെ ദൗത്യനിർവ്വഹണത്തിൽ കേരളസഭയ്ക്ക്

എന്തെങ്കിലും പ്രത്യേകമായ ഉത്തരവാദിത്വമുണ്ടോ? ഉണ്ടെങ്കിൽ,

A. അങ്ങനെ പറയാനുള്ള കാരണങ്ങളം ?

1. — — — — —

2. — — — — —

B. പ്രാധാന്യമനുസരിച്ച് ആ ഉത്തരവാദിത്വങ്ങളേവയെന്ന് ചൂണ്ടിക്കാണിക്കുക ?

1. — — — — —

2. — — — — —

3. — — — — —

4. — — — — —

5. — — — — —

III. കേരള കത്തോലിക്കാസമുദായത്തിൽ സമർത്ഥമായ നേതൃത്വം വളർന്നുവരാതെ പോകാൻ എന്തെങ്കിലും പ്രത്യേക കാരണങ്ങളുമുണ്ടോ ? ഉണ്ടെങ്കിൽ

A. ഗൗരവസൗഭാവമനുസരിച്ച് ഏവയെന്ന ചൂണ്ടിക്കാണിക്കുക ?

1. — — — — —

2. — — — — —

3. — — — — —

4. — — — — —

5. — — — — —

B. ഈ അവസ്ഥ മെച്ചപ്പെടുത്താൻ അഥവാ പ്രശ്നങ്ങളം

പരിഹരിക്കാൻ സഹായകമായ നിർദ്ദേശങ്ങളും പ്രാധാന്യമനുസരിച്ച് നല്കുക.

1. — — — — —

2. — — — — —

3. — — — — —

IV A. വിവിധ തലങ്ങളിൽ കത്തോലിക്കാ നേതൃത്വത്തിന്റെ പ്രോത്സാഹനത്തിനു കേരളത്തിൽ ഇന്നുള്ള അവസരങ്ങളേവ?

a) വൈദികർക്കും സന്യാസിനീസന്യാസികൾക്കും———

b) അത്മായർക്ക പൊതുവെ — — —

c) വൈദ്യം, അഭിഭാഷകവൃത്തി, ബിസിനസ്സ്, ഉദ്യോഗം തുടങ്ങിയ ജീവിതവൃത്തികളിലേർപ്പെട്ടിരിക്കുന്ന അത്മായർക്ക് — — —

d) വിദ്യാർത്ഥികൾക്ക് — — —

e) ഇടവകകളിലെ യുവാക്കന്മാർക്ക് — — —

B. നിലവിലുള്ള അവസരങ്ങളും പരമാവധി പ്രയോജനപ്പെടുത്തുന്നതിനു വേണ്ട പ്രായോഗിക മാർഗ്ഗങ്ങളും നിർദ്ദേശിക്കുക.

— — — — —

— — — — —

— — — — —

C. വിവിധതലങ്ങളിൽ നേതൃത്വവികസനത്തിനാവശ്യമായ കൂടുതൽ അവസരങ്ങളും നല്കുന്നതിനെ സംബന്ധിച്ച പ്രായോഗിക നിർദ്ദേശങ്ങളും.

— — — — —

— — — — —

V A. അഖിലകേരള കത്തോലിക്ക കോൺഗ്രസ്സ് എത്രമാത്രം അനിവാര്യമായ നേതൃത്വം നല്കിയിട്ടുണ്ട് നിങ്ങളുടെ അഭിപ്രായത്തിൽ? പ്രസക്തമല്ലാത്തതു വെട്ടിക്കളയുക. വളരെയേറെ — — ഗണ്യമായ തോതിൽ — — — കുറെയൊക്കെ — — — — ഒട്ടുമില്ല — — — — —

B. ഈ സംഘടനയെ ശക്തവും കാര്യക്ഷമവുമാക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടോ ? — — — —
ഏവ ?

— — — — —

— — — — —

— — — — —

C. അത്മായനേതൃത്വത്തിനവസരങ്ങളും നല്കുന്ന മറ്റു സംഘടനകളുണ്ടോ ? ഉണ്ടെങ്കിൽ പ്രാധാന്യ ക്രമമനുസരിച്ച് ഏവയെന്ന ചൂണ്ടിക്കാണിക്കുക . അവയുടെ സ്വാധീനത്തിന്റെ അളവും കാണിക്കുക.

1. — — — — —

2. — — — — —

3. — — — — —

4. — — — — —

VI. നേതൃത്വം വളരുക ഏറെയും പരിശീലനം വഴിയാണ്. നമ്മുടെ സ്കൂളുകളിലും കോളേജുകളിലും സെമിനാരികളിലും സംഘടിപ്പിക്കാവുന്ന നേതൃത്വപരിശീലനപരിപാടിയുടെ ആവശ്യമായ ചില ഘടകങ്ങളും പ്രാധാന്യമനുസരിച്ചു ചൂണ്ടിക്കാണിക്കുക

1. — — — — —

2. — — — — —

3. — — — — —

VII. കേരള സഭയ്ക്ക് ഇന്നു ആവശ്യമായ നേതൃത്വത്തിനു് പറ്റിയ മെച്ചപ്പെട്ട പരിശീലനം നല്കാൻ എന്തെങ്കിലും പുതിയ പരിപാടി അഥവാ പരിപാടികളും നിർദ്ദേശിക്കാമോ?

1. — — — — —

2. — — — — —

3. — — — — —

VIII A. അല്മായർക്കു്: ഒരു അത്മായനെന്ന നിലയിൽ ക്രിസ്തുവിന്റെ രക്ഷാകരദൗത്യം ലോകത്തിൽ തുടരാനുള്ള ഉത്തരവാദിത്വത്തെപ്പറ്റി നിങ്ങൾ ബോധവാനാണോ? പ്രസക്തമല്ലാത്തതു വെട്ടിക്കളയുക.

വളരെയധികം — — — കുറെയൊക്കെ — — — ഒട്ടുമില്ല — — —

B. അത്മായ പ്രേഷിതത്വത്തിന്റെ ദൈവശാസ്ത്രാടിസ്ഥാനത്തെപ്പറ്റി വ്യക്തമായ ധാരണകളുണ്ടാവുന്നതു് അത്മായ നേതൃത്വ വികസനത്തെ സഹായിക്കുമോ? പ്രസക്തമല്ലാത്തതു വെട്ടിക്കളയുക.

IX. A. താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വൈദികരും സന്യാസിനീ സന്യാസികളും നിങ്ങളെ പ്രായപൂർത്തിയായ ഉത്തരവാദിത്വമുള്ള വ്യക്തികളായി പരിഗണിക്കുന്നുണ്ടോ? എത്രമാത്രം?

1. മതപരമായ അറിവു്: വളരെ — — കുറെ — — ഒട്ടുമില്ല
ചിന്താശക്തി

2. പ്രേഷിതപ്രവർത്തനങ്ങളുടെ
ആസൂത്രണം " " "

3. ഇടവകനടത്തിപ്പു് " " "

4. ഇടവകയിലെയും രൂപത
യിലെയും വ്യാഭ്യാസ പ്രവ
ർത്തനങ്ങളും " " "

5. ഇടവകഭരണത്തേയും രൂപ

താരേണത്തേയും സംബന്ധിച്ച
സൂഷ്മപരമായ വിമർശനം '' '' ''

B. വൈദികരുടേയും സന്യാസിനീസന്യാസികളുടേയും ഇടയിൽ ഇത്തരമൊരു നിലപാടുണ്ടാവാൻ കാരണം എന്താണു് നിങ്ങളുടെ അഭിപ്രായത്തിൽ? — — — —

— — — — —

— — — — —

C. വൈദികരോടു് : നിങ്ങളുടെ നോട്ടത്തിൽ അത്മായക്കു് നിങ്ങളോടുള്ള മനോഭാവമെന്താണു്? പ്രസക്തമല്ലാത്തതു വെട്ടിക്കളയുക. എത്രമാത്രമെന്നു് കാണിക്കുക.

1. ആദ്ധ്യാത്മികവും സഭാസംബന്ധവുമായ കാര്യങ്ങളിൽ താല്പര്യക്കുറവുണ്ടു് വളരെ — — കുറേ — — ഒട്ടുമില്ല

2. വൈദികരോടു നിസ്സഹരണ മനോഭാവം പ്രദർശിപ്പിക്കുന്നു '' '' ''

3. വൈദികരേയും സന്യാസികളേയും വിശ്വസിക്കുന്നില്ല. '' '' ''

4. വൈദികവിരോധികളാണു് '' '' ''

5. ശത്രുതാമനോഭാവം പുലർത്തുന്നു '' '' ''

D. എന്താണീ സ്ഥിതിവിശേഷത്തിനു കാരണം?

X. വേറെ എന്തെങ്കിലും അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ അവ?

NB.1. പൂരിപ്പിച്ചു്, **Secretary, Regional Seminar, POC, Alwaye-3** എന്ന വിലാസത്തിലയയ്ക്കുക.
2. കൂടുതൽകോപ്പികൾക്കു്, ഇതേ മേൽവിലാസത്തിൽ ആവശ്യപ്പെടുക.
3. പുനഃപ്രസിദ്ധീകരണത്തിനു പ്രത്യേകാനുവാദം ആവശ്യമില്ല.

Printed at Vlani Printings Ernakulam, Cochin - 18

Q11

ഇന്നത്തെ ഇൻഡ്യയിലേ സഭ

കേരള റീജിയനൽ സെമിനാർ

പ്രശ്നാവലി 11

കുടുംബം

1. നിങ്ങളുടെ നോട്ടത്തിൽ സന്തുഷ്ടമായ കുടുംബജീവിതത്തെ കരുപ്പിടിപ്പിക്കുന്ന ഘടകങ്ങളേവ? (നിങ്ങൾ കൊടുക്കുന്ന പ്രാധാന്യത്തിന്റെ ക്രമമനുസരിച്ച് 1, 2, 3 .....എന്നു നമ്പറിടുക).

എ കുടുംബത്തിന്റെ സാമ്പത്തികശേഷി

ബി ക്രിസ്തീയാദർശങ്ങൾക്കൊത്ത ജീവിതം

സി കുടുംബാംഗങ്ങളുടെ ആരോഗ്യസ്ഥിതി

ഡി പ്രേമവിവാഹം (Love marriage)

ഇ വിദ്യാസമ്പന്നരായ മാതാപിതാക്കൾ

എഫ് അനുസരണമുള്ള കുഞ്ഞുങ്ങൾ

ജി സ്നേഹം, പരസ്പരധാരണ, ത്യാഗമനോഭാവം, വിട്ടുവീഴ്ച മന:സ്ഥിതി

2. നിങ്ങളുടെ നോട്ടത്തിൽ കേരളത്തിലെ കുടുംബജീവിതത്തെ അലട്ടുന്ന മുഖ്യ പ്രശ്നങ്ങളേവ ? (പ്രാധാന്യമനുസരിച്ച് 1, 2, 3 .....എന്നു നമ്പറിടുക)

എ ദാരിദ്ര്യം

ബി കുടിയനായ പിതാവ്

സി കൂടുതൽ അംഗസംഖ്യ

ഡി അമ്മാവിയമ്മ നാത്തൂൻ – പ്രശ്നങ്ങൾ

ഇ പുറമേ ജോലി ചെയ്യുന്ന അമ്മമാർ

എഫ് അച്ചടക്കമില്ലാത്ത കുഞ്ഞുങ്ങൾ

ജി വിവാഹജീവിതത്തേയും കുട്ടികളുടെ വളർത്തലിനേയും പറ്റിയുള്ള പരിജ്ഞാനത്തിന്റെ കുറവ്

3. താഴെ വരുന്ന പ്രസ്താവനകളെ സഭാപാനങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കുക.

		ശരി	തെറ്റ്
എ	ഭാര്യാഭർത്താക്കന്മാർ പരസ്പരജീവിതസമർപ്പണം വഴി ജീവിത സന്തുഷ്ടിയും പരിപൂർണ്ണതയും നേടുന്ന ജീവിതപങ്കാളിത്തമാണ വിവാഹം. ഒപ്പം സന്താനോല്പാദനത്തേയും കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തേയും അതു ലക്ഷ്യം വയ്ക്കുന്നു.	''	''
ബി	കുടുംബാസൂത്രണത്തിനുള്ള മാർഗ്ഗങ്ങളൊന്നും തന്നെ സഭ അംഗീകരിക്കുന്നില്ല.	''	''
സി	ഉത്തരവാദിത്വപൂർവ്വകമായ ദാമ്പത്യമാണ ഭാര്യാഭർത്താക്കന്മാരുടെ ആദർശമായി സഭ എടുത്തു കാട്ടുന്നതു്.	''	''
ഡി	കുടുംബത്തിന്റെ അംഗസംഖ്യ നിശ്ചയിക്കാനുള്ള അവസാന അവകാശവും ചുമതലയും ഓരോ കുടുംബത്തിലും നിക്ഷിപ്തമായിരിക്കുന്നു.	''	''
ഇ	ദമ്പതികൾ ഏറ്റവും കൂടുതൽ കുഞ്ഞുങ്ങളെ ലക്ഷ്യം വയ്ക്കണം.	''	''

4. ഭാരതത്തിൽ സന്താനനിയന്ത്രണം ശരി തെറ്റ്

എ അഭിലഷണീയമാണ് '' ''

ബി ഒഴിച്ചു കൂടാൻവയ്യാത്തതാണ് '' ''

സി സത്വരംനടപ്പിലാക്കേണ്ടതാണ് '' ''

ഡി അനാവശ്യകമാണ് '' ''

5. വിവാഹിതരാകേണ്ടവർക്കുവേണ്ടി ഇടവകാടിസ്ഥാനത്തിൽ കുടുംബജീവിതത്തെപ്പറ്റി ഒരു പഠനക്കളരി സംഘടിപ്പിക്കുന്നതു നല്ലതാണോ?

അതെ .....അല്ല.....

6. കുഞ്ഞുങ്ങൾക്കു ലൈംഗികശിക്ഷണം നല്കാൻ ഏറ്റവും പറ്റിയവരാർ? (പ്രാധാന്യത്തിനൊത്തു 1, 2, 3 .....എന്നു നമ്പറിടുക.)

എ പുസ്തകങ്ങൾ

ബി അദ്ധ്യാപകർ

സി സഭാധികാരികൾ

ഡി മാതാപിതാക്കന്മാർ

ഇ സുഹൃത്തുക്കൾ

6 കുഞ്ഞുങ്ങളുടെ ശിക്ഷണത്തിനു ഏറ്റവും പറ്റിയ മാർഗ്ഗമേതു?
(പ്രാധാന്യത്തിനൊത്തു 1, 2, 3.....എന്നു നമ്പറിടുക)

എ അഭിനന്ദനം, പ്രതിസമ്മാനം

ബി ഭയം

സി ശിക്ഷാനടപടികൾ

ഡി ദയാപൂർവ്വകമായ പെരുമാറ്റം

ഇ പ്രോത്സാഹനം

എഫ് കുഞ്ഞുങ്ങളുടെ വ്യക്തിത്വത്തെ അംഗീകരിക്കുക, ക്രമാനുഗതമായി, വളർച്ച പ്രാപിക്കുന്നതനുസരിച്ച് കൂടുതൽ കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏല്പിച്ചു കൊടുക്കുക

ജി മറ്റു മാർഗ്ഗങ്ങൾ.....

N·B. 1. പൂരിപ്പിച്ച് **Secretary, Regional Seminar, POC, Alwaye – 3** എന്ന വിലാസത്തിലയയ്ക്കുക.

2. കൂടുതൽ കോപ്പികൾക്ക്, ഇതേ മേൽവിലാസത്തിൽ ആവശ്യപ്പെടുക.

3. പുനഃപ്രസിദ്ധീകരണത്തിനു പ്രത്യേകാനുവാദം ആവശ്യമില്ല.

REGIONAL JEEVASS KENDRAM
LIBRARY
3554

